ശ്രീ ഗുരുഭ്യോ നമഃ

ശ്രീമദ് ഏകനാഥീ ഭാഗവതം

അദ്ധ്യായം 3

ശ്രീമദ് ഭാഗവതം ഏകാദശ സ്കന്ധത്തിലെ
മൂന്നാം അദ്ധ്യായത്തിനുള്ള വ്യാഖ്യാനം

മായ എന്നാൽ എന്ത്?
മായയെ തരണം ചെയ്യുവാനുള്ള ഉപായം എന്തൊക്കെ?
നാരായണ സ്വരൂപം എന്ത്?
എന്താണ് കർമ്മയോഗം?

നിമി ചക്രവർത്തിയുടെ ഈ നാല് ചോദ്യങ്ങൾക്ക്
അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ
എന്ന യോഗികൾ ഉത്തരം നൽകുന്നു.

മറാത്തി വ്യാഖ്യാനത്തിന്റെ മലയാള വിവർത്തനം



ഏകനാഥീ ഭാഗവതം അദ്ധ്യായം 3

ശ്രീഗണേശായ നമഃ

॥ ശ്രീകൃഷ്ണായ നമഃ ॥

ॐ नमो जी श्रीगुरुराया । म्हणोनि सद्भावें लागें पायां ।
तंव मीपण गेलें वायां । घेऊनियां तूं पणा ॥ १ ॥

"ഹേ ചിത്സ്വരൂപിയായ സദ്ഗുരുനാഥ, ഞാൻ അങ്ങയെ വണങ്ങുന്നു" എന്ന് പറഞ്ഞുകൊണ്ട് ഞാൻ അങ്ങയുടെ പാദങ്ങളെ സ്പർശിച്ചപ്പോൾ, അഹങ്കാരം നശിക്കുകയും, "ഞാൻ വണങ്ങുന്നു" എന്നും "അങ്ങയെ വണങ്ങുന്നു' എന്നുമുള്ള ദ്വൈത ഭാവങ്ങൾ ഇല്ലാതെയായി.

नवल पायांचे कठिणपण । वज्रें न तुटे लिंगदेह जाण ।
त्याचेंही केलें चूर्ण । अवलीळा चरण लागतां ॥ २ ॥

അങ്ങയുടെ ചരണങ്ങളുടെ കാഠിന്യം അദ്ഭുതം തന്നെ. ഇന്ദ്രന്റെ വജ്രായുധത്താൽ പോലും നശിപ്പിക്കാൻ പറ്റാത്ത ഈ ലിംഗ ദേഹം ആ ചരണ സ്പർശത്തിലൂടെ പൊടിഞ്ഞു പോയി.

पायीं लागतांचि बळी । तो त्वां घातला पाताळीं ।
पायीं लवणासुरा रवंदळी । अतुर्बळी निर्दाळितां । ३ ॥

ബലി രാജാവ് അങ്ങയുടെ പാദങ്ങളെ സ്പർശിച്ച ഉടനെ അവിടുന്ന് അദ്ദേഹത്തെ പാതാളത്തിലേക്ക് നാടുകടത്തി. അതുപോലെ, ശക്തനായ ലവണാസുരനെ അവിടുന്ന് കാലിനടിയിൽ ചതച്ചുകൊണ്ട് വിനാശം ചെയ്തു.

पाय अतिशयेंसीं तिख । काळियासी लागतां देख ।
त्याच् शोषोनियां विख । केला निर्विख निःशेष ॥ ४ ॥

അങ്ങയുടെ പാദങ്ങൾ ശരിക്കും വളരെ ശക്തം തന്നെ. കാളിയൻ ആ പാദങ്ങളെ സ്പർശിച്ച ഉടനെ വിഷ വിമുക്തനായി മാറി.

पाय अतिशय दारुण । शकटासी लागतां जाण ।
त्याचें तुटलें गुणबंधन । गमनागमन खुंटलें ॥ ५ ॥

ആ ചരണങ്ങളെ സ്പർശിച്ചതും ശകടാസുരന്റെ കയറു പൊട്ടിപ്പോവുകയും വണ്ടി ചലനമറ്റു നിൽക്കുകയും ചെയ്തു.

पायांचा धाक सबळां । पायें उद्धरिली अहल्या शिळा ।
पाय नृगें देखतां डोळां । थित्या मुकला संसारा ॥ ६ ॥

ബലിഷ്ഠവാന്മാരായ മനുഷ്യർ പോലും അങ്ങയുടെ ചരണങ്ങളെ ഭയക്കുന്നു. ഒരു കല്ലായിമാറിയ അഹല്യയെ രക്ഷിച്ചത് അങ്ങയുടെ ചരണങ്ങളാണ്. നൃഗ രാജാവിനെ ജനനമരണ സംസാര ചക്രത്തിൽ നിന്ന് മോചിതനാക്കിയത് ഈ ചരണങ്ങളാണ്.

आवडी पाय चिंतिती दास । त्यांच्या मनुष्यधर्मा होय नाश ।
पायें यमलोक पाडिला वोस । पायें जीवास जीवघात ॥ ७ ॥

ആ ചരണങ്ങളെ പ്രേമഭാവത്തോടെ ധ്യാനിക്കുന്നവർ പരമപദത്തെ പ്രാപിക്കുന്നു. ആ ചരണങ്ങൾ യമലോകത്തെ വിജനമാക്കി തീർക്കുകയും പരിമിതമായ ജീവ ബോധത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

पायवणी शिरीं धरिलें शिवें । तो जगातें घेतु उठिला जीवें ।
त्यासी राख लाविली जीवेंभावें । शेखीं नागवा भंवे श्मशानीं ॥ ८ ॥

ഈ പാദങ്ങളിൽ നിന്ന് വരുന്ന പുണ്യജലത്തിനെ ഭഗവാൻ ശിവൻ ശിരസ്സിൽ വഹിച്ചു. ലോകം മുഴുവൻ നശിപ്പിക്കാൻ ഉദ്ദേശിച്ച അദ്ദേഹം ഒരു ഭിക്ഷുവായി മാറി, നഗ്നനായി, ശരീരം മുഴുവൻ ചാരം പുരട്ടി ഒരു ശ്മശാനത്തിൽ താമസിച്ചു.

ऐसें पायांचें करणें । शिवासी उरो नेदी शिवपणें ।
मा जीवांसी कैंचें जीवें जिणें । हें मानितें मानणें उरों नेदी ॥ ९ ॥

ശിവന്റെ `ശിവത്വം ‘ പോലും മാറ്റിയ ചരണങ്ങൾ ജീവന്റെ ജീവഭാവം എങ്ങിനെ നിലനിൽക്കാൻ സമ്മതിക്കും?

ऐसा जाणोनियां भावो । एका एकपणीं ठेला ठावो ।

तेथेंही पायांचा नवलावो । केला एकपणा वावो वंदनमात्रें ॥ १० ॥

ഈ ഭാവം മനസ്സിൽ വെച്ചുകൊണ്ട്, ഏക (ഏകനാഥ്) ഏകാത്മഭാവത്തോടെ അങ്ങയുടെ പാദങ്ങളിൽ സ്ഥാനം ഉറപ്പിച്ചു. എന്നാൽ ഇവിടെയും, ഈ പാദങ്ങൾ അദ്ഭുതമായ ഒരു കാര്യം ചെയ്തിരിക്കുന്നു. വന്ദനം ചെയ്ത നിമിഷം ഈ ഏകാത്മഭാവവും നഷ്ടപ്പെട്ടിരിക്കുന്നു.

तेथें कवणें कवणासी वानणें । कवणें कवणासी विनविणें ।
कवणें कवणासी देणें घेणें । मीतूंचें जिणें जीवें केलें ॥ ११ ॥

അപ്പോൾ ഇനി, ആര് ആരെ വർണ്ണിക്കും അല്ലെങ്കിൽ പ്രശംസിക്കും? ആര് ആരോട് അഭ്യർത്ഥിക്കും? ആര് ആരിൽ നിന്ന് എന്തെങ്കിലും കൊടുക്കും അല്ലെങ്കിൽ എടുക്കും? കാരണം ഇപ്പോൾ "ഞാൻ", "നീ" എന്നിവരുടെ ജീവിതം അവസാനിച്ചു.

तेव्हां देव आणि भक्तु । जाहलासी मा तूंचि तूं ।
तेथें मीपणाची मातु । कोणें कोणांतु मिरवावी ॥ १२ ॥

ഇപ്പോൾ ദൈവവും ഭക്തനും അവിടുന്ന് തന്നെയായില്ലേ? ഇപ്പോൾ ആർക്കാണ് അധികാരത്തോടെ `ഞാൻ ' എന്ന് പറയാൻ സാധിക്കുന്നത്? `ഞാൻ' എന്ന ഭാവം ഇപ്പോൾ ആരോട് കാണിക്കാൻ സാധിക്കും?

ऐशिया पदीं वाऊनि तत्त्वतां । करवितोसी ग्रंथकथा ।
तेव्हां माझेनि नांवें कवि कर्ता । तूंचि वस्तुतां सद्‌गुरुराया ॥ १३ ॥

ഇത്തരമൊരു ഉത്തമപദത്തിൽ എന്നെ ഇരുത്തിയശേഷം അവിടുന്നല്ലേ എന്നിലൂടെ വാസ്തവത്തിൽ ഈ ഗ്രന്ഥം എഴുതുന്നത്? അതുകൊണ്ട്, ഹേ സദ്ഗുരുനാഥ, ഈ ഗ്രന്ഥത്തിന്റെ കവിയും കർത്താവും വാസ്തവത്തിൽ അവിടുന്ന് തന്നെയാണ്.

माझें नामरूप आघवें एक । तेंही जनार्दनु झाला देख ।
ऐसें एकपणाचें कौतुक । आत्यंतिक श्रीजनार्दना ॥ १४ ॥

എന്റെ നാമവും രൂപവും ഒക്കെ ഒന്നായിത്തീർന്നിരിക്കുന്നു, അത് ജനാർദ്ദനനായിരിക്കുന്നു. ഇത് ഏകാത്മഭാവത്തിന്റെ ഒരു വിസ്മയം

തന്നെയാണ്.

तेणें कौतुकेंचि आतां । माझेनि नांवें कवि कर्ता ।
होऊनि स्वयें रची ग्रंथा । यथार्थता निजबोधें ॥ १५ ॥

ആ വിസ്മയത്തോടൊപ്പം ശ്രീ ജനാർദ്ദന സ്വാമിക്ക് എന്നിലുള്ള വാത്സല്യം കാരണം അദ്ദേഹം തന്നെ ഈ ഗ്രന്ഥത്തിന്റെ കവിയും കർത്താവുമായി, ആത്മബോധയുക്തനായി ഈ ഗ്രന്ഥത്തിന്റെ രചന സ്വയം ചെയ്യുന്നു.

तेथें द्वितीयाध्यायाचे अंतीं । दूस्तर माया उत्तम-भक्तीं ।
निरसोनियां भजनस्थिती । भगवत्प्राप्ती पावले ॥ १६ ॥

രണ്ടാം അധ്യായത്തിന്റെ അവസാനത്തിൽ, ഉത്തമ ഭക്തരുടെ ലക്ഷണങ്ങളും അവർ എങ്ങിനെ മായയെ തരണം ചെയ്ത് ഭഗവാനെ പ്രാപിക്കുന്നു എന്നതും വിസ്തരിക്കപ്പെട്ടു.

कैशी दुस्तर हरीची माया । पुसावया सादरता झाली राया ।
अत्यादरेंकरोनियां । म्हणे मुनिवर्यां अवधारीं ॥ १७ ॥

അതുകൊണ്ട് രാജാവിൽ ഒരു ചോദ്യം ഉദിച്ചു - മായ എന്തുകൊണ്ടാണ് ഇത്ര കഠിനമായിരിക്കുന്നത്. അദ്ദേഹം വളരെ ആദരപൂർവം ഇത് മുനിവര്യന്മാരോട് ചോദിച്ചു. കേട്ടാലും -

രാജോവാച
പരസ്യ വിഷ്ണോരീശസ്യ മായിനാമപി മോഹിനീം
മായാം വേദിതുമിച്ഛാമോ ഭഗവന്തോ ബ്രുവന്തു നഃ 1

രാജാവ് പറഞ്ഞു
കാരണസ്വരൂപനും നിയന്താവും ആയ വിഷ്ണുവിന്റെ മായയെ പ്രയോഗിക്കാൻ സമർത്ഥന്മാരായിരിക്കുന്ന ബ്രഹ്മാദികളേയുംകൂടി മോഹിപ്പിക്കുന്ന മായയെ അറിയാനായ്ക്കൊണ്ട് ഞങ്ങൾ ആഗ്രഹിക്കുന്നു. ഭഗവാന്മാരായ ഭവാന്മാർ ഞങ്ങളോട് പറയണമേ.

तृतीयाध्यायीं निरूपण । राजा करील चारी प्रश्न ।

माया आणि तिचें तरण । ब्रह्म तें कोण – कर्म तें कैसें ॥ १८ ॥

മൂന്നാമത്തെ അധ്യായത്തിൽ രാജാവ് നാല് ചോദ്യങ്ങളാണ് ചോദിക്കാൻ പോകുന്നത് - മായ എന്താണെന്നും, മായയെ തരണം ചെയ്യുവാനുള്ള ഉപായം എന്തൊക്കെയെന്നും, ബ്രഹ്മം എന്താണെന്നും, കർമ്മമെന്താണെന്നും.

तेथें प्रथम मायेचा प्रश्न । रायें पुशिला आपण ।
तेचि अर्थीचें निरूपण । मायेचें लक्षण राजा बोले ॥ १९ ॥

ആദ്യം അദ്ദേഹം മായയെക്കുറിച്ചാണ് ചോദിച്ചത്. മായയുടെ സ്വഭാവം രാജാവ് തന്നെ ചുരുക്കി വിവരിക്കുന്നു. രാജാവ് പറഞ്ഞു -

सुरांमाजीं श्रेष्ठ हृषीकेशी । ब्रह्मादि शिवु वंदिती ज्यासी ।
त्या श्रीविष्णूची माया कैसी । जे मायिकांसी व्यामोही ॥ २० ॥

ബ്രഹ്മരുദ്രാദികൾ അടക്കം വന്ദിക്കുന്ന ഹൃഷീകേശനായ ഭഗവാന്റെ മായ യോഗികളെ പോലും മോഹിപ്പിക്കുന്നു. ഈ മായയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണ്?

कैशी मायिकां माया मोही येथें । ब्रह्मा शिवु मानिती चितें ।
आम्ही पूर्ण मायेचे नियंते । शेखीं माया मयांतें निजमोहें मोही ॥ २१ ॥

മായ അവരുടെ കൈവശത്തിലാണെന്നു കരുതുന്ന ബ്രഹ്മശങ്കരന്മാരെപോലും മായ മോഹിപ്പിക്കുന്നു.

ब्रह्मा मोहिला शिवाचे लग्नीं । वीर्य द्रवे पार्वती देखोनी ।
महादेवो महाज्ञानी । देखतांचि मोहिनी निजवीर्य द्रवलें ॥ २२ ॥

ശിവന്റെ വിവാഹത്തിൽ പാർവതിയെ കണ്ടപ്പോൾ ബ്രഹ്മാവ് പോലും ആകൃഷ്ടനായി അദ്ദേഹത്തിന്റെ ബീജം താഴെ വീണു. മഹാദേവൻ പരമജ്ഞാനിയാണെങ്കിലും മോഹിനിയെ കണ്ടതോടെ അദ്ദേഹത്തിന്റെ ബീജവും സ്ഖലനം ചെയ്യപ്പെട്ടു.

जे सज्ञाना छळी लवलाह्या । जीतें श्रुति म्हणती ‘अजया’ ।
ते हरीची दुर्धर माया । विवंचूनियां मज सांगा ॥ २३ ॥

ജ്ഞാനികളെപ്പോലും എളുപ്പത്തിൽ വഞ്ചിക്കുന്നതും, ശ്രുതി 'അജയ' എന്ന് വിശേഷിപ്പിക്കുന്നതുമായ ശ്രീ ഹരിയുടെ ദുഷ്കരമായ മായയെക്കുറിച്ച് ദയവായി വിശദമായി എനിക്ക് പറഞ്ഞു തന്നാലും.

म्हणाल दुर्धर मायेचि बाधकता । ते बाधूं न शके अनन्य भक्तां ।
तुवांही भजावें भगवंता । मिथ्या मायेची कथा कां पुसशी ॥ २४ ॥

"മായയുടെ പീഡ അങ്ങേയറ്റം അസഹനീയമാണ്, പക്ഷേ അനന്യ ഭക്തന്മാരെ ബാധിക്കുകയില്ല. ഹേ രാജാവേ, നിങ്ങളും ഈശ്വര ഭജനം ചെയ്തുകൊണ്ടിരിക്കൂ, എന്തിനു വെറുതെ മായയെകുറിച്ചു സംസാരിക്കണം?" നിങ്ങളും ഒരുപക്ഷെ ഇങ്ങനെ പറഞ്ഞേക്കാം.

तेचि अर्थीचें निरूपण । राजा साक्षेपेंसीं आपण ।
मुनीचें ऐकावया गुह्य ज्ञान । विदग्ध प्रश्न आदरें पुसतु ॥ २५ ॥

മനസ്സിൽ ഇങ്ങനെ കരുതി അത്യന്തം ആദരവോടെ, ആ മുനിവര്യന്മാരിൽനിന്നും പരമഗുഹ്യമായ ഈ ജ്ഞാനം അറിയുവാനുള്ള ആഗ്രഹത്തോടെ രാജാവ് ഇങ്ങനെ ചോദിച്ചു.

നാനുതൃപ്യേ ജുഷൻ യുഷ്മദ്വചോ ഹരികഥാമൃതം
സംസാരതാപനിസ്തപ്തോ മർത്ത്യസ്തത്താപഭേഷജം.2

പ്രപഞ്ചദുഃഖത്തിൽ ഏറ്റവും തപിപ്പിക്കപ്പെട്ടതും മനുഷ്യന്മാരുടെ ദുഃഖത്തെ നശിപ്പിക്കുന്നതും വിഷ്ണുകഥയായ അമൃതത്തെ ഒഴുക്കുന്നതുമായ നിങ്ങളുടെ വാക്കിനെ സേവിച്ചിട്ട് എനിക്ക് തൃപ്തി വരുന്നില്ല.

सेवितां तुमचें वचनामृत । पुरें न म्हणे माझें चित्त ।
आस्वादितां शब्दीं शब्दार्थ । श्रवण क्षुधार्त अधिक जाहले ॥ २६ ॥

നിങ്ങളുടെ വചനാമൃതം ശ്രവിച്ച് എന്റെ മനസ്സ് ഒരിക്കലും തൃപ്തമാകുന്നില്ല. ആ ദൈവീക വാക്കുകളുടെ രസാസ്വാദനം ചെയ്യുമ്പോൾ എന്റെ കാതുകൾ കൂടുതൽ കേൾക്കാൻ ദാഹിക്കുന്നു.

अद्भुत कथा अतिसुरस । श्रवणीं श्रवणा अधिक सोस ।

रसना म्हणे हा अतिगोड रस । डोळ्यां उल्हास हें अपूर्व रूप ॥ २७ ॥

നിങ്ങളുടെ സംസാരം വളരെ മധുരവും അത്ഭുതകരവുമാണ്, എന്റെ കാതുകൾ കൂടുതൽ കേൾക്കാൻ കൊതിക്കുന്നു. എന്റെ നാവ് പറയുന്നു, "ഇത് ഏറ്റവും മധുരമുള്ള രസമാണ്", എന്റെ കണ്ണുകൾ ഈ അപൂർവ സ്വരൂപം കണ്ടുല്ലസിക്കുന്നു.

घ्राण म्हणे हा निजगंधु । सुमनीं सुमना अतिसुगंधु ।
वाचा म्हणे हा शब्दु । परमानंदु अनुवादे ॥ २८ ॥

മൂക്കു പറയുന്നു ഇത് എല്ലാം പുഷ്പങ്ങളുടെ സുഗന്ധങ്ങളെക്കാളും സുഗന്ധമാണെന്ന്. എന്റെ വാക്കു പറയുന്നു, നിങ്ങളുടെ വാക്കുകൾ പരമാനന്ദത്തിനെയാണ് വിവർത്തനം ചെയ്യുന്നത് എന്ന്.

नवल निरूपणाचा यावा । भुजां स्फुरण ये द्यावया खेवा ।
आलिंगन जीवींच्या जीवा । निजसद्भावा होतसे ॥ २९ ॥

ഈ അദ്ഭുതമായ വ്യാഖ്യാനത്തിന്റെ പ്രഭാവം എന്റെ കൈകളെ നിങ്ങളുടെ വാണിയെ ആലിംഗനം ചെയ്യാൻ പ്രേരിപ്പിക്കുന്നു. ജീവൻ സദ്ഭാവത്തോടെ ആത്മാവിനെ ആലിംഗനം ചെയ്യുന്നു.

तुमच्या कथा सुनिश्चितीं । दिव्यौषधि भवरोग छेदिती ।
त्रिविध तापांची निवृत्ती । जड मूढ प्राकृतीं ऐकता भावें ॥ ३० ॥

സത്യമായും, നിങ്ങളുടെ കഥകൾ ദിവ്യ ഔഷധം പോലെയാണ്; അവ ലൗകിക ക്ലേശങ്ങളെ നശിപ്പിക്കുകയും,മന്ദബുദ്ധികളും വിഡ്ഢികളുമായ ആളുകളെ പോലും ശ്രവണ മാത്രയിൽ മോചിതരാക്കുന്നു.

राजा परमार्थें साकांक्ष । देखोनि सार्थक कथेंचे लक्ष ।
हरीधाकुटा अंतरिक्ष । निरूपणीं दक्ष बोलता झाला ॥ ३१ ॥

രാജാവിന്റെ ശ്രദ്ധയും, പരമാർത്ഥജ്ഞാനത്തിൽ പ്രത്യേകമായ താല്പര്യവും കണ്ട്, പ്രഭാഷണത്തിൽ വൈദഗ്ധ്യമുള്ളവനും, ഹരിയുടെ അനുജനുമായ 'അന്തരിക്ഷൻ' എന്ന യോഗി അരുളുചെയ്തു തുടങ്ങി-

അന്തരിക്ഷ ഉവാച

ഏഭിർഭൂതാനി ഭൂതാത്മാ മഹാഭൂതൈർമ്മഹാഭുജഃ
സസർജ്ജോച്ചാവചാനാദ്യഃ സ്വമാത്രാത്മപ്രസിദ്ധയേ 3

അന്തരിക്ഷൻ പറഞ്ഞു -
ആദിപുരുഷനും സർവഭൂത ഗുഹാശയനും, ഭൂതസ്വരൂപനും
മഹാശക്തനുമായ ഭഗവാൻ നാനാവിധങ്ങളായിരിക്കുന്ന ഭൂതങ്ങളെ
സ്വമാത്രാത്മപ്രസിദ്ധിക്കായ്ക്കൊണ്ട് സൃഷ്ടിച്ചു.

अंतरिक्ष म्हणे राया । तुवां पुशिली हरीची माया ।
तो प्रश्नचि गेला वायां । बोलणें न ये आया बोलक्याचे ॥ ३२ ॥

അന്തരിക്ഷൻ പറഞ്ഞു - ഹേ രാജാവേ, അങ്ങ് ഹരിയുടെ മായയെ കുറിച്ചാണ് ചോദിച്ചിരിക്കുന്നത്. പക്ഷെ ആ ചോദ്യം വ്യർത്ഥമാണ്, കാരണം ശ്രേഷ്ഠരായ വക്താക്കൾക്ക് പോലും മായയെ പൂർണമായും വർണ്ണിക്കാൻ സാധിക്കില്ല.

वंध्यापुत्राचा जन्मकाल । रायें आणविला तत्काल ।
राशिनक्षत्र-जाति-कुल । सांगों जातां विकल वाचा होय ॥ ३३ ॥

ഒരു ഉദാഹരണം ഞാൻ പറയാം. ഒരു രാജാവ് വന്ധ്യയായ ഒരു സ്ത്രീയുടെ മകന്റെ ജനന സമയവും തീയതിയും അന്വേഷിച്ച് കണ്ടെത്തി, രാശി, നക്ഷത്രം, ജാതി, വംശം എന്നിവ കണക്കാക്കി; അത് സാധ്യമാണോ?

निजच्छायेचें शिर फोडा । आकाशाची त्वचा काढा ।
शिंपीं आंधारु खरवडा । बागुलाचा रांडवडा निजशस्त्रें कीजे ॥ ३५ ॥

അസംബന്ധത്തിന്റെ മറ്റൊരു ഉദാഹരണം എടുക്കുക - മേഘങ്ങളുടെ നഗരത്തിൽ ആരെങ്കിലും വഴിയരികിലെ നീരുറവയോ മരീചിക വെള്ളത്തിന്റെ ഓവ് തുറക്കുന്നുവെന്ന് കരുതുക; അല്ലെങ്കിൽ ആർക്കെങ്കിലും വായുവാൽ നിർമ്മിച്ച തിരികൾ വളച്ചൊടിക്കാൻ കഴിയുമെന്ന് കരുതുക; അവ തീച്ചൂളകളുടെ വെളിച്ചത്താൽ ജ്വലിക്കുന്നു.

वांझेचे सुने पुत्र झाला । तेथ भीष्मस्त्रियेसी पान्हा आला ।
तेणें पयःपानें तो मातला । घरभंगु केला दिगंबराचा ॥ ३६ ॥

വന്ധ്യയായൊരു സ്ത്രീയുടെ മരുമകൾ ഒരു പുത്രന് ജന്മം നൽകിയെങ്കിൽ, ഭീഷ്മരുടെ പത്നി ആ കുട്ടിക്ക് സ്തന്യപാനം ചെയ്തു എങ്കിൽ, ആ പാൽ കുടിച്ചു വളർന്ന ആ കുട്ടി ഒരു ശക്തനായി വളർന്ന് ഒരു ദിഗംബരനും വീടില്ലാത്തവനുമായ ഒരാളുടെ ഭവനം നശിപ്പിച്ചു എന്ന് വിചാരിക്കുക...

जातीं लहान दळावा वारा । अश्वशृंगें आकाश चिरा ।
नपुंसकाचीं नातोंडें घरा । सूर्योदयीं अंधारा लपों आलीं ॥ ३७ ॥

മായയെക്കുറിച്ച് സംസാരിക്കുന്നത് കാറ്റിനെ ഒരു ആട്ടുകല്ലിൽ ഇട്ട് നന്നായി പൊടിക്കുന്നത് പോലെയോ, ആകാശത്തിനെ ഒരു കുതിരയുടെ കൊമ്പുകൊണ്ട് പിളർക്കുന്നതുപോലെയോ, ഒരു ഷണ്ഡന്റെ കൊച്ചുമക്കൾ സൂര്യപ്രകാശത്തിനുശേഷം ഇരുട്ടിൽ ഒളിക്കാൻ വരുന്നതുപോലെയോ അസംബന്ധമാണ്.

गुंजेचे निजतेजें दिवी । हनुमंतलग्नीं लावावी ।
या सोहळियालागीं विकावी । वोसगांवीं निजच्छाया ॥ ३८ ॥

ഹനുമാന്റെ വിവാഹത്തിൽ ഗുഞ്ച (ഒരു ചെറിയ വിത്ത്) ,വെളിച്ചത്തിൽ വിളക്കുകൾ കത്തിക്കുന്നത് പോലെ അസാധ്യമാണ് മായയെക്കുറിച്ച് സംസാരിക്കുന്നത്. ഈ വിവാഹത്തിനുള്ള തുക ശേഖരിക്കുന്നതിന്, ഒരാൾക്ക് ഒരു വിജനമായ ഗ്രാമത്തിൽ പോയി അവിടെ സ്വന്തം നിഴലിനെ ആർക്കെങ്കിലും വിൽക്കാൻ കഴിയുന്നതുപോലെയാണ്.

आकाशाचिं सुमनें । सुवासें कीं वासहीनें ।
हें विवंचिती जे देखणे । ते मायेचें सांगणें सांगोत सुखें ॥ ३९ ॥

ആകാശത്തിലെ പൂക്കൾക്ക് സുഗന്ധമുണ്ടോ ഇല്ലയോ എന്ന് ചർച്ച ചെയ്യുന്ന ചില വിഡ്ഢികൾ ഉണ്ടാകാം. അത്തരം ആളുകൾക്ക് മാത്രമേ മായയെക്കുറിച്ച് സ്വന്തം ഇഷ്ടപ്രകാരം ചർച്ച ചെയ്യാൻ കഴിയൂ.

एवं मायेचें जें बोलणें । तें सांगतांचि लाजिरवाणें ।
नुपजत्याचें श्राद्ध करणें । तैशी सांगणें महामाया ॥ ४० ॥

സാരാംശത്തിൽ, മായയെക്കുറിച്ച് സംസാരിക്കുന്നത്, സംസാരിക്കുന്നയാൾക്ക് നാണക്കേട് ഉണ്ടാക്കുന്നു. ജനിക്കാത്ത ഒരു കുട്ടിയുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നത് പോലെയാണ് അത്.

माया म्हणवी येणें भावें । जे मी कदा विद्यमान नव्हें ।
यालागीं अविद्या येणें नांवें । वेदानुभवें गर्जती शास्त्रें ॥ ४१ ॥

മായ എന്ന ശബ്ദത്തിന്റെ അർഥം തന്നെ വാസ്തവം അല്ലാത്തത് എന്നാണ്. അതുകൊണ്ടാണ് ശാസ്ത്രം മായയെ അവിദ്യ എന്ന് വിളിക്കുന്നത്.

भ्रम तो मायेचें निजमूळ । भ्रांति हेंचि फूल सोज्ज्वळ ।
भुली तें इचें साजुक फळ । विषय रसाळ सदा फळित ॥ ४२ ॥

ഈ മായയുടെ മൂലകാരണം ഭ്രമമാണ്. മിഥ്യാബോധം അതിന്റെ തിളക്കമുള്ള പുഷ്പമാണ്, വിഷയങ്ങളാകുന്ന രസത്തിൽ നിരന്തരം കുതിർന്നിരിക്കുന്ന തെറ്റിദ്ധാരണ അതിന്റെ പഴമാണ്.

हे नसतेनि रूपें रूपा आली । सत्यासत्यें गरोदर जाहली ।
तेथें असत्याचीं पिलीं । स्वयें व्याली असंख्य ॥ ४३ ॥

ഇല്ലാത്ത ഒരു അസ്തിത്വത്തിൽനിന്നാണ് അവൾ ഉണ്ടായത്, സത്യാസത്യത്തിൽനിന്നും ഗർഭം ധരിച്ചു, അസത്യത്തിന്റെ നിരവധി നായ്ക്കുട്ടികൾക്ക് ജന്മം നൽകി.

वासनाविषयगुणीं । गुंफिली मिरवे वेणी ।
मीपणाच्या तरुणपणीं । मदनमोहिनी चमके ॥ ४४ ॥

`വിഷയ വാസന' എന്ന ശക്തമായ ചരടുകൊണ്ട് കെട്ടപ്പെട്ട നീണ്ട മുടിയിഴകൾ അതിനുണ്ട്, കൂടാതെ അത് അഹങ്കാരത്തിന്റെ യൗവനത്താൽ, `ഞാൻ' എന്ന അഹംഭാവത്തിൽ തിളങ്ങുന്നു.

मृगजळींच्या मुक्ताफळीं । मस्तकीं बाणली जाळी ।
गगनाच्या चांपेकळीं । मिरवे वेल्हाळी अतिसौंदर्यें ॥ ४५ ॥

മരീചികയുടെ മുത്തുകൾ കൊണ്ട് ഒരു ഭൂഷണം നെയ്തെടുത്ത് തലയിൽ ധരിക്കുന്നു. ആകാശമാകുന്ന ചെമ്പക പുഷ്പങ്ങൾ ശിരസ്സിൽ ചൂടി, അതിമനോഹരമായ സൗന്ദര്യത്തോടെ അവൾ കാണപ്പെടുന്നു.

रज्जुसर्पमाथ्याचा मणी । काढूनि लेइली ते लेणीं ।
शुक्तिकारजत-पैंजणीं । चाले रुणझुणी खळखळत ॥ ४६ ॥

അവൾ ഒരു കയറുകൊണ്ടുള്ള പാമ്പിന്റെ ശിരസ്സിൽനിന്നും രത്നം പുറത്തെടുത്ത് ആഭരണങ്ങളാക്കി ശരീരത്തിൽ ധരിക്കുന്നു. ചിപ്പികളുടെ മിന്നുന്ന തോടിൽനിന്നും വെള്ളി പാദസരങ്ങൾ ഉണ്ടാക്കി 'ജിൽ ജിൽ' എന്ന ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് നടക്കുന്നു.

शशाविषाणपादुका । लेऊनि ते चाले देखा ।
तिसी तो अहंकरु सखा । अतिनेटका ज्येष्ठपुत्र ॥ ४७ ॥

അവൾ മുയലിന്റെ കൊമ്പിൽ നിന്ന് ചെരുപ്പ് തയ്യാറാക്കി നടക്കുന്നു. `അഹങ്കാരം' അവളുടെ മൂത്ത മകനാണ്, അവനെ അവൾ സ്വന്തം പ്രാണനേക്കാൾ സ്നേഹിക്കുന്നു.

कुळविस्तारालागीं पाहीं । ममता व्याली ठायीं ठायीं ।
मोहो उपजवूनि देहीं । घरजांवई त्या केला ॥ ४८ ॥

അവളുടെ കുടുംബം വ്യാപിപ്പിക്കുന്നതിനായി, അവൾ മമതയെ പല സ്ഥലങ്ങളിലും പാർപ്പിച്ചു. ഒരു ദേഹം നൽകി, അതിൽ മോഹവും ഉണ്ടാക്കി, ഈ ദേഹത്തിനെ തന്റെ മരുമകനാക്കി വെച്ചു.

अहंमोहममतायोगें । जग विस्तारले अंगें ।
स्थूळ सबळ प्रयोगें । ममता निजअंगें वाढवी ॥ ४९ ॥

അഹങ്കാരം, മോഹം, മമത എന്നിവയുടെ മിശ്രിത സങ്കീർണ്ണതകളാൽ, ലോകം സ്വാഭാവികമായി വികസിച്ചു. അങ്ങനെ മമതയുടെ അംഗങ്ങൾ വിസ്താരമായി പടർന്നു പന്തലിച്ചു.

संकल्पविकल्पांचीं कांकणें । बाणोनि मन दिधलें आंदणें ।
घालोनि त्रिगुणाचें ठाणें । माया पूर्णपणें थोरावें ॥ ५० ॥

സങ്കല്പവികല്പങ്ങളാകുന്ന വളകൾ ധരിപ്പിച്ച് അവൾ മനസ്സിനെ അലങ്കരിച്ചിട്ട്, മമതയ്ക്ക് ഒരു ഉപഹാരമായി നൽകി. ത്രിഗുണങ്ങളാകുന്ന ആസനത്തിൽ ഇരിക്കുന്ന മായയുടെ വണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്നു.

ऐशी मिथ्या मूळमाया । वाढली दिसे राया ।
ते कैसेनि ये आया । सांगावया अनिरूप्य ॥ ५१ ॥

ഹേ രാജാവേ, അടിസ്ഥാനപരമായി ഇവളുടെ സ്വരൂപം മിഥ്യയാണെങ്കിൽ പോലും നല്ല വണ്ണമുള്ളവളായി കാണപ്പെടുന്നു. അവളെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നത് എങ്ങിനെ എന്നുപറയുന്നത് വളരെ കഠിനമാണ്.

संत म्हणों तरी ते नासे । असंत म्हणों तरी आभासे ।
आधीं असे पाठीं नासे । ऐसीही नसे निजांगें ॥ ५२ ॥

മായ സത്യമാണെന്നും ഉള്ളതാണെന്നും പറഞ്ഞാൽ, ജ്ഞാനപ്രാപ്തിക്കു ശേഷം അത് മിഥ്യയാവുകയും മറഞ്ഞുപോവുകയും ചെയ്യും. അത് അസത്യമാണെന്നു പറഞ്ഞാൽ അത് കാണുകയും അനുഭവപ്പെടുകയും   ചെയ്യും. മായ ആദ്യം ഉണ്ടായിരുന്നു, പിന്നെ ഇല്ലാതെയായി എന്ന് പറഞ്ഞാലും, അത് ശെരിയല്ല.

जैसें मृगजळाचें ज्ञान । दिसे तरी तें मिथ्या पूर्ण ।
तैसें आभासे भवभान । ते माया जाण नृपनाथा ॥ ५३ ॥

ഇത് മരീചികയുടെ അറിവിനെ പോലെയാണ്. ആ പ്രക്രിയ മനസ്സിലാക്കിയാൽ, ജലം കാണപ്പെടും, പക്ഷെ അത് ഒരു തോന്നൽ മാത്രമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. അതുപോലെ, ഹേ

രാജാവേ, ഈ ലോകത്തിന്റെ നിലനിൽപ്പിന്റെ ആധാരം മായയാണ്.

श्रुतिशास्त्रां मायामाग । पुसतां आरोगिती मूग ।
मायेसी साचाचें अंग । पाहतां चांग दिसेना ॥ ५४ ॥

മായയുടെ ഉത്ഭവത്തെക്കുറിച്ച് ചോദിക്കുമ്പോൾ, വേദങ്ങളും ശാസ്ത്രങ്ങളും നിശബ്ദത പാലിക്കുന്നു. മായയുടെ സ്വരൂപം വാസ്തവമാണെന്നു തോന്നിയേക്കാം. പക്ഷെ ശ്രദ്ധാപൂർവ്വം പരിശോധിക്കുമ്പോൾ അത് ഇല്ലെന്നു മനസ്സിലാകും.

मृगजळाची महानदी । कोण गिरिवर उद्‌बोधी ।
हें सांगावया नाकळे बुद्धी । तेवीं मायासिद्धी अनिर्वाच्य ॥ ५५ ॥

മരീചികയിലെ ജലം ഏതു മലയിൽനിന്നാണ് ഉദ്ഭവിച്ചതെന്നു പറയുന്നത് അസംഭവ്യമെന്നതുപോലെ വാക്കുകൾക്ക് മായയെ വർണ്ണിക്കുക അസംഭവ്യമാണ്.

आरसां काय प्रतिबिंब असे । जो पाहे तोचि आभासे ।
तेवीं आपुलेनि संकल्पवशें । माया उल्हासे नसतीचि ॥ ५६ ॥

കണ്ണാടിയിൽ പ്രതിബിംബം നിലനിൽക്കുമോ? എന്നാൽ അതിലേക്ക് നോക്കുന്നവൻ സ്വന്തം പ്രതിബിംബം കാണുന്നു. അതുപോലെ, നമ്മുടെ സങ്കല്പത്തിനനുസരിച്ച് മായയെ നാം അനുഭവിക്കുന്നു.

रज्जुसर्प जीत धरिला । त्याचें कौतुक पाहों चला ।
ऐसे बोलती जे बोला । ते मायेचा सोहळा सांगोत सुखें ॥ ५७ ॥

“ഞങ്ങൾ കയറെന്ന സർപ്പത്തിനെ ജീവനോടെ പിടിച്ചു. ദയവായി അതിന്റെ മാന്ത്രികത കാണാൻ വരൂ! ” എന്ന് പറയുന്നവരുണ്ടാകാം. ഈ ആളുകൾക്ക് മാത്രമേ മായയുടെ മഹിമയെ പുകഴ്ത്താൻ കഴിയൂ.

उडवों जातां आपुली छाया । सर्वथा न उडवे ज्याची तया ।
तेवीं तरतां दुस्तर माया । जाण राया निश्चितीं ॥ ५८ ॥

നമ്മുടെ സ്വന്തം നിഴലിനെ നമുക്ക് എറിയാൻ ആഗ്രഹമുണ്ടെങ്കിലും അതിനെ പിടിച്ചുനിർത്തി എറിയാൻ കഴിയില്ല. അതുപോലെ ഈ മായയെ തരണം ചെയ്യുക എന്നത് ദുസ്തരമാണ്.

अग्निसंकल्पु सूर्यीं नसे । शेखीं सूर्यकांतींही न दिसे ।
तळीं धरिलेनि कापुसें । अग्नि प्रकाशे तद्योगे ॥ ५९ ॥

അഗ്നിയെ ഉത്പ്പാദിക്കുക എന്ന സങ്കൽപം സൂര്യനിൽ ഇല്ല. ഭൂതക്കണ്ണാടിയിലും ഇല്ല. പക്ഷെ ഭൂതക്കണ്ണാടിയുടെ അടിയിൽ വെച്ചിരിക്കുന്ന പഞ്ഞിക്കഷണത്തിൽ സൂര്യരശ്മികളെ കേന്ദ്രീകരിച്ചാൽ തീ പിടിക്കും.

तेवीं शुद्ध ब्रह्मीं संकल्पु नाहीं । शेखीं न दिसे केवळ देहीं ।
माझारीं वासनेच्या ठायीं । देहाभिमानें पाहीं संसारु भासे ॥ ६० ॥

അതുപോലെ, ശുദ്ധബ്രഹ്മത്തിൽ സങ്കൽപ്പങ്ങൾ ഒന്നും ഇല്ല. ദേഹത്തിലും ഇല്ല. പക്ഷെ വാസനകളുടെ പ്രഭാവം നിമിത്തം ഉണ്ടാകുന്ന ദേഹാഭിമാനത്താൽ സംസാരം കാണപ്പെടുന്നു.

जागृतिदेहाचा विसरु पडे । सवेंचि स्वप्नदेह दुजें जोडे ।
तेणें मिथ्या प्रपंच वाढे । स्वप्नीं स्वप्न कुडें कदा न मने ॥ ६१ ॥

ജാഗ്രത് അവസ്ഥയിലുള്ള ദേഹം മറഞ്ഞുപോകുമ്പോൾ സ്വപ്നാവസ്ഥയിലുള്ള ദേഹം പ്രാപ്തമാകുന്നു. സ്വപ്നത്തിലുള്ള ലോകം സ്പഷ്ടമായി കാണപ്പെടുന്നു. പക്ഷെ, സ്വപ്നം കാണുമ്പോൾ, അത് മിഥ്യയാണെന്നു നമുക്ക് ഒരിക്കലും മനസ്സിലാകില്ല.

सुषुप्ती देहाचा असंभवो । तेथ नाहीं भवभावो ।
जन्ममरण तेंही वावो । संसारसंभवो देहाभिमानें ॥ ६२ ॥

സുഷുപ്തിയിൽ ദേഹാഭിമാനം ഇല്ലാത്തതുകൊണ്ട് അവിടെ സംസാരമില്ല, ജനന മരണവും ഇല്ല. സംസാരത്തിന്റെ അനുഭവം, അതായത്, ജന്മ മരണത്തിന്റെ അനുഭവത്തിന്റെ കാരണം ദേഹാഭിമാനമാണ്.

तेवीं आत्मतत्त्वाचा विसरू । तेणें मी देह हा अहंकारू ।

तेणें अहंकारें संसारू । अतिदुस्तरू थोरावे ॥ ६३ ॥

ഈ വിധത്തിൽ, ആത്മതത്വത്തിന്റെ വിസ്മൃതി കാരണം `ഞാൻ ശരീരമാണ്' എന്ന അഹങ്കാരം ഉത്പന്നം ആകുന്നു. ഈ അഹങ്കാരത്താൽ ദുസ്തരമായ സംസാരം വർദ്ധിക്കുന്നു.

जेवीं मृगजळीं मिथ्या मासे । तेवीं ब्रह्मीं प्रपंचु नसे ।
तो निरसावया कैसें । साधनपिसें पिशाचा ॥ ६४ ॥

മരീചികയിലെ ജലത്തിൽ കാണുന്ന മീൻ അസത്യമെന്നതുപോലെ ബ്രഹ്മത്തിൽ പ്രപഞ്ചം ഇല്ല. അതുകൊണ്ട് അതിനെ നശിപ്പിക്കാനുള്ള ശ്രമം ഭ്രാന്താണ്. ഒരു ഭ്രാന്തൻ മാത്രമേ അതിന് ശ്രമിക്കൂ.

दोनीच अक्षरें माया । जंव गेलों सांगावया ।
तंव श्लोकार्थ दुरी ठेला राया । वाढला वायां ग्रंथु सैरा ॥ ६५ ॥

അന്തരീക്ഷൻ പറഞ്ഞു, "ഹേ രാജാവേ, ഞാൻ മായ എന്ന രണ്ടു അക്ഷരങ്ങളെ വർണ്ണിക്കുവാൻ തുടങ്ങിയതായിരുന്നു, പക്ഷെ നോക്കു എന്തു സംഭവിച്ചു എന്ന്. വാക്കിന്റെ അർഥം വിട്ടുപോവുകയും ബാക്കി ഉള്ള കാര്യങ്ങൾ വിവരിക്കപ്പെടുകയും ചെയ്തു.

माया पाहों जातां हर्षे । सज्ञानही झाले पिसे ।
नांवारूपांचिये भडसें । कल्पनावशें माया वाढे ॥ ६६ ॥

മായയെ നേരിട്ട് കാണാനുള്ള ശ്രമത്തിൽ ജ്ഞാനികൾ പോലും ഭ്രാന്തന്മാരാകുന്നു. നാമങ്ങളുടെയും രൂപങ്ങളുടെയും ബാഹുല്യം കൊണ്ട്, ഭാവനയുടെ പിന്തുണയാൽ മായ വർദ്ധിക്കുന്നു.

मायेचें मुख्य लक्षण । राया तुज मी सांगेन खूण ।
आपली कल्पना संपूर्ण । ते माया जाण नृपवर्या ॥ ६७ ॥

രാജാവേ, മായയുടെ ഒരു ലക്ഷണം മാത്രം ഞാൻ പറയാം. മായ നമ്മുടെ ഭാവനക്കനുസരിച്ചു വലുതാകുന്നു.

निजहृदयीची निजआशा । तेचि माया गा मुख्य क्षितीशा ।

जो सर्वथा नित्य निराशा । तों पूज्य जगदीशा पूर्णत्वें ॥ ६८ ॥

ഹേ രാജാവേ, നമ്മുടെ ഹൃദയത്തിലുള്ള ആശ തന്നെയാണ് മായ. ആശകളിൽനിന്നും വിമുക്തമായിട്ടുള്ളവർ ഈശ്വരന് പൂജനീയരാണ്.

आतां कांहीं एक तुझ्या प्रश्नीं । माया सांगों उपलक्षणीं ।
सर्गस्थित्यंतकारिणी । त्रिविधगुणीं विभागे ॥ ६९ ॥

അങ്ങ് മായയെ കുറിച്ച് ചോദിച്ച സ്ഥിതിക്ക്, മായയുടെ കുറച്ചു ഉദാഹരണങ്ങൾ പറയാം. ഉത്പത്തി, സ്ഥിതി, അന്ത്യം എന്നിവയ്ക്ക് കാരണമായ മായ മൂന്നു ഗുണങ്ങളാൽ ഭാസിക്കുന്നു.

जेवीं सूर्यासी संकल्पु नसे । तरी नसतां त्याच्या ठायीं दिसे ।
जेव्हां कां निजकिरणवशें । अग्नि प्रकाशे सूर्यकांतीं ॥ ७० ॥

സൂര്യന് അഗ്നിവിഷയത്തിൽ പ്രത്യേകിച്ചൊരു സങ്കൽപം ഇല്ലെങ്കിലും, സൂര്യ രശ്മികൾ ഭൂത കണ്ണാടിയിലൂടെ കടക്കുമ്പോൾ അഗ്നി ഉണ്ടാകുന്നു.

तेवीं शुद्धस्वरूपीं पाहीं । संकल्पमात्र कांहीं नाहीं ।
नसतचि दिसे ते ठायीं । ते जाण विदेही मूळमाया ॥ ७१ ॥

ഹേ രാജാവേ, അതുപോലെ, ശുദ്ധ സ്വരൂപം സങ്കല്പഹീനമാണ്. വാസ്തവത്തിൽ ഇല്ലെങ്കിൽ പോലും, ഉണ്ടെന്നവിധത്തിൽ കാണപ്പെടുന്നതാണ്, മൂല പ്രകൃതി.

स्वरूप निर्विकल्प पूर्ण । तेथ मी म्हणावया म्हणतें कोण ।
ऐसेही ठायीं स्फुरे मीपण । ते मुख्यत्वें जाण मूळमाया ॥ ७२ ॥

സ്വരൂപം പൂർണമായും നിർവികല്പമാണ്. അവിടെ, `ഞാൻ' എന്ന് പറയുന്ന ആളെവിടെ? എങ്കിലും, `ഞാൻ' എന്ന തോന്നലിനെ ജനിപ്പിക്കുന്ന ശക്തിയെയാണ് മുഖ്യമായും `മൂലമായ' എന്ന് വിളിക്കുന്നത്.

तया मीपणाच्या पोटीं । म्हणे मजचि म्यां पहावें दिठीं ।

मजसीं म्यां सांगाव्या गोठी । अत्यादरें भेटी माझी मज होआवी ॥ ७३ ॥

ഈ `ഞാൻ' എന്ന ഭാവം ഉണർത്തപ്പെടുമ്പോൾ, ഒരു ജീവൻ “ഞാൻ എന്നെ കാണണം” എന്നും, "ഞാൻ എന്നോടുതന്നെ സംസാരിക്കണം" എന്നും, "ഞാൻ എന്നോട് കഥകൾ പറയണം" എന്നും, "ഞാൻ എന്നെത്തന്നെ വളരെ ബഹുമാനത്തോടെ കാണണം" എന്നും ആഗ്രഹിക്കുന്നു.

मज माझी अतिप्रीती । माझी मज होआवी रती ।
माझ्याचि म्यां घेऊनि युक्ती । मज माझी प्राप्ति मद्‌बोधें व्हावी ॥ ७४ ॥

ആ ജീവൻ തന്നെ തന്നെ പ്രേമിക്കാൻ ആഗ്രഹിക്കുന്നു. "എനിക്കെന്നിൽ താല്പര്യമുണ്ടാകണം" എന്നും "ഞാൻ എന്നെത്തന്നെ ആസ്വദിക്കണം" എന്നും "എന്റെ സ്വന്തം യുക്തികൊണ്ട് എന്നെ മനസ്സിലാക്കണം" എന്നും "എന്നെ ഞാൻ പ്രാപിക്കണം" എന്നും ആഗ്രഹിക്കുന്നു.

म्हणे मज मियां आलिंगावें । मज मियांचि संभोगावें ।
मज मियांचि संयोगावें । नियोगावें स्वामिसेवकत्वें सर्वदा ॥ ७५ ॥

ആ ജീവൻ, "ഞാൻ എന്നെ ആലിംഗനം ചെയ്യണം" എന്നും, "ഞാൻ എന്നെ അനുഭവിക്കണം" എന്നും "ഞാൻ എന്നോട് തന്നെ ഇടപഴകണം" എന്നും "ഞാൻ എന്നെത്തന്നെ ഒരു യജമാനനും ദാസനും എന്നപോലെ നിയന്ത്രിക്കണം" എന്നും വിചാരിക്കുന്നു.

ऐकें आजानुबाहो नृपनाथा । ऐसें आठवलें भगवंता ।
तो आठवो जाला स्रजिता । महाभूतां भौतिकां ॥ ७६ ॥

ഹേ ആജാനുബാഹുവായ നൃപവര്യ, ഭഗവാൻ ഈ ചിന്തയുടെ പ്രചോദനത്താൽ പഞ്ചമഹാഭൂതങ്ങളെയും ഭൗതികങ്ങളെയും നിർമിച്ചു.

चारी वर्ण चारी खाणी । चारी युगें चारी वाणी ।
चारी पुरुषार्थ चहूं लक्षणीं । मुक्तीची मांडणी मांडली चतुर्धा ॥ ७७ ॥

നാല് വർണ്ണങ്ങൾ, നാല് യോനികൾ, നാല് യുഗങ്ങൾ, നാല് ശബ്ദ

പാദങ്ങൾ, നാല് പുരുഷാർത്ഥങ്ങൾ, നാല് വിധ മുക്തികൾ എന്നിവയുടെ സൃഷ്ടിയും ഈ സ്ഫുരണത്തിൽനിന്നാണ്.

उभारूनि तिन्ही गुण । आठवो रची त्रिभुवन ।
तेणें मांडूनि त्रिपुटीविंदान । कर्महि संपूर्ण त्रिधा केलें ॥ ७८ ॥

അതെ സ്ഫുരണം തന്നെയാണ് ത്രിഗുണങ്ങളെ സൃഷ്ടിച്ച് ത്രിലോകം ഉണ്ടാക്കിയത്. അതെ സ്ഫുരണം തന്നെയാണ് ജ്ഞാനം, ജ്ഞേയം, ജ്ഞാതാവ് എന്ന ത്രിപുടിയെ സൃഷ്ടിച്ച്, മൂന്നു വിധത്തിലുള്ള കർമ്മങ്ങളെയും സൃഷ്ടിച്ചത്.

एवं एकपणीं बहुपण । रूपा आणी मूळींची आठवण ।
परी बहुपणीं एकपण । अखंडत्वें पूर्ण तें कदा न भंगे ७९ ॥

ഇങ്ങനെ, ഈ സ്ഫൂർത്തി ഏകതയിൽ അനേകതയെ സൃഷ്ടിച്ചു. പക്ഷെ ഈ അനേകതയിൽ ഏകാത്മഭാവം തന്നെയാണ്; അത് പൂർണവും അഖണ്ഡവും ആണ്.

जीं जीं कुंभार भांडीं करी । आकाश सहजेंचि त्यांभीतरीं
तेवीं महाभूतें भौतिकाकारीं । समन्वयें हरि सर्वदा सर्वीं ॥ ८० ॥

ഒരു കുശവൻ ഉണ്ടാക്കുന്ന കുടങ്ങളിൽ ആകാശം അടങ്ങിയിരിക്കുന്നു. അതുപോലെ, ഭഗവാൻ ഹരി പഞ്ചഭൂതങ്ങളിലും ഭൗതിക ശരീരത്തിലും, ആന്തരികമായും ബാഹ്യമായും വ്യാപിച്ചിരിക്കുന്നു.

राया जाण येचि अर्थीं । बोलिलें उपनिषदांप्रती ।
एकाकी न रमते या श्रुती । द्वैताची स्फुर्ति भगवंतीं स्फुरली ॥ ८१ ॥

അതുകൊണ്ട്, ഹേ രാജാവേ, `സ ഏകാകി ന രമതെ' എന്ന ഉപനിഷദ് വാക്യം പ്രകാരം ഭഗവാനിൽ ദ്വൈതത്തിന്റെ സ്ഫുരണം ഉദിച്ച് ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു.

किंबहुना एकपणें समस्तें । रूपा आलीं महाभूतें ।
तींचि हरीची माया येथें । जाण निश्चितें नृपनाथा ॥ ८२ ॥

അഥവാ, ഹേ രാജാധിരാജാവേ, കാണപ്പെടുന്ന ഈ പഞ്ച മഹാഭൂതങ്ങൾ ഒക്കെയും സമഷ്ടിരൂപത്തിൽ മായയാണ്.

भूत-भौतिक स्फुरे जे स्फूर्ती । ते प्रकाशूं न शके माया स्वशक्तीं ।
मायाप्रकाशकु चिन्मूर्ती । अखंडत्वें भूताकृतीं प्रवेशला भासे ॥ ८३ ॥

പക്ഷെ, ഈ ഭൂതഭൗതികങ്ങളിൽ ഉള്ള സ്ഫുരണം മായയുടേതല്ല. മായക്ക് ആ ശക്തിയില്ല. ചിത്സ്വരൂപിയായ പരമാത്മാവ് തന്നെയാണ് അഖണ്ഡമായി ഭൂതങ്ങളിൽ വർത്തിച്ച് ശോഭിക്കുന്നത്.

मुख्य मायेचें निजलक्षण । प्रकाशी परमात्मा चिद्घन ।
तोचि भूतीं भूतात्मा आपण । प्रवेशलेपण नसोनि दावी ॥ ८४ ॥

ഈ ചിദ്ഘനമായ പരമാത്മാവ് തന്നെയാണ് മായയുടെ മുഖ്യ ലക്ഷണങ്ങളെ പ്രകാശിപ്പിക്കുന്നത്. വാസ്തവത്തിൽ പരമാത്മാവ് തന്നെയാണ് എല്ലാ ഭൂതങ്ങളിലും ഉള്ള ഭൂതാത്മാവ്. മായ എന്നൊന്നില്ലെങ്കിലും, സർവം മായയാൽ സൃഷ്ടിതമായി കാണപ്പെടുന്നു.

ഏവം സൃഷ്ടാനി ഭൂതാനി പ്രവിഷ്ടഃ പഞ്ചധാതുഭിഃ
ഏകധാ ദശധാത്മാനം വിഭജൻ ജുഷതേ ഗുണാൻ 4

ഇപ്രകാരം, അഞ്ചു ഭൂതങ്ങളെക്കൊണ്ട് ഉണ്ടാക്കപ്പെട്ട ഭൂതങ്ങളെ ഒന്നായിട്ടും പത്തായിട്ടും ആത്മാവിനെ വിഭജിച്ചിട്ട് പ്രവേശിച്ചിട്ട് വിഷയങ്ങളെ സേവിക്കുന്നു.

ऐशीं स्रजिलीं भूतें महाभूतें । जीं जड मूढ अचेतें ।
त्यांसी वर्तावया व्यापारार्थें । विभागी आपणातें तत्प्रवेशीं ॥ ८५ ॥

ആത്മാവ് പഞ്ചമഹാഭൂതങ്ങളെ സൃഷ്ടിച്ച്, അതിലൂടെ അചേതനവും ജഡവുമായ വസ്തുക്കളെയും, ജീവജാലങ്ങളെയും സൃഷ്ടിച്ചു. അവയെ അവയുടെ കർമ്മങ്ങൾ ചെയ്യാൻ പ്രാപ്തമാക്കുന്നതിനായി, ആത്മാവ് തന്നെ അവയിൽ പ്രവേശിച്ച് സ്വയം വിഭജിച്ചു.

पंचधा पंचमहाभूतें । तें कार्यक्षम व्हावया येथें ।

पंचधा विभागें श्रीअनंतें । प्रविशिजे तेथें तें ऐक राया ॥ ८६ ॥

രാജാവേ, പരമാത്മാവ് അഞ്ച് രൂപങ്ങൾ സ്വീകരിച്ച് അഞ്ച് മഹാഭൂതങ്ങളിലും പ്രവേശിച്ച്, അവയെ അവരവരുടെ പ്രവൃത്തികൾ ചെയ്യാൻ പ്രേരിപ്പിച്ചു. അത് എങ്ങനെ ചെയ്തുവെന്ന് ഞാൻ അങ്ങയോട് പറയാം. ദയവായി കേൾക്കൂ.

गंध रूपें पै पृथ्वीतें । प्रवेशोनि श्रीअनंतें ।
पूर्ण क्षमा आणोनि तीतें । चराचरभूतें वाहवी स्वयें ॥ ८७ ॥

അനന്തമായ ഭഗവാൻ 'ഗന്ധ'ത്തിന്റെ രൂപത്തിൽ ഭൂമിയിൽ പ്രവേശിച്ചു, എന്നിട്ട് ഭൂമിക്ക് പൂർണ്ണമായ ക്ഷമയുടെ ഗുണത്തിനെ കൊടുത്തു, ജീവജാലങ്ങളുടെ ഭാരം എളുപ്പത്തിൽ വഹിക്കാൻ ഭൂമിയെ പ്രാപ്തമാക്കി.

पृथ्वी प्रवेशला भगवंतु । यालागीं ते आवरण-जळांतु ।
उरलीसे न विरतु । जाण निश्चितु मिथिलेशा ॥ ८८ ॥

ഹേ മിഥിലാധിപതേ! ഭഗവാൻ ഭൂമിയിൽ പ്രവേശിച്ചു, അതിനാൽ, വെള്ളത്താൽ ചുറ്റപ്പെട്ടിട്ടും ഭൂമി അതിൽ മുങ്ങിപോയില്ല.

धरा धरी धराधर । यालागीं विरवूं न शके समुद्र ।
धराधरें पृथ्वी सधर । भूतभार तेणें वाहे ॥ ८९ ॥

ഈ സമസ്ത ഭൂതഭാരത്തിനെയും വഹിച്ചിരുന്ന ധരയെ (ഭൂമി ദേവിയെ) ധരാധരനായ ഭഗവാൻ ധരിച്ചിരിക്കുന്നതിനാൽ സമുദ്രത്തിന് ഭൂമിയെ വിഴുങ്ങാൻ സാധിക്കില്ല.

स्वाद रूपें उदकांतें । प्रवेशोनि श्रीअनंतें ।
द्रवत्वें राहोनियां तेथें । जीवनें भूतें जीववी सदा ॥ ९० ॥

ഈശ്വരൻ വെള്ളത്തിൽ 'രുചി'യായും ദ്രാവകത്വമായും പ്രവേശിക്കുകയും അതുവഴി ജീവജാലങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു.

जीवनी प्रवेशे जगज्जिवन । याकारणें आवरण तेंचि जाण ।

न शोषितां उरे जीवन । हें लाघव पूर्ण हरीचें ॥ ९१ ॥

ജഗജ്ജീവനായ ഭഗവാന്റെ അത്ഭുതകരമായ ശക്തി കാണുക. അദ്ദേഹം ജലത്തിന്റെ ദ്രവത്വം നിലനിർത്തുന്നതുകൊണ്ട് അഗ്നിക്ക് ഈ പ്രപഞ്ച ജലത്തെ പൂർണ്ണമായും വറ്റിക്കാൻ കഴിയില്ല.

तेजाचे ठायीं रूप । प्रवेशला हरि सद्रूप ।
यालागीं नयनीं तेज अमूप । जठरीं देदीप्य जठराग्नि जाहला ॥ ९२ ॥

ഭഗവാൻ ശ്രീഹരി പ്രകാശത്തിൽ രൂപമായും തിളക്കമായും വസിക്കുന്നു. അതിനാൽ, ജീവികളുടെ കണ്ണുകൾ തിളങ്ങുന്നു. ഭഗവാൻ തന്നെയാണ് ജഠരാഗ്നിയായും വർത്തിക്കുന്നത്.

रूपयोगें लवलाहीं । हरि प्रवेशे तेजाच्या ठायीं ।
तें आवरण-वायूमाजीं पाहीं । न मावळे कांहीं यालागीं राया ॥ ९३ ॥

ശ്രീഹരി എപ്പോഴും തേജസ്സിൽ അതിന്റെ രൂപഗുണമായി നിലനിൽക്കുന്നതിനാൽ, വായുവിന് പ്രകാശത്തെ കെടുത്തിക്കളയാൻ കഴിയില്ല.

वायूमाजीं स्पर्श योगें । प्रवेशु कीजे श्रीरंगें ।
यालागीं प्राणयोगें । वर्तती अंगें अनेक जीव ॥ ९४ ॥

ദൈവം കാറ്റിൽ സ്പർശമായി പ്രവേശിച്ചിരിക്കുന്നു. ജീവികൾക്കുള്ളിൽ പ്രാണനായി ഭഗവാൻ വർത്തിക്കുന്നതിനാൽ അവ ജീവനോടെ നിലനിൽക്കുന്നു.

वायूच्या ठायीं हृषीकेश । स्पर्शरूपें करी प्रवेश ।
यालागीं वायूचा ग्रास । सर्वथा आकाश करूं न शके ॥ ९५ ॥

ഹൃഷീകേശനായ ഭഗവാൻ സ്പർശരൂപത്തിൽ വായുവിൽ പ്രവേശിക്കുന്നു, അതിനാൽ ആകാശത്തിന് വായുവിനെ ദഹിപ്പിക്കാൻ കഴിയില്ല.

शब्द गुणें हृषीकेश । आकाशीं करी प्रवेश ।
यालागीं भूतांसी अवकाश । सावकाश वर्तावया ॥ ९६ ॥

`ശബ്ദം' എന്ന ഗുണത്തോടെ ശ്രീഹരി ആകാശത്തിൽ പ്രവേശിച്ചതിനാൽ പ്രാണികൾക്ക് കഴിയാൻ പര്യാപ്തമായ സ്ഥലം ലഭിച്ചു.

शब्दगुणें गगनीं । प्रवेशला चक्रपाणी ।
यालागीं तें निजकरणीं । लीन होऊनि जाऊं न शके ॥ ९७ ॥

ചക്രപാണി ആകാശത്തിൽ ശബ്ദരൂപത്തിൽ പ്രവേശിച്ചതിനാൽ ആകാശത്തിന്റെ മൂലകാരണമായ മഹത്തത്വത്തിൽ ആകാശം ലയിക്കാതെയിരിക്കുന്നു.

महाभूतीं निरंतर । स्वाभाविक नित्य वैर ।
येरांतें ग्रासावया येर । अतितत्पर सर्वदा ॥ ९८ ॥

ഈ പഞ്ചമഹാഭൂതങ്ങൾ സ്വാഭാവികമായും പരസ്പര വൈരികളാണ്, ഓരോന്നും മറ്റൊന്നിനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നതുപോലെ.

जळ विरवूं पाहे पृथ्वीतें । तेज शोषूं पाहे जळातें ।
वायु प्राशूं धांवे तेजातें । आकाश वायूतें गिळूं पाहे ॥ ९९ ॥

വെള്ളം ഭൂമിയെ അതിൽ ലയിപ്പിക്കാൻ ശ്രമിക്കുന്നു. ചൂട് ജലത്തെ വറ്റിക്കാൻ ശ്രമിക്കുന്നു, കാറ്റ് തീയെ കെടുത്താൻ ശ്രമിക്കുന്നു, ആകാശം കാറ്റിനെ മൂടി കെടുത്താൻ ശ്രമിക്കുന്നു.

तेथ प्रवेशोनि श्रीधर । त्यांतें करोनियां निर्वैर ।
तेचि येरामाजीं येर । उल्हासें थोर नांदवी ॥ १०० ॥

എന്നിരുന്നാലും, ഭഗവാനായ ശ്രീഹരി ഓരോ ഭൂതത്തിലും വസിക്കുകയും, പരസ്പരം നശിപ്പിക്കാനുള്ള അവയുടെ പ്രവണതയെ ഇല്ലാതാക്കുകയും, അവയ്ക്കിടയിൽ സുഗമമായ ഐക്യതയെ നിലനിർത്തുകയും ചെയ്യുന്നു.

एवं पंचभूतां साकारता । आकारली भूताकारता ।
तेथें जीवरूपें वर्तविता । जाहला पैं तत्त्वता प्रकृतियोगें ॥ १०१ ॥

ഈ വിധത്തിൽ, പഞ്ചമഹാഭൂതങ്ങളായി ആകാരം എടുത്തുകൊണ്ട്, അതിൽനിന്നും ഉണ്ടായ ഭൂത ഭൗതികങ്ങളായി

ഉടലെടുത്തുകൊണ്ട് ഭഗവാൻ മായയാലുള്ള സംയോഗം കൊണ്ട് ജീവജാലങ്ങളിൽ പ്രവേശിച്ച് പരസ്പര വ്യവഹാരത്തിൽ ഏർപ്പെടുന്നു.

त्यासी ब्रह्मांडीं पुरुष हें नांव । पिंडीं त्यातें म्हणती जीव ।
हा मायेचा निजस्वभाव । प्रतिबिंबला देव जीवशिवरूपें ॥ १०२ ॥

ഈ ഒരേയൊരു തത്വം ബ്രഹ്മാണ്ഡത്തിൽ പുരുഷൻ എന്നും പിണ്ഡത്തിൽ (അതായത് ദേഹത്തിൽ) ജീവൻ എന്നും പറയപ്പെടുന്നു. ഈ ജീവ ശിവ രൂപമായ ഭഗവാൻ തന്നെയാണ് ശരീരത്തിൽ പ്രതിബിംബിക്കുന്നത്, ഇത് മായയുടെ സ്വഭാവമാണ്.

शिवीं जे योगमाया विख्याती । जीवीं तीतें अविद्या म्हणती ।
हेचि मायेची मुख्यत्वें भ्रांती । स्वप्नस्थिती संसारू ॥ १०३ ॥

ശിവന്റെ പ്രസിദ്ധമായ യോഗമായ തന്നെയാണ് ജീവനിൽ അവിദ്യയായി വർത്തിക്കുന്നത്. മായയിൽ മോഹിക്കുവാനുള്ള പ്രമുഖ കാരണം ഈ അവിദ്യ തന്നെ. അതുകൊണ്ട്, സ്വപ്നം പോലെ തന്നെ, സംസാരവും മിഥ്യയാണ്.

ज्यातें म्हणती दीर्घस्वप्न । तो हा मायावी संसार संपूर्ण ।
निद्रेमाजीं दिसे जें भान । तें जीवाचें स्वप्न अविद्यायोगें ॥ १०४ ॥

മായയാൽ ഉണ്ടാക്കപ്പെട്ട ജഗത്സ്വരൂപമായ സംസാരം ഈശ്വരന്റെ ഒരു ദീർഘ സ്വപ്നം ആണ്. ഒരു ജീവൻ അവിദ്യ കാരണം ഉറക്കത്തിൽ എന്തു കാണുന്നുവോ, അത് ജീവന്റെ സ്വപ്നമാണ്.

येथ जागा जाहल्या मिथ्या स्वप्न । बोध जाहलिया मिथ्या भवभान ।
हें अवघें मायेचें विंदान । राया तूं जाण निश्चित ॥ १०५ ॥

എഴുന്നേൽക്കുമ്പോൾ എപ്രകാരമാണോ സ്വപ്നം മിഥ്യയായി മാറുന്നത്, അതുപോലെ, ജ്ഞാനം സിദ്ധിക്കുമ്പോൾ, അതായത്, ആത്മസാക്ഷാത്കാരം പ്രാപിക്കുമ്പോൾ സംസാരവും മിഥ്യയായി തീരും.

आतां जीवाची विषयावस्था । विषयरसीं विषयभोक्ता ।

एकधा दशधा विभागता । आईक नृपनाथा सांगेन ॥ १०६ ॥

ഹേ നൃപനാഥ, ഇപ്പോൾ ജീവന്റെ വിഷയാവസ്ഥയെ കുറിച്ച് പറയാം. ജീവൻ തന്നെ സ്വയം ഒന്നായും പത്തായും ആയിട്ട് വിഷയങ്ങളെ ഭോഗിക്കുന്നു.

एकधा भागें अंतःकरण । स्वयें झाला जनार्दन ।
मन-बुद्धि-चित्त-अहंस्फुरण । चतुर्धा जाण विभागें ॥ १०७ ॥

ജനാർദ്ദനനായ ഭഗവാൻ ജീവനിൽ ഒന്നായിട്ട് അന്ത:കരണ രൂപത്തിൽ വിരാജിക്കുന്നു, പിന്നെ, മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം - ഇങ്ങനെ നാലായിട്ടും സ്ഥിതി ചെയ്യുന്നു.

जीव आपुल्या परिपूर्णता । अहं म्हणे निजात्मता ।
तेथ मायेची अतिलाघवता । देहात्मता दृढ केली ॥ १०८ ॥

ജീവൻ തന്റെ പരിപൂർണ സ്വരൂപത്താലും നിജാത്മ ശക്തിയാലും `അഹം' എന്നു പറയുന്നു. പക്ഷെ, മായ, തന്റെ സാമർഥ്യം കാരണം, 'ദേഹോഹം', അതായത്, ഈ ദേഹം തന്നെയാണ് ഞാൻ എന്ന ഭാവനയെ ദൃഢപ്പെടുത്തുന്നു.

अहंकारु वाढवितां देहात्मता । विसरे आपुली चिद्रूपता ।
तो विसरू वाढवी विषयचिंता । तेचि चित्त तत्त्वतां महामाया ॥ १०९ ॥

അഹങ്കാരം ദേഹാത്മഭാവത്തെ വർദ്ധിപ്പിക്കുമ്പോൾ, ജീവൻ തന്റെ ചൈതന്യപൂർണമായ സ്വരൂപത്തെ മറന്ന്, വേറെ വസ്തുക്കളെപറ്റി ചിന്തിക്കുന്നു. ഈ വിസ്മൃതിയുടെ അവസ്ഥയെ ചിത്തം എന്ന് വിളിക്കുന്നു.

देहअहंता अतिचपळ । तीतेंच म्हणती मन चंचळ ।
नाना संकल्पविकल्पजाळ । वाढवी प्रबळ भय-शोक-दुःख ॥ ११० ॥

ദേഹാഹന്ത അതിചപലമാണ്. അതിനെയാണ് മനസ്സെന്ന് വിളിക്കുന്നത്. മനസ്സ് അനേക സങ്കല്പ വികല്പത്തിന്റെ വല നെയ്ത് ഭയം, ശോകം, ദുഃഖം എന്നിവയെ ഉണ്ടാക്കുന്നു.

देह अहंतेचे शहाणपण । तिये नांव गा बुद्धि जाण ।

ते बुद्धीनें निश्चय केला पूर्ण । आम्हा जन्ममरण अनिवार ॥ १११ ॥

ദേഹ അഹന്തയിലുള്ള ചാതുര്യത്തിനെയാണ് ബുദ്ധി എന്ന് വിളിക്കുന്നത്. ജന്മവും മരണവും അനിവാര്യമാണെന്നുള്ള നിശ്ചയവും ബുദ്ധി തന്നെയാണ് ചെയ്യുന്നത്.

एवं देहाभिमानाचे माथां । चित्तचतुष्टय अवस्था ।
मुख्य संसाराचा कर्ता । जाण तत्त्वतां देहाभिमानु ॥ ११२ ॥

ഇങ്ങനെ, ഈ ദേഹാത്മബുദ്ധിയിലുദിച്ച അഭിമാനത്തിൽ ചിത്തചതുഷ്ടയങ്ങൾ ഉണ്ടാകുന്നു - മനസ്സിന്റെ നാല് വിധമായ പ്രവർത്തനങ്ങളാണിവ. സംസാരത്തിന്റെ മുഖ്യ കാരണം ഈ ദേഹാഭിമാനമാണെന്നറിഞ്ഞാലും.

अहंकार धरी सोहंपण । तैं चित्तीं प्रगटे चैतन्यघन ।
तेव्हां मनही होय उन्मन । बुद्धीचा निश्चयो पूर्ण परब्रह्मीं ॥ ११३ ॥

ഈ അഹങ്കാരം `സോഹം' എന്ന് മന്ത്രിക്കുമ്പോഴാണ് ചിത്തം സ്വരൂപത്തിൽ ലയിക്കുന്നത്, മനസ്സ് ഉന്മനി അവസ്ഥയെ പ്രാപിക്കുന്നതും ബുദ്ധി പരബ്രഹ്മത്തിൽ സമാഹിതമാകുന്നതും.

समूळ मावळल्या अभिमान । कैंची बुद्धि कैंचें मन ।
बुडे चित्तचें चित्तपण । ब्रह्म परिपूर्ण कोंदाटे ॥ ११४ ॥

അഹങ്കാരം പൂർണമായി നശിക്കുമ്പോൾ ബുദ്ധിക്കും മനസ്സിനും നിൽക്കാൻ എവിടെയാണ് സ്ഥലം? അപ്പോൾ ചിത്തം ഇല്ലാതെയായി പരബ്രഹ്മം മാത്രം അവശേഷിക്കുന്നു.

एकधा विभाग अंतःकरण । त्याची उणखूण निजलक्षण ।
राया सांगितलें संपूर्ण । आतां दशधा लक्षण तें ऐक ॥ ११५ ॥

രാജാവേ, ഒന്നായിട്ടുള്ളപ്പോൾ അഹങ്കാരത്തിന്റെ സ്വഭാവം ഞാൻ അങ്ങയോടു പറഞ്ഞു കഴിഞ്ഞു. ഇനി അതിന്റെ പത്ത് ഭാഗങ്ങൾ ഏതൊക്കെയാണെന്ന് ഞാൻ പറയാം.

दशधा इंद्रियें अचेतन । तयांतें चेतविता नारायण ।

दशधारूपें प्रवेशोन । इंद्रियवर्तन वर्तवी ॥ ११६ ॥

ഈ പത്ത് ഇന്ദ്രിയങ്ങളും അചേതനമാണ്, അവയ്ക്കു ചേതന കൊടുക്കുന്നത് നാരായണനാണ്. അദ്ദേഹം വിഭിന്നമായ പത്ത് രൂപങ്ങളിൽ അവയിൽ പ്രവേശിച്ച് അവയ്ക്ക് വിധിക്കപ്പെട്ട കർമ്മങ്ങൾ ചെയ്യാൻ കാരണമാകുന്നു.

दृष्टीमाजी झाला देखणें । दृष्य प्रकाशी दृश्यपणें ।
ऐसेनि प्रकाशकपणें । दृश्याभरणें दाखवी ॥ ११७ ॥

കണ്ണുകളിൽ ഭഗവാൻ കാഴ്ച ശക്തിയായി, ദൃശ്യങ്ങൾ കാണുന്നു. ദൃശ്യങ്ങളുടെ രൂപവും, അത് കാണപ്പെടുന്ന പ്രകാശവും ഭഗവാൻ തന്നെയാകുന്നു.

श्रवणीं झाला तो ऐकणें । शब्द प्रकाशी शब्दलक्षणें ।
मग अर्थावबोधकपणें । शब्दविंदानें ऐकवी ॥ ११८ ॥

കാതുകളിൽ ശ്രവണ ശക്തിയായി ഭഗവാൻ വിരാജിക്കുന്നു. ശബ്ദങ്ങളുടെ രൂപത്തിൽ അദ്ദേഹം തന്നെ വാക്കുകളെ സൃഷ്ടിച്ച്, കേൾക്കുന്നവന്റെ ഉള്ളിൽ ആ വാക്കുകളുടെ അർത്ഥം മനസ്സിലാകുന്ന ശക്തിയായി വിരാജിച്ച്, വാക്കുകളെ അദ്ദേഹം തന്നെ ശ്രവിക്കുന്നു.

रसीं रसस्वादु नारायण । रसने तोचि रसस्वादन ।
यापरी नानारससेवन । करवी जनार्दन जनांमाजीं ॥ १९ ॥

രസങ്ങളിൽ ഉള്ള രുചി നാരായണൻ ആകുന്നു. നാക്കിൽ രുചി ഉണർത്തുന്ന ശക്തിയും നാരായണൻ തന്നെ. ഈ വിധത്തിൽ ജനാർദ്ദനൻ ജനങ്ങളിലൂടെ അനേകം രസങ്ങളെ രുചിക്കുന്നു.

सुमनीं श्रीहरी सुगंध । घ्राणी तोचि जाणे गंधावबोध ।
यापरी सुमनमकरंद । भोगवी गोविंद निजांगयोगें ॥ १२० ॥

പുഷ്പങ്ങളിലുള്ള സുഗന്ധം ശ്രീഹരി ആണ്. മൂക്കിൽ ഗന്ധത്തിന്റെ ധാരണാ ശക്തിയും ശ്രീഹരി തന്നെയാകുന്നു. ഇങ്ങനെ, ശ്രീഹരി സ്വേച്ഛയാൽ പുഷ്പങ്ങളിലെ മകരന്ദം ജീവ ജാലങ്ങളെകൊണ്ട് സേവിപ്പിക്കുന്നു.

**शीत-उष्ण-मृदु-कठिण । स्पर्श प्रकाशिता नारायण ।
त्वचेमाजीं तोचि स्पर्शज्ञ । यपरी जगजीवन भोगवी स्पर्श ॥ १२१ ॥**

സ്പർശനത്തിന്റെ നാല് ഗുണങ്ങളെ - തണുപ്പ്, ചൂട്, മൃദുലം, കഠിനം - വെളിപ്പെടുത്തുന്നത് നാരായണനാണ്. ത്വക്കിൽ സ്പർശനം ഗ്രഹിക്കുന്നതും, അങ്ങനെ ലോകത്തെ സ്പർശനത്തിന്റെ ആനന്ദം ആസ്വദിക്കാൻ പ്രാപ്തരാക്കുന്നതും ആ ജഗജ്ജീവൻ തന്നെയാണ്.

(ഈ രീതിയിൽ, അഞ്ച് ഇന്ദ്രിയങ്ങളെക്കുറിച്ച് വിവരിച്ചു.) (ഇനി, അഞ്ച് തരം കർമ്മേന്ദ്രിയങ്ങളെക്കുറിച്ച് വിവരിക്കാം.)

**वाचेचा वाचकु कमळापती । तोचि प्रकाशी शब्दपंक्ती ।
नाना शब्दार्थव्युत्पत्ति । वदवी निश्चितीं वाचाळपणें ॥ १२२ ॥**

സംസാരശേഷിയുടെ ആഖ്യാതാവ് ആ കമലാപതിയാണ്. വാക്കുകളുടെ നിര പ്രകടിപ്പിക്കുന്നതും ജീവികളെ വിവിധതരം അർത്ഥപരമായ വാക്യങ്ങൾ പറയുവാൻ പ്രേരിപ്പിക്കുന്നതും അദ്ദേഹമാണ്.

**करांच्या ठायीं देती घेती । अकर्तेनि कर्तव्यशक्ती ।
चरणा आचरणें निगुती । गमनस्थिती गोविंदें ॥ १२३ ॥**

കൈകളിൽ കൊടുക്കാനും എടുക്കാനുമുള്ള ശക്തി ആ കർമ്മരഹിതന് മാത്രമേ ഉള്ളൂ, അതുപോലെ കാലുകൾ കൊണ്ട് നടക്കാൻ കഴിയുന്നത് ആ ഗോവിന്ദൻ കാരണമാണ്.

**उपस्थसुखाची सुखप्राप्ती । तेणें सुखें सुखावे श्रीपती ।
स्त्रीपुरुषमैथुनव्युत्पत्ती । प्रकाशी अतिप्रीतीं पुरुषोत्तमु ॥ १२४ ॥**

ലൈംഗികാവയവങ്ങളിൽ നിന്ന് ലഭിക്കുന്ന രതിസുഖം ശ്രീപതിയിൽ നിന്നാണ് ലഭിക്കുന്നത്. ആ സുഖം അനുഭവിക്കുന്നവനും പരമാത്മാവ് തന്നെയാണ്. ഭഗവാൻ കാരണമാണ് പുരുഷനും സ്ത്രീയും ലൈംഗിക സുഖം അനുഭവിക്കുന്നത്.

गुदाचे ठायी जें का क्षरण । तेंही अक्षरें होय जाण ।

यापरी निजात्मा परिपूर्ण । दशधा आपण विभागला देहीं ॥ १२५ ॥

മലദ്വാരത്തിലെ മലമൂത്ര വിസർജ്ജന പ്രക്രിയയും ആ അക്ഷരമായ പരമാത്മാവിന്റെ ശക്തിയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അങ്ങനെ, ഈ പൂർണ്ണവും, സ്വസ്വരൂപിയായ ആത്മാവിനെ ജീവജാലങ്ങളുടെ ശരീരത്തിനുള്ളിൽ പത്ത് തരങ്ങളായി തിരിച്ചിരിക്കുന്നു.

यापरी गा देहयोगें । विलासे विषयसंभोगें ।
भोग्य भोक्ता उभय भागें । प्रकाशूनि अंगें स्वयें भोगी ॥ १२६ ॥

ഈ വിധത്തിൽ ഭഗവാൻ ഇന്ദ്രിയങ്ങളിലൂടെ വിഷയഭോഗങ്ങളെ ഭോഗ്യ വസ്തുവായിട്ടും ഭോക്താവായിട്ടും അനുഭവിക്കുന്നു.

जेवीं साळईच्या रुखा । साळईचि बीज देखा ।
साळईचि शाखोपशाखा । न विकारितां असका वृक्ष होये ॥ १२७ ॥

സാല വൃക്ഷത്തിന്റെ വിത്തുകൾ സാല വൃക്ഷത്തിന്റേതു തന്നെ ആകുന്നു, അതിന്റെ വർഗ്ഗത്തിന്റെ പ്രകൃതി അനുസരിച്ച് ശാഖകളും വളരുന്നു. സാല വൃക്ഷത്തിന്റെ വിത്ത് അങ്കുരിച്ചാൽ സാല വൃക്ഷം തന്നെ വരുന്നു.

जेवीं कां ऊंस बीजीं पडे । तो बाहेर ऊंसपणेंचि वाढे ।
जरी भिन्न भिन्न कांडें चढे । तरी मागें पुढें रस एकु ॥ १२८ ॥

കരിമ്പിന്റെ കഷ്ണം തന്നെ അതിന്റെ വിത്ത് ആയതിനാലും മണ്ണിൽ നടുമ്പോൾ അത് കരിമ്പായി മാത്രമേ വളരുകയുള്ളൂ എന്നതിനാലും, കഷണങ്ങൾ വ്യത്യസ്തമായി കാണപ്പെടുമെങ്കിലും അവയിലെല്ലാം ഉള്ള ചാറ് ഒന്നുതന്നെയാണ്.

तेवीं विषय आणि करणें । प्रकाशूनि एकपणें ।
मग विषयरस सेवणें । जीवपणें स्वयें सेवी ॥ १२९ ॥

അതുപോലെ, വിഷയങ്ങളിലും ഇന്ദ്രിയങ്ങളിലും ഒരുപോലെ പ്രകാശിക്കുന്നത് പരമാത്മാവ് തന്നെയാണ്. വിഷയങ്ങളോടുള്ള രുചിയും ജീവാത്മാവിന് സ്വാഭാവികമായിട്ടുള്ളതാണ്.

ഗുണൈർഗ്ഗുണാൻ സ ഭുഞ്ജാന ആത്മപ്രദ്യോതിതൈഃ പ്രഭുഃ
മന്യമാന ഇദം സൃഷ്ടം ആത്മാനമിഹ സജ്ജതേ. 5

ജീവൻ അന്തര്യാമിയായിരിക്കുന്ന ആത്മാവിനാൽ പ്രകാശിക്കപ്പെട്ട ഗുണകാര്യങ്ങളായ ഇന്ദ്രിയങ്ങളാൽ വിഷയങ്ങളെ അനുഭവിക്കുവാനായിട്ട് സൃഷ്ടിക്കപ്പെട്ട ഈ ശരീരത്തെ ആത്മാവെന്ന് വിചാരിക്കുന്നവനായിട്ട് ശരീരാദികളിൽ ആസക്തിയുള്ളവനായി ഭവിക്കുന്നു.

इंद्रिया आणि विषयांसी । सहजें अंतर्यामी प्रकाशी ।
जीव सेवूनि त्या विषयांसी । पावे आसक्तीसी अहंभावें ॥ १३० ॥

ഇന്ദ്രിയങ്ങളെയും വിഷയങ്ങളെയും അന്തര്യാമിയായ ഭഗവാൻ തന്നെയാണ് സഹജരൂപത്തിൽ പ്രകാശിപ്പിക്കുന്നതെങ്കിലും ജീവന് ആ വിഷയങ്ങളെ സേവിക്കുമ്പോൾ അഹങ്കാരത്താൽ ആസക്തി ഏർപ്പെടുന്നു.

म्हणे हे विषय कैसे गोड । माझ्या देहाचें पुरे कोड ।
तंव इंद्रियांची खवळे चाड । विषय वाड भोगावया ॥ १३१ ॥

ജീവൻ പറയുന്നു, "ആഹാ! ഈ വിഷയങ്ങൾ എത്ര മധുരമാണ്. ഇത് എന്റെ ശരീരത്തിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നു." ഇങ്ങനെ പറയുമ്പോൾ, ഇനിയും വിഷയഭോഗം ചെയ്യാനുള്ള ഇച്ഛ ഇന്ദ്രിയങ്ങളിൽ വർദ്ധിച്ചു വരുന്നു.

इंद्रियां विषयांची आसक्ती । देहाभिमानें वाढे वृत्ती ।
मावळोनि मूळींची स्फूर्ती । मोहममतास्थिति दृढ वाढे ॥ १३२ ॥

ദേഹാഭിമാനം നിമിത്തം ഇന്ദ്രിയങ്ങൾക്ക് വിഷയങ്ങളോടുള്ള ആസക്തി വർദ്ധിച്ചുകൊണ്ടിരിക്കുന്നു; അതോടെ ആത്മാവിന്റെ സഹജമായ തേജസ്സ് മങ്ങുകയും, മോഹത്തിനും മമതയ്ക്കും മുഖ്യത്വം കൈവരുകയും ചെയ്യുന്നു.

मग मी म्हणे देहातें । देहसंबंधीं जें तें आप्तें ।
विषयांचिये लोलुपते । उसंतु चित्तें असेना ॥ १३३ ॥

ഇപ്പോൾ ദേഹത്തിനെത്തന്നെ `ഞാൻ' എന്ന് കരുതി, ദേഹത്തിന്റെ

സംബന്ധിയായിട്ടു ദേഹം എന്റേതാണെന്നു പറയുന്നു. വിഷയാസക്തി കാരണം ഒരു നിമിഷത്തെ വിശ്രമം പോലും കണ്ടെത്താനാവുന്നില്ല.

प्रकृतिस्वभावें कर्म जाहलें । तें तें म्हणे म्यां केलें ।
देहअहंतेचें नाथिलें । काविरें चढलें अनिवार ॥ १३४ ॥

പ്രകൃതിക്ക് അനുസൃതമായി നടക്കുന്ന എല്ലാ പ്രവൃത്തികളും ജീവൻ `ഞാൻ ചെയ്യുന്നു' എന്ന് കരുതുന്നു. ഈ ശരീരാഭിമാനം എല്ലാത്തിനെയും കുഴപ്പത്തിലാക്കുന്നു,

देहअहंता अतिउद्धट । तेथें मोहममता अतिदुर्घट ।
तेणें जन्ममरणांची वाट । घडघडाट प्रवाहे ॥ १३५ ॥

ദേഹാഭിമാനം പ്രബലമാകുമ്പോൾ, മോഹവും മായയും അനിവാര്യമായിട്ടുയരുന്നു. അങ്ങനെ ജനനമരണ ചക്രം വേഗത്തിൽ ചലനത്തിന് വിധേയമാകുന്നു.

കർമ്മാണി കർമ്മഭിഃ കുർവൻ സനിമിത്താനി ദേഹഭൃത്
തത്തത് കർമ്മഫലം ഗൃഹ്ണൻ ഭ്രമതീഹ സുഖേതരം. 6

കർമ്മേന്ദ്രിയങ്ങളിലൂടെ വാസനാസഹിതങ്ങളായ കർമ്മങ്ങളെ ചെയ്യുന്നവനായിട്ടും സുഖദുഃഖാത്മകമായി മുമ്പുചെയ്ത അതത് കർമ്മങ്ങളുടെ ഫലത്തെ അനുഭവിക്കുന്നവനുമായിട്ട് ജീവൻ സംസാരത്തിൽ അലയുന്നു.

मनीं धरोनि विषयकाम । कर्मेंद्रियीं करितां कर्म ।
तेथें निपजती धर्माधर्म । बाधक परम पुरुषातें ॥ १३६ ॥

വിഷയേച്ഛയോടെ കർമ്മേന്ദ്രിയങ്ങൾ കർമ്മങ്ങൾ ചെയ്യുമ്പോൾ ധർമ്മവും അധർമ്മവും (പുണ്യവും പാപവും) ഉണ്ടാകുന്നു. പരമപദപ്രാപ്തിക്കിവ പ്രതിബന്ധമാകുന്നു.

कल्पिला फळभोग घडे । त्यासारिखें देह धरणें पडे ।
देहें देहाची खाणी उघडे । मरणही वाढे तैसेंचि ॥ ३७ ॥

ആഗ്രഹിച്ച ഫലം അനുഭവിക്കണമെങ്കിൽ, അതിനു അനുയോജ്യമായ ഒരു ശരീരം വേണ്ടിവരുന്നു. വിവിധ ആഗ്രഹങ്ങളുടെ തുടർച്ചയായി ആ ശരീരത്തിൽ നിന്ന് മറ്റൊരു ശരീരം ഉത്പാദിപ്പിക്കപ്പെടുന്നു. ആ ജീവന് നിരവധി ജനനമരണങ്ങൾ നിർബന്ധമായിവരുന്നു.

फळाशा कर्म अतिदारुण । अमरां आणी अमित मरण ।
अजन्म्या अंगीं जन्म पूर्ण । पुनः पुनः जाण आदळती ॥ ३८ ॥

ഫലേച്ഛയോടെ ചെയ്യപ്പെടുന്ന കർമ്മങ്ങൾ ഘോരമാകുന്നു. ഇതിനാൽ അമരന്മാർക്കും ജന്മരഹിതന്മാർക്കും പോലും മൃത്യു പ്രാപ്തമാകുന്നു.

एवं स्वर्ग आणि संसारा । जन्ममरणांच्या येरझारा ।
नाना योनि अपारा । निजकर्मद्वारा स्वयें भोगी ॥ ३९ ॥

അങ്ങനെ, സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിലുള്ള സഞ്ചാരം, അതായത്, ജനനമരണ ചക്രം ആരംഭിക്കുന്നു, ഒരാളുടെ കർമ്മഫലത്തിനനുസരിച്ച് വിവിധ തരത്തിലുള്ള യോനികളിൽ ജന്മമെടുക്കേണ്ടി വരുന്നു.

डोळे बांधोनि जुंपिला घाणा । तेलियाचा ढोरु जाणा ।
करकरीतु परिभ्रमणा । अविश्रम जाणा भोंवतसे ॥ १४० ॥

എണ്ണച്ചക്കിൽ കെട്ടിയിരിക്കുന്ന ഒരു കാള അതിനെ ആവർത്തിച്ച് ചുറ്റിത്തിരിഞ്ഞുകൊണ്ടേയിരിക്കുന്നു.

तेवीं बांधोनि ज्ञानाचे डोळे । भोगूं जातां निजकर्मफळें ।
तंव जन्ममरणांचे सोहळे । भोगी आगळे अनिवार ॥ १४१ ॥

അതുപോലെ, ജ്ഞാനത്തിനോട് അന്ധത കാണിക്കുന്ന ജീവന് സ്വന്തം കർമ്മങ്ങളുടെ ഫലം കൊയ്യേണ്ടിവരുകയും ജനനമരണങ്ങളുടെ എണ്ണമറ്റ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുകയും വരുന്നു.

उदोअस्तांचेनि प्रमाणें । जैसें सूर्यासी पडे भंवणें ।

तैशीं हीं जन्ममरणें । अतिदारुणें स्वयें सोशी ॥ १४२ ॥

സൂര്യൻ ആകാശത്ത് കിഴക്കു നിന്ന് പടിഞ്ഞാറോട്ട് നീങ്ങുന്നതായി തോന്നുകയും (വാസ്തവത്തിൽ ഇല്ല) ഉദയവും അസ്തമയവും അനുഭവപ്പെടുന്നതുപോലെ, ജീവൻ ജനന മരണ ചക്രങ്ങളിലൂടെ സഞ്ചരിച്ച് വളരെയധികം കഷ്ടപ്പെടുന്നു.

शिणशिणों जंव जन्म कंठी । सवेंच मरण ये त्यापाठीं ।
जैसीं जावळी फळें एक देठीं । तैशा जन्ममरणकोटी भोगी स्वयें ॥ १४३ ॥

വളരെ പരിശ്രമിച്ചാണ് ജന്മമെടുക്കുന്നത്, എന്നാൽ മരണം പിന്നാലെ കൂടിയിട്ടുമുണ്ട്. ഒരെ തണ്ടിൽ ഇരട്ട പഴങ്ങൾ പ്രത്യക്ഷപ്പെടുന്നതുപോലെ, ജീവജാലം ജനനമരണങ്ങളുടെ എണ്ണമറ്റ ചക്രങ്ങളെ നിർബന്ധമായും അനുഭവിക്കുന്നു.

ഇത്ഥം കർമ്മഗതീർഗച്ഛൻ ബഹ്വഭദ്രാവഹാഃ പുമാൻ
ആഭൂതസമ്പ്ലവാത് സർഗ്ഗപ്രളയാവശ്നുത്യേവശഃ. 7

അനേകദുഃഖങ്ങളെ ഉണ്ടാക്കിത്തീർക്കുന്ന കർമ്മഗതികളെ അനുഭവിക്കുന്ന ജീവൻ അവശനായിട്ട് പ്രളയംവരെ ജനനമരണങ്ങളെ ഇപ്രകാരം അനുഭവിക്കുന്നു.

होता पूर्णत्वें जो स्वतंत्र । तो झाला कर्मपरतंत्र ।
नानाकर्मगतिपात्र । दुःखसुखक्षेत्र सदा वाहे ॥ १४४ ॥

പൂർണ്ണമായും സ്വതന്ത്രനായിരുന്ന ജീവൻ ഇപ്പോൾ കർമ്മത്തിന് വിധേയനായി കർമ്മഗതിയുടെ ഊക്കനുഭവിക്കാൻ ബാധ്യസ്ഥനായി നിരന്തരം സന്തോഷവും ദുഃഖവും അനുഭവിച്ച് തുടങ്ങുന്നു.

मानोनि विषयांचें सुख । देखतदेखतां घेतलें विख ।
त्याचें अगणित असुख । जन्मकोटी दुःख सोशितां न सरे ॥ १४५ ॥

ഇന്ദ്രിയസുഖത്തെ യഥാർത്ഥ സുഖമായി തെറ്റിദ്ധരിച്ച്, അവൻ മനഃപൂർവ്വം വിഷം സ്വീകരിച്ചു, എണ്ണമറ്റ ദുഃഖങ്ങളുടെ പാത്രമായി.

ലക്ഷക്കണക്കിന് ജന്മങ്ങളിലൂടെ വ്യഥകൾ സഹിച്ചിട്ടും, കഷ്ടപ്പാട് കുറയുന്നില്ല.

दुःखावरी दुःखांचे आवर्त । मोहशोकांचे गर्तीं पडत ।
आतियातनेमाजीं बुडत । सदा उकडत काळाग्नीं ॥ १४६ ॥

ജീവൻ തീരാത്ത ദുഃഖങ്ങൾ സഹിക്കുകയും, മോഹത്തിന്റെയും ശോകത്തിന്റെയും ചുഴലിക്കാറ്റിൽ അകപ്പെടുകയും ചെയ്യുന്നു. അതീവമായ കാമാസക്തികളിൽ ആഴ്ന്നിറങ്ങി കാലാഗ്നിയാൽ പീഡിതനാകുന്നു.

ऐसे सोशितां दुःख-शोक । पुढें अवचितां एकाएक ।
महाप्रळयाचा भडका देख । निकट सन्मुख अंगी वाजे ॥ १४७ ॥

പിന്നീട് ദിവസങ്ങൽ തോറും, ജന്മങ്ങൾതോറും അവൻ കഷ്ടപ്പെടുന്നു. പെട്ടെന്ന് ഒരു കാട്ടുതീ പോലെ അവന്റെ തലയിൽ പൂർണ്ണ നാശം വീഴുകയും ചെയ്യുന്നു.

तेथें मागें न वचे काढिला पावो । पुढें निघावया नाहीं वावो ।
निजकर्में बांधिला पहा वो । प्रळयाचा घावो मस्तकीं वाजे ॥ १४८ ॥

അതിൽനിന്നും മുന്നോട്ടോ പിന്നോട്ടോ പോകാൻ പറ്റാത്ത അവസ്ഥയിൽ അവൻ കർമ്മത്താൽ ബന്ധിതനായി തീരുന്നു. അങ്ങനെ മഹാനാശത്തിന്റെ കോടാലി അവന്റെ മേൽ വീഴുന്നു.

ऊत्पत्तिस्थितिप्रकरण । तुज सांगितलें संपूर्ण ।
आतां प्रळयाचें लक्षण । सावधान अवधारीं ॥ १४९ ॥

ഇതുവരെ, സൃഷ്ടി സ്ഥിതികളെക്കുറിച്ച് ഞാൻ വിശദീകരിച്ചു. ഇനി, പ്രളയത്തിന്റെ സവിശേഷതകളെ   വിവരിക്കാം; ശ്രദ്ധയോടെ കേൾക്കുക.

ധാതൂപപ്ലവ ആസന്നേ വ്യക്തം ദ്രവ്യഗുണാത്മകം
അനാദിനിധനഃ കാലോ ഹ്യവ്യക്തായാപകർഷതി   8

മഹാഭൂതങ്ങളുടെ നാശത്തിനുള്ള കാരണം സമീപിച്ചിരിക്കുമ്പോൾ സ്ഥൂലമായും സൂക്ഷ്മമായും കാണപ്പെടുന്നത് കാര്യത്തെ ആദിയും അവസാനവുമില്ലാത്ത കാലം അവ്യക്തത്തിലേക്കായ്ക്കൊണ്ട് ആകർഷിക്കുന്നു, നിശ്ചയം.

सूर्योदयेंसीं दिवसस्थिती । लोटल्या अवश्य पावे राती ।
तेवीं झालिया उत्पत्तिस्थिती । प्रळयाची प्राप्ती अवश्य पावे ॥ १५० ॥

സൂര്യോദയത്തിനെ പിന്തുടർന്ന് രാത്രിയുടെ ആഗമനം എപ്രകാരം നിശ്ചിതമാണോ, അതുപോലെ ഉത്പത്തിയും സ്ഥിതിയും കഴിഞ്ഞാൽ പ്രളയത്തിന്റെ ആഗമനം നിശ്ചയമാണ്.

एवं पावल्या प्रळयवेळु । खवळे अनादिनिधन काळु ।
तो महाभूतेंसीं भूगोळु । नाशार्थ प्रबळु प्रताप मांडी ॥ १५१ ॥

പ്രളയകാലത്തിൽ ലയനം സംഭവിക്കാൻ പോകുമ്പോൾ, പ്രകൃതിയിൽ വലിയ അസ്വസ്ഥതകൾ ഉണ്ടാകുന്നു. ആ അസ്വസ്ഥതകൾ ഭൂമി, ജലം, അഗ്നി, കാറ്റ്, ആകാശം എന്നീ അഞ്ച് മഹാഭൂതങ്ങളെയും നാശത്തിലേക്ക് നയിക്കുന്നു.

तेथ जें जें स्थूळाकारें व्यक्त । तें तें करूं लागे अव्यक्त ।
जेवीं पेरिलें पिकोनि शेत । स्वये वाळत उष्णकाळीं ॥ १५२ ॥

വിള പാകമാകുമ്പോൾ അത് സ്വാഭാവികമായി വേനൽ കാലത്ത് ഉണങ്ങാൻ തുടങ്ങും. അതുപോലെ, സ്ഥൂലമായും വ്യക്തമായും ഉള്ളതെല്ലാം ആ സമയമാകുമ്പോഴേക്കും അവ്യക്തമാകുന്നു.

तृणादि नाना बीजें क्षितीं । स्वभावें वार्षिये विरूढती ।
तेचि शारदीये नानाव्यक्ती । सफळितें होती सुपुष्ट ॥ १५३ ॥

മണ്ണിൽ വീണ പുല്ല് മുതലായവയുടെ വിത്തുകൾ മഴക്കാലത്ത് കിളിർത്ത് ശരത്കാലത്തിൽ പൂക്കുകയോ കുലയ്ക്കുകയോ ചെയ്യുന്നു.

तेचि ग्रीष्माच्या अंतीं । फळमूळ मोडोनि व्यक्ती ।

बीजें लीन होती क्षितीं । कैशी काळगती संसारा ॥ १५४ ॥

വേനൽക്കാലം അവസാനിക്കുമ്പോഴേക്കും പുല്ല് മുഴുവൻ വാടിപ്പോകും, വിത്തുകൾ മണ്ണിൽ മറഞ്ഞിരിക്കും. ഈ സംസാരത്തിന്റെ അവസ്ഥയും ഇങ്ങനെത്തന്നെ.

जेवीं वसंताचे ऐलीकडी । वृक्षांसी होय पानझडी ।
तेवीं ब्रह्मादिकांची परवडी । काळ झोडी निजसत्ता ॥ १५५ ॥

വസന്തകാലം വരുന്നതിനു മുമ്പ് മരങ്ങളിലെ ഇലകൾ കൊഴിഞ്ഞു വീഴുന്നതുപോലെ, കാലം സ്വന്തം ശക്തിയാൽ ബ്രഹ്മാവിനെയും മറ്റുള്ള ദേവതകളെപോലും നശിപ്പിക്കുന്നു.

जेवीं कां वाळलिया शेत । कृषीवळु मळुं लागे समस्त ।
तेवीं व्यक्ताचें अव्यक्त । काळ त्वरित करूं लागे ॥ १५६ ॥

ഒരു കർഷകൻ വരണ്ടുണങ്ങിയ വയലിൽ നിന്ന് വിളവെടുക്കാൻ തുടങ്ങുന്നതുപോലെ, കാലം പെട്ടെന്ന് തന്നെ വ്യക്തമായതിനെ അവ്യക്തമാക്കാൻ തുടങ്ങുന്നു.

तेच अव्यक्त करिती स्थिती । राया सांगेन तुजप्रती ।
काळाची क्षोभक शक्ती । प्रळयाचे प्राप्तीपूर्वीं पावे ॥ १५७ ॥

ഹേ രാജാവേ! ആ അവ്യക്തമാക്കുന്ന പ്രക്രിയയെ ഞാൻ അങ്ങേയ്ക്കു വിശദീകരിച്ചു തരാം. പ്രപഞ്ച ലയന സമയം വരുന്നതിനു മുമ്പുതന്നെ, കാലത്തിന്റെ പ്രക്ഷുബ്ധമായ ശക്തി സ്വയം പ്രകടമാകുന്നു.

ശതവർഷാ ഹ്യനാവൃഷ്ടിഃ ഭവിഷ്യത്യുൽബണാ ഭുവി
തത്കാലോപചിതോഷ്ണാർക്കോ ലോകാംസ്ത്രീൻ പ്രതപിഷ്യതി 9

അസഹ്യമായും നൂറുകൊല്ലംവരെ നിൽക്കുന്നതും ആയ മഴയില്ലായ്മ ഭൂമിയിൽ ഉണ്ടാകും. ആ കാലത്തിൽ വർദ്ധിക്കപ്പെട്ട ഉഷ്ണത്തോടുകൂടിയ സൂര്യൻ മൂന്നു ലോകങ്ങളേയും തപിപ്പിക്കും.

काळक्षोभाचिये दृष्टि । शतवर्षें अनावृष्टी ।
तेणें अत्युल्बणें आटे सृष्टी । पृथ्वीच्या पोटीं कांही नुरे ॥ १५८ ॥

ഈ കാലത്തിന്റെ ശക്തി പ്രകടമാകുമ്പോൾ നൂറു വർഷത്തേക്ക് മഴ പെയ്യുകയില്ല. മഹാദുരന്തം സംഭവിക്കുകയും എല്ലാ ജീവജാലങ്ങളും ഉണങ്ങാൻ തുടങ്ങുകയും ചെയ്യുന്നു. ഭൂമിയിലോ മണ്ണിനടിയിലോ ഒന്നും ജീവിക്കുകയില്ല.

प्राणिमात्र निमाले देख । वनें वाळूनि जाहली राख ।
बिंदुमात्र न मिळे उदक । यापरी लोक आटिले काळें ॥ १५९ ॥

ജീവജാലങ്ങൾ മരിക്കുന്നു; വനങ്ങൾ തീയിൽ കത്തി ചാരമായി മാറുന്നു. ഒരു തുള്ളി വെള്ളം പോലും കാണുകയില്ല. ഇങ്ങനെ സമയം എല്ലാത്തിനെയും സംഹരിക്കുന്നു.

तंव द्वादशादित्यमेळा । मंडळीं झाला एकवेळां ।
तेथींच्या किरणीं प्रबळा । त्रैलोक्य सकळा संतप्त केलें ॥ १६० ॥

ആകാശത്ത് പന്ത്രണ്ട് സൂര്യന്മാർ (ദ്വാദശ ആദിത്യന്മാർ) ഒത്തുചേർന്ന്, മൂന്നു ലോകങ്ങളെയും പൂർണമായും കത്തിച്ച് നശിപ്പിക്കുന്നതുപോലെ ഒരു ഉഷ്ണത്തിനെ ഉളവാക്കുന്നു.

येती उष्णाचिया आह्या । होती पर्वतांच्या लाह्या ।
तेणें धरातळ लवलाह्या । भस्म झालें राया महाउष्णें ॥ १६१ ॥

പർവ്വതനിരകളെ ചുട്ടുപൊള്ളിച്ചുകൊണ്ട് ചൂടിന്റെ തിരമാലകൾ ഉയർന്നുവരുന്നു. ഹേ രാജാവേ, കണ്ണിമവെട്ടുന്ന നിമിഷത്തിൽ ആ ഭയങ്കരമായ തീയാൽ ഭൂമി മുഴുവൻ ചാരമാകും.

പാതാളതലമാരഭ്യ സങ്കർഷണമുഖാനലഃ
ദഹന്നൂർദ്ധ്വശിഖോ വിഷ്വഗ്വർദ്ധതേ വായുനേരിതഃ 10

ആദിശേഷന്റെ മുഖത്തിൽനിന്നു പുറപ്പെടുന്ന വിഷാഗ്നി മേല്പോട്ട് ജ്വാലയോടും, വായുവിനാൽ പ്രേരിക്കപ്പെട്ടതുമായിട്ട്, പാതാളം മുതൽക്ക് നാലുഭാഗത്തേയും ദഹിപ്പിച്ചുകൊണ്ടു വർദ്ധിക്കുന്നു.

उष्णें तापले पृथ्वीतळ । पोळलें शेषफणामंडळ ।
तैं सहस्रमुखें विषानळ । अग्निकल्लोळ वमिता झाला ॥ १६२ ॥

ഭൂമി കത്തി ജ്വലിച്ച്, ആദിശേഷന്റെ ആയിരം തലകൾ കത്തി എരിയുന്നു. ആദിശേഷൻ ആ ആയിരം മുഖങ്ങളിൽനിന്നും വിഷത്തിന്റെ അഗ്നിജ്വാലകൾ ഛർദ്ദിക്കാൻ തുടങ്ങുന്നു.

पाताळतळींहूनि देखा । ऊर्ध्वमुख अग्निशिखा ।
जाळितचि तिहीं लोकां । उठिला भडका अनिवार ॥ १६३ ॥

ആ അഗ്നിജ്വാലകൾ പാതാളത്തിന്റെ അടിയിൽ നിന്ന് ഉയർന്നുവന്ന് മൂന്ന് ലോകങ്ങളെയും ദഹിപ്പിക്കാൻ തുടങ്ങുന്നു.

क्षोभें दिधला फूत्कारा । सहस्रमुखें सुटला वारा ।
तो साह्य झाला त्या वैश्वानरा । जाळीत दिगंतरा वाढला वणवा ॥ १६४ ॥

ശേഷൻ കോപത്തോടെ ചീറ്റുന്നു, അതിൽനിന്നും കൊടുങ്കാറ്റുകൾ പുറപ്പെട്ടുവരുന്നു, അത് പത്ത് ദിശകളിലുമുള്ളതെല്ലാത്തിനെയും കത്തിക്കാൻ വലിയ അഗ്നികളെ സഹായിക്കുന്നു.

സാംവർത്തകോ മേഘഗണോ വർഷതി സ്മ ശതം സമാഃ
ധാരാഭിർഹസ്തിഹസ്താഭിഃ ലീയതേ സലിലേ വിരാട് 11

പ്രളയകാലത്തിൽ കാണപ്പെടുന്നതായ മേഘസമൂഹം നൂറുവർഷകാലം ആനയുടെ തുമ്പിക്കൈയോളം വണ്ണമുള്ള ധാരകളാൽ വർഷിക്കുന്നു. നിശ്ചയമായിട്ട്, ബ്രഹ്മാണ്ഡം വെള്ളത്തിൽ ലയിക്കുന്നു.

स्वर्ग आणि पाताळतळा । कवळूनि उठिल्या अग्निज्वाळा ।
तंव प्रळयकर्त्या मेघमाळा । क्षोभल्या त्या काळा अतिदुर्धरा ॥ १६५ ॥

പാതാളത്തിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് ഉയരുന്ന അഗ്നിജ്വാലകൾ

എല്ലാറ്റിനെയും പൊതിയുന്നു, അതേസമയം പ്രളയത്തിനെ ഉളവാക്കാൻ ശേഷിയുള്ള കൂറ്റൻ മേഘങ്ങൾ ഭീമാകാരമായ രൂപങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നു.

म्हणाल तेथ मोठमोठे । वर्षो लागले थेंबुटे ।
तैसें नव्हे गा कडकडाटें । एकी धार सुटे अनिवार ॥ १६६ ॥

വലിയ തുള്ളികളായി മാത്രമല്ല, ആലിപ്പഴവർഷവും മിന്നലുമായി മഴ പെയ്യുന്നു, അഭൂതപൂർവമായ അളവിൽ വെള്ളം ശക്തമായി താഴേക്ക് പതിക്കുന്നു.

इतर पर्जन्याच्या धारा । त्य तैशा नव्हती नृपवरा ।
ऐक प्रमाणाच्या निर्धारा । तो समयो महावीरा अतिदुस्तर ॥ १६७ ॥

രാജാവേ, ആ സമയത്തെ മഴ സാധാരണയായി പെയ്യുന്ന മഴ പോലെയല്ല. അവയുടെ വലിപ്പം ഞാൻ പറയാം. ഹേ മഹാവീര, അത് ശരിക്കും വളരെ ഭയാനകമായ ഒരു സമയമാണ്.

जैशी कां मदगजाची सोंड । तैशा धारा अतिप्रचंड ।
शत वर्षेंवरी अखण्ड । पर्जन्य वितंड पैं वर्षे ॥ १६८ ॥

വലിയ മേഘങ്ങൾ മഴ പെയ്യിക്കുന്നു, ഒഴുകുന്ന മഴയുടെ വലിപ്പം കാട്ടാനകളുടെ തുമ്പിക്കൈയുടെ വലിപ്പത്തോളം വരും. ഇത് നൂറു വർഷത്തോളം ഇടവേളകളില്ലാതെ തുടരുന്നു.

विजु निजतेजें नभ जाळी । कडकडाटे दे आरोळी ।
काळाची बैसे दांतखिळी । ऐसा प्रलयकाळीं मेघ खवळे ॥ १६९ ॥

ആകാശം മിന്നൽപ്പിണറുകളുടെ കണ്ണുമിന്നിപ്പിക്കുന്ന പ്രകാശത്താലും ഗർജ്ജിക്കുന്ന ഇടി നാദത്താലും നിറയുന്നു. അങ്ങനെ, ഈ പെയ്മാരി മഹാപ്രളയത്തിന് വഴിയൊരുക്കുന്നു.

तेणें उलथलें जळ सैंघ । जेथोनि वर्षत होते मेघ ।
त्यांतेंही विरवूनि सांग । जळमय चांग त्रिलोक्य झालें ॥ १७० ॥

ലോകം മുഴുവൻ ഒരു വലിയ പ്രക്ഷുബ്ധ സമുദ്രമായി മാറുന്നു, ജലനിരപ്പ് മേഘങ്ങൾക്കും അപ്പുറത്തേക്ക് എത്തുന്നു.

എല്ലായിടത്തും വെള്ളം മാത്രം.

अनिवार वर्षतां वेग । जेथें मेघांचेंही विरे आंग ।
य नांव सांवर्तक मेघ । अतिअमोघ वर्षावो ॥ १७१ ॥

ഈ നാശം വിതയ്ക്കുന്ന മേഘങ്ങളെ സംവർത്തക മേഘങ്ങൾ എന്ന് വിളിക്കുന്നു. മഴയുടെ വേഗത എല്ലാത്തിനും അപ്പുറമാണ്.

तीर्थ क्षेत्र पवित्रोदक । सरिता समुद्र झाले एक ।
हारपले चंद्रसूर्यादिक । तिनी लोक बुडाले ॥ १७२ ॥

ആ സമയത്ത് തീർത്ഥങ്ങളും, ക്ഷേത്രങ്ങളും, നഗരങ്ങളും, നദികളും, പർവതങ്ങളും, സമുദ്രങ്ങളും - എല്ലാം ഒറ്റൊരു ജലാശയമായിത്തീരുന്നു. സൂര്യനും ചന്ദ്രനും ആ വെള്ളത്തിൽ മുങ്ങിത്താഴുന്നു.

ऐशिया एकार्णवाचे ठायीं । विराट विराला गा पाहीं ।
साकार उरे ऐसें कांहीं । उरलें माहीं नृपनाथा ॥ १७३ ॥

ആ ഒരു സമുദ്രത്തിൽ പരമേശ്വരന്റെ വിരാട് ശരീരംപോലും വിലീനമാകുന്നു. ഹേ രാജാവേ, ആ സമയം രൂപത്തോടുകൂടി ഒരു വസ്തു പോലും അവശേഷിക്കുന്നില്ല.

തതോവിരാജമുത്സൃജ്യ വൈരാജഃ പുരുഷോ നൃപ
അവ്യക്തം വിശതേ സൂക്ഷ്മം നിരിന്ധന ഇവാനലഃ 12

അല്ലയോ രാജാവേ, അനന്തരം, വിരാട്ടിനെ ഉപേക്ഷിച്ചിട്ട് വിരാട് പുരുഷൻ, വിറക് കത്തിത്തീർന്നതായ അഗ്നിയെപ്പോലെ സൂക്ഷ്മമായ അവ്യക്തത്തെ പ്രവേശിക്കുന്നു.

प्रळयकाळीं अतिगहिंसु । अगाध उसळे जलोल्हासु ।
स्थूळाचा करितां नाशु । विरे निःशेषु विराटु ॥ १७४ ॥

പ്രളയകാലത്തിൽ ഭയാനകവും അതിഘോരവുമായ ഒരു ജലാശയം എല്ലാ സ്ഥൂല രൂപങ്ങളെയും വിഴുങ്ങുന്നു. ആ സമയത്തിൽ, വിരാട് പുരുഷന്റെ സ്ഥൂല ശരീരം പോലും ഇല്ലാതെയാകുന്നു.

विराटाच वैराज पुरुषु । तो अव्यक्तीं करी प्रवेशु ।
जेवीं इंधननाशें हुताशु । करी रहिवासु निजकरणीं ॥ १७५ ॥

ഇന്ധനം തീർന്നുപോകുമ്പോൾ അഗ്നി അദൃശ്യമാകുന്നതുപോലെ, ഈ വിരാട് ശരീരത്തെ വഹിക്കുന്ന വൈരാജ പുരുഷൻ അവ്യക്തത്തിൽ, അതായത് പ്രകൃതിയിൽ ലയിക്കുന്നു.

जें ब्रह्मलोकनिवासी होती । त्यांसी महाप्रळयाचे अंतीं ।
ब्रह्मयासवें सर्वांसी क्रममुक्ती । ऐसें स्मृति-श्रुतींचें दृढ वाक्य ॥ १७६ ॥

ബ്രഹ്മലോകത്ത് വസിക്കുന്നവർ , മഹാപ്രളയ സമയത്ത്, ബ്രഹ്മാവിനൊപ്പം മോക്ഷം നേടുന്നുവെന്ന് വേദങ്ങൾ പ്രഖ്യാപിക്കുന്നു.

वैराजपुरुष नाम वदंती । हिरण्यगर्भातें म्हणती ।
त्यासी प्रळयीं प्रवेशु अव्यक्तीं । तैं इतरांची गति श्रुतिवाक्यें कैसी ॥ १७७ ॥

'വൈരാജപുരുഷൻ' എന്നറിയപ്പെടുന്നത് മറ്റാരുമല്ല, 'ഹിരണ്യഗർഭൻ' അഥവാ ബ്രഹ്മാവ് ആണ്. പ്രളയസമയത്തിൽ അവ്യക്തതയിൽ ലയിക്കാൻ ബ്രഹ്മാവു പോലും നിർബന്ധിതനാകുന്നു. അപ്പോൾ, ബ്രഹ്മാവിനൊപ്പം അവിടെയുള്ള നിവാസികൾ മോക്ഷം നേടുന്നു എന്ന വേദവാക്യത്തെ എങ്ങനെ സ്വീകരിക്കാം?

विदेहें पुशिली मायेची स्थिती । ते मायेची ऐशी दुर्धर शक्ती ।
जे न करिती भगवद्‌भक्ती । त्यां ब्रह्म्यासवें मुक्तीं घडों नेदी ॥ १७८ ॥

(അന്തരീക്ഷൻ തുടരുന്നു -) ജനക രാജാവ് ചോദിച്ച മായയുടെ പ്രഭാവം അതി ഭയങ്കരവും അവർണ്ണനീയവുമാണ്. ഭഗവത്ഭക്തിയില്ലെങ്കിൽ ബ്രഹ്മാവിനുപോലും അതിൽനിന്നും മോക്ഷം ലഭിക്കില്ല.

जालिया ब्रह्मसदनप्राप्ती । नकरितां भगवद्‌भक्ती ।
अतिशयें दुर्लभ मुक्ती । भक्तीपाशीं मुक्ती दासी जैशी ॥ १७९ ॥

ബ്രഹ്മലോകം നേടിയാലും, ഭഗവത്ഭക്തിയില്ലെങ്കിൽ മുക്തി ദുർലഭമാണ്. നിശ്ചയമായും ഭക്തിയുടെ സമക്ഷം മുക്തി ഒരു

ദാസിയായി നിൽക്കുന്നു.

न करितां भगवद्भजन । ब्रह्म्यासीही मुक्ति नव्हे जाण ।
मा इतरांचा ज्ञानाभिमान । पुसे कोण परमार्थीं ॥ १८० ॥

ഭഗവത്ഭക്തി ചെയ്തില്ലെങ്കിൽ ബ്രഹ്മാവിനുപോലും മോക്ഷം ലഭിക്കുന്നില്ലെങ്കിൽ, ജ്ഞാനാഭിമാനികളായ മറ്റുള്ളവരെക്കുറിച്ച് എന്തു പറയാൻ?

ज्यासी जेथ पदाभिमान । त्यासी तेंचि दृढबंधन ।
यलागीं दुर्लभपण । मोक्षासी जाण तिहीं लोकीं ॥ १८१ ॥

തന്റെ പദവിയിൽ അഭിമാനം ഉള്ള ഒരാൾക്ക് അതുതന്നെ ദൃഢ ബന്ധത്തിന് കാരണമാകുന്നു. അതുകൊണ്ട്, ത്രിഭുവനങ്ങളിലും മോക്ഷം ദുർലഭമാണ്.

सांडोनियां पदाभिमान । अंगें सदाशिवु आपण ।
नित्य वसवी महाश्मशान । भगवद्भजनीं निजनिष्ठा ॥ १८२ ॥

അതുകൊണ്ട്, കൈലാസപദവി പോലും ഉപേക്ഷിച്ച്, ഭഗവാൻ ശങ്കരൻ, രാവും പകലും, ആ മഹാസമ്ശാനത്തിൽ (കാശിയിൽ) ഭഗവത്ഭക്തിയിൽ മുഴുകി വസിക്കുന്നു.

यालागीं ज्यांसी ब्रह्मलोकप्राप्ती । तेथही जे करिती भगवद्भक्ती ।
त्यांसीच प्रळयाच्या अंतीं । परममुक्ती नृपवर्या ॥ १८३ ॥

അതിനാൽ, ഹേ നൃപവര്യ, ബ്രഹ്മലോകപ്രാപ്തിക്കു ശേഷവും ആരാണോ ഭഗവത്ഭക്തിയിൽ മുഴുകിയിരിക്കുന്നത്, അവർക്കുമാത്രമേ പ്രളയാന്തത്തിൽ പരമമുക്തി ലഭിക്കുകയുള്ളു.

ब्रह्मलोकीं ज्यां नाहीं हरिभक्ती । तेही पावती पुनरावृत्ती ।
ऐशी मायेची दुर्धर शक्ती । न करितां भक्ती मुक्ति कैंची ॥ १८४ ॥

ബ്രഹ്മലോകം പ്രാപ്തമായിട്ടും ആര് ഹരിഭക്തി ചെയ്യുന്നില്ലയോ, അവർ പുനർജന്മ ചക്രത്തിൽ കുടുങ്ങിപ്പോകുന്നു. മായയുടെ ശക്തി അത്യധികം രൂക്ഷമാണ്. ചുരുക്കത്തിൽ, ഭക്തിയില്ലെങ്കിൽ മുക്തിയില്ല.

येचि अर्थीं ब्रह्म्याचें वचन । दों श्लोकीं बोलिला आपण ।
ज्ञानाभिमानियां पतन । भक्तां भवबंधन कदा न बाधी ॥ १८५ ॥

ജ്ഞാനാഭിമാനികൾക്കും പതനം സംഭവിക്കും. എന്നാൽ, ഭക്തർക്ക് സംസാരം ഒരിക്കലും ഉണ്ടാവുകയില്ല. ശ്ലോകം ഈ വിധമാണ് -

ബ്രഹ്മാദികൃതഗർഭസ്തുതി - (ദശമ സ്കന്ധം രണ്ടാം അദ്ധ്യായം)

യേഽന്യേഽരവിന്ദാക്ഷ
വിമുക്തമാനിനസ്ത്വയ്യസ്തഭാവാദവിശുദ്ധബുദ്ധയഃ ।
ആരുഹ്യ കൃച്ഛ്രേണ പരം പദം തതഃ
പതന്ത്യധോഽനാദൃതയുഷ്മദംഘ്രയഃ ॥ 32 ॥

തഥാ ന തേ മാധവ താവകാഃ ക്വചിദ്ഭ്രശ്യന്തി മാർഗാത്ത്വയി ബദ്ധസൗഹൃദാഃ ।
ത്വയാഭിഗുപ്താ വിചരന്തി നിർഭയാ വിനായകാനീകപമൂർധസു പ്രഭോ ॥ 33 ॥

न करितां भगवद्‌भक्ती । सज्ञानाही नातुडे मुक्ती ।
तेचि अर्थींच्या दृष्टांतीं । ब्रह्म्याची उक्ती दाविली येथें ॥ १८६ ॥

ഭഗവത്ഭക്തി ചെയ്തില്ലെങ്കിൽ ജ്ഞാനികൾക്കുപോലും മുക്തിയില്ല. ഈ കാര്യം വ്യക്തമാക്കുന്നതിനാണ് ബ്രഹ്മാവിന്റെ വാക്കുകൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

जन्मामाजी ब्राह्मणपण । तेही वेदशास्त्रसंपन्न ।
न करितां भगवद्‌भजन । अचूक पतन तयांसी ॥ १८७ ॥

ജന്മങ്ങളിൽ ശ്രേഷ്ഠം ബ്രാഹ്മണജന്മമാണ്, അതും, വേദ ശാസ്ത്ര സമ്പന്നമായ ഒരു ജന്മം. ഇങ്ങനെയൊരു ജന്മം ലഭിച്ചിട്ടും ഭഗവത്ഭക്തി ചെയ്യില്ലെങ്കിൽ നിശ്ചയമായും പതനം തന്നെ.

भक्तां सर्वभूतीं भगवद्‌भावो । तेथ विघ्नांसी नाहीं ठावो ।
तयां अपावचि होय उपावो । भावार्था देवो सदा साह्य ॥ १८८ ॥

ഒരു ഭക്തൻ സർവഭൂതങ്ങളേയും ഭഗവത്ഭാവത്തോടെയാണ്

വീക്ഷിക്കുന്നത്, അതുകൊണ്ട് അങ്ങനെയൊരു ഭക്തനെ വിഘ്നങ്ങൾ ബാധിക്കുന്നില്ല, കാരണം, ആ വിഘ്നങ്ങളെയും അദ്ദേഹം ഈശ്വരനായിട്ടാണ് കാണുന്നത്. ഇങ്ങനെയുള്ള ഭക്തന്മാരെ ഈശ്വരൻ സദാ സഹായിക്കുന്നു.

भक्तीवीण मुक्तीचा सोसु । करितां प्रयत्न पडे वोसु ।
असो हें वैराजपुरुषु । करी प्रवेशु अव्यक्तीं ॥ १८९ ॥

ഭക്തി ഇല്ലാതെ മുക്തി നേടാനുള്ള ഏതൊരു ശ്രമവും വ്യർത്ഥമാണ്. എന്തായാലും, ഇനി നമുക്ക് ഇപ്പോഴത്തെ വിഷയം - പ്രളയത്തിനെ കുറിച്ച് ചർച്ച ചെയ്യാം.

अव्यक्तीं वैराजाचा प्रवेशु । होतांचि महाभूतविलासु ।
हों लागे भूतां ऱ्हासु । तो अनुप्रवेशु ऐक राया ॥ १९० ॥

വൈരാജ പുരുഷനും അവ്യക്തത്തിൽ പ്രവേശിക്കുന്നു. അപ്പോൾ മഹാഭൂതങ്ങളുടെ ലയനം ആരംഭിക്കുന്നു, കൂടാതെ ഘടകങ്ങൾ അവയുടെ ഉറവിടത്തിലേക്ക് തിരികെ ലയിക്കാൻ തുടങ്ങുന്നു. ഹേ രാജാവേ, ഈ 'അനുപ്രവേശനത്തിന്റെ' രീതി, അതായത്, ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ലയിക്കുന്ന രീതി - ശരിയായ ക്രമത്തിൽ ഞാൻ അങ്ങേയ്ക്കു വിവരിക്കാം.

വായുനാ ഹൃതഗന്ധാ ഭൂഃ സലിലത്വായ കല്പതേ
സലിലം തദ്ധൃതരസം ജ്യോതിഷ്ട്വായോപകല്പതേ 13

വായുവിനാൽ അപഹരിക്കപ്പെട്ട ഗന്ധത്തോടുകൂടിയ ഭൂമി വെള്ളമായിത്തീരുന്നതിനായ്ക്കൊണ്ട് യോഗ്യമായി ഭവിക്കുന്നു. അതേ വായുവിനാൽ അപഹരിക്കപ്പെട്ട രസത്തോടുകൂടിയ വെള്ളം ജ്യോതിസ്സായിട്ട് ഭവിക്കാനായിക്കൊണ്ട് യോഗ്യമായി ഭവിക്കുന്നു.

ഹൃതരൂപം തു തമസാ വായൌ ജ്യോതിഃ പ്രലീയതേ ।
ഹൃതസ്പർശോഽവകാശേന വായുർന്നഭസി ലീയതേ
കാലാത്മനാ ഹൃതഗുണം നഭ ആത്മനി ലീയതേ ।॥ 14 ॥

ഇരുട്ടിനാൽ അപഹരിക്കപ്പെട്ട രൂപത്തോടുകൂടിയ അഗ്നി വായുവിൽ ലയിക്കുന്നു. ആകാശത്തിനാൽ അപഹരിക്കപ്പെട്ട സ്പർശത്തോടുകൂടിയ കാറ്റ് ആകാശത്തിൽ ലയിക്കുന്നു. കാലസ്വരൂപനായ ഈശ്വരനാൽ അപഹരിക്കപ്പെട്ട ശബ്ദമാകുന്ന ഗുണത്തോടുകൂടിയ ആകാശം താമസാഹങ്കാരത്തിൽ ലയിക്കുന്നു.

प्रळयवायूचा क्षोभक क्रोधु । तेणें पृथ्वीचा हरिला गंधु ।
तंव तेही विरोनियां प्रसिद्धु । एकवदु जळ जाहलें ॥ १९१ ॥

പ്രളയവായുവിന്റെ പ്രക്ഷുബ്ധമായ കോപം ഭൂമിയുടെ ഗന്ധം ഇല്ലാതാക്കുന്നു; തൽഫലമായി, ഭൂമി ലയിച്ച് ചുറ്റും വെള്ളമല്ലാതെ മറ്റൊന്നും അവശേഷിക്കില്ല.

क्षोभला वायु असमसाहस । तो हरी जळाचा जळरस ।
तेव्हां जळाचा होतसे ऱ्हास । सावकाश प्रळयमहातेजीं ॥ १९२ ॥

അതിനുശേഷം, പ്രളയവായുവിന്റെ ഭയാനകമായ ക്ഷോഭത്താൽ ജലത്തിൽനിന്നും രസം എന്ന ഗുണം അപഹരിക്കപ്പെടുന്നു. അങ്ങനെ പ്രളയജലം അശേഷം വറ്റിപോകുന്നു.

त्या तेजाचा निजसंभ्रम । वायुबळें ग्रासीत तम ।
तेव्हां प्रळयवायु परम । भरोनि व्योम कोंदाटे ॥ १९३ ॥

അഗ്നിയുടെ ഗുണമായ തേജസ്സ് വായുവിൽ ലയിക്കുന്നു. എങ്ങും കൂരിരുട്ടായി എങ്ങും ഇപ്പോൾ പ്രളയവായു മാത്രമേ അവശേഷിക്കുന്നുള്ളൂ.

त्या प्रळयवायूचा स्पर्श । चपळतेसी सर्व ग्रास ।
करूनि ठाके अवकाश । तेव्हां वायूतें आकाश निःशेष ग्रासी ॥ १९४ ॥

ആ പ്രളയവായുവിന്റെ ഗുണമായ സ്പർശത്തിനെ ആകാശം വിഴുങ്ങുന്നു, അതായത്, സമ്പൂർണവായുവും ആകാശത്തിൽ ലയിക്കുന്നു.

ഇന്ദ്രിയാണി മനോ ബുദ്ധിഃ സഹ വൈകാരികൈർന്നൃപ ।

പ്രവിശന്തി ഹ്യഹങ്കാരം സ്വഗുണൈരഹമാത്മനി ॥ 15 ॥

ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും ദേവന്മാരോടുകൂടി, അല്ലയോ രാജാവേ, അഹങ്കാരത്തെ പ്രവേശിക്കുന്നു. തന്റെ കാരണങ്ങളായ സത്ത്വാദിഗുണങ്ങളോടുകൂടി അഹങ്കാരം ആത്മാവിൽ മഹത്തത്ത്വത്തിൽ ലയിക്കുന്നു.

आकाशाचा जो शब्दगुण । तो प्रळयकाळु गिळी संपूर्ण ।
तंव क्षोभला तामसाभिमान । तो करी प्राशन गगनाचें ॥ १९५ ॥

ആകാശത്തിന്റെ ഗുണം ശബ്ദമാണ്. ആ ശബ്ദത്തിനെ കാലം വിഴുങ്ങുന്നു. താമസാഭിമാനം വളരെ സജീവമായി ആകാശത്തിനെ വിഴുങ്ങുന്നു.

दश इंद्रियांचा गोंदळा । राजसाभिमानीं रिघाला ।
चित्तचतुष्टयाचा मेळा । तोही प्रवेशला सात्त्विकाभिमानीं ॥ १९६ ॥

ദശേന്ദ്രിയങ്ങളും രാജസാഭിമാനത്തിൽ പ്രവേശിച്ച്, ചിത്ത ചതുഷ്ടയങ്ങൾ (മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം) സാത്വികാഭിമാനത്തിൽ പ്രവേശിക്കുന്നു.

इंद्रियअधिष्ठात्रीं दैवतें । तीहीं मिळोनियां समस्तें ।
प्रवेशलीं सात्त्विकातें । जाण निश्चितें नृपनाथा ॥ १९७ ॥

ഹേ നൃപ നാഥാ, ഇന്ദ്രിയാധിഷ്ഠാനദേവതകളും സാത്വികാഹങ്കാരത്തിൽ ലയിക്കുന്നു.

ते तिनी अहंकार त्रिगुणेंसीं । प्रवेशती महतत्त्वासीं ।
महत्तत्त्व मिळे मायेसी । जेवीं कन्या संततीसीं माहेरा ये ॥ १९८ ॥

തന്റെ കുട്ടികളുമായി ഒരു മകൾ അമ്മയുടെ വീട്ടിലേക്കു പ്രവേശിക്കുന്നത് പോലെ, അഹങ്കാരം, സത്ത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങളോടെ മഹത്തത്വത്തിലേക്ക് പ്രവേശിക്കുന്നു.

जेवीं कुकडीचीं पिलीं । कुकडी पांखांतळी घाली ।

मग ते स्वयें दिसे एकली ॥ तेवीं माया उरली कल्पांतीं ॥ १९९ ॥

ഒരു കോഴി, തന്റെ കുഞ്ഞുങ്ങളെ ചിറകിനടിയിൽ വെച്ചിരിക്കുമ്പോൾ ഒറ്റയ്ക്ക് ഇരിക്കുന്നതായി തോന്നുന്നു. അതുപോലെ, കല്പത്തിന്റെ അവസാനത്തിൽ, മായയും ഒറ്റയ്ക്കാണെന്ന് തോന്നും.

एवं उत्पत्तिस्थितिप्रळयांत । त्रिविध भागें दाविली येथ ॥
ते गुणमयी माया निश्चित । मिथ्याभूत आभासे ॥ २०० ॥

അങ്ങനെ, സൃഷ്ടി, സ്ഥിതി, ലയനം എന്നിവയുമായി ബന്ധപ്പെട്ട മായയുടെ മൂന്ന് രൂപങ്ങളും വർണ്ണിക്കപ്പെട്ടു. ഈ ത്രിഗുണാത്മകമായ മായ മിഥ്യയാണ്, അതായത്, വാസ്തവത്തിൽ ഇല്ലെങ്കിലും ഉള്ളതുപോലെ കാണപ്പെടുന്നു.

जेवीं लेंकुरें खेळतां खेळासी । दिवसा म्हणती जाहली निशी ।
तेवींचि पूर्णस्वरूपापाशीं । देखती मायेसी त्रिविध कल्पता ॥ २०१ ॥

എപ്രകാരമാണോ കുട്ടികൾ രാവിൽ കളിക്കുമ്പോൾ, "രാത്രിയായി" എന്ന് പറയുന്നത്, അതുപോലെ പൂർണമായ സ്വരൂപത്തിൽ മായയുടെ ത്രിവിധ കല്പന തോന്നപ്പെടുന്നു.

ഏഷാ മായാ ഭഗവതഃ സർഗ്ഗസ്ഥിത്യന്തകാരിണീ ।
ത്രിവർണ്ണാ വർണ്ണിതാസ്മാഭിഃ കിം ഭൂയഃ ശ്രോതുമിച്ഛസി ॥ 16

സൃഷ്ടിസ്ഥിതിസംഹാരത്തിനു കാരണമായും, മൂന്നു വർണ്ണങ്ങളോടുകൂടിയതായുമിരിക്കുന്ന, ഭഗവാന്റെ ഈ മായ ഞങ്ങളാൽ വർണ്ണിക്കപ്പെട്ടു. ഇനിയും എന്തൊന്ന് കേൾക്കാനായിട്ട് ഇച്ഛിക്കുന്നു.

उत्तम मध्यम अधम जन । तिन्ही अवस्था त्रिभुवन ।
त्रिविध कर्में तीन गुण । हें जाण विंदान मायेचें ॥ २०२ ॥

മൂന്നു ലോകങ്ങളിലും ഉള്ള ഉത്തമ, മദ്ധ്യമ, അധമ ജനങ്ങൾ; ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന മൂന്ന് അവസ്ഥകൾ; സ്വർഗ്ഗലോകം, മർത്യലോകം പാതാളലോകം എന്ന മൂന്നു ലോകങ്ങൾ; സഞ്ചിതം,

ആഗാമി, പ്രാരബ്ധം എന്ന മൂന്ന് കർമ്മങ്ങൾ; സത്ത്വം, രജസ്സ്, തമസ്സ് എന്ന മൂന്ന് ഗുണങ്ങൾ - ഇതൊക്കെ മായയുടെ പ്രവർത്തികളാണ്.

ध्येय ध्याता ध्यान । पूज्य पूजक पूजन ।
ज्ञेय ज्ञाता आणि ज्ञान । हेही त्रिपुटी पूर्ण मायेची ॥ २०३ ॥

ധ്യേയം - ധ്യാതാവ്- ധ്യാനം, പൂജ്യം - പൂജകൻ - പൂജിക്കപ്പെടുന്നത്, ജ്ഞേയം - ജ്ഞാതാവ് - ജ്ഞാനം - ഈ ത്രിപുടികളും മായയുടെ പ്രവർത്തികളാണ്.

दृश्य द्रष्टा आणि दर्शन । कर्म कर्ता क्रियाचरण ।
भोग्य भोक्ता भोजन । हे त्रिपुटी पूर्ण मायेची ॥ २०४ ॥

ദൃശ്യം-ദൃഷ്ടാവ്-ദർശനം; കർമ്മം - കർത്താവ് - ക്രിയാചരണം; ഭോഗ്യം - ഭോക്താവ് - ഭോജനം; ഈ ത്രിപുടികളും മായയുടെ ചെയ്യലാണെന്ന് മനസ്സിലാക്കിയാലും.

शब्द श्रोता आणि श्रवण । घ्रेय घ्राता आणि घ्राण ।
रस रसना रसस्वादन । हे त्रिपुटी जाण मायेची ॥ २०५ ॥

മണക്കുന്ന ആൾ - മണക്കുക - മണക്കപ്പെട്ട വസ്തു; രസം - രസന - രസാസ്വാദനം, ഈ തൃപുടികളും മായയുടേതാണ്.

कर क्रिया आणि कर्ता । चरण चाल चालता ।
बोल बोलणें बोलता । हे त्रिविधावस्था मायेची ॥ २०६ ॥

കരം - ക്രിയ - കർത്ത; ചരണം - ചലനം - ചലിക്കുന്ന ആൾ; സംസാരം - സംസാരിക്കുക - സംസാരിക്കുന്ന ആൾ - ഈ മൂന്നവസ്ഥകളും മായയുടേതുതന്നെയാണ്.

अहं सोहं जडमूढता । साधक साधन साध्यता ।
देवी देवो परिवारदेवता । हेही त्रिविधता मायेची ॥ २०७ ॥

അഹം - സോഹം - ജഢമൂഢത; സാധകൻ - സാധന - സാധ്യം; ദേവി - ദേവൻ - പരിവാരദേവതകൾ; ഈ മൂന്നു വിധങ്ങളും മായയുടേതാണ്.

देह देही देहाभिमान । भव भय भवबंधन ।
मुक्त मुमुक्षु अज्ञान । हेंही विंदान मायेचें ॥ २०८ ॥

ദേഹം - ദേഹി - ദേഹാഭിമാനം; ഭവം - ഭയം - ഭവബന്ധനം; മുക്തൻ - മുമുക്ഷു - അജ്ഞാനി; ഈ ഘടനകളും മായയുടേതാണ്.

सुख दुःख जडत्व पूर्ण । आधी समाधी व्युत्थान ।
उत्पत्ति स्थिति निधन । इंहीं लक्षणीं संपूर्ण माया विलसे ॥ २०९ ॥

സുഖം - ദുഃഖം - ജഡത്വം; ആദി - സമാധി - പ്രതിബന്ധങ്ങൾ; ഉത്പത്തി - സ്ഥിതി - മൃത്യു; ഈ ലക്ഷണങ്ങൾ എല്ലാം മായയുടേതാണ്.

नभी निळिमा पूर्ण भासे । शेखी निळिमेचा लेशही नसे ।
तेवीं स्वरूपीं माया आभासे । मिथ्यावेशें मायिक ॥ २१० ॥

ആകാശത്തിൽ നീല നിറം കാണപ്പെടുന്നുണ്ടെങ്കിലും വാസ്തവത്തിൽ ആകാശത്തിന് നിറമില്ല. അതുപോലെ, ആത്മസ്വരൂപത്തിൽ മായ ഉള്ളതുപോലെ തോന്നുന്നു.

जेवीं प्रत्यक्ष दिसे मृगजळ । परी तें निधाघचि केवळ ।
तेवीं स्वरूपीं माया प्रबळ । मूळीं निर्मूळ आभासे ॥ २११ ॥

മരീചിക വളരെ സ്പഷ്ടമായി കാണപ്പെട്ടാലും അടുത്തുചെന്നാൽ അവിടെ സൂര്യന്റെ തപിപ്പിക്കുന്ന ചൂട് മാത്രമേയുള്ളു. അതുപോലെ, മായ എത്ര പ്രബലമായിട്ടനുഭവപ്പെട്ടാലും വാസ്തവത്തിൽ സ്വരൂപത്തിൽ അതില്ല.

हे मिथ्या माया कल्पनावशें । प्रबळ बळें भासली दिसे ।
नासूं जातां नाशिजे ऐसें । सत्यत्वें नसे निजांग ॥ २१२ ॥

മായ മിഥ്യയാണെങ്കിലും കല്പനാശക്തിയുടെ കാരണം അത് വാസ്തവമായിട്ടു തോന്നിപ്പിക്കുന്നു. ഇതിനെ വിനാശം ചെയ്യാൻ സാധിക്കില്ല, കാരണം, ഉണ്ടെങ്കിലല്ലേ വിനാശം വരുത്തുവാൻ സാധിക്കുള്ളു!

नांवरूपाचिया भडसें । ब्रह्मादिक केले पिसे ।
मिथ्या त्रिपुटीविन्यासें । ज्या बांधिलें दिसे त्रिलोक्य ॥ २१३ ॥

പക്ഷെ, തിളങ്ങുന്ന നാമരൂപങ്ങളാൽ, മായ ബ്രഹ്മാദി ദേവതകളെപോലും ആശയക്കുഴപ്പത്തിലാക്കിയിരിക്കുന്നു. മൂന്നുലോകങ്ങളും ഈ മിഥ്യയായ ത്രിപുടികളാൽ ബന്ധിക്കപ്പെട്ടതുപോലെ കാണപ്പെടുന്നു.

जेवीं रूपासवें दिसे छाया । नाशितां नातुडे नाशावया ।
तेवीं स्वरूपीं मिथ्या माया । अतिदुर्जया देवांसी ॥ २१४ ॥

ഉദാഹരണത്തിന്, ഒരു വിളക്ക് കത്തിച്ചു വയ്ക്കുമ്പോൾ, ഓരോ വസ്തുവിന്റെയും നിഴൽ ഉണ്ടാകും. ആ നിഴലിനെ നശിപ്പിക്കാൻ സാധിക്കില്ല. അതുപോലെ, സ്വരൂപത്തിൽ മായ ഉള്ളതുപോലെ തോന്നിക്കുന്നുണ്ടെങ്കിലും, അത് മിഥ്യയാണ്. പക്ഷെ ഈ മായയെ ജയിക്കാൻ ദേവന്മാർക്കുപോലും കഠിനമാണ്.

जेवीं देहासवें मिथ्या छाया । तेवीं ब्रह्मीं मिथ्या माया ।
कल्पनायोगें वाढली वायां । यालागी अजया वेदशास्त्रें म्हणती ॥ २१५ ॥

ശരീരത്തിന്റെ നിഴൽ വ്യാജമെന്നതുപോലെ മായയും ബ്രഹ്മത്തിൽ കാണപ്പെടുന്ന ഒരു മിഥ്യയാണ്. നമ്മളുടെ കല്പനാശക്തിയ്ക്കനുസരിച്ച് മാത്രം കാണപ്പെടുന്നതുകൊണ്ടു വേദങ്ങൾ അവളെ അജയ എന്ന് വിളിക്കുന്നു, അതായത് അവളെ ജയിക്കുന്നതു അസാധ്യമാണ്.

राया कल्पना वाढे जे ठायीं । तेंचि मायेचें दृढ मूळ पाहीं ।
जो निर्विकल्प निजदेहीं । त्यासी माया नाहीं तिहीं लोकीं ॥ २१६ ॥

ഹേ രാജാവേ, കല്പനാശക്തി പ്രബലമായുള്ളിടത്താണ് മായ സജീവമാകുന്നത്. അതുകൊണ്ട്, നിർവികല്പമായിട്ടുള്ള ഒരു ജീവാത്മാവിനേ (സ്വശരീരത്തിൽ ആസക്തി ഇല്ലാത്തവനെ) മായ ബാധിക്കുന്നില്ല.

कल्पिती कल्पना जे राया । तेचि जाण मुख्य माया ।
आणीक रूपकें सांगावया । नातुडे माया निरूपणीं । २१७ ॥

ഹേ രാജാവേ, നാം എന്തെന്ത് സങ്കല്പിക്കുന്നുവോ അതുതന്നെ മായ. അതുകൊണ്ട്, അവളെ കൂടുതൽ കൃത്യമായി വിവരിക്കാൻ മറ്റൊരു ഉപമയില്ല.

तेचि त्रिविध मुख्यलक्षणीं । माया सांगितली विवंचोनी ।
आतां कोण्या अर्थींचे श्रवणीं । अत्यादरु मनीं वर्ते राया ॥ २१८ ॥

മായയുടെ മുഖ്യ ലക്ഷണങ്ങളെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു. ഇനി എന്താണ് അവിടുന്ന് ശ്രവിക്കുവാൻ ആഗ്രഹിക്കുന്നത്?

माया दुस्तर दारुण । ऐकूनि ऋत्विज ब्राह्मण ।
थरारले सभाजन । राजाही पूर्ण विस्मित जाहला ॥ २१९ ॥

മായ വളരെ ഭയാനകയാണെന്നും അവളെ മറികടക്കാൻ പ്രയാസമാണെന്നും കേട്ടപ്പോൾ, രാജാവും, യാഗം നടത്തുന്ന മുനിമാരും, ബ്രാഹ്മണരും, ആ സഭയിലെ മറ്റുള്ളവരും ഭയന്നു.

नवल मायेचे रूपक । नाशूं न शकतीच ज्ञाते लोक ।
जिया गोंविले ब्रह्मादिक । इतरांचा देख पाडु कोण ॥ २२० ॥

മായ അജയ്യയാണെന്ന പ്രസ്താവനയെ കേട്ടിട്ട് അവർ വ്യാകുലപ്പെട്ടു. ജ്ഞാനികൾക്കും ബ്രഹ്മാദികൾക്കും   മായയെ ജയിക്കാൻ കഴിയില്ലെങ്കിൽ, പിന്നെ ബാക്കിയുള്ളവരുടെ കാര്യം പറയണമോ?

माया आक्रमूनि शिवासी । तोही आणिला जीवत्वासी ।
ते माया तरवे दीनासी । तो उपावो यासी पुसों पां ॥ २२१ ॥

മായ ശിവനെ നിയന്ത്രിക്കുകയും ജീവന്റെ പരിമിതമായ അവസ്ഥയിലേക്ക് കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

[സാധാരണക്കാർക്ക് ഈ മായയെ മറികടക്കാൻ എളുപ്പവഴി എന്താണെന്ന് ചോദിക്കുന്നതാണ് നല്ലതെന്ന് രാജാവ് ചിന്തിച്ചു.]

सुखोपायें दीन जन । दुस्तर माया तरती पूर्ण ।
तदर्थीं राजा आपण । अत्यादरें प्रश्न श्रद्धेनें पुसे ॥ २२२ ॥

അതുകൊണ്ട്, വിശ്വാസത്തോടും ബഹുമാനത്തോടും കൂടി, രാജാവ് ആ യോഗിശ്രേഷ്ഠന്മാരോട് ചോദിച്ചു, സാധാരണക്കാർക്ക് ഈ മായയെ എളുപ്പത്തിൽ കടക്കാൻ എന്താണ് മാർഗം?

രാജോവാച
യഥൈതാമൈശ്വരീം മായാം ദുസ്തരാമകൃതാത്മഭിഃ ।
തരന്ത്യഞ്ജഃ സ്ഥൂലധിയോ മഹർഷ ഇദമുച്യതാം ॥ 17 ॥

രാജാവ് ചോദിച്ചു
അനന്തരം, അന്തഃകരണത്തെ ജയിക്കാത്തവരാൽ കടക്കാൻ കഴിയാത്ത ഈശ്വരന്റെ ഈ മായയെ ശരീരത്തിൽ ഞാനെന്ന ബുദ്ധിയുള്ളവർ സുഖത്തോടുകൂടി കടക്കുന്നത് എങ്ങനെ? അല്ലയോ മഹർഷേ, പറയണമേ.

अतिदुस्तर हरीची माया । आइकोनि हांसें आले राया ।
लटकीच परी देहाभिमानियां । बाधावया दृढ जाहली ॥ २२३ ॥

ഹരിയുടെ മായ അതിദുസ്തരമാണെന്നു കേട്ടപ്പോൾ രാജാവിന് കൗതുകം തോന്നി - വാസ്തവത്തിൽ ഇല്ലെങ്കിലും, ദേഹാഭിമാനത്തോടുള്ളവരെ ഉപദ്രവിക്കാൻ ഇവൾ സമർഥയാകുന്നല്ലോ!

माया दुस्तर शास्त्रप्रसिद्धी । तेथ बाळेभोळे स्थूळबुद्धी ।
सुखें तरती कोणे विधीं । तो सांग त्रिशुद्धी उपावो ॥ २२४ ॥

അദ്ദേഹം ചോദിച്ചു - മായ ദുസ്തരമെന്ന് ശാസ്ത്ര പ്രസിദ്ധമാണല്ലോ. പക്ഷേ സാധാരണക്കാർക്ക് പോലും മായയെ കടക്കാൻ ഒരു ഉറപ്പായ മാർഗം എനിക്ക് പറഞ്ഞുതന്നാലും.

ज्यासी वश्य नाही निजमन । आणि भवाब्धि तरावया भाव पूर्ण ।
ऐसे भोळे भाविक जन । त्यांसी मायातरण सुगम सांगा ॥ २२५ ॥

മനസ്സിനെ നിയന്ത്രിക്കാൻ കഴിയാത്ത ധാരാളം ആളുകളുണ്ട്, പക്ഷേ ഈ ഭവാർണ്ണവത്തിനെ കടക്കണമെന്നുള്ള ആഗ്രഹം അവർക്കുണ്ട്. ഈ മായയെ മറികടക്കാൻ അവർക്ക് ഒരു എളുപ്പവഴി പറഞ്ഞുതന്നാലും.

मागां कवी बोलिला संकलितीं । तन्माययाऽतो बुध आभजेति ।
गुरु-ब्रह्म अभेदस्थिती । करितां भक्ती माया तरिजे ॥ २२६ ॥

ബ്രഹ്മവും ഗുരുവും അഭേദമാണെന്ന് വിശ്വസിക്കുന്ന ഭക്തന് മായയെ മറികടക്കാൻ കഴിയുമെന്ന് കവി എന്ന യോഗി ഇതിനുമുമ്പ് പറഞ്ഞിരുന്നു.

तें भक्तीचें स्पष्ट लक्षण । विशद होआवया श्रवण ।
पुढती मायेचें तरण । पुसावया कारण मुख्य हेंचि ॥ २२७ ॥

അങ്ങനെയുള്ള ഭക്തന്മാരുടെ മുഖ്യമായ ലക്ഷണങ്ങൾ ചോദിക്കുന്നത് മായയെ കടക്കാനുള്ള ഏറ്റവും എളുപ്പവഴി മനസ്സിലാക്കാനാണ്.

तो मायातरणोपायविधी । सुगम सांगावया त्रिशुद्धी ।
अंतरिक्षाधाकुटा सुबुद्धी । प्रबुद्ध प्रज्ञानिधी बोलता जाहला ॥ २२८ ॥

മായയെ മറികടക്കാനുള്ള ഏറ്റവും എളുപ്പമായ ഉപായത്തിനെക്കുറിച്ച് അന്തരീക്ഷന്റെ അനുജനായ പ്രബുദ്ധൻ എന്ന ബുദ്ധിമാനായ യോഗി സംസാരിച്ചു തുടങ്ങി.

പ്രബുദ്ധ ഉവാച
കർമ്മാണ്യാരഭമാണാനാം ദുഃഖഹത്യൈ സുഖായ ച ।
പശ്യേത്പാകവിപര്യാസം മിഥുനീചാരിണാം നൃണാം ॥ 18 ॥

പ്രബുദ്ധൻ പറഞ്ഞു
ദുഃഖത്തെത്തീർക്കാനും സുഖത്തെ സമ്പാദിക്കാനുമായിട്ട്, കർമ്മങ്ങളെ ആരംഭിച്ചുകൊണ്ട് ദാമ്പത്യം സ്വീകരിച്ചുകൊണ്ടുമിരിക്കുന്ന മനുഷ്യർക്ക് നേരിടുന്ന ഫലവൈപരീത്യത്തെ കാണണം.

मुख्य मायेचें तरण । प्रबुद्धचि जाणे पूर्ण ।
प्रबुद्ध जाहलिया आपण । मायेचें विंदान न तरतां तरती ॥ २२९ ॥

ഒരു പ്രബുദ്ധന്, അതായത് ഉണർന്നിരിക്കുന്നവനും ജ്ഞാനിയുമായവന് മാത്രമേ മായയെ എങ്ങനെ മറികടക്കണമെന്ന്

അറിയാൻ കഴിയൂ. അങ്ങനെ ഉണർന്നിരിക്കുന്നവർ നീന്താതെതന്നെ മായയെ മറികടക്കുന്നു.

मनीं विषयाचा छंदु । तो केवळ महाबाधु ।
विषयत्यागी तो प्रबुद्धु । तोचि विशदु भावो आइका ॥ २३० ॥

ബന്ധനത്തിന്റെ മുഖ്യ കാരണം മനസ്സിന് വിഷയങ്ങളോടുള്ള ആസക്തിയാണ്. ഈ വിഷയാസക്തിയെ ത്യാഗം ചെയ്യുന്ന ആളാണ് പ്രബുദ്ധൻ അഥവാ ജ്ഞാനി. ഈ ആശയത്തിനെ ഇപ്പോൾ സ്പഷ്ടമായിട്ടു വിവരിക്കാം, ശ്രവിച്ചാലും.

विषयीं लोभलें अत्यंत मन । तेथ नव्हतां वैराग्य पूर्ण ।
कदा नव्हे मायेचें तरण । वैराग्यार्थ जाण विषय निंदी ॥ २३१ ॥

ഈ വിഷയലോഭം ഉള്ളൊരാൾക്ക് ഒരിക്കലും വൈരാഗ്യം വരികയില്ല, മായയെ മറികടക്കാനും കഴിയില്ല. വൈരാഗ്യം സിദ്ധിക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ലൗകീക സുഖ ഭോഗങ്ങളെ നിന്ദാർഹമായി പറയപ്പെട്ടിട്ടുള്ളത്.

केवळ नश्वर विषय देख । तेंचि मानिती परम सुख ।
तें सुखचि दुःखदायक । स्त्रीकामें मुख्य माया बाधे ॥ २३२ ॥

വിഷയസുഖങ്ങൾ ഒരുവന്റെ നാശത്തിന് കാരണമാകുന്നു. പക്ഷെ മൂർഖന്മാർ അവയെ സുഖപ്രദം എന്ന് വിചാരിക്കുന്നു. ആ വിഷയങ്ങൾ ഒടുവിൽ ദുഖത്തിനെ തന്നെ അവർക്കു കൊടുക്കുന്നു. പ്രത്യേകിച്ചും സ്ത്രീവിഷയങ്ങളുടെ പുറകെപ്പോയ ഒരാളെ മായ പിന്തുടരുന്നു.

वेंचुनि धनाचिया गांठी । सुखार्थी स्त्री बैसविली पाटीं ।
तेचि भोगवी दुःखकोटी । जगीं माया लाठी स्त्रीकामें ॥ २३३ ॥

വിവാഹത്തിനായി ധാരാളം പണം ചെലവഴിക്കുന്നു; സ്ത്രീയിൽ നിന്ന് സന്തോഷം ലഭിക്കുന്നതിനായി അവൾക്ക് വലിയ പ്രാധാന്യം നൽകുന്നു; പക്ഷേ അവൾ നിരവധി കഷ്ടപ്പാടുകളും വേദനകളും സൃഷ്ടിക്കുന്നു. അതിനാൽ സ്ത്രീകളോടുള്ള ആഗ്രഹം പുലർത്തുന്ന പുരുഷന്മാരെ മായ ശക്തമായി പിന്തുടരുന്നു.

स्त्रीकामें प्रपंचु सबळ । स्त्रीकामें दुःख प्रबळ ।
स्त्रीकामें मायेसी बळ । स्त्रीकामें मोहिलें जग ॥ २३४ ॥

സ്ത്രീയോടുള്ള ആഗ്രഹം കൊണ്ട് പ്രപഞ്ചം ശക്തമാകുന്നു,
സ്ത്രീയോടുള്ള ആഗ്രഹം കൊണ്ട് ദുഃഖം പ്രബലമാകുന്നു,
സ്ത്രീയോടുള്ള ആഗ്രഹം കൊണ്ട് മായ ബലപ്പെടുന്നു,
സ്ത്രീയോടുള്ള ആഗ്രഹം കൊണ്ട് ലോകം മുഴുവൻ മോഹിക്കുന്നു.

आवडीं स्त्री बैसवितां पाटीं । ते प्रपंचाच्या वाढवी कोटी ।
महामोहाच्या पाडूनि गांठी । दुःखसागरीं लोटी स्त्रीकामु ॥ २३५ ॥

സ്ത്രീക്ക് പ്രാധാന്യം നൽകുമ്പോൾ, അവൾ ലൗകീക ആസക്തികളെ പല മടങ്ങ് വർദ്ധിപ്പിച്ച് മഹാമോഹം എന്ന കെണിയിൽ കുടുക്കുന്നു, സ്ത്രീയോടുള്ള ഈ ആഗ്രഹം പുരുഷനെ ദുഃഖത്തിന്റെ സമുദ്രത്തിലേക്ക് തള്ളിവിടുന്നു.

जे नवमास वाहे उदरांत । ते माता करूनि अनाप्त ।
स्त्रियेसी मानिती अतिआप्त । ऐशी माया समर्थ स्त्रीकामें ॥ २३६ ॥

സ്ത്രീകാമം കാരണം ഒരു പുരുഷൻ ഒമ്പതു മാസം ഗർഭത്തിൽ തന്നെ ചുമന്ന അമ്മയെ ഒരു അപരിചിതയാക്കി മാറ്റുകയും ഇന്നലെ കണ്ട ഭാര്യയെ വളരെ വേണ്ടപ്പെട്ടവളായി മാനിക്കുന്നു. സ്ത്രീ കാമന കാരണം മായ വളരെ പ്രബലമാകുന്നു.

जे तोंडीचें पोटीचें खावविंत । जे सदा सोशी नरकमूत ।
ते मातेहूनि स्त्री आप्त । जाहली जगांत मायामोहें ॥ २३७ ॥

താൻ കഴിച്ചില്ലെങ്കിലും കുഞ്ഞിനൂട്ടികൊടുത്ത്, മലമൂത്ര വിസർജ്ജനം ചെയ്ത കുഞ്ഞിനെ വീണ്ടും വൃത്തിയാക്കുന്ന അമ്മ ഒരു ഭാര്യയുടെ ആഗമനത്താൽ തള്ളിപറയപ്പെടുന്നു, ഇതുതന്നെ മായയുടെ ശക്തി.

स्त्रिया मेळवितां असंख्य मिळती । परी माता न मिळे त्रिजगतीं ।
ऐसें जे सज्ञान जाणती । तेही आप्त मानिती स्त्रियेतें ॥ २३८ ॥

വാസ്തവത്തിൽ, ഒരാൾക്ക് നിരവധി സ്ത്രീകളെ ഭാര്യമാരായി ലഭിച്ചേക്കാം; പക്ഷെ ഒരമ്മ മാത്രമേയുള്ളു.
അറിവുള്ള ആളുകൾക്ക് ഇത് നന്നായി അറിയാം, പക്ഷേ അവർ പോലും സ്ത്രീകൾക്ക് അധികപ്രാധാന്യം നൽകുന്നു.

मातेतें भजतां भुक्तिमुक्ती । स्त्रियेतें भजतां नरकप्राप्ती ।
ऐसें जे शास्त्रज्ञ जाणती । तेही माता उपेक्षिती स्त्रीकामें ॥ २३९ ॥

ആയിരക്കണക്കിന് സ്ത്രീകളെ ഒരാൾക്ക് ഭാര്യമാരാക്കാൻ കഴിയും, എന്നാൽ മൂന്ന് ലോകങ്ങളിലും മറ്റൊരു അമ്മയെ എവിടെയും കണ്ടെത്താൻ കഴിയില്ല, ഈ സത്യം മനസ്സിലാക്കുന്ന അറിവുള്ളവർ പോലും സ്ത്രീകളെ തലയ്ക്കുമേലെ നിർത്തുന്നു.

मातेतें भजतां भुक्तिमुक्ती । स्त्रियेतें भजतां नरकप्राप्ती ।
ऐसें जे शास्त्रज्ञ जाणती । तेही माता उपेक्षिती स्त्रीकामें ॥ २३९ ॥

അമ്മയെ സേവിക്കുന്നത് ഭുക്തിക്കും മുക്തിക്കും കാരണമാകുന്നു, അതേസമയം ഒരു സ്ത്രീയെ സേവിക്കുന്നത് നരകത്തിലേക്ക് നയിക്കുന്നു; എന്നിരുന്നാലും, വേദങ്ങളിൽ അറിവുള്ളവർ പോലും സ്ത്രീയോടുള്ള ആഗ്രഹം നിമിത്തം അമ്മമാരെ അവഗണിക്കുന്നു.

एवं स्त्रीकामाचिया व्याप्ती । माया व्यापिली त्रिजगतीं ।
सज्ञानही पाडले भ्रांतीं । स्त्रीकामसक्ती महामाया ॥ २४० ॥

ഈ വിധത്തിൽ, സ്ത്രീകാമം വർദ്ധിക്കുന്നതിനാൽ മായ മൂന്ന് ലോകങ്ങളിലും വ്യാപിക്കുന്നു.

मानूनि विषयांचे सुख । काम्य कर्म करितां देख ।
तेणें अतिदुःखी होती लोक । दुःखदायक काम्य कर्म ॥ २४१ ॥

നോക്കു, വിഷയങ്ങളെ സുഖം എന്ന് കരുതി കാമ്യ കർമ്മങ്ങൾ ചെയ്യുന്ന ജനങ്ങൾ അത്യന്തം ദുഃഖം അനുഭവിക്കുന്നു, കാരണം കാമ്യകർമ്മങ്ങൾ ദുഖദായകമാണ്.

कामिनीकामें गृहासक्ती । प्राणी प्राणांतें स्वयें शिणविती ।
त्या श्रमाची निदानस्थिती । सांगेन तुजप्रती राजाधिराजा ॥ २४२ ॥

സ്ത്രീകാമന കാരണം ഗൃഹാസക്തി വർദ്ധിച്ച് ഒരുവൻ അവനെത്തന്നെ കഷ്ടത്തിലാക്കുന്നു. ഹേ രാജാധിരാജാവേ , ഇതുകാരണം അവസാനം എന്തുണ്ടാകും എന്നുംകൂടി ഞാൻ പറയാം.

निर्मळ जळें भिंती धुतां । जळाचीच नासे निर्मळता ।
हात माखती धुतले म्हणतां । भिंतीही तत्त्वतां निदळ केली ॥ २४३ ॥

നിർമല ജലം ഉപയോഗിച്ച് ഒരു ഭിത്തി തുടയ്ക്കാൻ തുടങ്ങിയാൽ, വെള്ളത്തിന്റെ ശുദ്ധി നഷ്ടപ്പെട്ട് അത് വൃത്തികേടാകും, കൈകളിൽ ചെളിയാകും, ഭിത്തി കേടായി പരുക്കനായി മാറും.

तेवीं विषयांचेनि सुखें सुख । न पावतीच ब्रह्मादिक ।
विषयाचा जे मानिती हरिख । ते परममूर्ख पशुदेही ॥ २४४ ॥

അതുപോലെ, ബ്രഹ്മാവുമുതലായ ദേവന്മാർക്കുപോലും വിഷയങ്ങളിൽനിന്നും സുഖം പ്രാപ്തമാവുകയില്ല. ഇങ്ങനെയുള്ള വിഷയങ്ങളെ സുഖം എന്ന് മാനിക്കുന്ന ആൾ പരമമൂർഖനും മൃഗീയമായ ബുദ്ധിയുള്ളവനുമാണ്.

നിത്യാർത്തിദേന വിത്തേന ദുർല്ലഭേനാത്മമൃത്യുനാ ।
ഗൃഹാപത്യാപ്തപശുഭിഃ കാ പ്രീതിഃ സാധിതൈശ്ചലൈഃ ॥ 19 ॥

എപ്പോഴും ദുഃഖത്തെ നൽകുന്നതും, സിദ്ധിക്കാൻ തന്നെ പ്രയാസമുള്ളതും, തനിക്കു തന്നെ നാശത്തെ ഉണ്ടാക്കിത്തീർക്കുന്നതും, സിദ്ധിച്ചാൽതന്നേയും സ്ഥിരമല്ലാത്തവയുമായ ധനങ്ങളാലും വീട്-മക്കൾ-ബന്ധുക്കൾ-പശുക്കൾ മുതലായവകളാലും എന്തു സന്തോഷമാണ് ഉണ്ടാകാനുള്ളത്?

तरिदिवसु निजनिकटें । मरणेंसीं घेतां झटें ।
कवडीची प्राप्ती न भेटे । प्राणांतकष्टें द्रव्य जोडे ॥ २४५ ॥

രാവും പകലും അധ്വാനിച്ച് സമ്പാദിച്ചാലും തുച്ഛമായ ഒരു പ്രതിഫലം പോലും നേടാൻ കഴിയാതെ വന്നേക്കാം. ധനം സമ്പാദിക്കാൻ വളരെ കഷ്ടപ്പെടണം.

एवं कष्टलें जोडलें धन । तें महादुःखाचें जन्मस्थान ।

अर्थ अनर्थाचें अधिष्ठान । निजात्ममरण निजमूळ ॥ २४६ ॥

അങ്ങനെ ധനം ലഭിച്ചാലും, അത് മഹാദുഃഖത്തിനു കാരണമാണ്. ധനം അനർത്ഥത്തിന്റെ മൂലമാണ്. അത് സ്വന്തം അന്ത്യത്തിന് കാരണമാകും.

द्रव्य नसतां उपायें शिणवी । जाहलिया संरक्षणीं आधी लावी ।
रात्रिदिवस हृद्रोग जीवीं । अविश्वासें नांदवीं धनलोभु ॥ २४७ ॥

പണമില്ലെങ്കിൽ, അത് സമ്പാദിക്കാൻ കഠിനാധ്വാനം ചെയ്യണം; അത് ലഭിക്കുമ്പോൾ, അതിന്റെ സുരക്ഷയെക്കുറിച്ച് വിഷമിക്കേണ്ടതുണ്ട്. അത് മനുഷ്യന് ഒരു പേടിസ്വപ്നവും ഉത്കണ്ഠയുമായി മാറുന്നു. പണത്തോടുള്ള ആഗ്രഹം ആളുകൾക്കിടയിൽ വിശ്വാസക്കുറവ് സൃഷ്ടിക്കുകയും വിവരക്കേടുകൾ ചെയ്യാനും പ്രേരിപ്പിക്കും.

मायबापांशीं चोरी करवी । स्त्रीपुत्रांसी कलहो लावी ।
सुहृदांतें दूरी दुरावी । हे द्रव्याची पदवी स्वाभाविक ॥ २४८ ॥

അത് ഒരാളെ സ്വന്തം മാതാപിതാക്കളിൽ നിന്ന് മോഷ്ടിക്കാൻ പഠിപ്പിക്കുന്നു. അത് ഒരു പുരുഷനും ഭാര്യയ്ക്കും കുട്ടികൾക്കും ഇടയിൽ ഭിന്നത വിതയ്ക്കുന്നു. അത് സുഹൃത്തുക്കളെയും ബന്ധുക്കളെയും അകറ്റുന്നു. ഇത് ധനത്തിന്റെ സഹജസ്വഭാവമാണ്.

द्रव्यापाशीं आधिव्याधी । द्रव्यापाशीं दुष्ट बुद्धी ।
द्रव्यापाशीं सलोभ क्रोधीं । असत्य निरवधी द्रव्यापाशीं ॥ २४९ ॥

പണമുണ്ടെങ്കിൽ ദുരന്തങ്ങളും രോഗങ്ങളുമുണ്ട്, പണമുണ്ടെങ്കിൽ ദുരുദ്ദേശ്യവുമുണ്ട്, പണമുണ്ടെങ്കിൽ കാമവും അപകടവുമുണ്ട്; വിവരണത്തിന് അതീതമായത്ര ദുഷ്ടത പണത്തിലുണ്ട്.

द्रव्यापाशीं अतिविकल्प । द्रव्यापाशीं वसे पाप ।
द्रव्यापाशीं अतिसंताप । पूर्ण दुःखरूप ते द्रव्य ॥ २५० ॥

പണമുണ്ടെങ്കിൽ, നിരവധി സംശയങ്ങളുണ്ട്; പണമുണ്ടെങ്കിൽ നിരവധി പാപങ്ങളും ഉണ്ട്, പണം മനുഷ്യനെ വളരെയധികം

പ്രകോപിപ്പിക്കുന്നു. ചുരുക്കത്തിൽ, പണം ദുഃഖം നിറഞ്ഞതാണ്.

हें दानें त्यागितां फळ गोमटें । लोभियां नरका ने हटेंतटें ।
द्रव्याऐसे गा वोखटें । आन न भेटे तिहीं लोकीं ॥ २५१ ॥

അതേ പണം ബുദ്ധിപൂർവ്വം ദാനധർമ്മങ്ങൾക്കായി ചെലവഴിച്ചാൽ ഗുണകരമായ ഫലങ്ങൾ നൽകുന്നു; എന്നാൽ ഒരു മനുഷ്യൻ പിശുക്കനാണെങ്കിൽ, അത് അവനെ നരകത്തിലേക്ക് വലിച്ചിടുന്നു. മൂന്ന് ലോകങ്ങളിലും പണത്തേക്കാൾ മോശമായ മറ്റൊന്നില്ല.

नळिया चणियांचे आशा । वानरें मुठीं धरणें तोचि फांसा ।
तेवीं द्रव्यदाराभिलाषा । नरदेहदशा अधःपातीं ॥ २५२ ॥

കുറച്ചു കടല കിട്ടും എന്ന പ്രതീക്ഷയിൽ ഒരു കുരങ്ങൻ മൺകുടത്തിനുള്ളിൽ കൈയിടുന്നു, അങ്ങനെ കയ്യതിനുള്ളിൽ കുടുങ്ങി പോകുന്നു. അതുപോലെ ഭാര്യാപുത്രാദികളിൽ ആസക്തി വെച്ചതുകാരണം മനുഷ്യന് അധപതനം സംഭവിക്കുന്നു.

द्रव्य सहसा न मिळे पाहीं । मिळेतरी अनीति अपायीं ।
यालागीं द्रव्याच्या ठायीं । सुख नाहीं त्रिशुद्धी ॥ २५३ ॥

പണം എളുപ്പത്തിൽ സമ്പാദിക്കാനാവില്ല; അത് സമ്പാദിച്ചിട്ടുണ്ടെങ്കിൽ പോലും, അത് ഒരു മനുഷ്യനെ അധാർമ്മിക കാര്യങ്ങളിലേക്ക് വഴിതിരിച്ചുവിടുന്നു. അതിനാൽ, പണം സുഖമോ ശുദ്ധിയോ തരുന്നില്ല.

धन वेचोनि फाडोवाडें । घर करिती वाडेंकोडें ।
तें अध्रुवत्वें सवेंचि पडे । थितें द्रव्य बुडे आयुष्येंसीं ॥ २५४ ॥

ആളുകൾ ധാരാളം പണം ചെലവഴിച്ച് ഒരു വീട് പണിയുന്നു; പക്ഷേ ചിലപ്പോൾ അത് ഈടുനിൽക്കില്ല, ചുരുങ്ങിയ സമയത്തിനുള്ളിൽ അത് തകർന്നുവീഴും. അങ്ങനെ പണം പാഴാകുകയും നമ്മുടെ ജീവിതത്തിലെ വിലപ്പെട്ട സമയവും പാഴാകുകയും ചെയ്യുന്നു.

करूनि आयुष्याचा मातेरा । मुद्दलसिंचने जोडिलें पुत्रा ।
त्या पुत्राच्या मरणद्वारा । दुःखदुर्धरामाजीं बुडती ॥ २५५ ॥

വളരെയധികം പരിശ്രമത്തിലൂടെയാണ് ഒരു കുട്ടി ജനിക്കുന്നത്, പക്ഷേ ആ മകൻ പെട്ടെന്ന് മരിക്കുന്നു, ആളുകൾ വളരെയധികം ദുഖിക്കുന്നു.

प्रपंचींचे सुहृद समस्त । जंव स्वार्थ तंव होती आप्त ।
स्वार्थविरोधें तें अनाप्त । होऊनि घात सुहृदां करिती ॥ २५६ ॥

പണമുള്ളിടത്തോളം കാലം എല്ലാ സുഹൃത്തുക്കളും ഹൃദയസ്പർശിയെന്നപോലെ ബന്ധം നിലനിർത്തുന്നു; എന്നാൽ അവരുടെ സ്വാർത്ഥ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ലെന്ന് കണ്ടെത്തുമ്പോൾ, അവർ ശത്രുക്കളായി മാറുകയും ആ മനുഷ്യനെ കൊല്ലാൻ പോലും തയ്യാറാകുകയും ചെയ്യുന്നു.

करोनिया अतिहव्यासु । मेळविती नाना पशु ।
त्यांचा सवेंचि होय नाशु । तेणें दुःखें त्रासु गृहस्थांसी ॥ २५७ ॥

ആളുകൾ ധാരാളം പണം ചെലവഴിച്ച് കന്നുകാലികളെയോ കുതിരകളെയോ വാങ്ങുന്നു; എന്നാൽ പെട്ടെന്ന് മൃഗങ്ങൾ മരിക്കുന്നു, അവയിലൂടെ പണം സ്വരൂപിക്കുന്നതിൽ വലിയ പ്രതീക്ഷ അർപ്പിച്ച കുടുംബനാഥൻ വളരെ ദുഃഖിതനാകുന്നു.

निजदेहोचि नश्वर येथ । त्यासि प्रपंच नव्हे गा शाश्वत ।
अवघें जगचि काळग्रस्त । इहलोकीं समस्त ठकिले विषयीं ॥ २५८ ॥

നമ്മുടെ ശരീരം തന്നെ താൽക്കാലികമാകുമ്പോൾ, അതിന്റെ സുഖത്തിനായി ശേഖരിക്കുന്ന ഒന്നും ശാശ്വതമല്ല. ലോകം മുഴുവൻ കാലത്തിന്റെ അന്ത്യത്തിന് വിധേയമാണ്. വിവിധ ഇന്ദ്രിയ വസ്തുക്കൾ എല്ലാവരെയും വഞ്ചിക്കുന്നു.

मनुष्यदेहो कर्मभूमीं प्राप्त । तो लोक म्हणती कर्मजित ।
हा जैसा नश्वर येथ । तैसाच निश्चित नश्वर स्वर्गु ॥ २५९ ॥

മനുഷ്യ ശരീരമെടുത്ത് നാം വന്നിരിക്കുന്നത് ഈ കർമ്മ ഭൂമിയിലേക്കാണ്. വിവിധ യജ്ഞങ്ങളിലൂടെ സ്വർഗ്ഗലോകം കീഴടക്കിയെന്നും ആളുകൾ ആ കർമ്മങ്ങളെ ആശ്രയിച്ചുകൊണ്ട് പറയുന്നു. എന്നാൽ സ്വർഗ്ഗലോകവും ഇഹലോകം പോലെ തന്നെ നശ്വരമാണ്.

मनीं धरोनी विषयभोग । इहलोकीं करिती याग ।
पुण्य जोडोनियां साङ्ग । पावती स्वर्गीनिजपुण्ययोगें ॥ २६० ॥

മനസ്സിൽ വിഷയ ഭോഗത്തിന്റെ ആഗ്രഹത്തോടെ യാഗം ചെയ്യുന്നു, അതിൽനിന്നും ലഭിച്ച പുണ്യത്തിന്റെ ഫലവശാൽ സ്വർഗ്ഗത്തിലേക്ക് പോകുന്നു.

स्वर्गासुखा इंद्र अधिपती । तोही पतनार्थ धाके चित्तीं ।
विघ्नें सूची तापसांप्रती । स्वर्गस्थिति अपायी ॥ २६१ ॥

സ്വർഗ്ഗത്തിന്റെ അധിപതിയായ ഇന്ദ്രൻ പോലും തന്റെ പദവി പോകുമോ എന്ന ഭയത്തിലാണ് കഴിയുന്നത്. ആ ഭയത്തിനാൽ അദ്ദേഹം തപസ്വികൾക്ക് ധാരാളം വിഘ്നങ്ങൾ കൊടുക്കുന്നു. ചുരുക്കത്തിൽ, സ്വർഗ്ഗത്തിലുള്ള സ്ഥിതിപോലും അപകടം നിറഞ്ഞതാണ്.

यापरी निजपुण्यें स्वर्गप्राप्ती । त्या लोकातें पुण्यजित म्हणती ॥
तेही पुण्यक्षयें क्षया जाती । तेणें धाकें धाकती स्वर्गस्थ श्रेष्ठ ॥ २६२ ॥

അങ്ങനെ, ഒരാളുടെ പുണ്യകർമ്മങ്ങളിലൂടെയാണ് സ്വർഗ്ഗം ലഭിക്കുന്നത്; അതിനാൽ, ആ സ്വർഗ്ഗലോകം "പുണ്യത്താൽ നേടിയ ലോകം" എന്നറിയപ്പെടുന്നു. എന്നിരുന്നാലും, ആ പുണ്യം തീർന്നുപോകുമ്പോൾ, സ്വർഗ്ഗലോകത്തിലുള്ള വാസവും അവസാനിക്കുന്നു.

गांठीं पुण्य असतां चोख । स्वर्गभोगीं असेल सुख ।
हेही वार्ता समूळ लटिक । स्वर्गींचें दुःख ऐक राया ॥ २६३ ॥

ഒരുപാട് പുണ്യം സമ്പാദിച്ച ആൾക്ക് സ്വർഗ്ഗലോകത്ത് വലിയ ആനന്ദം ഉണ്ടാകുമെന്ന് പറയപ്പെടുന്നു. പക്ഷേ അതും പൂർണ്ണമായും തെറ്റാണ്. രാജാവേ; സ്വർഗ്ഗത്തിൽ ഒരാൾക്ക് ലഭിക്കുന്ന ദുഃഖത്തെക്കുറിച്ച് ദയവായി കേൾക്കൂ.

समान पुण्यें समपदप्राप्ती । त्यांसी स्पर्धकलहो करिती ।
आपणाहूनि ज्यां अधिक स्थिति । त्यांचा द्वेष चित्तीं अहर्निशी ॥ २६४ ॥

തുല്യ യോഗ്യതയുള്ളവർ തുല്യ സ്ഥാനങ്ങൾ നേടുന്നു. അവർ പരസ്പരം മത്സരിക്കാനും കലഹിക്കാനും തുടങ്ങുന്നു, അവരുടെ മനസ്സിൽ പരസ്പരം ശത്രുതയുടെ വികാരങ്ങൾ നിരന്തരം ആളിക്കത്തികൊണ്ടേയിരിക്കുന്നു.

जैसे राजे मंडळवर्ती । राज्यलोभें कलहो करिती ।
तैशी स्वर्गस्थां कलहस्थिती । द्वेषें होती अतिदुःखी ॥ २६५ ॥

ഈ ലോകത്തിലെ രാജാക്കന്മാർ അധികാരമോഹം മൂലം വഴക്കിടുന്നതുപോലെ, സ്വർഗ്ഗവാസികൾക്കിടയിൽ സമാനമായ സംഘർഷങ്ങൾ ഉണ്ടാകുകയും ആ ശത്രുത നിമിത്തം അവർ വളരെയധികം കഷ്ടപ്പെടുകയും ചെയ്യുന്നു.

पतनभयें कलह-द्वेष वोढी । क्षयातें पावे पुण्यजोडी ।
अधोमुख पडती बुडीं । याज्ञिकें बापुडीं चरफडती ॥ २६६ ॥

തനിക്കു സ്ഥാന ഭ്രംശം സംഭവിക്കുമോ എന്ന് ഭയന്ന് അവർ തർക്കങ്ങളിലും ദ്വേഷങ്ങളിലും ഏർപ്പെടുന്നു. തൽഫലമായി, അവർ ശേഖരിച്ച പുണ്യങ്ങൾ നശിക്കുകയും, ആ യാഗ്നികന്മാർ അധോമുഖമായിട്ടു വീണ്ടും ഭൂമിയിലേക്ക് വീഴുകയും ചെയ്യുന്നു, അതായത്, ഭൂമിയിൽ വീണ്ടും ജന്മം എടുക്കുന്നു.

एवं स्वर्गसुखउल्हासु । मानिती ते केवळ पशु ।
प्रत्यक्ष तेथ द्वेष नाशु । असमसाहसु नित्य कलहो ॥ २६७ ॥

അങ്ങനെ, സ്വർഗ്ഗത്തിലെ സുഖങ്ങളെ യഥാർത്ഥ ആനന്ദമായി കരുതുന്നവർ മൃഗങ്ങളെക്കാൾ ഒട്ടും മെച്ചമല്ല, കാരണം അവിടെ വിദ്വേഷവും നാശവും എപ്പോഴും നിലനിൽക്കുന്നു, കലഹം ശാശ്വതമാണ്.

सेविलाचि विषयो नित्य सेविती । परी कदा नव्हे मानसीं तृप्ती ।
तरी मिथ्या म्हणौनि नेणती । हे मोहक शक्ती मायेची ॥ २६८ ॥

സ്വർഗ്ഗത്തിൽ അവർ ഒരേ സുഖങ്ങൾ വീണ്ടും വീണ്ടും ആസ്വദിക്കുന്നു, പക്ഷേ അവരുടെ ആഗ്രഹം ഒരിക്കലും തൃപ്തിപ്പെടുന്നില്ല. എന്നിട്ടും ആ സുഖമെല്ലാം മിഥ്യയാണെന്ന് അവർ ഒരിക്കലും മനസ്സിലാക്കുന്നില്ല. ഇതാണ് മായയുടെ

മാസ്മരികത.

जैसें वेश्येचें सुख साजणें । वित्त घेऊनि वोसंडणें ।
तेवीं विषयाचा संगु धरणें । तंव तंव होणें अतिदुःखी ॥ २६९ ॥

ഉദാഹരണത്തിന്, ഒരു പുരുഷൻ ഒരു വേശ്യയുടെ അടുത്തേക്ക് പോകുമ്പോൾ, പണം ചെലവഴിക്കുന്നതിലൂടെ അയാൾക്ക് ലഭിക്കുന്ന സുഖം അവസാനിക്കുകയും അയാൾ പുറത്താക്കപ്പെടുകയും ചെയ്യുന്നു. അതുപോലെ, ഒരു മനുഷ്യൻ സുഖത്തിൽ കൂടുതൽ പറ്റിനിൽക്കുന്തോറും അത് വേദനയുണ്ടാക്കുന്നു.

यालागीं उभयभोगुउपाया । जे जे प्रवर्तले गा राया ।
ते ते जाण ठकिले माया । थितें गेलें वायां उत्तम आयुष्य ॥ २७० ॥

രാജാവേ, ഇഹലോക സുഖങ്ങളോ പരലോക സുഖങ്ങളോ ലഭിക്കാൻ വേണ്ടി നിരവധി പരിശ്രമങ്ങൾ നടത്താൻ തുടങ്ങുന്നവർ മായയാൽ വഞ്ചിക്കപ്പെടുകയും അവരുടെ വിലപ്പെട്ട ജീവിതം പാഴാക്കുകയും ചെയ്യുന്നത് നിങ്ങൾക്ക് കാണാൻ കഴിയും.

कर्मभूमीं नरदेह प्राप्त । हें पूर्ण निजभाग्याचें मथित ।
देव नरदेह वांछित । ते देव केले व्यर्थ विषयार्थीं ॥ २७१ ॥

ഈ കർമ്മലോകത്ത് മനുഷ്യനായി ജനിക്കുക എന്നത് ഒരു വലിയ ഭാഗ്യമാണ്, ദൈവങ്ങളും മനുഷ്യരായി ജനിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ ആ ദൈവങ്ങളും സുഖഭോഗങ്ങൾക്കായുള്ള ആഗ്രഹത്താൽ നശിക്കുന്നു.

एवं विषयाची आसक्ती । माया ठकिले नेणों किती ।
यालागीं विषयाचे विरक्ती । करावी गुरुभक्ती तेंचि सांगों ॥ २७२ ॥

വിഷയാസക്തി കാരണം എത്ര പേർ ഇങ്ങനെ നശിപ്പിക്കപ്പെടുന്നു എന്ന് അറിയില്ല, അതിനാൽ ഇന്ദ്രിയ വിഷയങ്ങളോട് നിസ്സംഗത വളർത്തിയെടുക്കാൻ ഗുരുവിനെ ആരാധിക്കേണ്ടത് ആവശ്യമാണ്, അതിനെക്കുറിച്ച് ഞാൻ അങ്ങേയ്ക്കു ചില വിശദാംശങ്ങൾ നൽകാം.

തസ്മാദ്ഗുരും പ്രപദ്യേത ജിജ്ഞാസുഃ ശ്രേയ ഉത്തമം ।
ശാബ്ദേ പരേ ച നിഷ്ണാതം ബ്രഹ്മണ്യുപശമാശ്രയം ॥ 21 ॥

അതിന് ഹേതുവായിട്ട്, ഉത്തമമായ ശ്രേയസ്സിനെ അറിയാൻ ആഗ്രഹിക്കുന്നവൻ വേദത്തിലും പരബ്രഹ്മത്തിലും സമർത്ഥനും ഉപശാന്തനുമായ ഗുരുവിനെ പ്രാപിക്കണം.

जाणोनि विषयांचे नश्वरपण । पावावयालागीं ब्रह्म पूर्ण ।
सद्‌गुरुसी अनन्यशरण । रिघावें संपूर्ण श्रद्धायुक्त ॥ २७३ ॥

വിഷയ സുഖങ്ങൾ ക്ഷണികമാണെന്ന് മനസ്സിലാക്കി, പൂർണ്ണമായ ബ്രഹ്മത്തിനെ പ്രാപിക്കുന്നതിന്, ഒരു യഥാർത്ഥ ഗുരുവിനെ പൂർണശ്രദ്ധയോടെ അനന്യമായി ശരണാഗതി ചെയ്യണം.

सद्‌गुरुवचनमात्रें माया । तरेन हा निश्चयो राया ।
येणें सद्‌भावें लागतो पायां । पावावया निजस्वार्थु ॥ २७४ ॥

ഹേ രാജാവേ, `സദ്ഗുരുവിന്റെ വചനങ്ങളെ ശ്രവിച്ച മാത്രത്തിൽ ഞാൻ മായയെ ജയിക്കും' എന്ന നിശ്ചയ ബുദ്ധിയോടെ മുമുക്ഷു ഗുരുചരണങ്ങളിൽ ആശ്രയം പ്രാപിക്കുന്നു.

गुरु ऐसें जे म्हणणें । तेंही आहे बहुसालपणें ।
ऐक राया तीं लक्षणें । तुज कारणें सांगेन ॥ २७५ ॥

"ഗുരു" എന്ന് വിളിക്കപ്പെടുന്നവർ പല തരത്തിലുണ്ട്. ഹേ രാജാവേ! ഈ തരക്കാരെക്കുറിച്ച് ഞാൻ പറയാം. കേൾക്കൂ!

एक वेदाध्ययन गुरु । एक व्याख्यानदानीं उदारु ।
एक ज्योतीषज्ञानीं गंभीरु । परी तो सद्‌गुरु न म्हणती ज्ञाते ॥ २७६ ॥

വേദാദ്ധ്യയനം ചെയ്യുന്നവരുണ്ട്, പ്രസംഗിക്കുന്നതിൽ വൈദഗ്ധ്യമുള്ള ചിലർ ഉണ്ട്, ജ്യോതിഷത്തിൽ വിദഗ്ദ്ധരായ ചിലർ ഉണ്ട്; എന്നിരുന്നാലും, ജ്ഞാനികൾ അവരെ 'ഗുരു' എന്ന് വിളിക്കുന്നില്ല.

एक आगमोक्त मंत्र उपासिती । जप करावा विधानयुक्ती ।

मग कैं होईल निजप्राप्ती । हें नकळे निश्चितीं गुरुशिष्यां ॥ २७७ ॥

ചിലർ ആഗമങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മന്ത്രങ്ങളെ ഉപാസിക്കുന്നു; ശിഷ്യർക്ക് ഈ മന്ത്രങ്ങളെ ഉപദേശമായി നൽകി അവയെ വിധിപ്രകാരം ജപം ചെയ്യാൻ നിർദേശിക്കുന്നു. പക്ഷെ ഇതിലൂടെ എപ്പോൾ ആത്മസാക്ഷാത്കാരം ലഭിക്കുമെന്ന് ഗുരുവിനോ ശിഷ്യനോ അറിയില്ല.

एक वायुधारणा लाविती । एक नाना लक्ष्यें दाविती ।
एक हठयोगें गोंविती । एक बैसविती महामुद्रा ॥ २७८ ॥

ചിലർ പ്രാണായാമാദികളെ അഭ്യസിപ്പിക്കുന്നു, ചിലർ വേറെ വിധത്തിലുള്ള ധ്യാന മാർഗ്ഗങ്ങളെ പഠിപ്പിക്കുന്നു, വേറെ ചിലർ ഹഠയോഗം പരിശീലിപ്പിക്കുന്നു, മറ്റു ചിലർ മുദ്രകളെ പഠിപ്പിക്കുന്നു.

एक ब्रह्मानुवादें चोखटु । तत्त्वनिरूपणीं उद्‌भटु ।
वैरग्यबोलिका वरिष्ठु । उपजवी विटु उभयभोगंचा ॥ २७९ ॥

പലരും ബ്രഹ്മത്തിനെകുറിച്ചു പറയുന്നതിൽ അതിസമർത്ഥരാണ്. വൈരാഗ്യത്തിനെ ജനിപ്പിക്കുന്ന ഗംഭീരം പ്രഭാഷണങ്ങൾ ചെയ്യുന്നു. അത് ശ്രവിച്ചു ജനങ്ങൾ ഇഹലോക ആശകളും പരലോക ആശകളും ത്യജിക്കുന്നു.

कैसें निरूपी शुद्ध ब्रह्म । ऐकोनि सात्त्विकां येत प्रेम ।
परी निजहृदयींचा भ्रम । निरसे तें वर्म नेणेचि ॥ २८० ॥

ശ്രോതാവിന്റെ ഉള്ളിൽ സ്നേഹത്തിന്റെ ഉറവകൾ പൊട്ടിപ്പുറപ്പെടുന്ന വിധത്തിൽ അവർ ശുദ്ധമായ ബ്രഹ്മത്തെക്കുറിച്ച് വിശദീകരിക്കുന്നു; എന്നിരുന്നാലും, അവരുടെ ഉള്ളിലുള്ള മോഹത്തെ എങ്ങനെ ഇല്ലാതാക്കാം എന്നതിന്റെ രഹസ്യം ഗ്രഹിക്കുന്നതിൽ അവർ പരാജയപ്പെടുന്നു.

जेवीं गूळ-उसांचा घाणा । तोंडींचा रसु भरे भाणा ।
शब्दचोपटें भरोनि वदना । करी परिभ्रमणा करकरितु ॥ २८१ ॥

കരിമ്പിൻച്ചാറുണ്ടാക്കുന്ന യന്ത്രത്തിൽ കരിമ്പിടുമ്പോൾ ചാറ്

മാത്രം താഴെ ഒഴുകിവരുകയും സാരഹീനമായ നാരുകൾ മാത്രം കരിമ്പിൽ അവശേഷിക്കുന്നത് പോലെ ...

ऐसा जो कां शब्दज्ञानी । उत्तम व्यख्याता ज्ञानगुणीं ।
तो जन रंजवी निरूपणीं । स्वयें कोरडेपणीं करकरितु ॥ २८२ ॥

നല്ല വാക്ചാതുര്യമുള്ള വക്താവ് ബ്രഹ്മത്തിനെക്കുറിച്ച് പറയുമ്പോൾ ശ്രോതാക്കൾക്കു നല്ലൊരു മനോരഞ്ജനമാണെങ്കിലും വക്താവിന് ആ വരണ്ട വാക്കുകൾകൊണ്ട് ഒരു പ്രയോജനവും ഇല്ല.

योगक्षेम चाले गोमटा । लौकिकीं थोर प्रतिष्ठा ।
तेथें निजप्राप्तीची उत्कंठा । न वचे वरिष्ठा शिष्यांची ॥ २८३ ॥

അത്തരമൊരു വക്താവിന് ലൗകീകന്മാർക്കിടയിൽ നല്ല സ്ഥാനവും മാനവും ലഭിച്ചേക്കാം. പക്ഷെ, ഉത്തമമായ ജിജ്ഞാസുക്കൾക്കുള്ള ഉത്കണ്ഠയെ ഇദ്ദേഹത്തിന് നിറവേറ്റാൻ സാധിക്കില്ല.

जेवीं अमृत म्हणतां । चवी न लभे गा सर्वथा ।
तेवीं शाब्दिक ज्ञानयोग्यता । अनुभववार्ता स्वयें नुपजे ॥ २८४ ॥

അമൃതം എന്ന വാക്ക് ഉച്ചരിക്കുന്നതിലൂടെ ഒരാൾക്ക് അതിന്റെ രുചി അറിയാൻ കഴിയാത്തതുപോലെ, വെറും വാക്കുകൾ കൊണ്ട് അയാൾക്ക് ഒരു തരി പോലും ആത്മാനുഭവം ലഭിക്കുന്നില്ല.

जेणें स्वयें चाखिली नाहीं चवी । तो दुजयातें गोडी केवीं लावी ।
यालागीं जो पूर्णानुभवी । तो तारी सद्भावें सच्छिष्यासी ॥ २८५ ॥

സ്വയം രുചിച്ചിട്ടില്ലാത്ത ഒരാൾക്ക് എങ്ങനെ മറ്റുള്ളവരെ അത് രുചിക്കാൻ പ്രാപ്തരാക്കാൻ കഴിയും? അതിനാൽ, പൂർണ്ണ ബ്രഹ്മാനുഭവം ഉള്ള ഒരാൾക്ക് മാത്രമേ ശിഷ്യർക്കും അത് പകർന്നുകൊടുക്കാൻ കഴിയുകയുള്ളു.

एवं गुरुपणाची वदंती । असे बहुपणें नांदती ।
जो करी अपरोक्षप्राप्ती । त्यातें म्हणती सद्गुरुस्वामी ॥ २८६ ॥

അതുപോലെ, പലതരം ഗുരുക്കന്മാരുണ്ട്; എന്നിരുന്നാലും, ശിഷ്യന്
ഈ അപരോക്ഷാനുഭവം നേടാൻ സഹായിക്കുന്നയാളെ മാത്രമേ
`സദ്ഗുരുസ്വാമി' എന്ന് വിളിക്കാൻ സാധിക്കുകയുള്ളു.

ज्याचेनि वाक्यें असंतता । निःशेष मावळे तत्त्वतां ।
त्यासीचि गा सद्गुरुता । वेदशास्त्रार्थीं प्रतिपाद्य ॥ २८७ ॥

ആരുടെ പഠിപ്പിക്കലിലൂടെ മായ അകന്നുപോവുകയും
സത്യത്തിന്റെ ബോധം ഉള്ളിൽ അനുഭവപ്പെടുകയും ചെയ്യുമോ,
അദ്ദേഹത്തിനെ മാത്രമേ വേദശാസ്ത്രങ്ങൾ `സദ്ഗുരു' എന്ന്
വിളിക്കുന്നുള്ളു.

जे उपदेशिती मंत्रतंत्र । तेही पूज्यत्वें अतिसधर ।
जेथें नुरे पूज्यपूजकताविचार । तोचि साचार सद्गुरुस्वामी ॥ २८८ ॥

മന്ത്ര തന്ത്രങ്ങൾ ഉപദേശിക്കുന്നവരും ആദരണീയരാണ്, പക്ഷെ
ആരാണോ ആരാധ്യ വസ്തുവെയും ആരാധകനെയും അഭേദമായി
കാണുന്നത്, അദ്ദേഹം ആണ് `സദ്ഗുരു സ്വാമി'.

एकातें ब्रह्मज्ञान । वस्तु देखोनि विरालें मन ।
मावळले द्वैताचें भान । पडिलें मौन चहूं वाचां ॥ २८९ ॥

ബ്രഹ്മജ്ഞാനിയായുള്ള ഒരു ഗുരുവുണ്ട് - ബ്രഹ്മാനുഭവത്തിൽ
മനസ്സ് ലയിച്ചുപോയി, ദ്വൈത ഭാവങ്ങൾ അകന്ന്, ശബ്ദത്തിന്റെ
നാല് പാദങ്ങളും അടങ്ങി.

इंद्रियें टंवकारिलीं समस्त । प्राण पांगुळला जेथींचा तेथ ।
वस्तु देखोनियां परमाद्भुत । पडलें ताटस्थ्य देहभावा ॥ २९० ॥

ഇന്ദ്രിയങ്ങളും ശ്വാസവും അടങ്ങുന്നു, അത്ഭുതകരമായ
പരബ്രഹ്മാനുവഭവത്താൽ ശരീരം നിശ്ചലം ആകുന്നു.

ऐसा जो आत्मानुभवी । त्यातें सद्भावें शिष्यु विनवी ।
तंव तो पुसे ना समजावी । ताटस्थ्यभावीं अबोलपणा ॥ २९१ ॥

ഇങ്ങനെ ആത്മാനുഭവ സമ്പന്നന്മാരിൽ ചിലരുണ്ട് - ഒരു ശിഷ്യൻ
ഉപദേശത്തിനായി അപേക്ഷിക്കുമ്പോൾ അവർ ശിഷ്യനോടൊന്നും

ചോദിക്കുകയോ പറയുകയോ ചെയ്യുന്നില്ല. തടസ്ഥ ഭാവത്തിൽ മൗനം പാലിക്കുന്നു.

एका अनुभवा आलें ब्रह्म । फिटला बाध्यबाधकतेचा भ्रम ।
मोडलें द्वैतभावाचें कर्म । जगीं विषम असेना ॥ २९२ ॥ |

ചിലർക്ക് ബ്രഹ്മാനുഭവം ഉണ്ടായിട്ടുണ്ട്, ആത്മസ്ഥിതിക്ക് ഉപാധിയായ `തടസ്സം - തടസ്സപ്പെടുത്തുന്നവ' എന്ന ഭ്രമവും നീങ്ങിയിരിക്കുന്നു, ദ്വൈത ഭാവവും സമാപ്തമായി, ഇനി ലോകത്തിൽ അവർക്ക് വിഷമങ്ങൾ ഒന്നും ഇല്ല, എങ്കിലും അവരുടെ പെരുമാറ്റം കുറച്ചു വിചിത്രമായിരിക്കുന്നു.

परी अचुंबित वर्तणें । अघटमान कर्म करणें ।
अत्यंत उग्रता मिरवणें । दुर्धरपणें भयानकु ॥ २९३ ॥

വേഗം പ്രകോപിതരാവുകയും വിചിത്രമായ പ്രവർത്തികളിൽ ഏർപ്പെടുന്നവരുമാകുന്നു. ആർക്കും അടുത്ത് പോകാൻ പറ്റാത്ത വിധത്തിലുള്ള ഒരു പ്രത്യേക സ്വഭാവക്കാരുമാണ്.

आपण आपणियामाजी हंसत । ध्वनितें बोले परमार्थ ।
तेथें बोधेना शिष्याचें चित्त । पडे दुश्चित ते ठायीं ॥ २९४ ॥

അവർ സ്വയം പരിഹസിക്കുന്നു, ആത്മീയ വിഷയങ്ങളെ പ്രതീകാത്മകമായി സംസാരിക്കുന്നു. അത് ശിഷ്യന് മനസ്സിലാക്കാൻ വളരെ പ്രയാസമാണ്, ശിഷ്യൻ അദ്ദേഹം പറയുന്നതിനെ തെറ്റിദ്ധരിക്കുന്നു.

ऐसा जो वर्ते ब्रह्मज्ञानी । त्याची ब्रह्मस्थिती न मने जनीं ।
मा कोण जाईल भाव धरोनि । बोधालागोनी त्यापाशीं ॥ २९५ ॥

ആത്മസാക്ഷാത്കാരം കൈവരിച്ച ഇത്തരമൊരു വ്യക്തിയെ തിരിച്ചറിയാൻ വളരെ പ്രയാസമാണ്, അപ്പോൾ ആരാണ് ജ്ഞാന പ്രാപ്തിക്കായി അദ്ദേഹത്തിന്റെ അടുത്ത് പോയി തന്റെ ഭക്തി ഭാവത്തിനെ വ്യർത്ഥമാക്കുന്നത്?

आतां सद्गुरुचीं जीं निजलक्षणें । राया सांगेन तुजकारणें ।

जें ऐकतां अंतःकरणें । सुखी होणें सद्भावें ॥ २९६ ॥

ഹേ രാജാവേ, ഒരു സദ്ഗുരുവിന്‍റെ യഥാർത്ഥമായ ലക്ഷണങ്ങൾ ഞാൻ ഇപ്പോൾ വിവരിക്കാം. ഏകാഗ്രമായ മനസ്സോടെ ഇത് ശ്രദ്ധിച്ചാൽ അങ്ങേയ്ക്കു സുഖം പ്രാപ്തമാകും.

तरी जो कायावाचामनें । अतिकृपाळू दीनाकारणें ।
तोडी शिष्याचीं भवबंधनें । उठवी ठाणें अहंकाराचें ॥ २९७ ॥

മനസ്സ്, വാക്ക്, ശരീരം കൊണ്ട് ദീന ജനങ്ങളിൽ കൃപയുള്ളവനും, ശിഷ്യന്‍റെ ഭവ ബന്ധനത്തെ ഇല്ലാതെയാക്കുന്നവനും, അഹങ്കാരത്തിനെ വേരോടെ ഇല്ലാതെയാക്കുന്നവനും...

जो शब्दज्ञानें पारंगतु । ब्रह्मानंदे सदा डुल्लतु ।
शिष्य प्रबोधनीं समर्थू । यथोचितू निजभावे ॥ २९८ ॥

ശബ്ദജ്ഞാനത്തിൽ പാരംഗതനും, എപ്പോഴും ബ്രഹ്മാനന്ദത്തിൽ ലയിച്ചിരിക്കുന്നവനും, ശിഷ്യന് മനസ്സിലാകുന്ന വിധത്തിൽ ജ്ഞാനം നൽകി ഉദ്ധരിക്കുവാൻ കഴിവുള്ളവനുമാണ്.

ज्याचा जैसा जैसा भावो । तैसा तैसा करी अनुभवो ।
तरी गुरुत्वाचा अहंभावो । अणुमात्र पहा हो धरीना ॥ २९९ ॥

ശിഷ്യന്‍റെ ഭക്തിക്കനുസൃതമായ അനുഭവങ്ങൾ അദ്ദേഹം നൽകുന്നു എങ്കിലും സ്വയം `ഞാൻ ഗുരുവാണ്' എന്ന അഹങ്കാരം ലവലേശം ഉള്ളിൽ ഇല്ല.

शिष्यपासूनि सेवा घेणें । हें स्वप्नींही न स्मरे मनें ।
शिष्याची सेवा स्वयें करणें । पूज्यत्वें पाहणें निजशिष्यां ॥ ३०० ॥

ശിഷ്യനിൽ നിന്ന് സേവനം സ്വീകരിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ചിന്തിക്കുക പോലും ചെയ്യുന്നില്ല; പകരം, സ്വയം ശിഷ്യനെ സേവിക്കുകയും ബഹുമാന്യനായി കണക്കാക്കുകയും ചെയ്യുന്നു.

शिष्य देखावा पुत्रासमान । हें स्मृतिवाक्य असे प्रमाण ।
दृष्टीं देखो नेणें गौण । शिष्या देखे पूर्ण ब्रह्मत्वें ॥ ३०१ ॥

ശിഷ്യനെ പുത്രനായി കണക്കാക്കണമെന്ന സ്മൃതിവാക്യമനുസരിച്ച് അദ്ദേഹം ശിഷ്യനെ താഴ്ന്ന പദവിയുള്ളവനായി കാണുന്നില്ല; മറിച്ച് ബ്രഹ്മമായിട്ടാണു കാണുന്നത്.

शिष्य सेवा करी निजभावार्थें । परी तो सेवक न म्हणे त्यातें ।
ज्यासी भगवद्‌रूप सर्व भूतें । शिष्य वेगळा तेथें सेवकत्वें नुरे ॥ ३०२ ॥

ശിഷ്യൻ ഭക്തി കൊണ്ടാണ് ഗുരുവിനെ സേവിക്കുന്നത്; എന്നാൽ ഗുരു ശിഷ്യനെ ദാസനാണെന്ന് കരുതുന്നില്ല. എല്ലാ ജീവജാലങ്ങളെയും ഈശ്വര തുല്യമായിട്ടു കാണുന്ന അദ്ദേഹത്തിന് എങ്ങനെയാണ് ശിഷ്യനെ തന്റെ ദാസനായി കാണാൻ കഴിയുക?

ऐसा मी एक महायोगी । हेंही न मिरवी तो जगीं ।
गुरुत्वाचा ताठा अंगीं सर्वथा । शिगीं लागों नेदी ॥ ३०३ ॥

താൻ ഒരു മഹാനായ യോഗിയാണെന്ന ഭാവം അദ്ദേഹം മനസ്സിൽ വെക്കുകയോ, ലോകത്തിൽ തന്റെ മഹിമ പ്രദർശിപ്പിക്കുകയോ ചെയ്യുന്നില്ല. ഗുരുവാണെന്ന അഹങ്കാരം മനസ്സിൽ ഉദിക്കാൻ അദ്ദേഹം അനുവദിക്കുന്നില്ല.

आपुल्या योगक्षेमाचें सांकडें । स्वप्नींही न घाली शिष्याकडे ।
शिष्य संकट अतिगाढें । निवारी रोकडें निजांगें जो ॥ ३०४ ॥

തന്റെ സംരക്ഷണഭാരം ശിഷ്യന്റെ ചുമലിൽ വയ്ക്കുന്നില്ല; മറിച്ച്, ശിഷ്യന് എന്തെങ്കിലും ആപത്ത് സംഭവിച്ചാൽ, അത് ഒഴിവാക്കാൻ അദ്ദേഹം തിടുക്കം കൂട്ടുന്നു.

मी एक अकर्ता निजात्मयोगी । म्हणौनि विषयांतें न भोगी ।
अथवा विषयो निःशेष त्यागी । हाही आग्रहो अंगीं असेना ॥ ३०५ ॥

ഞാൻ ഒരു അകർത്താവും ആത്മസ്ഥിതനുമാണ് എന്ന് പ്രഖ്യാപിച്ചുകൊണ്ട്, അദ്ദേഹം ഇന്ദ്രിയവിഷയങ്ങളെ അമിതമായി ഭോഗിക്കുകയില്ല. അവയെ പൂർണ്ണമായും ത്യജിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ഇല്ല.

तो विषय भोगी ना स्वयें त्यागी । तो अदृष्टाच्या निजविभागीं ।

लावूनियां देहाच्या अंगीं । परब्रह्मयोगीं विचरत ॥ ३०६ ॥

പ്രാരബ്ധവശാൽ അനുഭവിക്കേണ്ടിവരുന്ന ഭോഗങ്ങളെ അദ്ദേഹം ശരീര ധർമ്മമായിട്ടു കരുതി എപ്പോഴും സമാധിസ്ഥനായിട്ടിരിക്കുന്നു.

देह दैवें पालखीमाजीं चढे । अथवा विष्ठेमाजीं पडे ।
तें दोहींचें सुखदुःख त्याकडे । मी म्हणौनि पुढें कदा न रिघे ॥ ३०७ ॥

ദേഹം പല്ലക്കിൽ സഞ്ചരിച്ചാലും വിസർജ്യത്തിൽ വീണാലും, അതിൽ സുഖിക്കുകയോ ദുഖിക്കുകയോ ചെയ്യുന്നില്ല.

देहीं असोनि नाहीं अहंकृती । गेहीं असोनि नाहीं गृहासक्ती ।
शेखीं लोकांमाजीं लौकिकस्थिती । सुखें वर्तती लोकांसरिसें ॥ ३०८ ॥

ദേഹം ഉണ്ടായിട്ടും അതിൽ അഭിമാനം വെയ്ക്കുകയോ ഗൃഹത്തിൽ ഇരുന്നിട്ടും ഗൃഹത്തിനോട് ആസക്തി വെക്കുകയോ ചെയ്യുന്നില്ല. ലോക വ്യവഹാരങ്ങളെ നിർവഹിച്ചുംകൊണ്ട് ഒരു സാധാരണക്കാരനായി കഴിയുന്നു.

त्यासी स्त्री म्हणे माझा भर्ता । पुत्र म्हणे माझा पिता ।
शिष्य म्हणती गुरु तत्त्वतां । तो त्यांहूनि परता त्यांमाजीं वर्ते ॥ ३०९ ॥

ഭാര്യ അദ്ദേഹത്തിനെ ഭർത്താവ് എന്നും മകൻ അച്ഛൻ എന്നും ശിഷ്യന്മാർ ഗുരു എന്നും വിളിക്കുന്നു. പക്ഷേ, അദ്ദേഹം ഈ ബന്ധങ്ങൾക്കപ്പുറം നിലനിൽക്കുന്നു.

ऐशिया पूर्णप्रतीती । आचरोनि दावी भक्ती ।
हरि भजावा सर्वां भूतीं । हेंच शिष्यांप्रती उपदेशी ॥ ३१० ॥

അങ്ങനെ, അദ്ദേഹം തന്റെ പെരുമാറ്റത്തിലൂടെയും ആചാരണത്തിലൂടെയും ആചരണത്തിലൂടെയും ഭക്തിയിൽ ഏർപ്പെടുന്നു. എല്ലാ ജീവികളിലും ഹരിയെ കാണാനും ആ ഭഗവാനെ മാത്രം ആരാധിക്കാനും അദ്ദേഹം തന്റെ ശിഷ്യന്മാരോട് നിർദ്ദേശിക്കുന്നു.

हीं सद्गुरुचीं निजलक्षणें । पंडितां न कळती ज्ञातेपणें ।

पूर्णानुभवी जाणती खुणे । इतरांचें जाणणें पांगुळे तेथ ॥ ३११ ॥

ഒരു സദ്ഗുരുവിന്റെ ലക്ഷണങ്ങൾ ഇവയാണ്. തന്റെ അറിവിൽ അഹങ്കരിക്കുന്ന പണ്ഡിതന്മാർക്കുപോലും ഇതു ഉൾകൊള്ളാൻ സാധിക്കില്ല. അനുഭവജ്ഞാനം പൂർണമായിട്ടു കൈവരിച്ചവർക്കുമാത്രമേ ഇത് മനസ്സിലാവുകയുള്ളൂ . ബാക്കി എല്ലാവിധ ബുദ്ധിയും സാമർത്ഥ്യവും ഇതു മനസ്സിലാക്കാൻ അപര്യാപ്തമാണ്.

त्याचे गुरुत्वाची वोळखण । अंगीं निजशांति पूर्ण ।
हेंचि सद्गुरुत्वाचें लक्षण । मुख्य भूषण हेंचि राया ॥ ३१२ ॥

പരിപൂർണ ശാന്തിയാണ് ആ ഗുരുത്വത്തിന്റെ അടയാളം. ഹേ രാജാവേ, ഈ ശാന്തിയാണ് സദ്ഗുരുവിന്റെ ലക്ഷണവും മുഖ്യമായ ഭൂഷണവും.

जगीं शांति जाली परदेशी । कोठेंही ठावो न मिळे तिशीं ।
ते आली सद्गुरुपायांपाशीं । सुखवासासी वसावया ॥ ३१३ ॥

ശാന്തി ലോകത്തിൽ ഒരു പരദേശിയായി മാറിയിരുന്നു, താമസിക്കാൻ ഒരിടവും കണ്ടെത്താനായില്ല; അങ്ങനെ, അവൾ സദ്ഗുരുവിന്റെ കാൽക്കൽ വസിക്കാൻ വന്നു.

यापरी सद्गुरुपाशीं शांती । स्वयें आली सुखवासवस्ती ।
जेवीं कां माहेराआंतौती । स्वानंदें क्रीडती कन्या जैशी ॥ ३१४ ॥

ഒരു വിവാഹിതയായ മകൾ അമ്മയുടെ വീട്ടിൽ എത്തുമ്പോൾ സ്വതന്ത്രമായി സഞ്ചരിക്കുന്നതുപോലെ, ശാന്തി സന്തോഷത്തോടെ വസിക്കാൻ സദ്ഗുരുവിന്റെ അടുത്തെത്തി.

जाणोनि वेदशास्त्र निश्चितीं । जो न मिरवी गा व्युत्पत्ती ।
ज्यासी अपरोक्षें पूर्ण शांती । तो सद्गुरुमूर्ति निश्चयें राया ॥ ३१५ ॥

വേദശാസ്ത്രങ്ങളുടെ രഹസ്യം അറിഞ്ഞിട്ടും തന്റെ വിദ്വത്തിനെ അനാവശ്യമായി പ്രദർശിപ്പിക്കാത്ത ആളാണ് അപരോക്ഷാനുഭൂതിയുടെ പൂർണ ശാന്തി കൈവരിച്ചിരിക്കുന്നത്. ഹേ രാജാവേ, അദ്ദേഹമാണ് നിശ്ചയമായും സദ്ഗുരു.

झणीं श्रोते कोपती येथ । म्हणतील ग्रंथ वाढविला व्यर्थ ।
निष्णात या पदाचा अर्थ । काढितां तेथ स्फुरलें हो ॥ ३१६ ॥

(ഏകനാഥ് പറയുന്നു) - ഞാൻ ഇത്രയും വിവരിച്ച് ഗ്രന്ഥത്തിനെ അനാവശ്യമായി നീളിപ്പിക്കുന്നു എന്ന് ഒരുപക്ഷെ ശ്രോതാക്കൾ കോപിച്ചേക്കാം. പക്ഷെ `**നിഷ്ണാതം**' (നിപുണൻ) എന്ന വാക്ക് വിശദീകരിക്കുമ്പോൾ ഇതെല്ലാം സ്വാഭാവികമായി സംഭവിച്ചുപോയതാണ്.

हे माझे गांठीची नव्हे युक्ती । सद्गुरु आपण आपली स्थिती ।
बोलवीतसे ग्रंथार्थीं । पदपदार्थीं साधूनि ॥ ३१७ ॥

ഇത് എന്റെ സ്വന്തം പാണ്ഡിത്യത്തിന്റെ പ്രകടനമല്ല; മറിച്ച്, സദ്ഗുരു തന്നെ ഓരോ വാക്കിനും അർത്ഥം വ്യക്തമാക്കുകയും എന്നിലൂടെ സംസാരിക്കുകയും ചെയ്യുകയാണ്.

तरी सद्गुरुचीं लक्षणें । न वर्णवती अगाधपणें ।
वेद वेडावले मुकेपणें । तेथें माझें बोलणें सरे केवीं ॥ ३१८ ॥

എന്നിരുന്നാലും, സദ്ഗുരുവിന്റെ ഗുണങ്ങൾ വളരെ അഗാധമാണ്, അവയെ വിവരിക്കുക ബുദ്ധിമുട്ടാണ്. വേദങ്ങൾ പോലും അന്ധാളിച്ച് നിശബ്ദമാകുമ്പോൾ, എന്റെ വാക്കുകൾക്ക് എന്ത് പ്രയോജനമാണുള്ളത്?

येथ आश्चर्य कैसे देखा । श्रीभगवत देशभाखा ।
परमार्थु साधिला नेटका । तुष्टला निजसखा जनार्दनस्वामी ॥ ३१९ ॥

നോക്കൂ, എന്തൊരു അത്ഭുതമാണിത്! എന്റെ സുഹൃത്തായ ജനാർദ്ദന സ്വാമി സന്തുഷ്ടനായതിനാൽ, ശ്രീമദ് ഭാഗവതം പ്രാദേശിക ഭാഷയിൽ മനോഹരമായി വെളിപ്പെടുത്തപ്പെട്ടിരിക്കുകയാണ്.

एका जनार्दना शरण । त्याची जैं होय कृपा परिपूर्ण ।
त्या देहीं असता देहबंधन । नातळे जाण गुरुभक्तां ॥ ३२० ॥

ഏകനാഥൻ ജനാർദ്ദനസ്വാമിയെ ശരണം പ്രാപിച്ചിരിക്കുന്നു.

ഗുരുവിന്റെ കൃപ പൂർണ്ണമായി ലഭിക്കുമ്പോഴാണ് ഒരു ഭക്തന് ശരീരം ഉണ്ടെങ്കിലും ശരീരത്തിന്റെ ബന്ധനങ്ങൾ സ്പർശം പോലും ചെയ്യാത്തത്.

ज्याचे सेवितां निजचरण । देहीं न बाधी देहबंधन ।
त्यासी जाहलिया अनन्य शरण । दे अगाध कोण हें न कळे वेदां ॥ ३२१ ॥

ഗുരുചരണങ്ങളെ സേവിക്കുന്ന ഒരു ഭക്തന് ശരീരം ഉണ്ടെങ്കിലും ദേഹ ബന്ധനങ്ങൾ ബാധിക്കുകയില്ല. ഇങ്ങനെ അനന്യഭാവത്തിൽ ശരണാഗതി ചെയ്ത ഒരുഭക്തന് ലഭിക്കുന്ന അളവറ്റ ഭാഗ്യത്തിനെ വേദങ്ങൾക്കുപോലും വർണ്ണിക്കാൻ കഴിയില്ല.

न करितां सद्‌गुरुभक्ती । कदा नव्हे परमार्थप्राप्ती ।
यालागीं सद्‌गुरुभक्ती । बोलिलीं ग्रंथीं शिष्यहितार्थ ॥ ३२२ ॥

സദ്ഗുരുവിനോടുള്ള ഭക്തി കൂടാതെ, പരമാർത്ഥജ്ഞാനം കൈവരിക്കുക അസാധ്യമാണ്; അതിനാൽ, ശിഷ്യന്റെ ക്ഷേമത്തിനായി സദ്ഗുരുവിനോടുള്ള ഭക്തി വേദങ്ങൾ അനുശാസിക്കുന്നു.

यालागीं पूर्ण सद्‌गुरुपाशीं । अनन्य शरण होतां त्यासी ।
तो सद्‌भावें निववी शिष्यासी । निजबोधेंसीं यथार्थ ॥ ३२३ ॥

അതുകൊണ്ട് അനന്യഭാവത്തിൽ ഒരു ശിഷ്യൻ സദ്ഗുരുവിനെ ശരണാഗതി ചെയ്യണം. ഇങ്ങനെ ചെയ്യുന്നതിനാൽ സദ്ഗുരു ശിഷ്യന് ആത്മബോധത്തെ കൊടുത്ത് ശിഷ്യൻ പരമതൃപ്തനാകുന്നു.

सद्‌गुरुस्थितीचें निरूपण । राया सांगितलें संपूर्ण ।
आतां शिष्याचे लक्षण । सावधान अवधारीं ॥ ३२४ ॥

ഹേ രാജാവേ, ഇങ്ങനെ, ഗുരുവിന്റെ ലക്ഷണങ്ങളെ പറഞ്ഞു, ഇനി ശിഷ്യന്റെ ലക്ഷണങ്ങളെ പറയാം, ശ്രദ്ധിച്ചു കേട്ടാലും.

തത്ര ഭാഗവതാൻ ധർമ്മാൻ ശിക്ഷേദ്ഗുർവ്വാത്മദൈവതഃ ।
അമായയാനുവൃത്ത്യാ യൈസ്തുഷ്യേദാത്മാത്മദോ ഹരിഃ ॥ 22 ॥

ഗുരു തന്നെ ആത്മാവും ദൈവമും എന്ന ഭാവനയോടെ കപടമില്ലാത്ത ഭക്തിയോടെ ഗുരുവിനെ സേവിക്കണം, ഇതിനാൽ ഭഗവാൻ ശ്രീഹരി സന്തോഷിച്ച് തന്നെ തന്നെ നൽകുന്നു.

वरीवरी दिसती सात्त्विक । भीतरीं विकल्पी शिष्य एक ।
एक ते केवळ दांभिक । एक ज्ञानठक अतिधूर्त ॥ ३२५ ॥

ചില ശിഷ്യന്മാരുണ്ട്, അവർ വളരെ സൗമ്യരായി കാണപ്പെടുന്നു; പക്ഷേ അവരുടെ മനസ്സിൽ ധാരാളം വികല്പങ്ങളുണ്ട്. ചിലർ കപടനാട്യക്കാരാണ്. ചിലർ തന്ത്രശാലികളാണ്, അവർ ഒളിഞ്ഞും തെളിഞ്ഞും പഠിക്കുന്നു.

एक ते केवळ प्रतिष्ठाकाम । एकासी पूज्यतेचा संभ्रम ।
एकासी जाणिवेचा आक्रम । एकाचे पोटीं भ्रम महासिद्धीचा ॥ ३२६ ॥

പലരും സ്ഥാനമാനങ്ങളെ കൊതിക്കുന്നു. പലരും ബഹുമാനങ്ങളെ പ്രതീക്ഷിക്കുന്നു. ചിലർ തങ്ങളുടെ അറിവിൽ അഭിമാനിക്കുന്നു. ചിലർ മഹാസിദ്ധികൾ നേടാൻ ആഗ്രഹിക്കുന്നു.

एक वाग्वादी वाजट । एक अतिशयेंसीं कर्मठ ।
एक केवळ कर्मनिष्ठ । आम्ही ब्रह्मनिष्ठ अभिमानें ॥ ३२७ ॥

ചിലർക്ക് വാക്തർക്കങ്ങളിൽ ഏർപ്പെടാനാണ് ഇഷ്ടം. ചിലർ വാചാലരായി സംസാരിച്ചുകൊണ്ടേയിരിക്കുന്നു. ചിലർ കർമ്മഠൻമാരാകുന്നു, ചിലർ സ്വയം `ഞാൻ ബ്രഹ്മനിഷ്ഠൻ' എന്ന് കരുതി വിഹിത കർമ്മങ്ങൾപോലും അനുഷ്ഠിക്കില്ല.

एका आवडे वायुधारण । एका आसनजयाभिमान ।
एकाचें संशयी मन । विश्वास पूर्ण दृढ नाहीं ॥ ३२८ ॥

ചിലർ പ്രാണായാമം ഇഷ്ടപ്പെടുന്നു, ചിലർക്ക് ആസനജയത്തിൽ ഒരു അഭിമാനം, ചില ശിഷ്യർ സംശയാലുകളാണ് - അവർക്കൊന്നിനെയും വിശ്വാസം ഉണ്ടാവില്ല.

एक आदरें उपदेशु घेती । मग होय नव्हे विकल्प चित्तीं ।

ऐशा अनेक शिष्यपंक्ती । ते जाण निश्चितीं मायिक ॥ ३२९ ॥

ചില ശിഷ്യന്മാർ ഗുരുവിൽ നിന്ന് ആദരപൂർവ്വം ഉപദേശം സ്വീകരിക്കുന്നു, പക്ഷേ അവർ അത് അനുഷ്ഠിക്കില്ല, അല്ലെങ്കിൽ ഉപദേശത്തിൽ പൂർണ വിശ്വാസമില്ല. അങ്ങനെ പല തരത്തിലുള്ള ശിഷ്യന്മാരുണ്ട്, പക്ഷേ ഭൂരിഭാഗവും കപടവിശ്വാസികളാണ്.

आतां जे कां अमायिक । शोधितसत्त्वाचे सात्त्विक ।
मुख्य परमार्था साधक । जे अवंचक सर्वस्वें ॥ ३३० ॥

ഇനി, നല്ല ശിഷ്യന്മാരുടെ ലക്ഷണങ്ങൾ ഞാൻ പറയാം. അവർ നിഷ്കളങ്കരും, നിർമ്മലരും, ഉയർന്ന ജീവിതരീതിയിൽ യഥാർത്ഥത്തിൽ താല്പര്യമുള്ള ഭക്തരുമാണ്. അവരിൽ ഒരു കാപട്യവുമില്ല.

जे गुरुचरणाचे अंकिले । जे गुरुवाक्या जीवें विकले ।
सद्गुरूलागीं वहिलें । सर्वस्व आपुलें वोवाळिती ॥ ३३१ ॥

അവർ ഗുരുചരണങ്ങളെ സർവോപരി എന്ന് കരുതുന്നു, ഗുരുവാക്യത്തിന് ജീവനെ അർപ്പിക്കുന്നു, അവർ സദ്ഗുരുവിനായി അവരെത്തന്നെ നൽകിയിരിക്കുന്നു.

जो सद्गुरूच्या बोलावरी । जीविताची कुरवंडी करी ।
जो गुरुआज्ञेबाहेरी । तिळभरी हों न शके ॥ ३३२ ॥

ഒരു നല്ല ശിഷ്യൻ സദ്ഗുരുവിന്റെ ആജ്ഞകൾ നിറവേറ്റുന്നതിനായി മരിക്കാൻ പോലും തയ്യാറാണ്. അവൻ ഒരിക്കലും സദ്ഗുരുവിന്റെ ആജ്ഞകൾക്ക് അല്പം പോലും അപ്പുറത്തേക്ക് പോകില്ല.

सद्गुरूतें मनुष्यबुद्धी । पाहोंचि नेणे जो त्रिशुद्धी ।
सेवेलागीं निरवधी । हर्षानंदीं तत्पर ॥ ३३३ ॥

അദ്ദേഹം തന്റെ സദ്ഗുരുവിനെ ഒരു വ്യക്തിയായി കാണുന്നില്ല, എല്ലായ്പ്പോഴും അദ്ദേഹത്തെ സന്തോഷത്തോടെ സേവിക്കാൻ തയ്യാറാണ്.

निजभावार्थें सादर । सेवेलागीं अतितत्पर ।
शरीर आठही प्रहर । अणुमात्र वंचिना ॥ ३३४ ॥

ഏതു സമയവും തന്റെ ഗുരുവിനെ സേവിക്കാൻ അദ്ദേഹം തയ്യാറാണ്. ഗുരുവിനുവേണ്ടി ശരീരത്തിനെ ക്ഷീണിപ്പിക്കുന്ന കഠിനാധ്വാനം ചെയ്യാൻ അദ്ദേഹത്തിന് മടിയില്ല.

उंच अथवा नीच काम । म्हणो नेणे मनोधर्म ।
गौण करोनि नित्यकर्म । मानी उत्तमोत्तम गुरुसेवा ॥ ३३५ ॥

ഗുരു സേവയായി ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തി തരംതാണതാണെന്നോ, തുച്ഛമാണെന്നോ, മാന്യമല്ല എന്നോ അദ്ദേഹം ഒരിക്കലും കരുതില്ല. ഗുരു സേവക്കായി സ്വന്തം നിത്യാനുഷ്ഠാനങ്ങൾ പോലും ഇദ്ദേഹം ഒഴിവാക്കുന്നു.

सेवेंलागीं निष्कपट । नित्य निजभावें चोखट ।
जंव जंव सेवा पडे सदट । तंव तंव उद्‌भट उल्हासु ॥ ३३६ ॥

യാതൊരു കാപട്യവുമില്ലാതെ, ശുദ്ധമായ മനസ്സോടെയാണ് അദ്ദേഹം സേവ ചെയ്യുന്നത്. ഗുരുവിനുവേണ്ടി കൂടുതൽ കഠിനമായ ജോലി ചെയ്യേണ്ടിവരുമ്പോൾ, അദ്ദേഹത്തിന്റെ ഉത്സാഹവും വർദ്ധിക്കുന്നു.

सच्छिष्य असच्छिष्य समुदावो । सद्‌गुरूसी सारिखेचि पहा वो ।
ज्याचे हृदयीं जैसा भावो । तैसा पहा हो फळभोग ॥ ३३७ ॥

ഒരു ഗുരുവിന് യോഗ്യനായ ശിഷ്യനും അയോഗ്യനായ ശിഷ്യനും ഒരുപോലെയാണ്; എന്നിരുന്നാലും, ഭാവത്തിനു തക്കതായ ഫലം ശിഷ്യന് ലഭിക്കും.

‘भावेषु विद्यते देवो’ । हा उपदेशीं मुख्य निर्वाहो ।
आपुला आपणया भावो । फळभोग पहा हो भोगवी ॥ ३३८ ॥

`ഭാവേഷു വിദ്യതേ ദേവോ' എന്ന ഉപദേശത്തിന്റെ അർത്ഥം, ഭഗവാനെ നമ്മുടെ ഭാവത്തിലൂടെ പ്രാപ്തമാക്കാം. ഒരാൾക്ക് ഭാവത്തിനനുസൃതമായ ഫലം ലഭിക്കുന്നു.

चुकवावया मृत्यूचा ठावो । जाणिवे आणितां निजभावो ।
हिरण्यकशिपु नाडला पहा हो । संधी साधोनि देवो निर्दळी त्यासी ॥ ३३९ ॥

ഹിരണ്യകശിപു എന്ന അസുരൻ ബുദ്ധിപൂർവ്വം മരണം ഒഴിവാക്കാൻ ശ്രമിച്ചു, പക്ഷേ അത് തന്നെ അവന് മാരകമായി. തനിക്ക് ലഭിച്ച വരത്തിന്റെ വാക്യത്തിലെ പഴുതുകൾ കണ്ടെത്തിയ ഭഗവാൻ വിഷ്ണു ആ അസുരനെ വധിച്ചു.

तेथेंचि प्रल्हादाचा भावो । मज रक्षिता देवाधिदेवो ।
त्यासी साक्षेपें मारितां रावो । मरणचि वावो भावार्थें केलें ॥ ३४० ॥

പക്ഷേ, ആ അസുരന്റെ മകൻ പ്രഹ്ളാദനെ നോക്കൂ! ദേവാദിദേവൻ എന്റെ രക്ഷകനാണെന്നു ആ കുഞ്ഞു ഉറച്ച് വിശ്വസിച്ചു. അതുകൊണ്ടാണ് പ്രഹ്ളാദനെ വധിക്കാൻ തന്റെ അച്ഛൻ നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടത്.

परमार्थीं जें जाणपण । ते जाणावी नागवण ।
यालागीं सद्‌भावें जो संपूर्ण । तो जन्ममरणछेदकु ॥ ३४१ ॥

പരമാർത്ഥജ്ഞാനത്തിൽ അഹങ്കരിക്കുന്നത് ശുദ്ധ വിഡ്ഢിത്തനമാണ്. സദ്ഭാവ ബലവും വിനയവുമുള്ള ഒരാൾക്ക് ജനനമരണങ്ങളുടെ ശൃംഖലയെ തകർക്കാൻ കഴിയും.

मी शिष्यपरीक्षकु ज्ञाता । हे सद्‌गुरुसी नाही अहंता ।
तेथें जैशी त्याची भावार्थता । तैशा तैशा अर्था तो पावे ॥ ३४२ ॥

"ശിഷ്യനെ പരീക്ഷിക്കുന്ന ജ്ഞാനിയാണ് ഞാൻ" എന്ന അഹങ്കാരം ഒരു സദ്ഗുരുവിൽ ഒരിക്കലും ഉണ്ടാകില്ല; മറിച്ച്, ഒരാൾ ഹൃദയത്തിൽ സൂക്ഷിക്കുന്ന ഭക്തിയുടെ സ്വഭാവമനുസരിച്ച് ഫലം കൊയ്യുന്നു.

हें असो सच्छिष्याचा सद्‌भावो । राया अभिनव कैसा पहा हो ।
गुरु ब्रह्म ऐक्यभावो । निजनिर्वाहो निष्टंक ॥ ३४३ ॥

രാജാവേ, (സദ്ഗുരുവിന്റെ ലക്ഷണങ്ങൾ) അങ്ങനെയിരിക്കട്ടെ, പക്ഷേ ഒരു യഥാർത്ഥ ശിഷ്യന്റെ ഭക്തിഭാവന എത്ര

അദ്ഭുതമാണെന്നു നോക്ക് - ആ ശിഷ്യൻ ഗുരുവിനെയും ബ്രഹ്മത്തെയും ഒന്നായി കാണുന്നു.

माझ्या इंद्रियवृत्ती चाळिता । सद्‍गुरु निजात्मा मजआंतौता ।
बाह्य सेवेलागीं सर्वथा । ब्रह्ममूर्ति तत्त्वतां सद्‍गुरु मानी ॥ ३४४ ॥

ഇന്ദ്രിയങ്ങളെ ചലിപ്പിക്കുന്ന ശക്തിയാണ് സദ്ഗുരു എന്നും, ഹൃദയത്തിൽ വസിക്കുന്ന ആത്മാവ് അദ്ദേഹമാണെന്നും ആ ശിഷ്യൻ കരുതുന്നു. ബാഹ്യമായിട്ടുമുള്ള സേവ ചെയ്യുമ്പോൾ, ആ ശിഷ്യൻ, ബ്രഹ്മം തന്നെയാണ് ഗുരു എന്ന രൂപത്തിൽ തന്റെ മുമ്പിൽ നിൽക്കുന്നത്, എന്ന് മാനിക്കുന്നു.

सद्‍गुरुचरणीं आपण । चित्त-वित्त-जीवितेंसीं पूर्ण ।
करूनि घाली आत्मार्पण । सर्वस्वें संपूर्ण सर्वभावें ॥ ३४५ ॥

ആ ശിഷ്യൻ തന്റെ ശരീരം, മനസ്സ്, സമ്പത്ത് - എന്തിന്, സ്വന്തം ജീവൻ പോലും - സദ്ഗുരുവിന്റെ പാദങ്ങളിൽ സമർപ്പിക്കുന്നു; മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആത്മാർപ്പണം ചെയ്യുന്നു.

तेथें संतुष्टला स्वामी पूर्ण । तोही सर्वस्वें भुलोन ।
आवडी निजांगें आपण । सेवका आधीन स्वामी होये । ३४६ ॥

ആ ഭക്തന്റെ സേവയിൽ സദ്ഗുരു സന്തുഷ്ടനായിട്ട്, ശിഷ്യന്റെ സ്വാമിയായിട്ടുപോലും സേവക ഭാവത്തിൽ അധീനനാകുന്നു.

आत्मार्पण करितां बळी । द्वारीं द्वारपाळ जाहला वनमाळी ।
ऐसी भजनभावाची नवाळी । सेवकाजवळी स्वामी तिष्ठे ॥ ३४७ ॥

ആത്മനിവേദനം ചെയ്ത ബലിയുടെ പടിവാതിലിൽ ഭഗവാൻ ദ്വാരപാലകനായി സേവിച്ചുകൊണ്ട് നിൽക്കുന്നു. ഭാവ ഭക്തിയുടെ മഹിമ ഇതാണ് - സ്വാമി ഭക്തന്റെ സേവകനായി മാറുന്നു.

एवढी ये अगाध प्रीती । उत्तम भक्त स्वयें पावती ।
भाव्याभोळ्यां हेचि स्थिती । कैशा रीती आतुडे ॥ ३४८ ॥

പരമഭക്തരായവർ ഭഗവാന്റെ അഗാധമായ സ്നേഹത്തിന് പാത്രമാകുന്നു; എന്നാൽ സാധാരണക്കാർക്ക് ഈ ഭാഗ്യം എങ്ങനെ

ലഭിക്കും?

याचिलागीं सद्‌गुरूपाशीं । शरण रिघावें सर्वस्वेंशीं
तो संतोषोनियां शिष्यासी । भजनधर्मासी उपदेशी ॥ ३४९ ॥

ഇതിനായി, ഒരാൾ പൂർണ്ണമായും സദ്ഗുരുവിനെ ശരണാഗതി ചെയ്യണം, തുടർന്ന് അദ്ദേഹം ശിഷ്യന് ഭജന ധർമ്മത്തിനെ ഉപദേശിക്കും.

जेणें भजनें भगवंत । भजोनि जाहले उत्तम भक्त ।
ते भागवतधर्म समस्त । शिकावे निश्चित सद्‌भावेंसीं ॥ ३५० ॥

ഏതു ഭാഗവത ധർമ്മത്തിനെ ആശ്രയിച്ചതുകൊണ്ടാണോ ഒരാൾക്ക് ഉത്തമ ഭക്തൻ എന്ന പദവി ലഭിച്ചത്, ആ ധർമ്മങ്ങളെ ഒരു ശിഷ്യൻ സദ്ഗുരുവിൽനിന്നും ഉറച്ച ബോധ്യത്തോടും ഭക്തിയോടും കൂടി പഠിക്കണം.

मुख्य भागवतधर्मस्थिती । अवश्य करावी सत्संगती ।
हेंचि सद्‌गुरु उपदेशिती । असत्संगतित्यागार्थ ॥ ३५१ ॥

ഭാഗവത ധർമ്മത്തിന്റെ പ്രമുഖ ലക്ഷണമാണ് സത്സംഗം. സദ്ഗുരുവും അസത്സംഗത്തിനെ ത്യാഗം ചെയ്യാനുള്ള ഉപദേശമാണ് നൽകുന്നത്.

സർവതോ മനസോഽസംഗമാദൌ സംഗം ച സാധുഷു ।
ദയാം മൈത്രീം പ്രശ്രയം ച ഭൂതേഷ്വദ്ധാ യഥോചിതം ॥ 23 ॥

ആദിയിൽ എല്ലാറ്റിൽനിന്നും മനസ്സിന്റെ സംഗമില്ലായ്മയേയും സജ്ജനങ്ങളിൽ ചേർച്ചയേയും സർവപ്രാണികളിലും കരുണയേയും മിത്രഭാവത്തേയും നമസ്കാരത്തേയും വേണ്ടപോലെ യഥാർത്ഥമായിട്ട് അഭ്യസിക്കണം.

सर्वांपासोनि निःसंग । जरी मनीं होणें आहे चांग ।
तैं अवश्य धरावा सत्संग । असत्संग त्यागावा ॥ ३५२ ॥

മനസ്സിൽ നിസ്സംഗതയെ ആഗ്രഹിക്കുന്ന ഒരാൾ തീർച്ചയായും സത്സംഗത്തിൽ ഏർപ്പെടുകയും, അസത്സംഗം ഉപേക്ഷിക്കുകയും വേണം.

मुख्य असत्संग देहसंगती । त्याची समूळ करावी निवृत्ती ।
जगीं दाटुगी सत्संगती । जाण निश्चिती नृपनाथा ॥ ३५३ ॥

`ഞാൻ ദേഹമാണ്' എന്ന ചിന്ത തന്നെയാണ് മുഖ്യമായിട്ടുള്ള അസത്സംഗം. ഈ ചിന്തയെ പൂർണമായിട്ട് ഉപേക്ഷിക്കണം. ഹേ രാജേശ്വര, സത്സംഗത്തിന്റെ പ്രഭാവം വളരെ ശക്തിയുള്ളതാണെന്നു ഓർക്കുക!

तेथें दया मैत्री प्रश्रयो पूर्ण । मुख्यत्वें हें त्रिविध लक्षण ।
अवश्य करावें आपण । सत्संग प्रमाण स्वहितासी ॥ ३५४ ॥

ദയ, മൈത്രീഭാവം, വിനയം എന്നീ മൂന്ന് ഗുണങ്ങൾ പൂർണ്ണമായും പ്രകടമാകുന്ന ഒരു വ്യക്തിയുടെ സഹവാസത്തതിനെയാണ് 'സത്സംഗം' എന്ന് വിളിക്കുന്നത്. സ്വഹിതത്തിനായി 'സത്സംഗം' വളരെ മുഖ്യമാണ്.

सांडोनिया थोरपण । साधूसी लीन होआवें संपूर्ण ।
सांडोनियां देहाभिमान । त्यासी लोटांगण घालावें ॥ ३५५ ॥

നമ്മുടെ ഉപരിഭാവഭ്രമം മാറ്റിവെച്ച് സാധുക്കളെ ശരണം പ്രാപിക്കണം. ദേഹാഭിമാനത്തെ വിട്ട് അവരെ ലജ്ജ കൂടാതെ വീണു നമിക്കണം.

साधूपरता पूज्य पहा हो । जगीं नाही आन देवो ।
संतपूजनें देवाधिदेवो । स्वयमेवो संतुष्टे ॥ ३५६ ॥

ഈ ലോകത്തിൽ സാധുക്കളെക്കാളും ശ്രേഷ്ഠരായ മറ്റാരുമില്ല. സാധുക്കളെ പൂജിക്കുന്നതുകൊണ്ട് ദേവന്മാർ പോലും സന്തുഷ്ടമാകുന്നു.

संतपदींचे रजःकण । शिरीं वंदावे श्रद्धेने पूर्ण ।
संतांपुढें जाणपण । सर्वथा आपण न मिरवावें ॥ ३५७ ॥

സാധുക്കളുടെ പാദധൂളികൾ ഏറ്റവും ആദരവോടെ ശിരസ്സിൽ ധരിക്കണം. അവരോട് സ്വന്തം ബുദ്ധിയെക്കുറിച്ച് വീമ്പിളക്കരുത്.

देखोनि संतसमुदावो । अनन्यगती भगवद्भावो ।
भगवभावें नम्र स्वभावो । प्रश्रयो पहा हो या नांव ॥ ३५८ ॥

സാധുസംഗത്തിനെ ഭഗവത്സ്വരൂപമായിട്ടു കണ്ട് അനന്യ ഭാവത്തിൽ വന്ദിക്കണം. ഈ ഭാവത്തിൽ വിനമ്രമാകുന്നതിനാണ് `**പ്രശ്രയം**' അഥവാ വിനയം എന്ന് പറയുന്നത്.

नम्रता सेवितां सन्तचरण । येथें भूतदया वाढें पूर्ण ।
हें दयेचें निजलक्षण । सावधान । अवधारीं ॥ ३५९ ॥

സാധുക്കളുടെ ചരണങ്ങളെ വിനമ്രമായിട്ടു സേവിക്കുന്നതിനാൽ ഭൂത ദയ വർദ്ധിക്കുന്നു. ഇതാണ് ദയയുടെ മുഖ്യ ലക്ഷണം.

भूतांसी कठिणपण । देखतां निघों पाहे प्राण ।
मा स्वयें करील आपण । हें सर्वथा जाण स्वप्रीं न घडे ॥ ३६० ॥

ജീവജാലങ്ങളുടെ കഷ്ടപ്പാട് കാണുമ്പോൾ ഹൃദയം അസ്വസ്ഥമാകുന്ന ഒരാൾക്ക്, ആരെയും സ്വപ്നത്തിൽപ്പോലും വേദനിപ്പിക്കുവാൻ കഴിയില്ല.

जेणें आपणासी होय दुःख । तें भूतांसी करीना निःशेख ।
जेणें आपणासी होय सुख । तें आवश्यक करी दीना ॥ ३६१ ॥

ഏതു പ്രവർത്തിയാൽ തനിക്കു വേദനയുണ്ടാകുമോ, ആ പ്രവർത്തി അദ്ദേഹം ഒരു ജീവിയോടും ചെയ്യുകയില്ല. തനിക്ക് സുഖം നൽകുന്ന കാര്യങ്ങൾ അദ്ദേഹം ദീനന്മാർക്കും നൽകുന്നു.

सर्व भूतीं दया समान । कदा न बोले कठिणपण ।
भूतांची पीडा निवारण । करोनि आपण सुखोपाय चिंती ॥ ३६२ ॥

എല്ലാ ജീവജാലങ്ങളോടും അദ്ദേഹം സമാനമായ രൂപത്തിൽ ദയ കാണിക്കുന്നു, അവരോടൊരിക്കലും മോശമായിട്ടു സംസാരിക്കുന്നില്ല. ജീവജാലങ്ങളുടെ ദുഖനിവാരണത്തിനും സുഖ പ്രാപ്തിക്കുമുള്ള ഉപായങ്ങൾ അദ്ദേഹം ചിന്തിക്കുന്നു.

जीवमात्रीं दुरुक्ती बोलतां । जिव्हेच्या घेवों पाहे जीविता ।
भूतीं दुष्टपण चाळितां । समूळ निजचित्ता निर्दाळूं पाहे ॥ ३६३ ॥

ഏതൊരു ജീവിക്കെതിരെയും പരുഷമായ വാക്കുകൾ ഉച്ചരിക്കുമ്പോൾ, അദ്ദേഹം സ്വന്തം നാവ് മുറിച്ചുമാറ്റാൻ തയ്യാറാകുന്നു. ഏതൊരു ജീവിയോടും ശത്രുത പുലർത്തുമ്പോൾ, അദ്ദേഹം മനസ്സിനെ തകർക്കാൻ പോലും തയ്യാറാണ്!

भूतांसी जेथ पीडा पावे । त्यातळी जीव घालूं धांवे ।
जीवापरीस भूतें सर्वें । दयागौरवें पढियंतीं ॥ ३६४ ॥

എല്ലാ ജീവജാലങ്ങളും കഷ്ടപ്പെടാതിരിക്കാൻ അദ്ദേഹം തന്റെ ജീവനെ അവയുടെ കീഴിൽ വയ്ക്കുന്നു. അദ്ദേഹം മറ്റെല്ലാ ജീവികളെയും സ്വന്തം ആത്മാവിനേക്കാൾ സ്നേഹിക്കുന്നു, അവരോട് വളരെ ദയയോടെ പെരുമാറുന്നു.

ऐसें जें कारुण्य पूर्ण । त्या नांव दया संपूर्ण ।
आतां मैत्रीवें लक्षण । असाधारण तें ऐका ॥ ३६५ ॥

അത്തരം പൂർണ്ണമായ അനുകമ്പയെയാണ് `**ദയ**' എന്ന് വിളിക്കുന്നത്. ഇനി, `**മൈത്രി**'യുടെ അസാധാരണ ലക്ഷണങ്ങളെ ഞാൻ വിവരിക്കാം. കേൾക്കൂ!

सर्व भूतांचे ठायीं । सुहृदावांचोनि दुजें नाहीं ।
तरी न करितांचि मैत्री पाहीं । ठायींचे ठायीं अलोलिक ॥ ३६६ ॥

എല്ലായിടത്തും സുഹൃത്തുക്കൾ മാത്രമേയുള്ളൂ! എല്ലാ ജീവജാലങ്ങൾക്കും ഒരു നല്ല ഹൃദയമേയുള്ളൂ. സൗഹൃദം വളർത്തിയെടുക്കാൻ പരിശ്രമിക്കേണ്ട ആവശ്യമില്ല, അത് സ്വയം നിലനിൽക്കുന്നുണ്ട്.

जे विषयवियोगें न विटे । नाना विकल्पीं न तुटे ।
आलिया परम संकटें । मैत्री नेटेंपाटें सदा ग्राह्य ॥ ३६७ ॥

സുഹൃത്തുക്കൾക്കുവേണ്ടി എന്തെങ്കിലും ത്യജിക്കേണ്ടിവന്നാലും

സൗഹൃദം അവസാനിക്കുന്നില്ല. സംശയങ്ങൾ ഒരിക്കലും സൗഹൃദത്തിനെ മലിനപ്പെടുത്തുന്നില്ല.

या नांव गा मित्रभावो । प्राण गेलिया न तुटे पहा हो ।
देखतां कल्पांतकाळघावो । निजमित्रसमुदावो एकवटे कीं ॥ ३६८ ॥

വലിയ ദുരന്തങ്ങൾ ഉണ്ടായാലും സൗഹൃദം നിലനിൽക്കുന്നു. ജീവൻ പോയാൽപോലും തകരാത്ത ഒന്നാണ് സൗഹൃദം. ഒരു വലിയ ദുരന്തം വരുമ്പോൾ, യഥാർത്ഥ സുഹൃത്തുക്കൾ ഒത്തുചേരുന്നു.

ऐसी आचरतां निजस्थिती । श्रद्धा उपजे सर्वां भूतीं ।
त्या श्रद्धेची व्युत्पत्ती । यथनिगुती सांगेन ॥ ३६९ ॥

ഒരാളിങ്ങനെ ജീവിക്കുമ്പോൾ, അദ്ദേഹത്തിന്റെ മനസ്സിൽ എല്ലാ ജീവജാലങ്ങളെയും കുറിച്ചുള്ള ഒരു വലിയ ശ്രദ്ധ ഉണ്ടാകും. ആ ശ്രദ്ധയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഞാൻ ഇപ്പോൾ അങ്ങേയ്ക്കു പറയാം.

नवल श्रद्धेचें लक्षण । ब्रह्मा मुंगी समसमान ।
तरी यथोचित विधान । सर्वथा जाण चुकेना ॥ ३७० ॥

ശ്രദ്ധയുടെ ലക്ഷണങ്ങൾ അദ്ഭുതം തന്നെ. ശ്രദ്ധയുള്ള ഒരാൾ ബ്രഹ്മദേവനെയും ഒരു ഉറുമ്പിനെയും സമമായി ദർശിക്കുന്നു, എങ്കിലും, അവരോടു ചെയ്യാനുള്ള കർമ്മങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും വരുത്തുന്നില്ല, ഇതു ശ്രദ്ധിച്ചാലും.

अर्घ्यपाद्यादि पूजन । सकळ दान आणि सन्मान ।
हे श्रद्धा ब्रह्मणीं संपूर्ण । एकासी तें जाण अन्नमात्रचि ॥ ३७१ ॥

അർഘ്യപാദ്യാദി പൂജകളും , മറ്റ് ദാനങ്ങളും, ആദരവും ഒരു ബ്രാഹ്മണന് ശ്രദ്ധാപൂർവം അർപ്പിക്കേണ്ടതാണ്. ചിലർക്ക് അന്നം മാത്രം നൽകിയാൽ മതി.

एका अन्न आच्छादन । एकासी ते कोरडे कण ।
तृण आणि जीवन । एका पयःपान यथोचित ॥ ३७२ ॥

ചിലർക്ക് അന്നവും വസ്ത്രവും നൽകണം, ചിലർക്ക് ധാന്യങ്ങൾ നൽകണം,
ചില മൃഗങ്ങൾക്ക് പുല്ലും വെള്ളവും വേണം, (ഒരു കൊച്ചു കുട്ടിക്ക്) പാൽ മാത്രം മതി.

जेणें ज्यासी सुख संपूर्ण । तें तें करी उचित श्रद्धें जाण ।
अनुचित श्रद्धेचें विंदाण । दुःखकारी संपूर्ण सर्वार्थी ॥ ३७३ ॥

ചുരുക്കത്തിൽ, ആർക്കെന്തു കൊടുത്താൽ പൂർണ സുഖം പ്രാപ്തമാകുമോ, അവർക്കത് പൂർണ ശ്രദ്ധയോടെ ദാനം ചെയ്യണം. അനുചിതമായ ശ്രദ്ധയോടെ ചെയ്യപ്പെടുന്ന കാര്യങ്ങൾ എല്ലാവിധത്തിലും ദുഃഖകരമാകും.

जेवीं ब्राह्मणा वाढिलें तृण । गाईस वाढिलें मिष्टान्न ।
श्वानासी बैसणें सिंहासन । साधूसी आसन थारोळा ॥ ३७४ ॥

ഉദാഹരണത്തിന്, ഒരു ബ്രാഹ്മണന് പുല്ലും ഒരു പശു പോലുള്ള മൃഗത്തിന് പാചകം ചെയ്ത ഭക്ഷണവും നൽകുന്നത് അനുചിതമാണ്. ഒരു നായയെ സിംഹാസനത്തിൽ ഇരുത്തുന്നതും ഒരു ഋഷിക്ക് ഇരിക്കാൻ വൃത്തികെട്ട സ്ഥലം ചൂണ്ടിക്കാണിക്കുന്നതും മണ്ടത്തരമാണ്. ഇവ അനുചിതമായ ശ്രദ്ധയുടെ ലക്ഷണങ്ങളാണ്.

व्याघ्रासी पडिल्या लंघन । त्यासी अर्पूं नये गोदान ।
गाय गादल्या संपूर्ण । तैलाभ्यंजन करूं नये ॥ ३७५ ॥

കടുവയ്ക്ക് വിശന്നിരിക്കാം, പക്ഷേ ഭക്ഷണമായി പശുവിനെ അതിന്റെ മുന്നിൽ വയ്ക്കരുത്; ചെളി പുരണ്ട പശുവിനെ തൈലസേജനം ചെയ്യരുത്.

हो कां देह इंद्रियें जरी एकें । तरी जिव्हाकर्म नव्हे नाकें ।
तेवीं एक भूतात्मा भूतवेखें । उचितोन्मुखें यजावा ॥ ३७६ ॥

ഇന്ദ്രിയങ്ങൾ ഒരേ ശരീരത്തിന്റെ ഭാഗങ്ങളാണെങ്കിലും, മൂക്കിന് നാവിന്റെ ധർമ്മം നിർവഹിക്കാൻ കഴിയില്ല; അതുപോലെ, എല്ലാ ജീവികളിലും ഉള്ള ആത്മാവ് ഒന്നാണെങ്കിലും, അവയുടെ യോഗ്യതക്കനുസരിച്ച് അവയെ ആരാധിക്കണം.

करितां यथोचित अर्पण । जरी क्रिया दिसे भिन्न भिन्न ।
तरी अंतरश्रद्धा अभिन्न । हें मुख्य लक्षण भागवतधर्मीं ॥ ३७७ ॥

യോഗ്യതക്കനുസരിച്ച് ദാന വസ്തുക്കളും രീതിയും മാറും, എങ്കിലും മനസ്സിലുള്ള ശ്രദ്ധ ഒന്നാണ്. ഇതു ഭാഗവത ധർമ്മത്തിന്റെ ഒരു മുഖ്യ ലക്ഷണമാണ്.

भूतीं भूतात्मा अभिन्नस्थिती । दया मैत्री साधूंची भक्ती ।
हेच आतुडे कैशा रीतीं । प्रबुद्ध तदर्थीं उपाव सांगे ॥ ३७८ ॥

എല്ലാ ജീവജാലങ്ങളിലും ആത്മാവ് അഭിന്നമായി സ്ഥിതി ചെയ്യുന്നു. ദാനം, മൈത്രീ, സാധു ഭക്തി എന്നിവ ഏതുപ്രകാരമാണ് പ്രാപ്തമാവുക? പ്രബുദ്ധ ഋഷി ഇതിനായിട്ടുള്ള ഉപായം പറഞ്ഞു തുടങ്ങി -

तेचि नव श्लोकीं श्लोकोक्ती । समूळ भगवतधर्मस्थिती ।
प्रबुद्ध सांगे रायाप्रती । साधकां निजप्राप्ती साधावया ॥ ३७९ ॥

അടുത്ത ഒമ്പത് ശ്ലോകങ്ങളിലൂടെ പ്രബുദ്ധൻ എന്ന യോഗി, ബ്രഹ്മപ്രാപ്തിക്കായി, രാജാവിന് ഭാഗവത ധർമ്മത്തിലുള്ളവരുടെ സ്ഥിതിയെ വിശദീകരിക്കുന്നു.

ശൌചം തപസ്തിതിക്ഷാം ച മൌനം സ്വാധ്യായമാർജ്ജവം ।
ബ്രഹ്മചര്യമഹിംസാം ച സമത്വം ദ്വന്ദ്വസംജ്ഞയോഃ ॥ 24 ॥

രണ്ട് വിധമായിരിക്കുന്ന ശുദ്ധിയേയും തപസ്സിനേയും ക്ഷമയേയും മൗനത്തേയും വേദപാഠത്തേയും കപടമില്ലായ്മയേയും സ്ത്രീസേവചെയ്യാതിരിക്കുന്നതിനേയും അഹിംസയേയും പരസ്പരവിരുദ്ധങ്ങളായവയിൽ (ശീതം-ഉഷ്ണം എന്നിവയിൽ) തുല്യഭാവത്തേയും അഭ്യസിക്കണം.

मुख्य साधावया परमार्थ । अवश्य पाहिजे गा शुचिता ।
शुचित्वावांचोनि तत्त्वता । न लाभे हाता निजस्वार्थु ॥ ३८० ॥

പരമാർത്ഥത്തിന്റെ പാതയിൽ ശുചിത്വം വളരെ മുഖ്യമാണ്.

ശൗചം ഇല്ലാതെ ആത്മാനുഭവലാഭം സിദ്ധിക്കില്ല.

यालागीं गा नृपनाथा । शुद्ध शौचाची आइक कथा ।
आंतर मळ न क्षाळितां । न लाभे हाता बाह्यशुद्धी ॥ ३८१ ॥

അതുകൊണ്ട് രാജാവേ, ശൗചത്തിന്റെ അടയാളങ്ങൾ ശ്രവിച്ചാലും. മനസിലുള്ള മാലിന്യങ്ങൾ ശുദ്ധീകരിക്കാതെ ബാഹ്യശുദ്ധീകരണം കൈവരിക്കാനാവില്ല.

मन मळिण वासनामळें । तें न करितां सोंवळें ।
बाह्य पवित्रता अहंबळें । तें जाण आंधळें न्याहाळी जैसें ॥ ३८२ ॥

വാസനാബലത്താൽ കളങ്കപ്പെട്ട മനസ്സിനെ ആദ്യം ശുദ്ധീകരിക്കാതെ, ബാഹ്യമായ ശുചിത്വവും കാട്ടിക്കൂട്ടുന്നത് അന്ധനായ ഒരാൾ ഉറ്റുനോക്കുന്നതിന് തുല്യമാണ്.

सोनें जेवीं पुटीं पडे । मळ तुटे वाणीं चढे ।
तेवीं गुरुसेवा जडत्व मोडे । चित्तशुद्धी जोडे निर्दुष्ट ॥ ३८४ ॥

വാസനാബലത്താൽ മലിനപ്പെട്ട മനസ്സിനെ ഭക്തിഭാവത്തോടെ, ഗുരു വചനങ്ങളിൽ വിശ്വാസം അർപ്പിച്ച്, ആത്മനിഷ്ഠയോടെ പവിത്രീകരിക്കണം.

सोनें जेवीं पुटीं पडे । मळ तुटे वाणीं चढे ।
तेवीं गुरुसेवा जडत्व मोडे । चित्तशुद्धी जोडे निर्दुष्ट ॥ ३८४ ॥

സ്വർണ്ണത്തിലെ മാലിന്യങ്ങൾ തീയിൽ ഉരുക്കുമ്പോൾ പോകുന്നതുപോലെ, ഗുരുവിനെ സേവിക്കുന്നതിലൂടെ മനസ്സിന്റെ ജഡത്വം തകർക്കപ്പെടുകയും നിർദോഷമായ ചിത്തശുദ്ധി കൈവരിക്കുകയും ചെയ്യുന്നു.

आरशासी सहाणीं तोडिजे । तेणें स्वमुखा शुद्धत्व जोडिजे ।
तेवीं चित्तशुद्धी उघडिजे । सहजीं सहजें निजशुद्धी ॥ ३८५ ॥

ഒരു കണ്ണാടി വൃത്തിയാക്കുമ്പോൾ സ്വന്തം മുഖം വ്യക്തമായി തെളിഞ്ഞുകാണുന്നതുപോലെ, മനസ്സിന്റെ ശുദ്ധീകരണം സ്വയമേവ ആത്മശുദ്ധിയിലേയ്ക്ക് നയിക്കുന്നു.

लोहें परिसु झांकिजे । तंव लोहत्वा मुकिजे ।
तेवीं अंतरशुद्धीनें कीजे । महा निर्बुजे स्थूळबुद्धि ॥ ३८६ ॥

സ്പർശ കല്ലിനെ ഇരുമ്പുകൊണ്ട് മൂടിയാൽ, ആ ഇരുമ്പും തങ്കമായി മാറുന്നതുപോലെ, ചിത്തശുദ്ധി നേടുമ്പോൾ സ്ഥൂല ബുദ്ധി അപ്രത്യക്ഷമാകുന്നു.

सूर्यासन्मुख सूर्यकांत । जाहलिया शुद्धत्वें होय दीप्त ।
ते प्रभा बाह्य प्रकाशत । अग्निहोत्रार्थ महायागा ॥ ३८७ ॥

ഒരു ഭൂത കണ്ണാടി സൂര്യനു മുന്നിൽ വയ്ക്കുമ്പോൾ, സൂര്യകിരണങ്ങളെ കേന്ദ്രീകരിച്ച് അഗ്നിയായി മാറ്റുന്നു. ഈ അഗ്നി യാഗത്തിനായി ഉപയോഗിക്കപ്പെടുന്നു.

तेवीं गुरुवाक्यें अंतरशुद्धता । सबाह्य आली शुचिता ।
हे न करिती जे पवित्रता । ते जाण तत्त्वतां अतिभंडिमा ॥ ३८८ ॥

അതുപോലെ, ഗുരുവിന്റെ വാക്കുകളിലൂടെ ചിത്തശുദ്ധി കൈവരിക്കുമ്പോൾ, ആന്തരികവും ബാഹ്യവുമായ ശൗചം തന്നാൽ പ്രകടമാകുന്നു. അത്തരം ശുദ്ധി പാലിക്കാത്തവർ വാസ്തവത്തിൽ വലിയ കപടവിശ്വാസികളാണ്.

अल्प जळ शौचाप्रती । तेणें हात करकटले ठाती ।
शेवटीं गिरबडे बृहती । तेवीं विकल्पी होती अपवित्र ॥ ३८९ ॥

മറ്റൊരു ഉദാഹരണം - മലവിസർജ്ജനം ചെയ്യാൻ പോകുന്ന സമയം ആവശ്യത്തിന് ജലം കൊണ്ടുപോയില്ലെങ്കിൽ കൈയ്യും മലദ്വാരവും വൃത്തികേടായിത്തന്നെ ഇരിക്കുന്നു. അതുപോലെ, വികല്പത്തോടെ കഴിയുന്ന ജനങ്ങൾ എപ്പോഴും അപവിത്രരായി ഇരിക്കുന്നു.

भरलें काळकूट जीवीं । वरी टवटव अतिबरवी ।
तें इंद्रावण कोणीही न सेवी । अंतरस्वभावीं अतिमळिण ॥ ३९० ॥

അവരുടെ മനസ്സിൽ വിഷമുണ്ട്, പക്ഷേ അവരുടെ രൂപം ആകർഷകമാണ്, അത് പരിശ്രമം കൊണ്ടാണ്

അങ്ങനെയാക്കിയിരിക്കുന്നതുത് . അത് കയ്പേറിയ ഒരു പഴം പോലെയാണ്, ആരും അത് കഴിക്കില്ല.

तीर्थीं धुतला रजकराजु । तो काय होईल शुद्ध द्विजु ।
नटें घेतला राजध्वजु । तो नव्हे पूज्यु बाह्यक्रियावशें ॥ ३९१ ॥

അലക്കുകാരുടെ നേതാവിനെ പിടിച്ച് നദിയിൽ കുളിപ്പിച്ചാൽ അദ്ദേഹം ബ്രാഹ്മണനായി മാറുമോ? രാജാവായി അഭിനയിക്കുന്ന ഒരു നടനെ പൂജനീയ സ്ഥാനത്തിൽ ഇരുത്താൻ സാധിക്കുമോ?

सुंदरी सुकुमार साजिरी । वोठीं कुष्ठता तिळभरी ।
जाहलिया तीतें कोणी न वरी । वरीवरी बरी दिसतांही ॥ ३९२ ॥

ഒരു കന്യക എത്രതന്നെ സുന്ദരിയും സുകുമാരിയും ആണെങ്കിലും, അവളുടെ ചുണ്ടിൽ വെളുത്ത പാടുണ്ടെങ്കിൽ, ആരും അവളെ വിവാഹം കഴിക്കില്ല.

नागवी माथा मोत्यांची जाळी । शिंबरी सुपाणीदाणा ल्याली ।
तेवीं बाह्य पवित्रता दाविली । ते ते केली निजभंडिमा ॥ ३९३ ॥

ഒരു സ്ത്രീ മുത്തുകളാൽ ഉണ്ടാക്കിയ ഒരു കേശാലങ്കാരം ധരിച്ചേക്കാം, എന്നാൽ അരയിൽ വസ്ത്രമില്ലെങ്കിൽ പരിഹാസ്യം തന്നെ. അല്ലെങ്കിൽ പരന്ന മൂക്ക് ഉള്ള ഒരു സ്ത്രീ മനോഹരമായ ഒരു മൂക്കൂത്തി ധരിച്ചെന്തു പ്രയോജനം? അതുപോലെ, ചിത്തശുദ്ധി ഇല്ലാതെ ബാഹ്യമായ ശുദ്ധിയുടെ പ്രകടനം പരിഹാസ്യമാണ്.

दहें माखला वायसु । तो काय होईल राजहंसु ।
दहीं म्हणोनि मथितां कापुसु । तृप्ती नव्हे उपहासु जगीं प्रगटे ॥ ३९४ ॥

തൈരിൽ കുളിപ്പിച്ചാൽ ഒരു കാക്ക ഹംസമായി മാറുമോ? പഞ്ഞിയെ കടഞ്ഞാൽ തൈര് ലഭിക്കുമോ അതോ നാം പരിഹസിക്കപ്പെടുമോ?

तेवीं अंतरीं विकल्पु असतां । बाह्य जे जे पवित्रता ।
ते ते क्रिया नृपनाथा । जाण तत्त्वतां अतिभंडिमा ॥ ३९५ ॥

അതെ വിധത്തിൽ മനസ്സിൽ വികൽപ്പമുണ്ടെങ്കിൽ,

ബാഹ്യമായിട്ടുള്ള പവിത്രതയെ വരുത്താനുള്ള ക്രിയകൾ ഒക്കെ ഒരു പ്രഹസനം മാത്രം ആകും.

अंतर क्षाळिलें गुरुप्रतीतीं । बाह्य क्षाळिलें शास्त्रयुक्तीं ।
ऐसें शुचित्व निजनिश्चितीं । अद्वैत स्थिती तेथें नांदे ॥ ३९६ ॥

ഗുരു ഉപദേശത്താൽ മനസ്സ് നിർമലമാകുമ്പോൾ, ശാസ്ത്രീയ മാർഗ്ഗത്തിൽ ബാഹ്യമായിട്ടുള്ള അംഗ ശുദ്ധി വരുത്തുമ്പോൾ, വാസ്തവമായ പവിത്രത വരുന്നു. അതുതന്നെയാണ് അദ്വൈത സ്ഥിതിയും.

अंतरी शुचित्व पूर्ण वसे । तें बाह्यकर्मीं स्वयें प्रकाशे ।
तें शुचित्वचि अनायासें परमार्थदशे प्रकाशी ॥ ३९७ ॥

ചിത്തശുദ്ധി പൂർണമായി ലഭിക്കുമ്പോൾ, അത് ബാഹ്യ പ്രവർത്തനങ്ങളിലൂടെ പ്രകടമാകാൻ തുടങ്ങുന്നു, ആ പരിശുദ്ധി തന്നെ സ്വയമേവ ഒരുവനെ പരമാർത്ഥ സ്ഥിതിയിലേക്ക് നയിക്കുന്നു.

ईश्वरभावाचें निजवर्म । ज्याचे पोटीं रिघालें सप्रेम ।
त्याचें कर्मचि होय ब्रह्म । त्या देहभ्रम बाधिना ॥ ३९८ ॥

ഈശ്വരഭാവത്തിന്റെ രഹസ്യം ഈ വിധത്തിൽ സിദ്ധമാകുന്ന ഒരാളുടെ കർമ്മങ്ങൾ തന്നെ ബ്രഹ്മസ്വരൂപമാകുന്നു, അദ്ദേഹത്തിന് ദേഹ ഭ്രമം ഉണ്ടാവുകയില്ല.

या नाम शुचिष्मता । सत्य जाण गा नृपनाथा ।
तपाचीही स्थिती आतां । ऐक तत्त्वतां सांगेन ॥ ३९९ ॥

ഹേ രാജാക്കന്മാരിൽ ശ്രേഷ്ഠാ, ഇതാണ് '**പരിശുദ്ധി**' എന്ന് വിളിക്കപ്പെടുന്നത്. ഇനി, തപസ്സിന്റെ സ്വഭാവം ഞാൻ വിവരിക്കുന്നത് കേൾക്കൂ.

शरीरशोषणा नांव तप । तें प्रारब्ध-भोगानुरूप ।
हृदयीं वाहणें कृष्णस्वरूप । तो शुद्ध साक्षेप तपाचा ॥ ४०० ॥

ശരീരത്തെ തപിപ്പിക്കുന്നതിനെയാണ് `**തപസ്സ്**' എന്ന്

വിളിക്കപ്പെടുന്നത്, എന്നാൽ അത് പ്രാരാബ്ധം അനുഭവിക്കുന്നതിന് തുല്യമാണ്. ഹൃദയത്തിനുള്ളിൽ കൃഷ്ണന്റെ രൂപത്തെക്കുറിച്ചുള്ള നിരന്തരമായ ധ്യാനം - ഇതാണ് തപസ്സിന്റെ ശുദ്ധമായ രൂപം.

जेवीं धूरसूनि दिठी । शूर रणामाजीं उठी ।
तेवीं ईश्वर धरोनि पोटीं । वर्ते तो सृष्टीं तपिया शुद्ध ॥ ४०१ ॥

ഒരു വീരൻ യുദ്ധത്തിന്റെ തീക്ഷ്ണതയിൽ എതിർ സൈന്യത്തെ നേരെ നോക്കി മുന്നോട്ട് കുതിക്കുന്നതുപോലെ, ഈശ്വരനെ ഹൃദയത്തിൽ വഹിച്ചുകൊണ്ട് ഈ ഭൂമിയിൽ വ്യവഹരിക്കുന്നവനാണ് യഥാർത്ഥ തപസ്വി.

हेंचि तपाचें निजस्वरूप । याचि नांव शुद्ध तप ।
यावरतें न चढे रूप । व्यर्थ वाग्जल्प कां करावे ॥ ४०२ ॥

ഇതു മാത്രമാണ് ശുദ്ധമായ തപസിന്റെ സ്വഭാവം. തപസ്സിനെ കുറിച്ച് ഇതിൽ കൂടുതൽ പറയാൻ പ്രയാസമാണ്. അപ്പോൾ എന്തിനു ഇതിൽ കൂടുതൽ പറയണം?

द्वंद्वसहिष्णुता मुमुक्षा । या नांव म्हणिजे तितिक्षा ।
तेही आणावया लक्षा । नृपाध्यक्षा अवधारीं ॥ ४०३ ॥

മുമുക്ഷുവിന് ദ്വന്ദ്വങ്ങളോട് സഹിഷ്ണുത ഉണ്ടായിരിക്കണം. അതിന്റെ പേരാണ് "**തിതിക്ഷ**". രാജാവേ, ദയവായി ഇത് ശ്രദ്ധിച്ച് ഓർക്കുക.

सुखदुःख उभय भोग । दोंमाजीं अखंड आपुलें अंग ।
जेवीं चित्रींची वाघीण आणि वाघ । दोहींमाजीं साङ्ग निजत्वें भिंती ॥ ४०४ ॥

ചുമരിൽ വരച്ചിരിക്കുന്ന ഒരു കടുവയുടെയും പെൺ കടുവയുടെയും ചിത്രത്തിന്റെ പിന്നിലുള്ള ചുമര് ഒന്നാണ്. അതുപോലെ, സുഖവും ദുഖവും തോന്നുന്നുണ്ടെങ്കിലും ഇവ രണ്ടും ഒരേ ശരീരത്തിലാണ്.

जेवीं दावाग्नी कां उन्हाळे । आकाश जैसें न पोळें ।
असोनि त्यांचेनि मेळें । त्यांवेगळें अलिप्त ॥ ४०५ ॥

കാട്ടുതീയോ വേനൽക്കാലത്തെ ചൂടുള്ള കാറ്റോ ആകാശത്തിനു സമീപമാണെങ്കിലും ആകാശത്തെ ബാധിക്കാത്തതുപോലെ.

शीतळ जळ कां हींव पडे । पृथ्वी निजक्षमा न कांकुडे ।
तेवी निजस्वरूपसुरवाडें । द्वंद्वा नातुडे निजसाधु ॥ ४०६ ॥

വെള്ളം തണുപ്പായതുകൊണ്ടോ മഞ്ഞുവീണാലോ ഭൂമി തണുത്തുവിറക്കുകയില്ല. അതുപോലെ, ആത്മാനന്ദത്തിൽ ലയിച്ചിരിക്കുന്ന ഒരു ഋഷിയെ ദ്വന്ദ്വങ്ങൾ ബാധിക്കുന്നില്ല.

शरीर जरी हिंवे कांपे । तेणें देह कांपे साधु न कांपे ।
शरीर अतिउष्णें तापे । परी साधु न तापे देहतापामाजीं ॥ ४०७ ॥

തണുപ്പു കൊണ്ട് ശരീരം വിറച്ചേക്കാം, സംശയമില്ല; പക്ഷേ തത്ത്വനിശ്ചയം ഉള്ള ഒരു യോഗിയുടെ മനസ്സ് വിറയ്ക്കുകയില്ല . കഠിനമായ ഉഷ്ണത്താൽ ശരീരം തപിച്ചേക്കാം, പക്ഷെ (ഉള്ളിൽ ജ്ഞാനാഗ്നിയുള്ള) ഒരു യോഗിയുടെ മനസ്സ് ഇതിനാൽ ബാധിക്കപ്പെടില്ല.

सुख देखोनि दिठी । ज्या गोडिया घाली मिठी ।
दुःखही त्याचि आवडी घोंटी । द्वंद्वसहिष्णुता मोठी या नांव राया ॥ ४०८ ॥

സുഖത്തിനെ സന്തോഷത്തോടെ ആലിംഗനം ചെയ്യുന്നതുപോലെ ദുഖത്തിനെയും പ്രസന്നതയോടെ ഒരു യോഗി സ്വീകരിക്കുന്നു. ഹേ രാജാവേ, ഇതിനെയാണ് യഥാർത്ഥ '**ദ്വന്ദ്വ സഹിഷ്ണുത**' എന്ന് വിളിക്കപ്പെടുന്നത്.

गोफणगुंडा सन्मुख । लागतां अवश्य उठे दुःख ।
तोच सुवर्णाचा जाहलिया देख । दुःख लोपोनि सुख अनिवार वाढे ॥ ४०९ ॥

ആരെങ്കിലും ഒരു കവണകൊണ്ടു കല്ലെറിഞ്ഞാൽ നമുക്ക് വേദനിക്കും. എന്നാൽ അതെ കല്ല് സ്വർണത്തിന്റെയാണെങ്കിൽ വേദനയ്ക്ക് പകരം അതിയായ സന്തോഷം അനുഭവപ്പെടും.

सुखदुःखप्रकाशक । निजवस्तु असे एक ।
त्या एकात्मता देख । द्वंद्वें साधक सुखें साहती ॥ ४१० ॥

സുഖമോ ദുഃഖമോ പ്രകടിപ്പിക്കുന്ന തത്ത്വം ഒന്നുമാത്രമാണ്. ഒരു സാധകന്റെ ശ്രദ്ധ ആ ഏകത്വത്തിലേക്ക് കേന്ദ്രീകരിക്കുമ്പോൾ, സന്തോഷത്തോടെ ആ സാധകന് ദ്വന്ദ്വങ്ങളെ ദ്വന്ദ്വങ്ങളെ സഹിക്കാൻ പറ്റുന്നു.

तेवीं द्वंद्वाचें जाणपण । जाणवीता असे जें ज्ञान ।
तें जाणितल्या आपण । द्वंद्वें संपूर्ण निर्द्वंद्वें होती ॥ ४११ ॥

ഈ ദ്വന്ദ്വങ്ങളെ ഗ്രഹിക്കാൻ കാരണം ഒരേ ഒരു അറിവാണ് എന്ന് മനസ്സിലാക്കുമ്പോൾ എന്തു പറ്റും? ഈ ദ്വന്ദ്വങ്ങൾ ഏകത്വത്തിൽ ലയിക്കുന്നു.

रसउसीं कठिणपण । त्यामाजीं गोडी अखंड पूर्ण ।
तेवीं द्वंद्वामाजीं वस्तु चिद्‌घन । अखंडदंडायमान स्वयें देखे ॥४१२ ॥

കടുപ്പമുള്ള കരിമ്പിലും അതിന്റെ നീരിലും മധുരം കുടികൊള്ളുന്നതുപോലെ, ദ്വന്ദ്വത്തിനുള്ളിൽ സാധകൻ ഒരേ ഒരു ചിദ്ഘന വസ്തുവിനെ, അതായത് ശുദ്ധ ബോധത്തിനെ കാണുന്നു.

ऐशी हे अखंडता । जंव न ये साधकाचे हाता ।
तंव द्वंद्वाची सहनता । नव्हे नृपनाथा निश्चयेंसीं ॥ ४१३ ॥

ഹേ നൃപനാഥ, ഒരു സാധകൻ ഈ അഖണ്ഡതയെ പൂർണമായി കൈവരിക്കുന്നതുവരെ, ഈ ദ്വന്ദ്വങ്ങൾ അസഹനീയമായിരിക്കും.

या नांव द्वंद्वसहन । निजनिश्चयें जाण पूर्ण ।
आतां मौनाचें लक्षण । सावधान अवधारीं ॥ ४१४ ॥

ഇതാണ് `ദ്വന്ദ്വ സഹനം' അല്ലെങ്കിൽ `**തിതിക്ഷ**' (സഹിഷ്ണുത) എന്നറിയപ്പെടുന്നത്. ഇനി, **മൗനത്തിന്റെ** സവിശേഷതകൾ ശ്രദ്ധാപൂർവ്വം ശ്രവിച്ചാലും.

वाग्वादु करावा जनीं । तैं दृढ व्हावें देहाभिमानी ।
सांडविला तो सद्‌गुरूंनी । निःशेष धोउनी शब्देंसीं ॥ ४१५ ॥

മറ്റുള്ളവരുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെടുന്നത് ദേഹാഭിമാനം ശക്തിപ്പെടുത്തുന്നു, എന്നാൽ സദ്ഗുരു

വാക്കുകളിലൂടെ മാത്രം ആ അഹങ്കാരത്തെ പൂർണ്ണമായും ഇല്ലാതാക്കി.

**सद्‌गुरुवचन पडतां कानीं । स्तुति निंदा मिळोनि दोन्ही ।
बोल बोलणें निरसुनी । हृदयभुवनीं परिपक्कलें ॥ ४१६ ॥**

സദ്ഗുരുവിന്റെ ഉപദേശം കാതുകളിൽ പതിഞ്ഞപ്പോൾ തന്നെ സ്തുതിയും നിന്ദയും വിഴുങ്ങപ്പെട്ടു, സംസാരം ഹൃദയം എന്ന ക്ഷേത്രത്തിൽ അടങ്ങി പക്വമായി.

**तेव्हां ज्याचे बोलावे अवगुण । तेथें दिसे हृदयस्थ आपण ।
यालागीं बोलतां पैशुन्य । पडे मौन गुरुवाक्यें ॥ ४१७ ॥**

ഹൃദയം ഇങ്ങനെയൊരു അവസ്ഥ കൈവരിക്കുമ്പോൾ, സാധകൻ മറ്റൊരാളുടെ ദോഷത്തെക്കുറിച്ച് സംസാരിച്ചു തുടങ്ങുമ്പോൾ, അദ്ദേഹത്തിനെ തന്നെയാണ് അയാളിൽ കാണുന്നത്. അപ്പോൾ വാക്കടങ്ങുന്നു. ഈ മൗനം ഗുരുവാക്യത്താൽ ലഭിച്ചതാണ്.

**गुण देखोनियां स्तवन । करितां पडे दृढ मौन ।
मीचि स्तव्य स्तविता स्तवन । मज म्यां वानितां पूर्ण मूर्खत्व माझें ॥ ४१८ ॥**

അതുപോലെ, ഒരാളെ സ്തുതിക്കാനായി തുടങ്ങുമ്പോഴും ആ സാധകൻ മൗനം ആകുന്നു, കാരണം, സ്തുതിയും സ്തുതിക്കപ്പെടുന്ന ആളും സ്തുതിക്കുന്ന ആളും അദ്ദേഹം തന്നെയാണെന്ന് മനസ്സിലാക്കി, ഒരാൾ തന്നെ തന്നെ പുകഴ്ത്തുന്നത് വിഡ്ഢിത്തമാണെന്ന് കരുതുന്നു.

**निजात्मा निःशेष नसे । ऐसा रिता ठाव न दिसे ।
तेथें जें जें कांहीं दिसे । तें आत्मप्रकाशें सदोदित ॥ ४१९ ॥**

ആത്മാവ് ഇല്ലാത്ത ഒരു സ്ഥലവുമില്ല. ദൃശ്യമാകുന്നതെല്ലാം അങ്ങനെയാകുന്നത് ആത്മാവിന്റെ പ്രകാശം മൂലമാണ്.

**ऐशी सद्‌गुरूंनि दाखविली युक्ती । ती विश्वासें स्थिरावली चित्तीं ।
यालागीं निंदा आणि स्तुती । वाचेप्रती बोलेना ॥ ४२० ॥**

ഇതാണ് സദ്ഗുരു ചെയ്ത അത്ഭുതം. ഈ മനോഭാവം സാധകന്റെ

മനസ്സിൽ ഉറച്ചുനിൽക്കുന്നു; അതുകൊണ്ട്, അദ്ദേഹം പ്രശംസിക്കാനോ നിന്ദിക്കാനോ വേണ്ടി സംസാരിക്കുന്നില്ല.

संवाद करावा निजस्वार्थी । तंव सद्गुरूच्या वचनोक्तीं ।
खुंटल्या वेदशास्त्रांच्या युक्ती । त्यावरी स्थिती चढेना ॥ ४२१ ॥

സ്വഹിതത്തിനായി സംഭാഷണത്തിൽ ഏർപ്പെടാൻ അദ്ദേഹം ആഗ്രഹിച്ചാലും, സദ്ഗുരുവിന്റെ വചനങ്ങളുടെ മുമ്പിൽ വേദശാസ്ത്രയുക്തികൾ പോലും മങ്ങി പോകുന്നു, പിന്നെ ഈ സംസാരത്തിന് എന്താ പ്രസക്തി എന്നദ്ദേഹം ചിന്തിക്കുന്നു.

एवं स्तुति निंदा वाग्वाद । करितां खुंटला संवाद ।
महामौनें अतिशुद्ध । परमानंद साधकां ॥ ४२२ ॥

ഇങ്ങനെ, സ്തുതിയും നിന്ദയും വിവാദങ്ങളും അടങ്ങുന്നു. ഈ മഹാമൗനം കാരണം സാധകന് പരമാനന്ദം പ്രാപ്തമാകുന്നു.

ऐसें साधावया दृढ मौन । सद्गुरु शिकवी वेदाध्ययन ।
उपनिषदर्थ विवंचून । पढवी संपूर्ण अर्थावबोधें ॥४२३ ॥

(പ്രബുദ്ധൻ വേദ ശാസ്ത്ര അദ്ധ്യയനത്തിനെ കുറിച്ച് തുടരുകയാണ്) - ഇങ്ങനെയുള്ള മഹാമൗനത്തിനെ സാധ്യമാക്കാൻ സദ്ഗുരു സാധകന് വേദാദ്ധ്യയനം നിർദേശിക്കുന്നു. അല്ലെങ്കിൽ, അദ്ദേഹം ഉപനിഷത്തിന്റെ അർത്ഥം വിശകലനം ചെയ്യുകയും അതിന്റെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുന്നു.

अथव अतिशयें दृढ मौन । श्रीरामकृष्णनामस्मरण ।
अखंड नामें गर्जतां पूर्ण । वेदार्थ जाण तिष्ठती पुढें ॥४२४ ॥

കൂടുതൽ ആഴത്തിലുള്ള നിശബ്ദതയാണ് ഉദ്ദേശിക്കുന്നതെങ്കിൽ, സദ്ഗുരു ശിഷ്യന് രാമകൃഷ്ണ നാമ സ്മരണം ഉപദേശിക്കുന്നു. കാരണം, അഖണ്ഡമായി ഈ നാമങ്ങൾ ജപിക്കപ്പെടുമ്പോൾ, വേദങ്ങളുടെ അർത്ഥം സാധകന്റെ മുന്നിൽ ഒരു ദാസനായി, കൂപ്പുകൈകളോടെ നിൽക്കുന്നു.

नित्य रामनाम गर्जे वाणी । त्या तीर्थें येती लोटांगणीं ।

सुरवर लागती चरणीं । यम पायवणी स्वयें वंदी ॥ ४२५ ॥

നിത്യനിരന്തരം നാമജപം ചെയ്യുന്നവരെ തീർത്ത ക്ഷേത്രങ്ങൾ വന്ദിക്കുന്നു! ദേവന്മാർ അവരെ വണങ്ങുന്നു, യമൻ അവരുടെ പാദ രജസ്സിനെ ഭക്തിപുരസ്സരം ശിരസ്സിൽ വഹിക്കുന്നു.

रामनामाचें जें स्मरण । या नांव गा महामौन ।
वेदें नाम स्तविलें पूर्ण । शुद्ध अध्ययन हरिनाम ॥ ४२६ ॥

ആഹാ! രാമനാമസ്മരണ തന്നെ മഹാമൗനം. വേദങ്ങൾ ഈ നാമത്തിന്റെ മഹിമയെ അത്യധികം സ്തുതിക്കുന്നു. അതുകൊണ്ട് ഹരിനാമജപം തന്നെ ശുദ്ധമായ വേദാദ്ധ്യയനം. നിത്യം ഹരി നാമ ജപത്തിലൂടെ ഒരാൾക്ക് വേദാദ്ധ്യയനം ചെയ്ത ഫലം സിദ്ധിക്കുന്നു.

वेदु अथवा नामस्मरण । या नांव गा स्वाध्यावो जाण ।
आतां आर्जवाचें लक्षण । ऐकें संपूर्ण महाराजा ॥ ४२७ ॥

വേദപഠനം അല്ലെങ്കിൽ നാമ ജപം - ഇതാണ് '**സ്വാദ്ധ്യായം**' എന്നറിയപ്പെടുന്നതെന്ന് ഓർമ്മിക്കുക. മഹാരാജാ! ഇനി, '**ആർജവ'ത്തിന്റെ** വിവരണം ശ്രദ്ധാപൂർവ്വം കേൾക്കൂ.

आतां आर्जव तें ऐसें । सर्वा जीवां जीवन जैसें ।
कां तंतु जैसा निजविलासें । अविरोधें असे पटामाजीं ॥ ४२८ ॥

ജീവിയുടെ ഉള്ളിൽ ജീവനായി വസിക്കുന്നതാണ് ആർജവം. അല്ലെങ്കിൽ, വസ്ത്രത്തിൽ നൂലുകൾ ഐക്യാവസ്ഥയിൽ നിലനിൽക്കുന്നു.

साखरेचें इंद्रावण । केलिया न वचे गोडपण ।
तैसें विषमांही जीवां जाण । आर्जवें पूर्ण रंजवी स्वभावें ॥ ४२९ ॥

അല്ലെങ്കിൽ പഞ്ചസാരയ്ക്ക് പാവക്കയുടെ രൂപം നൽകിയാൽ, പഞ്ചസാര കയ്പുള്ളതായി മാറില്ല. അതുപോലെ, മനുഷ്യൻ തന്റെ നേരായ പ്രകൃതവും മൃദുലതയും കൊണ്ട് വ്യത്യസ്ത മാനസികാവസ്ഥയിലുള്ളവരെപ്പോലും സന്തോഷിപ്പിക്കുന്നു.

वक्र चंद्राची चंद्रिका । परी अमृत वक्र नव्हे देखा ।

तैसें देखोनि विषमां लोकां । मनोवृत्ति देख पालटेना ॥ ४३० ॥

അരിവാൾ പോലുള്ള ചന്ദ്രന്റെ ആകൃതി വളഞ്ഞതാണെങ്കിലും, അമൃതുപോലെയുള്ള രശ്മികൾ നേരെയാണ്. അതുപോലെയാണ് സ്ഥിരസ്വഭാവമുള്ള ഒരു വ്യക്തിയുടെ മാനസികാവസ്ഥ. അത് വക്ര സ്വഭാവമുള്ളവരെ കണ്ടുമുട്ടുമ്പോഴും മാറുന്നില്ല.

निपराद न देखे कोणासी । जिवलग सोयरा सर्वांशीं ।
वोळखी जीवमात्रांशीं । जैशी तैशी जुनाट ॥ ४३१ ॥

ആർജ്ജവം എന്ന ഗുണം ഉള്ള ഒരു സാധകൻ ആരെയും താഴ്ന്നവരായി കണക്കാക്കുന്നില്ല; എല്ലാവരെയും ഒരു സുഹൃത്തായോ അടുത്ത ബന്ധുവായോ ആണ് കാണുന്നത്, എല്ലാ ജീവജാലങ്ങളുമായും തനിക്ക് ദീർഘകാല പരിചയമുണ്ടെന്ന മട്ടിൽ.

न्यहा संतप्ता आधार देत । वरूनि घणघाय घेत ।
सांडस घायातळीं सूत । तें आघवेंचि आप्त लोहत्वें लोहा ॥४३१ - अ ॥

അടയിരുമ്പ് (Anvil) ചൂടുള്ള ഇരുമ്പിനെ താങ്ങിനിർത്തുകയും, ചുറ്റികയുടെ കനത്ത പ്രഹരത്തെ സഹിക്കുകയും ചെയ്യുന്നു. ഇരുമ്പ് ചവണയോടും, ആവശ്യമുള്ള ആകൃതിയിൽ അടിക്കപ്പെടുന്ന ഇരുമ്പ് കഷണത്തോടും അത് സൗഹൃദപരമാകുന്നു.

यापरी जयासी आप्त सर्व । ऐसा जो कां निजस्वभाव ।
तया नांव गा आर्जव । अतिअपूर्व गुरुदीक्षा ॥ ४३२ ॥

അതുപോലെ, എല്ലാവരെയും തന്റേതായി കാണുന്ന സ്വഭാവമുള്ള - എല്ലാവരെയും ബന്ധുക്കളായി കാണുന്ന - ഒരാൾ ആർജവം എന്നറിയപ്പെടുന്ന ഗുണം ഉൾക്കൊള്ളുന്നു. ഗുരുവിന്റെ ഈ ദീക്ഷ ശരിക്കും അസാധാരണമാണ്.

असुर सुर नर ऋषीश्वर । मदनें केले निजकिंकर ।
कंदर्पाचा मार थोर । अतिदुर्धर अनंगु ॥ ४३३ ॥

(ഇനി, **ബ്രഹ്മചര്യം** എന്ന വിഷയത്തെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്) ദേവന്മാരെയും അസുരന്മാരെയും ഋഷികളെയും പോലും കാമദേവൻ അടിമകളാക്കിയിട്ടുണ്ട്. ഈ

കാമദേവന്റെ പ്രഹരങ്ങൾ താങ്ങാൻ വളരെ പ്രയാസമാണ്. കാമദേവൻ അനംഗൻ ആണ്, അതായത് ശരീരമില്ലാത്തവൻ. കാരണം കാമദേവന്റെ സ്ഥാനവും കളിയും മനസ്സിലാണ്, അതിനെ നിയന്ത്രിക്കാൻ വളരെ പ്രയാസമാണ്.

अंतरीं कामाचें दृढ ठाणें । वरीवरी दांत चावूनि साहणें ।
त्याचें मनचि निष्काम न म्हणे । चाळवणें लौकिकु ॥ ४३४ ॥

കാമവാസനകളെ ഉള്ളിൽ കൊണ്ടുനടക്കുകയും ബാഹ്യമായി ആഗ്രഹങ്ങളെ വലിയ പരിശ്രമത്തിലൂടെ അടിച്ചമർത്തുകയും ചെയ്യുന്ന പുരുഷനെ ആഗ്രഹരഹിതൻ എന്ന് വിളിക്കാൻ സാധിക്കില്ല. സ്വന്തം ആത്മാവ് അങ്ങനെയുള്ള ഒരു മനുഷ്യനെ നിഷ്കാമൻ എന്ന് അംഗീകരിക്കുകയില്ല. അവൻ സ്വയം വഞ്ചിക്കുക മാത്രമാണ് ചെയ്യുന്നത്.

तैसी नव्हे सद्गुरुची युक्ती । कामाची पालटे कामनावृत्ती ।
अभंग ब्रह्मचर्यस्थिती । शिष्यांप्रती उपदेशी ॥ ४३५ ॥

എന്നാൽ സദ്ഗുരുവിന്റെ രീതി അങ്ങനെയല്ല. അദ്ദേഹത്തിന്റെ പഠിപ്പിക്കലുകൾ കാമാസക്തിയുടെ സ്വഭാവത്തെ തന്നെ പരിവർത്തനം ചെയ്യുന്നു. അദ്ദേഹം ശിഷ്യന് അചഞ്ചല ബ്രഹ്മചര്യമാണ് ഉപദേശിക്കുന്നത്.

कंदर्पराणिवेस्त्रीपुरुष । तेथें गुरुदीक्षा अलोलिक ।
मिथ्या स्त्रीपुरुष माइक । विषयसुख भ्रम मात्र ॥४३६ ॥

മദനന്റെ മണ്ഡലത്തിൽ, പുരുഷനും സ്ത്രീയും തമ്മിലുള്ള വ്യത്യാസം നിലവിലുണ്ട്, പക്ഷെ, ഗുരു, സ്ത്രീ പുരുഷ വ്യത്യാസങ്ങൾ വെറും മായികമാണെന്ന് ഉപദേശിക്കുന്നു. ഇന്ദ്രിയസുഖത്തെ വെറും ഒരു മിഥ്യയായി കാണുന്നു.

आनंदाचें उपस्थ एकायतन । हें काय मिथ्या वचन ।
ते अर्थीं पूर्ण वेदज्ञ । वेदविवंचन दाविती ऐसें ॥ ४३७ ॥

`ജനനേന്ദ്രിയം ആണ് ആനന്ദത്തിന്റെ സ്ഥാനം' എന്ന വേദവചനം തെറ്റാകുമോ? ഇതിനു സമാധാനം ഈ വിധമാണ് - വേദത്തിനെ നന്നായിട്ടു മനസ്സിലാക്കിയവർ ഈ വിധത്തിൽ പറയുന്നു -

पुसतां साखरेची गोडी कैशी । तो स्वादु न ये सांगावयासी ।
तेथें चाखो देती अणुमात्रेंशीं । तेचि गोडपण राशीं जाणती जाण ॥ ४३८ ॥

പഞ്ചസാരയുടെ മധുരം എന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ, അത് വിവരിക്കാൻ പ്രയാസമായിരിക്കും. പകരം, രുചിക്കാൻ ഒരു തരി പഞ്ചസാര നൽകിയാൽ, ആ തരിയിൽ കാണപ്പെടുന്ന മധുരം മുഴുവൻ പഞ്ചസാരയിലും ഉണ്ടെന്ന് ഒരാൾ മനസ്സിലാക്കുന്നു.

तेवीं परमानंदसुखप्राप्ती । उपस्थद्वारा नर चाखिती ।
आनंद एकायतनस्थिती । बोलिली उपस्थीं या हेतु वेदें ॥ ४३९ ॥

അതുപോലെ, രതിസുഖത്തിലൂടെ ഒരാൾ അനുഭവിക്കുന്ന സുഖം പരമാനന്ദത്തിനെ അപേക്ഷിച്ച് വളരെ ചെറിയതാണ്. പക്ഷെ ആ ആനന്ദത്തിന്റെ മാധുര്യത്തിന്റെ വലിപ്പത്തിനെ ഇതിലൂടെ മനസ്സിലാക്കാം. ഈ സന്ദർഭത്തിലാണ് വേദങ്ങൾ ഈ വിധം പറഞ്ഞത്.

त्या उपस्थसुखाची नित्यस्थिती । संभोगेंवीण जे वाढविती ।
तेथ मिथ्या स्त्रीपुरुषव्यक्ती । सहजें होती सज्ञान ॥ ४४० ॥

ലൈംഗിക സുഖം ക്ഷണികമാണ്. പക്ഷെ ഭോഗത്തിൽ ഏർപ്പെടാതെ തന്നെ ആരാണോ നിത്യനിരന്തരമായ സുഖാനുഭൂതിയെ അനുഭവിക്കുന്നത്, അവർ സ്ത്രീ പുരുഷ ഭേദങ്ങൾ മിഥ്യയാണെന്നു അറിയുകയും, സഹജമായ ജ്ഞാന സ്ഥിതിയിൽ ഇരിക്കുകയും ചെയ്യുന്നു.

चाखिली गोडी तेचि साखर । परमानंद मैथुनमात्र ।
मानूनियां मैथुनपर । जाहले पामर विषयांधा ॥ ४४१॥

തനിക്കു ലഭിച്ച ആ തരി പഞ്ചസാരയാണ് മധുരത്തിന് മുഖ്യ കാരണം എന്നൊരാൾ കരുതുന്നതുപോലെ, ആളുകൾ ലൈംഗികത സന്തോഷത്തിന് പ്രധാനമാണെന്ന് കരുതുകയും താൽക്കാലിക ആനന്ദത്തിനായി ലൈംഗികതയിൽ മുഴുകുകയും ചെയ്യുന്നു.

उपस्थीं परमानंदगोडी । यालागीं स्त्रीकामाची अतिवोढी ।

सद सोसिजे महामूढीं । ताडातोडी जीविताच्या ॥ ४४२ ॥

ലൈംഗികബന്ധം ശാശ്വതമായ ആനന്ദത്തിലേക്കുള്ള വഴിയാണെന്ന് അവർ കരുതുന്നു, സ്ത്രീ ലൈംഗിക ആനന്ദത്തിന്റെ ഉറവിടമായതിനാൽ അവളോട് ഭ്രാന്തരാകുന്നു.

साखरेचें केलें नारियेळ । तेथ त्वचा गर्भ साखरचि केवळ ।
तेवीं विषयद्वारा सुखकल्लोळ । उठती सकळ परमानंदें ॥४४३ ॥

ഒരു തേങ്ങ പൂർണ്ണമായും പഞ്ചസാര കൊണ്ടാണ് നിർമ്മിച്ചതെങ്കിൽ, അതിന്റെ പുറംതോടും ഉൾഭാഗവും മധുരമായിരിക്കും. അതുപോലെ, ലൈംഗിക ബന്ധത്തിൽ നിന്ന് ഉയർന്നുവരുന്ന ക്ഷണികമായ ആവേശ തരംഗങ്ങൾ ആത്മാവസ്ഥയുടെ പരമാനന്ദത്തിന്റെ ഒരു ചെറിയ പ്രതിഫലനം മാത്രമാണ്!

नाना पक्वान्नपरवडी । गुळाच्या गोडीनें ते चवी गाढी ।
तेवीं विषयाची जे जे आवडी । ते ते गोडी निजानंदें ॥४४४ ॥

പല മധുര വിഭവങ്ങളും തയ്യാറാക്കാമെങ്കിലും എല്ലാത്തിലും മധുരം നൽകുന്നത് ശർക്കരയോ പഞ്ചസാരയോ ആണ്. അതുപോലെ, വിഷയസുഖങ്ങളുടെ ഉള്ളിലുള്ള ആനന്ദം പരമാനന്ദത്തിന്റേതാണ്.

हें नेणोनि मुळींची निजगोडी । सोशिती विषयांच्या अतिवोढी ।
बाप सद्गुरुकृपा गाढी । विषयांची आवडी एकत्वा आणी ॥४४६ ॥

മൂലമായ ആത്മസ്വരൂപത്തിന്റെ ആനന്ദത്തിനെ അവർ തിരിച്ചറിയാത്തതുകൊണ്ടാണ് വിഷയാസക്തിയിൽ മുഴുകുന്നത്. എന്നിരുന്നാലും, സദ്ഗുരുവിന്റെ കൃപ അതിശക്തമാണ്; അത് ലൗകിക വസ്തുക്കളോടുള്ള എല്ലാ ആസക്തിയെയും അകറ്റുന്നു.

यलागीं विषयांची आस्था । न चढे सच्छिष्याचे माथां ।
स्त्रीभोगाची आसक्तता । मिथ्या तत्त्वतां गुरुवाक्यनिष्ठा ॥४४६ ॥

അതുകൊണ്ട്, വിഷയ സുഖങ്ങളോടുള്ള ആസക്തി യഥാർത്ഥ ശിഷ്യന്റെ മനസ്സിനെ കീഴടക്കുന്നതിൽ പരാജയപ്പെടുന്നു.

ഗുരുവിന്റെ വചനങ്ങളിലുള്ള ഉറച്ച വിശ്വാസത്തിലൂടെ, ജഡിക സുഖത്തിനായുള്ള ആസക്തി അതിന്റെ ആകർഷണീയത നഷ്ടപ്പെടുകയും അത് മിഥ്യയായി വെളിപ്പെടുകയും ചെയ്യുന്നു.

हा आत्मा हे आत्मी पाहीं । ऐसें मिथुन मुळीं नाहीं ।
तें निजमूळ पाडितां ठायीं । ब्रह्मचर्य पाहीं अभंग ॥ ४४७ ॥

അടിസ്ഥാനപരമായി, ആത്മാവിന് `ആൺ' ആത്മാവെന്നോ `പെൺ' ആത്മാവെന്നോ ഭേദമില്ല. ഇത് മനസ്സിലാകുമ്പോൾ നിരന്തരമായ ബ്രഹ്മചര്യം പ്രാപ്തമാകുന്നു.

या नांव गा निज नैष्ठिक्य । ब्रह्मचर्य अति सुटंक ।
सद्गुरूंनी बोधिले निष्टंक । अलोलिक अभंग ॥ ४४८ ॥

ഇതിന്റെ പേരാണ് നൈഷ്ഠിക ബ്രഹ്മചര്യം. ഈ അഖണ്ഡമായ ബ്രഹ്മചര്യത്തിന്റെ ഉദ്ബോധനം സദ്ഗുരുവാണ് ചെയ്യുന്നത്.

आतां अहिंसेची स्थिती । ऐकें राया चक्रवर्ती ।
भंवई उचलणें नाहीं भूतीं । स्वप्न-सुषुप्ती-जागतां ॥४४९ ॥

ഇനി **അഹിംസയുടെ** വിവരണം കേൾക്കൂ. ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നു അവസ്ഥയിലായാലും, ഒരു ജീവിയേയും ദുഷ്ടദൃഷ്ടിയോടെ നോക്കരുത്.

पावो आदळतां देख । झणीं पृथ्वी पावेल दुःख ।
या काकुळती आवश्यक । पाउलें अलोलिक हळुवार ठेवी ॥ ४५० ॥

തന്റെ കാലിന്റെ ശക്തമായ സ്പർശനം ഭൂമിമാതാവിനെ വേദനിപ്പിക്കുമോ എന്ന ഭയത്തോടെ അദ്ദേഹം വളരെ മൃദുവായി കാൽ നിലത്ത് വയ്ക്കുന്നു.

आकाश दचकेल देख । यलागीं नेदी सैरा हांक ।
वाचा परिपक्क पीयुख । वचनें परम सुख सर्वांसी देतु ॥४५१ ॥

ആകാശത്തിന് വേദനിക്കുമെന്ന് ഭയന്ന് അദ്ദേഹം ഉച്ചത്തിൽ സംസാരിക്കുകയോ നിലവിളിക്കുകയോ ചെയ്യുന്നില്ല. തന്റെ മൃദുവായ വാക്കുകളാൽ എല്ലാവർക്കും സന്തോഷം നൽകുന്നു.

അദ്ദേഹത്തിന്റെ സംസാരത്തിൽ അമൃത് ഉണ്ട്!

त्याचा शब्दु जैं गगनीं भरे । तेणें शब्दानंदचमत्कारें ।
गगनचि निजसुखें भरें । येणें सुखोद्‌गारें वचनोक्ती ॥ ४५२ ॥

അദ്ദേഹത്തിന്റെ വചനം ആകാശത്ത് വ്യാപിക്കുമ്പോൾ, ആകാശം സന്തോഷത്തിന്റെ അത്ഭുതകരമായ സ്പന്ദനങ്ങളാൽ നിറയുന്നതുപോലെയാണ്. അങ്ങനെ അദ്ദേഹത്തിന്റെ എല്ലാ വാക്കുകളും സന്തോഷം നിറഞ്ഞതാണ്.

जळामाजीं घालितां उडी । झणीं उदक दडपे बुडीं ।
तरंगन्यायें देणें बुडी । जीवनाची दुथडी न हेलावतां ॥४५३ ॥

നീന്താൻ ആഗ്രഹിക്കുന്നുവെങ്കിൽ, വെള്ളത്തിൽ ചാടില്ല. കരകൾക്ക് ഒട്ടും ദോഷം വരുത്താതെ, ഒരു ചെറിയ ഓളത്തിന്റെ രൂപത്തിലാണ് അദ്ദേഹം വെള്ളത്തിലേക്ക് ഇറങ്ങുന്നത്.

त्यासी जळीं होतां निमग्न । जळाचा तापु शमे संपूर्ण ।
यापरी करी स्नान । जीवना जीवन निववितु ॥ ४५४ ॥

അദ്ദേഹം വെള്ളത്തിൽ ചാടുന്നതുകൊണ്ട് വെള്ളത്തിന്റെ താപം കുറയുന്നു. ഈ വിധത്തിൽ, സ്നാനം ചെയ്യുന്നതുകൊണ്ട് ഒരു ജീവനാൽ മറ്റു ജീവന്റെ താപം കുറയുന്നു.

झणीं दुःख पावेल वारा । म्हणौनि श्वासु न घाली सैरा ।
नेमूनि प्राणसंचारा । निजशरीरा वागवी ॥ ४५५ ॥

ചുറ്റുമുള്ള വായുവിന് ദോഷം വരുത്താതിരിക്കാൻ അദ്ദേഹം ബലമായി ശ്വസിക്കില്ല, മൃദുവായ ശ്വാസനിയന്ത്രണത്തിലൂടെയാണ് ജീവിക്കുന്നത്.

निजदेहा करावया घातु । सर्वथा जेवीं नुचले हातु ।
तेवीं भूतावरी निघातु । ज्याच्या पोटांतु उपजेना ॥ ४५६ ॥

നമ്മളെത്തന്നെ വേദനിപ്പിക്കാൻ നമ്മുടെ കൈ ഒരിക്കലും ഉയർത്താത്തതുപോലെ, ആരെയും വേദനിപ്പിക്കാൻ അദ്ദേഹം ഒരിക്കലും കൈ ഉയർത്തില്ല.

अत्यंत न्याहारें पाहतां । वचकु पडेल प्राण्यांच्या चित्ता ।
यालागीं बाह्यदृष्टीं क्रूरता । न पाहे भूतां भूतभावें ॥४५७ ॥

ഏതെങ്കിലും മൃഗത്തെ തുറിച്ചുനോക്കിയാൽ അത് ഭയപ്പെടും എന്ന് കരുതി അദ്ദേഹം ഒരിക്കലും ഒരു മൃഗത്തെയും തീക്ഷ്ണമായി നോക്കുകയില്ല.

रोम रगडतील संपूर्ण । यालागीं न करी अंगमर्दन ।
एवं स्वदेहाचें देहपण । भूतहिंसाभेण अहंत्वा नाणी ॥ ४५८ ॥

ശരീരത്തിന് വേദനിക്കും എന്ന് കരുതി ശരീരത്തിനെ ഒന്നും ശക്തമായി തിരുമ്മുകയില്ല. ഹിംസയെ ഭയക്കുന്നത് കൊണ്ട് അദ്ദേഹത്തിന് ദേഹാഭിമാനം ഇല്ല.

भूतां देतां दुःखलेशु । भूतीं दुखवेल भूतेशु ।
ऐसा ज्याचा दृढ विश्वासु । तेथ रहिवासु अहिंसेचा ॥४५९ ॥

ജീവജാലങ്ങൾക്ക് ചെറിയൊരു കഷ്ടപ്പാട് പോലും വരുത്തിവയ്ക്കുന്നത് അവയിൽ വസിക്കുന്ന പരമാത്മാവിന് വേദനയുണ്ടാക്കുമെന്ന് ഉറച്ചു വിശ്വസിക്കുന്ന ഒരാളുടെ മനസ്സിൽ മാത്രമേ അഹിംസ യഥാർത്ഥത്തിൽ കുടികൊള്ളുന്നുള്ളൂ.

कायिक-वाचिक-मानसिक । भूतां उपजे त्रिविध दुःख ।
तें जेथें निमालें निःशेख । अहिंसा देख ते ठायीं ॥ ४६० ॥

ജീവജാലങ്ങൾ മൂന്ന് തരത്തിലുള്ള കഷ്ടപ്പാടുകൾ അനുഭവിക്കുന്നു: ശാരീരികം, വാചികം, മാനസികം. ഈ തരത്തിലുള്ള കഷ്ടപ്പാടുകൾ പൂർണ്ണമായും ഇല്ലാതാകുന്നിടത്താണ് അഹിംസ സ്ഥിതി ചെയ്യുന്നത്.

या नांव गा शुद्ध अहिंसा । सत्य जाण नृपवरेशा ।
आतां द्वंद्वसाम्याची दशा । आइक क्षितीशा सांगेन ॥४६१ ॥

ഹേ രാജാധിരാജാവേ, ഈ അവസ്ഥയുടെ പേരാണ് ശുദ്ധ അഹിംസ. ഇത് ശ്രദ്ധയിൽ വെച്ചാലും. ഹേ നൃപവര്യ, ഇനി ദ്വന്ദ്വ സാമ്യത്തിന്റെ സ്ഥിതിയെക്കുറിച്ച് വർണ്ണിക്കാം, ശ്രദ്ധിച്ചു

കേട്ടാലും.

सुख दुःख अदृष्टाधीन । तें अदृष्ट देहाचे माथां पूर्ण ।
ऐसें जाणोनि आपण । निर्द्वंद्व संपूर्ण सद्गुरुवाक्यें ॥४६२ ॥

സുഖവും ദുഃഖവും പ്രാരബ്ധവശാലാണ്. ഈ പ്രാരബ്ധം പൂർവ്വജന്മകർമ്മത്തിനനുസൃതമാണ്. ഇത് മനസ്സിലാക്കി നാം പൂർണമായും സദ്ഗുരുവിനെ ശരണാഗതി ചെയ്ത് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ജീവിക്കണം.

अदृष्टें देह सुखदुःख भोगी । मूर्ख तेथ रागी विरागी ।
शिष्यु लागों नेदी निजांगीं । गुरुवाक्यरंगीं रंगला । ४६३ ॥

ഭാഗ്യവശാൽ ശരീരം സുഖദുഃഖങ്ങളുടെ അനുഭവങ്ങൾക്ക് വിധേയമാകുന്നു. ഒരു മൂർഖൻ ഇതിൽ ആനന്ദിക്കുകയോ ദുഖിക്കുകയോ ചെയ്യുന്നു. എന്നാൽ ഗുരുവിന്റെ ഉപദേശങ്ങളിൽ ആഴത്തിൽ മുഴുകിയിരിക്കുന്ന ഒരു ശിഷ്യൻ ഈ അനുഭവങ്ങളൊന്നും തന്റെ ശരീരത്തെ ബാധിക്കാൻ അനുവദിക്കുന്നില്ല.

देहींचेनि सुखें सुखावतां । सवेंचि दुःख चढे माथां ।
हें गुरूनें जाणोनि तत्त्वतां देहअहंता सांडविली ॥ ४६४ ॥

സുഖത്തിൽ നാം ആനന്ദിച്ചാൽ, അതിനു പുറകെ ദുഃഖവും വരും. ഗുരു ശിഷ്യനെ ഈ വിഷയങ്ങളെ കുറിച്ച് ഉദ്ബോധനപ്പെടുത്തുന്നതുകാരണം ശിഷ്യൻ ഈ ദ്വന്ദ്വങ്ങളിൽനിന്നും മുക്തനായിരിക്കുന്നു.

निरभिमान्याच्या अंगीं । दुःख नुरेचि दुःखनियोगीं ।
सुख नुरेचि सुखसंभोगीं । तो उभयभागीं अलिप्त ॥ ४६५ ॥

നിരഭിമാനിയായ ഒരു പുരുഷൻ ദുഃഖം വന്നുചേർന്നാലും ദുഖിക്കുന്നില്ല, അതുപോലെ, സുഖങ്ങൾ വന്നാലും അതിൽ സുഖിക്കുന്നില്ല. ഇവ രണ്ടിൽനിന്നും അദ്ദേഹം അലിപ്തനായി വിട്ടുനിൽക്കുന്നു.

छाया उष्णामाजी तापली । ते छाया छायेंचि निवाली ।

तेवीं सुखदुःखें मिथ्या जाहलीं । स्थिति सुखावली यथानुलाभें ॥ ४६६ ॥

വിചിത്രമായി, നിഴൽ, ചൂടിൽ ചൂടാകുമെങ്കിൽ, തണുപ്പിൽ തണുക്കുകയും ചെയ്യും. അതുപോലെ, സുഖത്തിന്റെയും ദുഖത്തിന്റെയും വ്യാജത്വം മനസ്സിലാക്കുമ്പോൾ, ഈ ദ്വന്ദ്വങ്ങൾ നമ്മളെ ബാധിക്കുകയില്ല.

अद्दष्टें देही वर्ततां देख । बाधूं न शके सुखासुख ।
हें गुरुगम्य अलोलिक । शिष्य विश्वासिक पावती ॥४६७ ॥

ശരീരത്തിൽ വസിച്ചുകൊണ്ട് വിധി അനുസരിച്ച് പ്രവർത്തിക്കുമ്പോൾ, സുഖമോ ദുഖമോ ദുഃഖമോ ബാധിക്കുകയില്ല. ഈ അലൗകികമായ രഹസ്യം ശ്രദ്ധാവാനായ ഒരു ശിഷ്യന് മാത്രമേ പ്രാപ്തമാവുകയുള്ളു.

विश्वासेंवीण सर्वथा । गुरुगम्य नये हाता ।
गुरुगम्येंवीण तत्त्वतां । द्वंद्वसमता कद न घडे ॥४६८ ॥

ശ്രദ്ധയില്ലാതെ ഈ രഹസ്യം ഒരിക്കലും ഗ്രഹിക്കാനാവില്ല, ഈ രഹസ്യം ഗ്രഹിക്കുന്നതുവരെ, സുഖ ദുഃഖങ്ങളോട് സമത്വം ഉദിക്കില്ല.

देहीं द्दढता जंव मीपण । तंव तंव द्वंद्वबाधा दारुण ।
जे गुरुवाक्यें निरभिमान । त्यांसी द्वंद्वें जाण अतिमिथ्या ॥ ४६९ ॥

'ഞാൻ' എന്ന ബോധം ശരീരത്തിൽ ഉറച്ചുനിൽക്കുന്നിടത്തോളം, ദ്വന്ദ്വത്തിന്റെ വേദന അസഹനീയമായിരിക്കും; എന്നിരുന്നാലും, ഗുരുവിന്റെ ഉപദേശങ്ങളാൽ അഹങ്കാരത്തിൽ നിന്ന് മുക്തരാകുന്നവർക്ക്, ഈ ദ്വന്ദ്വത മിഥ്യയായി മാറുന്നു - ഇത് മനസ്സിൽ വയ്ക്കുക.

स्वप्नींचें दरिद्र-समर्थता । जेवीं दोनी मिथ्या जागृता ।
तेवीं द्वंद्वबाधेची वार्ता । न बाधे गुरुभक्तां अपरोक्षबोधें ॥४७० ॥

സ്വപ്നത്തിൽ അനുഭവപ്പെടുന്ന ദാരിദ്ര്യമോ സമ്പത്തോ ഉണരുമ്പോൾ മിഥ്യയായി തോന്നുന്നതുപോലെ, ഗുരുഭക്തർക്ക് അപരോക്ഷാനുഭൂതി സിദ്ധിച്ചതിനാൽ ദ്വന്ദങ്ങളിൽനിന്നുള്ള

തടസ്സങ്ങൾ അവരെ ബാധിക്കുന്നില്ല.

लेंकुरांच्या खेळापाशीं । पारणें तैशी एकादशी ।
द्वंद्वाची दशा तैशी । गुरुवाक्यासरिसी समूळ उडे ॥ ४७१ ॥

കുട്ടികളുടെ കളികളിൽ ഏകാദശിയും ദ്വാദശി പാരണയും ഒരുപോലെയാണെന്നതുപോലെ, ഗുരുവിന്റെ നിർദ്ദേശത്തോടെ അത്തരം എല്ലാ ദ്വന്ദ്വങ്ങളും അപ്രത്യക്ഷമാകുന്നു.

जेवीं चंदनाचिया द्रुतीं । आरीबोरी चंदन होती ।
तेवीं गुरुवाक्यप्रतीती । सकळ द्वंद्वें येती निजसाम्या ॥ ४७२ ॥

ചന്ദനമരങ്ങളുടെ പരിസരത്ത്, മറ്റു മരങ്ങൾക്ക് പോലും സുഗന്ധം ലഭിക്കും. അതുപോലെ ഗുരു നൽകുന്ന ഉപദേശം ശരിയായി ഉൾക്കൊള്ളുമ്പോൾ, എല്ലാത്തരം വിപരീതങ്ങളും ആത്മാവിൽ ഏകീകരിക്കപ്പെട്ട് ഫലപ്രദമല്ലാതാകുന്നു.

चंदनासभोंवतीं झाडें । तींही कोरडीं लांकडें ।
देवद्विजांचे मस्तकी चढे । भाग्य एवढें सत्संगी ॥४७३ ॥

ചന്ദനവൃക്ഷത്തെ ചുറ്റിപ്പറ്റിയുള്ള മരങ്ങൾ വെറും ഉണങ്ങിയ തടിയാണെങ്കിലും, അവയെ ദേവതകളും ബ്രാഹ്മണരും നെറ്റിയിൽ അണിയുന്നു, ഇതാണ് സത്സംഗത്തിന്റെ മഹിമ.

सद्‌गुरु तोचि सत्संगती । तत्संगें शिष्य पालटती ।
स्वयें ब्रह्मरूप होती । तेव्हां द्वंदें येतीं निर्द्वंद्वा ॥ ४७४ ॥

സദ്ഗുരുവിന്റെ സാന്നിധ്യം തന്നെയാണ് ഏറ്റവും മികച്ച സത്സംഗം. അദ്ദേഹവുമായുള്ള സഹവാസത്തിലൂടെ, ശിഷ്യൻ ബ്രഹ്മമായി മാറുന്നു. തുടർന്ന് ദ്വന്ദങ്ങൾ നിർദ്വന്ദമാകുന്നു.

एवं गुरुवाक्यीं विश्वासतां । द्वंद्वसाम्य चढे हाता ।
तें गुरुवाक्यही तत्त्वतां । ऐक आतां सांगेन ॥ ४७५ ॥

ഇങ്ങനെ ഗുരുവചനത്തിൽ വിശ്വാസം അർപ്പിച്ചാൽ ദ്വന്ദ സാമ്യം എന്ന അവസ്ഥ പ്രാപ്തമാകുന്നു. ഇതിനെ കുറിച്ച് കൂടുതൽ വിശദീകരിക്കാം.

**സർവ്വത്രാത്മേശ്വരാന്വീക്ഷാം കൈവല്യമനികേതതാം ।
വിവിക്തചീരവസനം സന്തോഷം യേന കേനചിത് ॥ 25 ॥**

എല്ലാറ്റിലും ആത്മാവിനേയും ഈശ്വരനേയും കാണുക എന്നതിനേയും ഏകാന്തവാസത്തേയും, ഗൃഹമില്ലാതിരിക്കുക, പരിശുദ്ധമായ വസ്ത്രഖണ്ഡങ്ങൾ ധരിക്കുക, എന്തെങ്കിലും കൊണ്ട് സന്തോഷിക്കുക, എന്നീ അവസ്ഥകൾ അഭ്യസിക്കണം.

**सद्गुरुवचनविश्वासें । मानीं सर्वत्र परमात्मा ऐसें ।
तेचि निजबुद्धी निश्चयवशें । निजमानसें विवंची ॥ ४७६ ॥**

സദ്ഗുരുവിന്റെ വാക്കുകളിൽ വിശ്വാസം അർപ്പിച്ചുകൊണ്ട്, തന്റെ ചുറ്റുമുള്ള എല്ലാറ്റിലും പരമാത്മാവ് വ്യാപിച്ചിരിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിക്കുന്നു; ഈ ബോധ്യം തന്നിൽത്തന്നെ ഉറപ്പിച്ചു നിർത്തി, അത് മനസ്സിൽ ധ്യാനിക്കുന്നു.

**मजमाजीं परमात्मा वसे । तेणें स्थूळदेहो वर्ततसे ।
त्याचेनि पूर्ण चित्प्रकाशें । जग भासे जगद्रूपें ॥ ४७७ ॥**

(ധ്യാനിക്കുന്നതിങ്ങനെയാണ് -) പരമാത്മാവ് എന്നിൽ വസിക്കുന്നു; അതുകൊണ്ടാണ് ഈ സ്ഥൂല ശരീരം ചലിക്കുന്നതും സംസാരിക്കുന്നതും. ആ പൂർണ്ണമായ ചിത്പ്രകാശത്തിലൂടെയാണ് ഈ പ്രപഞ്ചം അതിന്റെ വിവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്.

**तेणें निजात्मप्रकाशें माझें । दृष्टीसी दृश्य दिसे ।
दृश्यद्रष्टृदर्शनविलासें । विलसतसे परमात्मा ॥ ४७८ ॥**

ആത്മപ്രകാശത്തിന്റെ ബലത്താലാണ് എന്റെ ദൃഷ്ടിക്കു ദൃശ്യം കാണപ്പെടുന്നത്. ദൃശ്യം - ദ്രഷ്ടാവ് - ദർശനം എന്ന മൂന്നിലും ശോഭിക്കുന്നത് പരമാത്മാവ് തന്നെയാണ്.

**दृश्य दृश्यपणें जें जें उठीं । तें तें निजात्मता पाठींपोटीं ।
तेणें अन्वयें देवो देखे दृष्टी । आहाळबाहाळ सृष्टि दुमदुमित ॥ ४७९ ॥**

ദൃശ്യരൂപത്തിൽ പ്രകടമാകുന്നതെല്ലാത്തിലും, അകത്തും പുറത്തും, ആത്മസ്വരൂപം തന്നെയാണ് വ്യാപിച്ചിരിക്കുന്നത്. ഈ നിരന്തരമായ നിദിധ്യാസനത്തിലൂടെ അദ്ദേഹം സൃഷ്ടിയെ മുഴുവനും ചൈതന്യപൂർണമായിവീക്ഷിക്കുന്നു.

तेव्हां जें जें देखे भूताकृती । तेथ परमात्मा ये प्रतीती ।
मी नियंता ईश्वर त्रिजगतीं । हेही स्फुर्तीं स्फुरों लागे ॥ ४८० ॥

തന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഏതൊരു രൂപവും പരമാത്മാവല്ലാതെ മറ്റൊന്നുമല്ലെന്ന് അദ്ദേഹത്തിന് അനുഭവപ്പെടുന്നു. മാത്രമല്ല, മൂന്ന് ലോകങ്ങളുടെയും നിയന്താവ് താൻ തന്നെയാണെന്ന തിരിച്ചറിവ് അദ്ദേഹത്തിൽ ഉദിക്കുന്നു.

जग वर्ते माझिया सत्ता । मी कळिकाळाचा नियन्ता ।
मी उत्पत्ति-स्थिति-प्रलयकर्ता । हे मूळ अहंता स्वभावें स्फुरे ॥ ४८१ ॥

"എന്റെ കൽപ്പനയാൽ മാത്രമാണ് ലോകം ചലിക്കുന്നത്; ഈ കലിയുഗത്തിന്റെ നിയന്താവ് ഞാനാണ്, സൃഷ്ടി, പരിപാലനം, ലയനം എന്നിവ വരുത്തുന്നതും ഞാൻ മാത്രമാണ്" എന്ന് അദ്ദേഹം കരുതുന്നു.

येणें पूर्वान्वयें जंव पाहे । तंव सर्वीं सर्व मीचि आहें
तें पाहतें पाहणें पाहों ठाये । तेथें अहं जाये विरोनि ॥ ४८२ ॥

'ഞാൻ' എന്ന ഈ മൂല അഹങ്കാരം സ്വയമേവ ഉയർന്നുവരുന്നു. അന്വയ ദൃഷ്ടിയോടെ നോക്കുമ്പോൾ എല്ലായിടത്തും സ്വന്തം സ്വരൂപമാണ് കാണപ്പെടുന്നത്. തുടർന്ന്, ദൃശ്യം - ദൃഷ്ടാവ് - ദർശനം എന്ന ത്രിപുടി നഷ്ടമായി അഹങ്കാരം ഉരുകി പോകുന്നു.

तेथें परब्रह्मैक प्रसिद्ध । कोंदला ठाके सच्चिदानंद ।
ऐसा गुरुवाक्यें प्रबोध । शिष्य अतिशुद्ध पावती ॥ ४८३ ॥

അപ്പോൾ പരബ്രഹ്മത്തിൽ ഐക്യപ്പെട്ട് ചുറ്റും സച്ചിദാനന്ദം നിറയുന്നു. ഇങ്ങനെയുള്ള വിശുദ്ധമായ അനുഭവം ഗുരു ഉപദേശത്താൽ നല്ല ശിഷ്യർക്ക് പ്രാപ്തമാകുന്നു.

तेव्हां वैकुंठीं देवो आहे । हें बोलणें त्या आहाचि होये ।

क्षीरसागरीं देवो राहे । हें ऐकतांचि पाहें अनिवार हांसे ॥ ४८४ ॥

ആ നിമിഷം, ഭഗവാൻ വൈകുണ്ഠത്തിൽ വസിക്കുന്നു എന്ന് കേൾക്കുമ്പോൾ അദ്ദേഹത്തിന് അൽപ്പം വിചിത്രമായി തോന്നുന്നു. ഭഗവാൻ ക്ഷീരസാഗരത്തിൽ വസിക്കുന്നു എന്ന് കേൾക്കുമ്പോൾ അദ്ദേഹം പൊട്ടിച്ചിരിക്കുന്നു.

देवांवाचोनि तत्त्वता । तिळभरी ठावो नाहीं रिता ।
त्यातें एकदेशीं नेमितां । न मने वस्तुतां सच्छिष्यासी ॥ ४८५ ॥

സത്യത്തിൽ, ദൈവം ഇല്ലാത്ത സ്ഥലം എന്ന് പറയാൻ ഒരു എള്ളിന്റെ വലിപ്പമുള്ള സ്ഥലം പോലും ഇല്ല. അതിനാൽ, ആ ദൈവം ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തിൽ മാത്രമാണെന്ന് പറയുന്നത് ഒരു നല്ല ശിഷ്യന് സ്വീകരിക്കാനാവില്ല.

वैकुंठ आणी क्षीराब्धी । ज्याचेनि प्रकाशे ज्यामधीं ।
तो वैकुंठवासी अथवा क्षीराब्धीं । हे बोल सोपाधी शबलत्वाचे ॥ ४८६ ॥

വൈകുണ്ഠവും ക്ഷീരസാഗരവും ആരുടെ പ്രകാശത്താലാണോ കാണപ്പെടുന്നത്, ആ പരമാത്മാവിനെ വൈകുണ്ഠവാസി അഥവാ ക്ഷീരസാഗരവാസി എന്ന് പറയുന്നത് സ്പഷ്ടമായി ഈശ്വരനെ നിഷേധിക്കുന്നതാണ്.

जेथ सर्वीं सर्व परमात्मा । तेथे एकदेशी न सरे महिमा ।
तो पूर्णब्रह्म अनाश्रमा । वैकुंठादि आश्रमा वश नव्हे ॥ ४८७ ॥

ഈശ്വരൻ എല്ലാത്തിലും വ്യാപിച്ചിരിക്കുമ്പോൾ, ആ മഹിമയെ ഒരു പ്രത്യേക വാസസ്ഥലത്ത് ഒതുങ്ങി നിൽക്കുന്നതായി വിശേഷിപ്പിക്കുന്നത് അനുചിതമാണ്. ആ ബ്രഹ്മം എല്ലാ വാസസ്ഥലങ്ങളെയും മറികടക്കുന്ന പരമമായ യാഥാർത്ഥ്യമാണ്; വൈകുണ്ഠം പോലുള്ള ലോകങ്ങളാൽ ഒരിക്കലും ബ്രഹ്മത്തിനെ ബന്ധിക്കാൻ കഴിയില്ല.

अखंडातें आवाहन । अधिष्ठानातें आसन ।
सर्वगता सिंहासन । कल्पिती स्थान निजकल्पना ॥ ४८८ ॥

എല്ലായിടത്തും അഖണ്ഡമായിട്ടു നിറഞ്ഞിരിക്കുന്നതിനെ

`ആവാഹനം' ചെയ്യുക, ; എല്ലാത്തിന്റെയും അധിഷ്ഠാനമായിരിക്കുന്നതിന് ഒരു ആസനം നൽകുക, സർവ്വവ്യാപിയായ ഈശ്വരന് ഒരു സിംഹാസനം നൽകണമെന്ന് കരുതുക - ഇതെല്ലാം കല്പനയുടെ കളികളാണ്.

तेही कल्पिती निजवृत्ती । जे ब्रह्मरूप नित्य पाहती ।
त्यांची परब्रह्मस्थिती । कदा कल्पांतीं भंगेना ॥४८९ ॥

പക്ഷെ ഇങ്ങനെ കല്പന ചെയ്യുന്ന പ്രവൃത്തിയും ബ്രഹ്മരൂപമാണ് എന്ന് നിത്യവും ആര് കരുതുന്നുവോ, ആ ഭക്തന്റെ പരബ്രഹ്മസ്ഥിതി ഒരിക്കലും ഭംഗപ്പെടുന്നില്ല.

ऐशी परब्रह्मआवाप्ती । साधकीं पावावया निश्चितीं ।
नित्य वसावें एकांतीं । द्वैताची स्फुर्ती त्यागोनी ॥ ४९० ॥

വാസ്തവമായിട്ടും ഈ പരബ്രഹ്മസ്ഥിതി കൈവരിക്കണം എന്ന് ആഗ്രഹിക്കുന്ന സാധകന്മാർ ദ്വന്ദങ്ങളുടെ ഭാവനയെ ത്യാഗം ചെയ്തു നിത്യവും ഏകാന്തത്തിൽ ഇരിക്കണം.

साधितां परमार्थनिधान । साधकां आडवी वस्त्रअन्न
निमोली वल्कलें परिधान । कां त्यागिलीं अतिजीर्ण वस्त्रें घ्यावीं ॥ ४९१ ॥

പരമാർത്ഥ സാധനയുടെ പാത പിന്തുടരുമ്പോൾ ഒരു സാധകന് ഭക്ഷണത്തിനും വസ്ത്രത്തിനും ദൗർലഭ്യം നേരിടുകയാണെങ്കിൽ, പണം ആവശ്യമില്ലാത്ത വസ്ത്രങ്ങൾ അവർ സ്വീകരിക്കണം; മറ്റുള്ളവർ ഉപേക്ഷിച്ചതും കീറിപ്പറിഞ്ഞതുമായ വസ്ത്രങ്ങൾ പോലും മതിയാകും.

शाकफलमूलकंदभोजन । येणें करावें जठरतर्पण ।
सांडूनि परमार्थ साधन । जोडावया अन्नधन न वचावें कदा ॥ ४९२ ॥

പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ, കിഴങ്ങുകൾ തുടങ്ങിയവ കഴിച്ച് വയറു നിറക്കാം; എന്നിരുന്നാലും, ഭക്ഷണം, വസ്ത്രം, സമ്പത്ത് എന്നിവ തേടുന്നതിനായി പരമാർത്ഥ സാധനയെ ഉപേക്ഷിക്കരുത്.

चौपालवीं बांधोनि करीं । भीक मागावी दारोदारीं ।

परी अन्न आच्छादनावरी । आयुष्य तिळभरी न वेंचावें ॥ ४९३ ॥

ഒരു സഞ്ചിയും ചുമന്ന് ഭിക്ഷ യാചിചാലും വേണ്ടില്ല, പക്ഷെ ഭക്ഷണത്തിനും വസ്ത്രത്തിനും വേണ്ടി മാത്രം ജീവിതം ചെലവഴിക്കരുത്.

मेळवावया अन्न आच्छादन । न शिणती साधक सज्ञान ।
देह अदृष्टाधीन । तें सहजें जाण प्रतिपाळी ॥ ४९४ ॥

ജ്ഞാനികളായ അന്വേഷകർ ഒരിക്കലും ഭക്ഷണത്തിനോ വസ്ത്രത്തിനോ വേണ്ടി പരിശ്രമിക്കുന്നില്ല. ശരീരം വിധിക്ക് വിധേയമാണ്; വിധി സ്വാഭാവികമായും അതിനെ നിലനിർത്തുന്നു.

स्वयें शिणतां अहोराती । अदृष्टावेगळी अणुभरी प्राप्ती ।
कदा न चढे कोणाचे हातीं । हें साधक जाणती सज्ञान ॥ ४९५ ॥

നമ്മൾ രാവും പകലും അധ്വാനിച്ചേക്കാം, പക്ഷേ നമുക്ക് വിധിച്ചിട്ടില്ലെങ്കിൽ, ഒരു പൈസ പോലും നമ്മുടെ കൈകളിൽ വന്നുചേരുകയില്ല. ജ്ഞാനികളായ അന്വേഷകർക്ക് ഇത് മനസ്സിലാകും.

यालगीं अदृष्टें जें प्राप्त । तेणें निर्वाहें सदा निश्चिंत ।
साधक परमार्थ साधित । संतोषयुक्त गुरुवाक्यें ॥४९६ ॥

അതുകൊണ്ട്, ഒരു സാധകൻ എപ്പോഴും സമാധാനത്തോടെ ജീവിക്കുകയും, വിധിയിലൂടെ എന്ത് വന്നാലും അതിൽ ഉറച്ചുനിൽക്കുകയും, ഗുരുവിന്റെ ഉപദേശങ്ങൾക്കനുസൃതമായി പരമാർത്ഥ ലക്ഷ്യത്തിനെ സന്തോഷത്തോടെ പിന്തുടരുകയും ചെയ്യുന്നു.

देह अदृष्टपरवडी । होती सुखदुःख घडामोडी ।
साधकां संतोषु चढोवढी । गुरुवाक्यसुख गोडी दृढ लागली ॥४९७ ॥

സുഖദുഃഖങ്ങൾ വരുത്തുന്ന സംഭവങ്ങൾ ശരീരത്തിന്റെ വിധിക്കനുസൃതമായി സംഭവിക്കുന്നു; ഗുരുവിന്റെ വാക്കുകളുടെ മാധുര്യം മനസ്സിലായതിനാൽ സാധകന്മാർ എപ്പോഴും സംതൃപ്തരായിരിക്കുന്നു.

जैसें देहाचे प्राक्तन । तैसें होय अशन वसन ।
परी गुरुवाक्यसुख सांडून । देहावरी मन ममत्वें न ये ॥ ४९८ ॥

ശരീരത്തിന് അതിന്റെ വിധിയനുസരിച്ച് ഭക്ഷണവും വസ്ത്രവും ലഭിച്ചുകൊണ്ടിരിക്കുന്നു, എന്നാൽ ഗുരുവിന്റെ വാക്കുകളുടെ ആനന്ദം സ്വീകരിച്ച മനസ്സ് ഒരിക്കലും ശരീരത്തോടുള്ള ആസക്തിയിൽ കുടുങ്ങിക്കിടക്കുന്നില്ല.

यांचेवीण यथाकाळें । यदृच्छया जें जें मिळे ।
तें तें सेवी सकळ मंगळें । गुरुवाक्यमेळें स्वानंदें ॥ ४९९ ॥

സ്വാഭാവികമായും യഥാസമയത്തും തനിക്ക് ലഭിക്കുന്നതെന്തും - ആവശ്യപ്പെടാതെ തന്നെ - ഏറ്റവും നല്ല വിഭവമായി അദ്ദേഹം സ്വീകരിക്കുകയും ഗുരുവിന്റെ ഉപദേശങ്ങൾക്കനുസൃതമായി അത് കഴിക്കുകയും ചെയ്യുന്നു.

शरीरनिर्वाहाविखीं । कोठें कांहीं नाभिलाखी ।
जें जें मिळे तेणेंचि सुखी । निजात्मतोखीं संतुष्ट ॥ ५०० ॥

തന്റെ ശരീരം നിലനിർത്തുന്നതിനായി അദ്ദേഹം ഒന്നിനോടും ആഗ്രഹം വെക്കുന്നില്ല. എന്ത് വന്നാലും സംതൃപ്തി കണ്ടെത്തുന്ന അദ്ദേഹം, ആത്മാവിന്റെ ആനന്ദത്തിൽ സംതൃപ്തനായി തുടരുന്നു.

प्रारब्धें सुखदुःख भोगितां । संतोष साधकांच्या चित्ता ।
हें गुरुवाक्यें विश्वासतां । चढे हाता शिष्याच्या ॥ ५०१ ॥

പ്രാരബ്ധവശാൽ സുഖവും ദുഖവും ഭോഗിക്കുമ്പോഴും സാധകന്റെ മനസ്സ് സംതൃപ്തിയാൽ നിറഞ്ഞിരിക്കും. ഗുരുവിന്റെ വചനങ്ങളിലുള്ള വിശ്വാസത്തിലൂടെ മാത്രമേ ഈ അനുഭവം കൈവരിക്കാൻ കഴിയൂ.

त्याच्या दृढ विश्वासासीं । भागवतशास्त्र गुरुपाशीं ।
अभ्यासावें आदरेंसीं । दृढ-निश्चयेंसीं प्रबोधक ॥ ५०२ ॥

ഈ വിശ്വാസം ദൃഢപ്പെടാൻ, ഒരാൾ ഗുരുവിനോടൊപ്പം ആത്മാർത്ഥമായി ഇരുന്ന് പ്രകാശിപ്പിക്കുന്ന ഭാഗവത ഗ്രന്ഥം

പൂർണ്ണമായ വിശ്വാസത്തോടെയും ആദരവോടെയും അഭ്യസിക്കണം.

ശ്രദ്ധാം ഭാഗവതേ ശാസ്ത്രേ്നിന്ദാമന്യത്ര ചാപി ഹി ।
മനോ വാക്കർമ്മദണ്ഡം ച സത്യം ശമദമാവപി ॥ 26 ॥

ഭഗവദ്ധർമ്മത്തെ പ്രതിപാദിക്കുന്ന ശാസ്ത്രത്തിൽ ശ്രദ്ധയേയും, മറ്റു ശാസ്ത്രങ്ങളിൽ നിന്ദയില്ലായ്മയേയും, മനസ്സിനേയും വാക്കിനേയും ദേഹത്തിനേയും ദണ്ഡിക്കുക എന്നതിനേയും, യഥാർത്ഥഭാഷണത്തേയും, ശമത്തേയും, ദമത്തേയും അഭ്യസിക്കണം.

सगुण अथवा निर्गुण ।जेथ भगवत्स्वरूपवर्णन ।
कं भगवंत बोलिला आपण । अथवा भगवद्गुणकीर्ति जेथें ॥५०३ ॥

ഭഗവാന്റെ സഗുണസ്വരൂപത്തിന്റെയും നിർഗുണ സ്വരൂപത്തിന്റെയും വിവരണം ഉൾക്കൊള്ളുന്ന, ഭഗവാൻ തന്നെ സംസാരിച്ച, ഭഗവാന്റെ മഹത്വങ്ങളും ഗുണങ്ങളും വിവരിക്കുന്ന ഗ്രന്ഥത്തിനെ...

तें तें राया शास्त्र जाण । आवडे जैसें जीवुप्राण ।
विशेषेंसीं ज्ञान कथन । सप्रेम पूर्ण पढियंतें ॥ ५०४ ॥

...ഹേ രാജാവേ! അതിനെ ഭാഗവത ശാസ്ത്രം ആയി കണക്കാക്കുക. ആത്മീയ അഭിലാഷമുള്ളവർ അതിനെ ജീവനേക്കാൾ വിലപ്പെട്ടതായി കരുതുന്നു. അതിന്റെ ഉള്ളടക്കത്തിൽ, ജ്ഞാന നിരൂപണത്തിൽ അവർക്ക് പ്രത്യേക ഇഷ്ടമുണ്ട്; അവർക്ക് അത് ആഴത്തിൽ ആകർഷകമായി തോന്നുന്നു.

गुरुमुखें ज्ञानकथा गोड । तेणें श्रीभागवतीं श्रद्धा दृढ ।
श्रवणें पुरे जीवाचें कोड । वोसरे चाड विषयांची ॥ ५०५ ॥

ഗുരുമുഖത്തിൽനിന്നും കേൾക്കുന്ന ജ്ഞാനത്തിന്റെ വ്യാഖ്യാനം അവർക്ക് അത്യധികം മധുരമായി തോന്നുന്നു, അങ്ങനെ അവർ ശ്രീമദ് ഭാഗവതത്തിൽ ദൃഢമായ ശ്രദ്ധ നിലനിർത്തുന്നു. അത് കേൾക്കുന്നതിലൂടെ അവരുടെ ആഗ്രഹങ്ങൾ സഫലമാവുകയും, ലൗകിക വസ്തുക്കളോടുള്ള ആസക്തി ശമിക്കുകയും ചെയ്യുന്നു.

जीवीं नाहीं विषयकौतुकें । तरी विषय आवश्यक ।
साधकां होती बाधक । तेणें आत्यंतिक अनुतापु ॥ ५०६ ॥

ഒരു സാധകന് ലൗകിക കാര്യങ്ങളിൽ താൽപ്പര്യം ഇല്ലെങ്കിലും, ആ വസ്തുക്കൾ എപ്പോഴും തടസ്സങ്ങളായി പ്രവർത്തിക്കുകയും അദ്ദേഹത്തിന് പശ്ചാത്താപം ഉണ്ടാക്കുകയും ചെയ്യുന്നു.

अनिवार विषयावस्था । त्यागिली न वचे निजसत्ता ।
तेणें मुमुक्षूच्या चित्ता । अत्यंत व्यथा अनुतापें ॥ ५०७ ॥

ഇന്ദ്രിയവിഷയങ്ങൾ അനിവാര്യമായതിനാൽ, അത് ഉപേക്ഷിക്കാൻ കഴിയില്ല, അതിനാൽ മുമുക്ഷുവിന്റെ മനസ്സ് പശ്ചാത്താപത്താൽ അത്യധികം വേദനിക്കുന്നു.

नसतां विषयांची अतिप्रीति । स्वतां नव्हे विषयनिवृत्ति ।
ऐशिया साधकांप्रती । निर्णीत शास्त्रार्थीं नेमिला नेमु ॥ ५०८ ॥

വാസ്തവത്തിൽ, വിഷയാസക്തി നീങ്ങാതെ അതിനെ ത്യജിക്കാൻ കഴിയില്ല. അത്തരം അന്വേഷകർക്കായി വേദങ്ങൾ ചില നിയമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

नाहीं विषयांची आसक्ति । ना नव्हे विषयनिवृत्ति ।
ऐशी जे कां साधकस्थिति । नेमू त्याप्रती शास्त्रें केली ॥ ५०९ ॥

വിഷയങ്ങളോട് ആസക്തിയില്ല, എന്നാലും അതിൽനിന്നും നിവർത്തി ലഭിക്കുന്നില്ലെങ്കിൽ, അത്തരം സാധകർക്കും ശാസ്ത്രങ്ങൾ കുറച്ച് നിയമങ്ങൾ വെച്ചിട്ടുണ്ട്.

जो कां केवळ विषयासक्त । तो कदा न मानी शास्त्रार्थ ।
कां जो झाला जीवन्मुक्त । तोही शास्त्रार्थ मानूनि न मानी ॥ ५१० ॥

വേദങ്ങളുടെ നിർദ്ദേശങ്ങൾ പാലിക്കാത്ത രണ്ട് തരം ആളുകളുണ്ട് - ലൗകിക സുഖങ്ങളിൽ മാത്രം മുഴുകിയിരിക്കുന്ന ഒരാൾ ഒരിക്കലും വേദങ്ങളുടെ ഉപദേശങ്ങൾ ശ്രദ്ധിക്കുന്നില്ല; നേരെമറിച്ച്, ഒരു ജീവൻ മുക്തൻ - അദ്ദേഹം ശാസ്ത്രത്തിനെ മാനിക്കുന്നുവെങ്കിലും അതിനെ സ്വീകരിക്കുന്നില്ല.

जैसी मृगजळाची भासे स्थिति । तैसे विषय मुक्तांप्रती ।
त्या विषयांचिये निवृत्ती । कोणते शास्त्रार्थीं मानावा नेमु ॥ ५११ ॥

ജീവൻ മുക്തന്മാർ ഇന്ദ്രിയ വിഷയങ്ങളെ ഒരു മരീചികയായി കാണുന്നു. പിന്നെ, മരീചിക പോലെയുള്ള ഈ വസ്തുക്കളെ ഉപേക്ഷിക്കാൻ അവർ എന്ത് വേദ നിയമങ്ങൾ പാലിക്കണം?

एवं अत्यासक्त अतिविरक्त । त्यंसी नेमु न चले येथ ।
मुमुक्षूंसीच शास्त्रार्थ । नेमी निश्चित निजनेमे ॥ ५१२ ॥

സാരാംശത്തിൽ, വിഷയാസക്തി അധികമുള്ളവർക്കും, പൂർണ്ണ വിരക്തന്മാർക്കും വേദനിയമങ്ങൾ ബാധകമല്ല; അവ മോക്ഷം തേടുന്ന മുമുക്ഷുക്കൾക്കാണ് ബാധകമാവുന്നത്.

तेथ गुरुशिष्यसंवाद । करितां ज्ञानार्थबोध ।
ते बोधीं बाधी विषयबाध । तत्त्यागीं प्रसिद्ध शास्त्रार्थनेमु ॥ ५१३ ॥

ഗുരുവും ശിഷ്യനും തമ്മിലുള്ള സംഭാഷണം ജ്ഞാനസാക്ഷാത്കാരത്തിലേക്ക് നയിക്കുന്നു, എന്നാൽ വിഷയവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ ഈ ധാരണയെ തടസ്സപ്പെടുത്തിയേക്കാം. അത്തരം തടസ്സങ്ങൾ തടയാൻ സുസ്ഥാപിതമായ വേദ നിയമങ്ങൾ നിലവിലുണ്ട്.

मनसा-वाचा-कर्मावरोधु । येणें विषयांचा त्रिविध बाधु ।
त्या तिहींसही त्रिविधु । शास्त्रें अतिशुद्धु नेमिला नेमु ॥ ५१४ ॥

ഇന്ദ്രിയവിഷയങ്ങളിൽ നിന്ന് ഉണ്ടാകുന്ന തടസ്സങ്ങൾ മൂന്ന് തരത്തിലാണ്, മനസ്സ്, വാക്ക്, ശരീരം എന്നിവയിലൂടെ ചെയ്യുന്ന പ്രവൃത്തികൾക്ക് അനുസൃതമായി, അവയെ പരിഹരിക്കുന്നതിന് വേദങ്ങൾ മൂന്ന് തരം നിയമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

मनासी नेमु उपशमाचा । इंद्रियां नेमु तो दमाचा ।
सत्यें नेमिलीं वाचा । तिहींसही तिहींचा निजनेमु ॥ ५१५ ॥

വേദങ്ങൾ, മാനസികം, വാചികം, കായികം എന്ന മൂന്നു വിധത്തിലുള്ള കർമ്മങ്ങൾക്ക് അനുസൃതമായി മനസ്സിന് 'ശമം'

(അതായത് ശാന്തിക്കുള്ള നിയമം), ഇന്ദ്രിയങ്ങൾക്ക് 'ദമം' (അതായത് നിഗ്രഹത്തിനുള്ള നിയമം), വാക്കിന് 'സത്യം' (അതായത് സത്യം എന്ന നിയമം), ഇങ്ങനെ മൂന്നു വിധത്തിലുള്ള നിയമങ്ങൾ വിധിക്കപ്പെട്ടിരിക്കുന്നു.

विषयकाम गज दारुण । अहंमदें उन्मत्त पूर्ण ।
देहतारुण्यें अतिघूर्ण । तोडी बंधन विधीचें ॥ ५१६ ॥

വിഷയ കാമരൂപിയായ ആന `അഹങ്കാരം' എന്ന മദത്താൽ ഉന്മത്തനായി യൗവനത്തിന്റെ ലഹരിയിൽ വിധി നിർദേശങ്ങളുടെ ബന്ധനങ്ങൾ എളുപ്പത്തിൽ പൊട്ടിച്ചെറിയുന്നു.

रवंदी सुहृद राजा गुरु । सोंडां कवळी स्वर्गशिखरु ।
नरकनदीमाजीं अपारु । अतिदुस्तरु बुड्या देत ॥ ५१७ ॥

ഒരു സുഹൃത്തായാലും, ഒരു രാജാവായാലും, ഒരു ഗുരുവായാലും, അവരെയൊക്കെ മാറ്റിനിർത്തുന്നു. സ്വർഗ്ഗത്തിന്റെ കൊടുമുടിയെ തന്റെ തുമ്പിക്കൈ കൊണ്ട് എത്തിപ്പിടിച്ച്, നിറഞ്ഞൊഴുകുന്ന നരക നദിയിലേക്ക് പതിച്ചു വീഴുന്നു, വീണ്ടും വീണ്ടും.

धर्मजलें क्षाळे अवचिता । सवेंचि सलोभ धुळी घाली माथां ।
घोळसी ब्रह्मादिकां समस्तां । अहंममता गर्जतु ॥ ५१८ ॥

ചിലപ്പോഴൊക്കെ ഈ ആനയെ ധർമ്മത്തിന്റെ വെള്ളത്തിൽ കുളിപ്പിച്ചാലും, അത് സ്വന്തം തലയിൽ അത്യാഗ്രഹത്തിന്റെ പൊടി വാരിയിട്ട്, ബ്രഹ്മാവിനെപ്പോലുള്ള ദേവന്മാരെപ്പോലും മറികടന്ന്, ലൗകിക ആസക്തിയുടെ ആരവത്തോടെ ഗർജിക്കുന്നു.

त्यासी विवेकमहावत जाण । माथां चढों जाणे आपण ।
शास्त्रविधी-अंकुशें पूर्ण । धरिला आवरून करकरितु ॥ ५१९ ॥

വിവേചനബുദ്ധിയാകുന്ന പാപ്പാനുമാത്രമേ ആ നിമിഷം തലയിൽ കയറി ഇരുന്ന്, ശാസ്ത്രവിധിയാകുന്ന അങ്കുശത്താൽ ഈ ആനയെ നിയന്ത്രണത്തിലാക്കാൻ കഴിയൂ.

त्यासी उपशमाचें संरक्षण । वैराग्ययुक्त ठेवूनि जाण ।

दमाचे शृंखळीं आकळून । सत्याचे स्तंभीं पूर्ण विवेकु बांधे ॥ ५२० ॥

വൈരാഗ്യയുക്തമായ `ഉപശമം' എന്ന ഒരു കാവൽക്കാരനെ നിയോഗിച്ച്, `വിവേക'മാകുന്ന ആനപാപ്പാൻ `ദമം' എന്ന ചങ്ങലകൊണ്ട് ആനയെ നിയന്ത്രണത്തിലാക്കുകയും `സത്യ'ത്തിന്റെ തൂണിൽ ദൃഢമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

मनसा-वाचा-कायिक कर्म । येणें विषयबाधा बाधी परम ।
त्या तिहींसी केला त्रिविध नेम । त्या नेमाचें वर्म ऐक राया ॥ ५२१ ॥

മനസ്സ്, വാക്ക്, ശരീരം എന്നിവയിലൂടെ ചെയ്യുന്ന പ്രവൃത്തികളിലൂടെ വിഷയാസക്തി മനുഷ്യനെ വളരെ ബാധിക്കുന്നു. ഈ മൂന്ന് തരം പ്രവൃത്തികൾക്കും മൂന്ന് തരം നിയമങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഹേ രാജാവേ, ഈ നിയമങ്ങളുടെ സാരാംശം കേൾക്കൂ.

आतां शमाची ऐशी स्थिती । मनबुद्ध्यादि चित्तवृत्ती ।
सांडवूनि विषयासक्ती । लावी परमार्थीं प्रबोधूनि ॥ ५२२ ॥

`ശമം' എന്ന അവസ്ഥ മനസ്സിനെ ഇന്ദ്രിയവിഷയങ്ങളിൽ നിന്ന് വേർപെടുത്തുകയും, മനസ്സ്, ബുദ്ധി തുടങ്ങിയ മാനസിക കഴിവുകളെ പരമാർത്ഥത്തിലേക്കു തിരിച്ചുവിടുകയും ചെയ്യുന്നു.

पूर्वे उगवतां गभस्ती । आंधारु सांडी त्रिजगती ।
तेवीं गुरुवाक्यें शमाची प्राप्ती । विषयनिवृत्ति मानसिक ॥ ५२३ ॥

കിഴക്കിൽ സൂര്യൻ ഉദിക്കുമ്പോൾത്തന്നെ മൂന്ന് ലോകങ്ങളിൽ നിന്നും ഇരുട്ട് അകന്നുപോകുന്നതുപോലെ, ഗുരുവിന്റെ ഉപദേശങ്ങളിലൂടെ ശമം (മനസ്സിന്റെ ശാന്തത) കൈവരിക്കുന്ന നിമിഷം മുതൽ, മനസ്സ് സ്വയമേവ ഇന്ദ്രിയവിഷയങ്ങളിൽ നിന്ന് പിൻവാങ്ങുന്നു.

बाह्य इंद्रियप्रवृत्ती । दमें दमोनि गुरुवाक्यस्थिती ।
मग शमाची संगति । आणी निवृत्ती इंद्रियकर्मे ॥ ५२४ ॥

ഗുരുവിന്റെ ഉപദേശങ്ങൾക്കനുസൃതമായി, `ദമം' ബാഹ്യ ഇന്ദ്രിയങ്ങളുടെ പ്രവണതകളെ അടിച്ചമർത്തുമ്പോൾ, ശമംകൊണ്ട്

ഇന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരു വിരാമം കൈവരിക്കാനാകും.

कन्या प्रतिपाळूनि जैसी । दान देतां जांवयासी ।
त्यागी बापाचे कुळगोत्रासी । दमें इंद्रियें तैशीं विषयार्था ॥ ५२५ ॥

ഒരു കന്യകയെ വളർത്തി പരിപാലിച്ച്, കന്യാദാനം ചെയ്തു കൊടുത്ത ശേഷം അവൾ എപ്രകാരമാണോ തന്റെ അച്ഛന്റെ കുലവും ഗോത്രവും ഉപേക്ഷിക്കുന്നത്, അതുപോലെ ദമത്തിന്റെ സഹായത്തോടെ, ഇന്ദ്രിയങ്ങൾ വിഷയങ്ങളെ ത്യജിക്കുന്നു.

झणीं वाचा जाईल विकळ । तिसी सत्याचा महामोकळ ।
देऊनि केली निखळ । अतिअढळ सत्यधूत वाणी ॥ ५२६ ॥

'വാക്ക്' വഴിതെറ്റിപ്പോകുന്നത് തടയാൻ, അതിനെ 'സത്യം' കൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുന്നു, അതുവഴി വാക്ക് ശുദ്ധവും സ്ഥിരവും ആകുന്നു.

सत्यवादिया ब्रह्मादि वंदिती । असत्या होय अधोगती ।
ऐसें व्याख्यन जे करिती । तेही वदती असत्य ॥ ५२७ ॥

"ബ്രഹ്മാവിനെപ്പോലുള്ള ദേവന്മാർ പോലും സത്യം പറയുന്നവനെ വണങ്ങുന്നു, അതേസമയം നുണയൻ ദാരുണമായ വിധിയെ നേരിടുന്നു" - ഈ ആശയത്തിനെ പ്രതിപാദിക്കുന്നവർ പോലും ചിലപ്പോൾ നുണ പറയുന്നു.

कां रामनामाच्या आवृत्तीं । वाचा धूतली स्मरणोक्तीं ।
ते असत्यामाजीं पुढती । कदा कल्पांतीं बुडेना ॥ ५२८ ॥

എന്നിരുന്നാലും, രാമ നാമം സദാ ജപിക്കുന്നതിലൂടെ പവിത്രമായ വാക്ക് ഇനി ഒരിക്കലും, പ്രപഞ്ചം ലയിക്കുമ്പോൾ പോലും, അസത്യത്തിലേക്ക് ആഴ്ന്നിറങ്ങുകയില്ല.

मंथूनि काढिलें नवनीत । तें पुढती न बुडें ताकांत ।
तेवीं नामें वाचा निर्धूत । असत्य तेथ स्पर्शेना ॥ ५२९ ॥

ഒരിക്കൽ കടഞ്ഞെടുത്ത വെണ്ണ വീണ്ടും മോരിൽ

ലയിക്കാത്തതുപോലെ രാമനാമത്താൽ വാക്ക് പവിത്രമാക്കപ്പെടുമ്പോൾ, അസത്യം ഒരിക്കലും അതിനെ സ്പർശിക്കുകയില്ല.

जेवीं लागलेनि रविकरें । घृतकणिका स्वयें विरे ।
तेवीं सत्याचेनि निजनिधिरें । असत्य चमत्कारें समूळ उडे ॥ ५३० ॥

സൂര്യരശ്മികൾ സ്പർശിക്കുന്ന നിമിഷം നെയ്യ് ഉരുകാൻ തുടങ്ങുന്നതുപോലെ, സത്യത്തിന്റെ സ്ഥിരതയ്ക്ക് മുന്നിൽ അസത്യം അന്ധാളിച്ച് പൂർണ്ണമായും നശിപ്പിക്കപ്പെടുന്നു.

चंदनाचिया चौफेरीं । काष्ठत्वा मुकती खैर बोरी ।
तेवीं नामाच्या निजगजरीं । वाचेमाझारीं निजसत्य प्रगटे ॥ ५३१ ॥

ചന്ദനമരത്തോടുള്ള സാമീപ്യം മൂലം മറ്റു മരങ്ങളും അവയുടെ സാധാരണ ഗുണങ്ങൾ ഉപേക്ഷിച്ച് ചന്ദനമരത്തിന്റെ സാദൃശ്യത്തിലേക്ക് മാറുന്നതുപോലെ, നാമ ജപത്തിലൂടെ അസത്യംമാഞ്ഞു പോകുന്നു.

झलेनि अर्कप्रकाशें । खद्योत हारपती जैसे ।
तेवीं रामनामसौरसें । लोपे अनायासें असत्य ॥ ५३२ ॥

സൂര്യൻ ഉദിക്കുമ്പോൾത്തന്നെ മിന്നാമിനുങ്ങുകൾ അവയുടെ ചെറിയ പ്രകാശത്തോടുകൂടി മങ്ങിപ്പോകുന്നതുപോലെ, രാമനാമത്തിന്റെ പ്രഭാവത്താൽ അസത്യം അപ്രത്യക്ഷമാകുന്നു.

अंवसेसी प्रतिपदे कुहु । गेलिया बिंब सांडी राहु ।
तेव्हां प्रकाशाचा समूहु । प्रगटे बहु जगामाजीं ॥ ५३३ ॥

അമാവാസ്യയിലെ ഇരുണ്ട ചന്ദ്രദശയ്ക്ക് ശേഷം, ലോകത്തിൽ സൂര്യപ്രകാശം പ്രകാശിക്കുന്നു.

तेवीं असत्याचेनि आक्रमें । वाचा प्रकाशे सत्यसंभ्रमें ।
जेवीं राजाज्ञाअनुक्रमे । प्रजा स्वधर्में वर्तती ॥ ५३४ ॥

അതുപോലെ, അസത്യത്തെ പരാജയപ്പെടുത്തുന്നതിലൂടെ, വാക്കിൽ സത്യസന്ധതയുണ്ടാകുന്നു. രാജാവിന്റെ പ്രജകൾ

രാജാവിനെ ജീവിതാവസാനം വരെ അനുസരിക്കുന്നതുപോലെ.

सत्यापरतें नाहीं तप । सत्यापरता नाहीं जप ।
सत्यें पाविजे सद्‌रूप । सत्यें निष्पाप साधक होती ॥ ५३५ ॥

സത്യത്തേക്കാൾ ശ്രേഷ്ഠമായ ഒരു തപസ്സുമില്ല, സത്യത്തേക്കാൾ മികച്ച ഒരു പാതയുമില്ല; കാരണം സത്യത്തിലൂടെ ഒരാൾ സ്വരൂപത്തിനെ കൈവരിക്കുന്നു, സത്യത്തിലൂടെ മാത്രമാണ് അന്വേഷകൻ പാപത്തിൽ നിന്ന് മുക്തനാകുന്നത്.

एवं काया वाचा आणि मनें । शमदमादिसत्यलक्षणें ।
जो नेमिला त्रिविधविंदानें । त्याचे विषयाचें धरणें तत्काळ उठी ॥ ५३६ ॥

അങ്ങനെ, ശമം, ദമം, സത്യം എന്നിവ ഉൾപ്പെടുന്ന നിയമങ്ങൾ പാലിക്കുന്ന വ്യക്തിക്ക് ശരീരം, വാക്ക്, മനസ്സ് എന്നിവയിലൂടെ ഇന്ദ്രിയവിഷയങ്ങൾ തൽക്ഷണം ഓടിപ്പോകുന്നു.

ऐसिया स्वार्थालागीं जीवीं । भगवच्छास्त्रीं आवडी करावी ।
परी आणिकां शास्त्रां न लावी । द्वेषभावीं निंदेचें बोट ॥ ५३७ ॥

ഈ തരത്തിലുള്ള സാധന കൈവരിക്കുന്നതിന്, മനസ്സിൽ ഭാഗവത ശാസ്ത്രത്തിൽ രുചി ഏർപ്പെടണം. എന്നാൽ മറ്റ് ഗ്രന്ഥങ്ങളെ ദ്വേഷ ബുദ്ധിയോടെ നിന്ദിക്കരുത്.

एका स्तुती एका निंदा । करितां आदळे अंगी बाधा ।
यालागीं निंदानुवादा । साधक कदा नातळती ॥ ५३८ ॥

ഒരാളെ പുകഴ്ത്തുകയും മറ്റൊരാളെ അവഹേളിക്കുകയും ചെയ്യുന്നത് ഒരു തെറ്റാണ്; അതിനാൽ, ആത്മീയാന്വേഷകർ വിമർശനത്തിന്റെ പാതയിലേക്ക് നീങ്ങുന്നില്ല.

अर्धांगींची लक्ष्मी वंदावी । मा चरणींची गंगा काय निंदावी ।
निजजननी नमस्करावी । काय येरां द्यावी पांपर ॥ ५३९ ॥

വിഷ്ണുപത്നിയായ ലക്ഷ്മിയെ വന്ദിക്കുകയും വിഷ്ണുപാദങ്ങളിൽനിന്നും വന്ന ഗംഗയെ നിന്ദിക്കുകയും ചെയ്യുന്നത് ശരിയാണോ? സ്വന്തം അമ്മയെ ആദരവോടെ വണങ്ങുകയും മറ്റ്

സ്ത്രീകളെ ചവിട്ടുകയും ചെയ്യുന്നത് ശരിയാണോ?

तरी भज्य भजावें भजनीं । परी निंदा स्तुति सांडूनि दोनी ।
जो निजसत्यें होय मौनी । तैं ब्रह्मज्ञानीं अधिकारु ॥ ५४० ॥

നമ്മുടെ ഇഷ്ട ദേവതയെ ഭജിക്കണം, എന്നാൽ, ആരാണോ സ്തുതിയും നിന്ദയും ത്യജിച്ച് സത്യത്തിനെ ധരിച്ച്, മൗനത്തിനെ ആശ്രയിക്കുന്നത്, അവരാണ് ബ്രഹ്മജ്ഞാനത്തിന് അധികാരികളാകുന്നത്.

ऐशी न करितां व्युत्पत्ति । न सोशितां हे कष्टस्थिति ।
भावें करितां भगवद्‌भक्ति । फुकाची मुक्ति हरिभक्तां ॥ ५४१ ॥

വളരെയധികം പരിശ്രമിക്കാതെയും കഷ്ടപ്പെടാതെയും പൂർണ്ണ സമർപ്പണത്തോടെ ഭക്തിസേവനം ചെയ്താൽ, ഹരി ഭക്തന്മാർ യാതൊരു ശ്രമവുമില്ലാതെ മോക്ഷം നേടുന്നു.

ते भक्तीची निजस्थिति । राया सांगेन तुजप्रती ।
सुगमत्वें परमात्मप्राप्ति । हरिभक्त पावती तें ऐक ॥ ५४२ ॥

ഹേ രാജാവേ! ആ ഭക്തിയുടെ ലക്ഷണങ്ങൾ എന്താണെന്നും ഹരിഭക്തന്മാർക്ക് എങ്ങനെ എളുപ്പത്തിൽ പരമപദത്തിലെത്താമെന്നും ഞാൻ പറഞ്ഞുതരാം; ശ്രവിച്ചാലും.

ശ്രവണം കീർത്തനം ധ്യാനം ഹരേരദ്ഭുതകർമ്മണഃ ।
ജൻമകർമ്മഗുണാനാം ച തദർത്ഥേഽഖിലചേഷ്ടിതം ॥ 27 ॥

ഭഗവാന്റെ അത്ഭുതകരവും ദിവ്യവുമായ ലീലകളെക്കുറിച്ച് ശ്രവിക്കുകയും ലീലകളെ ധ്യാനിക്കുകയും വേണം. പരമപുരുഷനായ ഭഗവാന്റെ ആവിർഭാവം, ലീലകൾ, ഗുണങ്ങൾ, പരിശുദ്ധ നാമങ്ങൾ എന്നിവയിൽ വിശേഷിച്ചും മുഴുകിയിരിക്കണം. അപ്രകാരം പ്രചോദിതരായി, തങ്ങളുടെ നിത്യകർമ്മങ്ങളെല്ലാം ഭഗവാന് സമർപ്പണമായി അനുഷ്ഠിക്കണം.

मुख्य भक्तीचें करण । हरीचे जन्म-कर्म-गुण ।
पूर्ण श्रद्धा करावे श्रवण । हरिकीर्तन स्वानंदें ॥ ५४३ ॥

ശ്രീ ഹരിയുടെ ദിവ്യജനനം, ദിവ്യഗുണങ്ങൾ, ദിവ്യകർമ്മങ്ങൾ എന്നിവ പൂർണ്ണ ശ്രദ്ധയോടെ ശ്രവിക്കുകയും സന്തോഷത്തോടെ സ്തുതികൾ കീർത്തിക്കുകയും ചെയ്യുക എന്നതാണ് ഭക്തിയുടെ മുഖ്യ സാധന.

हरिकीर्तनाचिया जोडी । सकळ साधनें केलीं बापुडीं ।
अद्‌भुत कर्मे हरीचीं गाढीं । गातां अतिआवडी उल्हासे ॥ ५४४ ॥

ഹരികീർത്തനവുമായി താരതമ്യപ്പെടുത്തുമ്പോൾ, മറ്റെല്ലാ സാധനകളും വളരെ താഴ്ന്ന ക്രമത്തിലാണ്. ഭഗവാന്റെ ദിവ്യ ലീലകൾ അത്യധികം മഹത്തരവും അത്ഭുതകരവുമാണ്; അവയെ ആലപിക്കുന്നതിലൂടെ മനസ്സിന് അളവറ്റ ആനന്ദം ലഭിക്കുന്നു.

शिळा तारिल्या सागरीं । गोवर्धन धरिला करीं ।
निद्रा न मोडितां सकळ नगरी । द्वारकेमाझारीं आणिली मथुरा ॥ ५४५ ॥

അത്ഭുതങ്ങളിൽ ചിലത് ഇവയാണ്: (1) രാമൻ കടലിൽ പൊങ്ങിക്കിടക്കുന്ന കല്ലുകൾ നിർമ്മിച്ചു (2) ശ്രീകൃഷ്ണൻ ഗോവർദ്ധന പർവതത്തെ വിരലിൽ ഉയർത്തിപ്പിടിച്ചു (3) മഥുരയിലെ എല്ലാ പൗരന്മാരെയും ഉറക്കം കെടുത്താതെ രാത്രി മഥുരയിൽനിന്നും ദ്വാരകയ്ക്ക് കൊണ്ടുവന്നു.

निमाला गुरुपुत्र दे आणूनि । मुखें प्राशिला दावाग्नि ।
गत गर्भ आला घेऊनि । निजजननीतोषार्थ ॥ ५४६ ॥

(4) തന്റെ ഗുരുവായ സന്ദീപനിയുടെ മരിച്ചുപോയ മകനെ കൃഷ്ണൻ തിരികെ കൊണ്ടുവന്നു (5) കാട്ടുതീ വിഴുങ്ങി (6) തന്റെ അമ്മയെ പ്രീതിപ്പെടുത്താൻ, തന്റെ മരിച്ചുപോയ സഹോദരന്മാരെ സ്വർഗത്തിൽ നിന്ന് തിരികെ കൊണ്ടുവന്ന് അമ്മയെ കാണിച്ചു.

अजन्म्या जन्में नेणों किती । अकर्म्याचीं कर्में गाती ।
अगुणाचे गुण वर्णिती । तेणें श्रीपति सुखावे ॥ ५४७ ॥

ജനനമില്ലാത്തവനാണെങ്കിലും എണ്ണമറ്റ ജന്മങ്ങൾ എടുക്കുന്നവനും, കർമരഹിതനാണെങ്കിലും, അത്ഭുതകരമായ കർമ്മങ്ങൾ ചെയ്യുന്നവനും, നിർഗുണനാണെങ്കിലും, ഗുണങ്ങളിൽ വിഹരിക്കുന്നവനുമായ ആ ശ്രീപതിയുടെ ഗുണകർമ്മങ്ങളെ

വർണ്ണിക്കുന്നതിലൂടെ അതിയായ സംതൃപ്തി ഉണ്ടാകുന്നു.

जो सुखैकमूर्ति निजस्वभावें । तोही जन्म-कर्म-गुणवैभवें ।
गातां कीर्तनीं अतिसुखावे । स्वानंदगौरवें डुल्लतु ॥ ५४८ ॥

അടിസ്ഥാനപരമായി, ഭഗവാൻ ആനന്ദഘനനാണ്. കീർത്തനത്തിൽ ഗുണങ്ങൾ, കർമ്മങ്ങൾ, ദിവ്യ ലീലകൾ എന്നിവ ആലപിക്കുമ്പോൾ, ഭഗവാൻ സന്തോഷിക്കുകയും ആടാൻ തുടങ്ങുകയും ചെയ്യുന്നു.

ऐशी कीर्तनीं गातां कीर्ति । निर्मळ होय चित्तवृत्ति ।
तेथें ठसावे ध्यानस्थिति । ऐक ते नृपती सांगेन ॥ ५४९ ॥

അങ്ങനെ, കീർത്തന സമയത്ത് ഹരിയുടെ മഹത്വങ്ങൾ ആലപിക്കുന്നതിലൂടെ, ചിന്തകൾ ശുദ്ധീകരിക്കപ്പെടുകയും, ആ മാനസികാവസ്ഥയ്ക്കുള്ളിൽ, ധ്യാനം സ്ഥിരമാവുകയും ചെയ്യുന്നു. ഹേ രാജാവേ, ആ ധ്യാനാവസ്ഥയെ ഞാൻ വിവരിക്കുന്നത് ശ്രദ്ധിക്കുക.

मुकुट कुंडलें मेखळा । कांसे कसिला सोनसळा ।
आपाद रुळे वनमळा । घनसांवळा घवघवित ॥ ५५० ॥

ശിരസ്സിൽ ഒരു കിരീടവും, കാതുകളിൽ കുണ്ഡലങ്ങളും, അരയിൽ ഒരു മേഖലയും, പട്ടുകൊണ്ടൊരു പീതാംബരവും അണിഞ്ഞ നീലമേഘശ്യാമളൻ അതിമനോഹരമായി പ്രത്യക്ഷപ്പെടുന്നു; കഴുത്തിൽ ഒരു വൈജയന്തിമാല ധരിച്ചിരിക്കുന്നു, അത് അദ്ദേഹത്തിന്റെ പാദങ്ങൾ വരെ എത്തുന്നു.

ऐशी मूर्ती सुरेख सगुण । कां निरसून रूप नाम गुण ।
ध्यानीं ठसावे निजनिर्गुण । ब्रह्म परिपूर्ण पूर्णत्वें ॥ ५५१ ॥

ഇങ്ങനെയുള്ള സുന്ദര സഗുണ രൂപം മനക്കണ്ണിന്റെ മുമ്പിൽ പ്രത്യക്ഷം ആകുന്നു. ഇതൊരു തരത്തിലുള്ള ധ്യാനമാണ്. മറ്റൊരു വിധം ധ്യാനം ഇങ്ങനെ - നാമരൂപങ്ങളൊക്കെ മറഞ്ഞു നിർഗുണ സ്വരൂപം, അതായത് പരിപൂർണമായ ബ്രഹ്മം അഥവാ ശുദ്ധ ചൈതന്യം മനസ്സിൽ സ്ഫുരിക്കുന്നു.

ऐसें ठसावतां ध्यान । भक्तांची सबाह्य क्रिया पूर्ण ।
ते ते होय कृष्णार्पण । स्त्रीपुत्रादि जाण सर्वस्वें ॥ ५५२ ॥

ഭഗവദ്രൂപം മനസ്സിൽ ഈ വിധം ഉറച്ച് നിൽക്കുന്നതോടെ ഭക്തന്റെ ബാഹ്യകർമ്മങ്ങൾ കൃഷ്ണാർപ്പിതമാകുന്നു. ഭാര്യാപുത്രാദികൾ പോലും കൃഷ്ണന് സമർപ്പിതരാകുന്നു.

ഇഷ്ടം ദത്തം തപോ ജപ്തം വൃത്തം യച്ചാത്മനഃ പ്രിയം ।
ദാരാൻ സുതാൻ ഗൃഹാൻ പ്രാണാൻ യത്പരസ്മൈ നിവേദനം ॥ 28 ॥

യജിക്കപ്പെടുന്ന യാഗാദി, കൊടുക്കപ്പെടുന്ന ദാനാദി, ഏകാദശ്യാദി വ്രതാനുഷ്ഠാനം, മന്ത്രജപം, ചെയ്യുന്ന സകല പ്രവൃത്തികളും, ഭാര്യ, പുത്രന്മാർ, വീടുകൾ, ദേഹാദിപ്രാണപര്യന്തം ഉള്ളവ, തനിക്ക് ഇഷ്ടമായതെല്ലാം പരമപുരുഷനായ്ക്കൊണ്ട് സമർപ്പണം.

अग्निहोत्रादि याग होम । ग्रहणादि दान अनुत्तम ।
तप म्हणिजे स्वधर्म । जो वर्णाश्रम यथोचित ॥ ५५३ ॥

അഗ്നിഹോത്രം പോലെയുള്ള യാഗങ്ങളും ഹോമങ്ങളും; ഗ്രഹണം പോലുള്ള സന്ദർഭങ്ങളിൽ ചെയ്യപ്പെടുന്ന ഉത്തമമായ ദാനവും തപസ്സും; അതായത്, വർണാശ്രമത്തിനനുസരിച്ച് ആചരിക്കപ്പെടുന്ന യതോചിതമായ സ്വധർമ്മങ്ങളും...

आगमोक्त यथाशास्त्र । आवरणविधि-विधानतंत्र ।
गुरुदीक्षा शुद्ध मंत्र । अथवा नाममात्र जो जपु कीजे ॥ ५५४ ॥

വേദശാസ്ത്ര അനുസൃതമായി ചെയ്യപ്പെട്ട ആചാരങ്ങൾ, ഗുരു ദീക്ഷയോടെ വിധി പ്രകാരം ചെയ്യപ്പെട്ട മന്ത്ര ജപങ്ങളും, അല്ലെങ്കിൽ ഭഗവന്നാമ ജപങ്ങൾ...

तें यज्ञ दान क्रिया तप । दीक्षामंत्र कां नामजप ।
तेथें न घालितां संकल्प । करी निर्विकल्प कृष्णार्पण ॥ ५५५ ॥

യാഗങ്ങൾ, ദാനങ്ങൾ, ധർമ്മാചരണങ്ങൾ, തപസ്സ്, ദീക്ഷയോടെയുള്ള മന്ത്ര ജപം, ഇത്യാദികൾ നിർവികല്പമായ

മനസ്സോടെ കൃഷ്ണാർപ്പണം ചെയ്യപ്പെടണം.

हरीशीं जाहले जे अनन्य शरण । ते हरीचे लडिवाळ पूर्ण ।
त्यांचें हरि करी प्रतिपाळण । जेवीं जननी जाण तानुलेया ॥ ५५६ ॥

ഈ രീതിയിൽ ആരാണോ അനന്യഭാവത്തിൽ ഹരിയെ ശരണാഗതി ചെയ്യുന്നത്, അവർ ഹരിയെ ജയിക്കുന്നു, ഹരിയുടെ പ്രേമത്തിന് പാത്രമാകുന്നു. ഒരു അമ്മ തന്റെ കുഞ്ഞിനെ നോക്കി വളർത്തുന്നതുപോലെ, ശ്രീ ഹരി അവരെ പരിപാലിക്കുന്നു.

यालागीं जें जें जीविकावर्तन । तेंही करावें कृष्णार्पण ।
हें माझें म्हणोनि अभिमान । भक्त सज्ञान न धरिती कद ॥ ५५७ ॥

അതുകൊണ്ട്, ഉപജീവനത്തിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പോലും കൃഷ്ണനു സമർപ്പിക്കണം. യഥാർത്ഥ ജ്ഞാനം ലഭിച്ച ഭക്തർ "ഇത് എന്റേതാണ്" എന്ന് അവകാശപ്പെട്ടുകൊണ്ട് ഒരിക്കലും അഹങ്കാരം വെച്ചുപുലർത്തുന്നില്ല.

ज्याची आवडी अतिशयें चित्तीं । ज्याची आपणिया अतिप्रीति ।
तें तें कृष्णार्पण करिती । गुरुवाक्यस्थिती विश्वासें ॥ ५५८ ॥

ഭഗവാനിൽ ആഴമായ സ്നേഹം പുലർത്തുന്നവർ ഗുരുവിന്റെ വാക്കുകളിൽ വിശ്വാസം അർപ്പിക്കുകയും, എല്ലാം കൃഷ്ണന് സമർപ്പിക്കുകയും, എല്ലായ്പ്പോഴും തങ്ങളുടെ ശരീരങ്ങളെ ഹരി സേവനത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു.

यलागीं आठही प्रहर । सेवेसी वेंचिति निजशरीर ।
निमिषार्धही व्यापार । विषयाकार करिती ना ॥ ५५९ ॥

ഈ ലക്ഷ്യത്തിനായി, അവർ രാവും പകലും, ഓരോ നിമിഷവും, സേവനത്തിനായി സമർപ്പിക്കുന്നു. ഒരു നിമിഷം പോലും അവർ ലൗകിക കാര്യങ്ങൾ ചെയ്യാറില്ല.

अन्नालागी होऊनि वेडें । सधनांच्या पायां न पडे ।
आयुष्याचे तीन कवडे । विषयाचे चाडे कदा न करी ॥ ५६० ॥

ഭക്ഷണത്തിനായുള്ള ആസക്തിയാൽ അവർ സമ്പന്നരുടെ കാലിൽ

വീഴുകയില്ല, ലൗകിക സുഖങ്ങൾ തേടി അവർ തങ്ങളുടെ ജീവിതം തുച്ഛമായ വിലയ്ക്ക് വിൽക്കുന്നുമില്ല.

आयुष्याची अर्ध घडी । वेंचितां न मिळे लक्ष कोडी ।
तेणें आयुष्यें परमार्थ जोडी । विषयांच्या कोडी थुंकोनि सांडी ॥ ५६१ ॥

ദശലക്ഷക്കണക്കിന് രൂപ ചെലവഴിച്ചാലും, കഴിഞ്ഞുപോയ ഒരു നിമിഷത്തെ പോലും തിരിച്ചുപിടിക്കാൻ കഴിയില്ല. അതിനാൽ, ഒരു ജ്ഞാനിയായ ഭക്തൻ ആത്മീയ ജീവിതത്തിലെ ഓരോ വിലപ്പെട്ട നിമിഷവും ഉപയോഗിക്കുന്നു. അവൻ ഭൗതിക സുഖങ്ങളുടെ കൂമ്പാരങ്ങളെ കാർക്കിച്ചു തുപ്പുന്നു.

त्यागोनिया राज्यसंपत्ती । राजे जाऊनि वनाप्रति ।
स्वयें परमार्थ साधिती । विषयासक्ति थुंकोनि ॥ ५६२ ॥

മോക്ഷത്തിനായുള്ള ആത്മാർത്ഥമായ അന്വേഷണത്തിൽ, രാജാക്കന്മാർ പോലും തങ്ങളുടെ രാജ്യം ഉപേക്ഷിച്ച് വനത്തിലേക്ക് പോയി തപസ്സനുഷ്ഠിക്കുകയും ഭൗതികസുഖങ്ങളോടുള്ള ആസക്തി വെടിയുകയും ചെയ്യുന്നു.

कैशी भक्तीची गोडी संपूर्ण । रिता जावों नेदी अर्ध क्षण ।
अवघें जीवितचि जाण । करी कृष्णार्पण सर्वस्वें ॥ ५६३ ॥

ഭക്തിയുടെ മാധുര്യത്തിനെ നമുക്ക് എങ്ങനെ പൂർണ്ണമായി വിവരിക്കാൻ കഴിയും? ശരിക്കും ആത്മാർത്ഥതയുള്ള ഒരു ഭക്തൻ ഒരു നിമിഷം പോലും പാഴാക്കില്ല. അവൻ തന്റെ ജീവിതം മുഴുവൻ ഭഗവാൻ ശ്രീകൃഷ്ണനു സമർപ്പിക്കുന്നു.

आणि पुत्रदासादिक जें जें घरीं । तें तें भगवत्सेवेवारीं ।
स्वयें कृष्णार्पण करी । माझी म्हणोनि न धरी ममत जीवीं ॥ ५६४ ॥

ഭാര്യയോടും കുട്ടികളോടും അദ്ദേഹത്തിന് ഒരു ഉടമസ്ഥാവകാശ ബോധവുമില്ല. അവരോട് അദ്ദേഹത്തിന് സ്വാർത്ഥമായ ഒരു ഉദ്ദേശ്യവുമില്ല. അദ്ദേഹം സ്വയം പറയുന്നു - "ഇവർ എന്റേതല്ലാ,ദൈവത്തിന്റേതാണ്.

दारा पुत्र देह गेह प्राण । यांसी आत्मा सबाह्य पूर्ण ।

तेथें संकल्पेंवीण जाण । ब्रह्मार्पण सहजचि ॥ ५६५ ॥

ഭാര്യ, പുത്രൻ, സ്വന്തം ശരീരം, വീട്, പ്രാണൻ എന്നിങ്ങനെ എല്ലാറ്റിലും പരമാത്മാവ് ആന്തരികമായും ബാഹ്യമായും വ്യാപിച്ചിരിക്കുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കുന്നു; തൽഫലമായി, മനഃപൂർവ്വമായ ഒരു ഇച്ഛാശക്തിയും കൂടാതെ - അതായത്, "ഞാൻ ഇത് അർപ്പിക്കുന്നു" എന്ന് പറയാതെ തന്നെ ബ്രഹ്മാർപ്പണം സ്വയമേവ സംഭവിക്കുന്നു.

ഏവം കൃഷ്ണാത്മനാഥേഷു മനുഷ്യേഷു ച സൌഹൃദം ।
പരിചര്യാം ചോഭയത്ര മഹത്സു നൃഷു സാധുഷു ॥ 29 ॥

ഇപ്രകാരം, കൃഷ്ണൻ തന്നെ ആത്മാവും രക്ഷിതാവും എന്നു വിചാരിച്ചിരിക്കുന്ന മനുഷ്യരിൽ സ്നേഹത്തേയും സ്ഥാവരം ജംഗമം എന്ന രണ്ടിലും മനുഷ്യരിൽ വിശേഷിച്ചും സജ്ജനങ്ങളിൽ അതിലും വിശേഷിച്ചും ഭഗവദ്ഭക്തന്മാരിൽ എല്ലാറ്റിലും മീതെയിരിക്കുന്ന പൂജയെ അഭ്യസിക്കണം.

एवं दारा गेह देह संपदा । आत्मार्पणें शुद्ध श्रद्धा ।
भजलें सर्वकाळीं सर्वदा । ते भक्त गोविंदा पढियंते ॥ ५६६ ॥

അതുപോലെ, ഭാര്യയെയും വീടിനെയും ശരീരത്തെയും സ്വത്തിനെയും എപ്പോഴും ശുദ്ധമായ ശ്രദ്ധയോടെ ആത്മാർപ്പണം ചെയ്ത് സദാ സർവദാ ഈശ്വര ഭജനം ചെയ്യുന്ന ഭക്തരാണ് ശ്രീഹരിക്ക് പ്രിയമുള്ളവരാകുന്നത്.

जो सर्व भूतीं हृदयस्थु । परमात्मा श्रीकृष्णनाथु ।
त्याचे ठायीं जो भक्तु । साधावया निजस्वार्थु सर्वस्वें भजे ॥ ५६७ ॥

സമസ്ത ഭൂതങ്ങളിലും ഹൃദയസ്ഥനായിരിക്കുന്ന പരമാത്മാവായ ശ്രീകൃഷ്ണഭഗവാനിൽ, തന്റെ പരമമായ സ്വാർത്ഥം (മോക്ഷം അല്ലെങ്കിൽ ആത്മസാക്ഷാത്കാരം) സിദ്ധിക്കുന്നതിനായി സർവ്വസ്വവും സമർപ്പിച്ച് ഭജിക്കുന്നവനാണ് യഥാർത്ഥ ഭക്തൻ.

त्या हृदयस्थाचे ठायीं । दृढ दृष्टी जंव बसली नाहीं ।
तवं सगुणमूर्ती हृदयीं । भजावी पाहीं सर्वात्मभावें ॥ ५६८ ॥

ഭഗവാന്റെ നിർഗുണ പരമാത്മ രൂപത്തിൽ ദർശനം സ്ഥിരമാകുന്നതുവരെ, പൂർണ്ണ ഭക്തിയോടെ തന്റെ ഹൃദയത്തിൽ സഗുണ രൂപത്തിനെ ധ്യാനിക്കുകയും ആരാധിക്കുകയും വേണം.

सगुणमूर्ती नातुडे ध्यानीं । तरी भजावें प्रतिमेच्या स्थानीं ।
तेथें ही चलाचल दोनी । भजाव्या गुरुवचनीं समसाम्यभावें ॥ ५६९ ॥

ഭക്തന്റെ ധ്യാനത്തിൽ സഗുണ രൂപം വ്യക്തമായി കാണപ്പെടുന്നില്ലെങ്കിൽ, ഭഗവാന്റെ ഒരു വിഗ്രഹത്തിനെയോ അമ്പലത്തിലെ ബിംബത്തിനെയോ ഗുരു ഉപദേശപ്രകാരം ധ്യാനിക്കണം.

ज्या उपासक पूजिती । त्या जाणाव्या 'चला' मूर्ति ।
ज्या पांडुरंगादि द्वारावती । त्या स्थावरा मूर्ति पुराणोक्त ॥ ५७० ॥

സഗുണ രൂപത്തെ ഉപാസിക്കുന്ന ഭക്തൻമാർ സ്വഗൃഹത്തിൽ പൂജിക്കുന്ന മൂർത്തിയെ `ചല മൂർത്തി' അഥവാ ജംഗമ മൂർത്തി എന്ന് വിളിക്കുന്നു, പണ്ഡരീപുരം, ദ്വാരക എന്നീ ക്ഷേത്രങ്ങളിൽ പുരാണകാലം തൊട്ട് പ്രസിദ്ധമായ മൂർത്തിയെ `അചല മൂർത്തി' അഥവാ സ്ഥാവര മൂർത്തി എന്ന് വിളിക്കുന്നു.

त्या मूर्तीहूनि श्रेष्ठ स्थान । पूर्ण पूज्यत्वें ब्राह्मण ।
तेथें करावें गा भजन । सर्वस्वें जाण सर्वदा ॥ ५७१ ॥

ആ വിഗ്രഹങ്ങളെക്കാൾ ബ്രാഹ്മണന്റെ പദവി ഉയർന്നതാണ്. അവർ ആരാധനയ്ക്ക് യോഗ്യരാണ്. എല്ലാ കാലത്തും എല്ലാ വിധത്തിലും അവരെ ബഹുമാനിക്കണം.

त्या ब्राह्मणामाजीं अतिश्रेष्ठ । श्रोत्रिय सदाचारनिष्ठ ।
त्यांतही वेदशास्त्रार्थी प्रविष्ट । ते अतिवरिष्ठ पूज्यत्वें ॥ ५७२ ॥

ബ്രാഹ്മണരിൽ, ശ്രോത്രീയരാണ് (വേദങ്ങൾ അറിയുന്നവർ) കൂടുതൽ യോഗ്യർ. ശാസ്ത്രാർത്ഥം അറിയുന്നവർ അതിലും യോഗ്യരാണ്.

त्यांहीमाजीं जे भागवत । भागवतधर्मीं नित्य निरत ।

जे निष्कर्मेंसीं भगवत्भक्त । ज्यांचा भावार्थ श्रीकृष्णीं ॥ ५७३ ॥

അങ്ങനെയുള്ള ഭക്തന്മാരിൽ വെച്ച്, നിത്യവും ഭാഗവതധർമ്മത്തിൽ മുഴുകിയിരിക്കുന്നവരും, നിഷ്കാമകർമ്മത്തിലൂടെ ഭഗവദ്ഭക്തി ചെയ്യുന്നവരും, തങ്ങളുടെ പൂർണ്ണമായ ഭാവവും വിശ്വാസവും ശ്രീകൃഷ്ണനിൽ മാത്രം അർപ്പിച്ചിട്ടുള്ളവരുമായ മഹാത്മാക്കളാണ് ഭാഗവതന്മാർ (ശ്രേഷ്ഠ ഭക്തന്മാർ)

ज्यांसी आत्मा श्रीकृष्ण हृदयस्थ । ज्यांचा अनन्य स्वामी श्रीकृष्णनाथ ।
ऐसें जे भगवद्‌भक्त । ते पूज्य निश्चित निजभक्तां ॥ ५७४ ॥

കൃഷ്ണനെ തന്റെ ആത്മാവായും അനന്യ സ്വാമിയായും പൂർണ ഭക്തിയോടെ ആര് കരുതുന്നുവോ, അദ്ദേഹമാണ് വാസ്തവത്തിൽ പരമ പൂജ്യൻ.

अतिमहत्त्वें पूज्य गहन । ज्याचे सुर नर वेद बंदीजन ।
तो सद्‌गुरु श्रेष्ठ पूज्य स्थान । शिष्यासी जाण सर्वस्वें ॥ ५७५ ॥

ദേവന്മാരും മനുഷ്യരും വേദങ്ങളും പോലും സ്തുതികൾ പാടുന്ന ആ സദ്ഗുരു ശിഷ്യന്മാർക്ക് എല്ലാ അർത്ഥത്തിലും, മറ്റെല്ലാറ്റിനുമുപരിയായി ഏറ്റവും ആദരണീയനാണ്.

गुरु ब्रह्म दोनी समान । हेंही वचन दिसे गौण ।
गुरुवाक्यें ब्रह्मा ब्रह्मपण । तेथें व्हावया समान भिन्नत्व नुरे ॥ ५७६ ॥

ഗുരുവിനെ ബ്രഹ്മമായി തുലനം ചെയ്യുന്നത് പോലും ഉചിതമല്ല, കാരണം ഗുരുവിന്റെ വചനത്തിലൂടെ മാത്രമാണ് ബ്രഹ്മം ബ്രഹ്മത്വത്തിന്റെ സത്ത കൈവരിക്കുന്നത്.

देवो पूजिल्या गुरु तोषे । गुरु पूजिल्या देवो संतोषे ।
दों नांवांचेनि हरुषें । स्वरूपें एकें वर्तती ॥ ५७८ ॥

അതുകൊണ്ട്, ദേവനെ ആരാധിക്കുന്നത് ഗുരുവിന് സംതൃപ്തി നൽകുന്നു, ഗുരുവിനെ ആരാധിക്കുന്നത് ദേവതയ്ക്കും സംതൃപ്തി നൽകുന്നു. അവ രണ്ട് പേരുകൾ വഹിക്കുന്നുണ്ടെങ്കിലും, അവ സന്തോഷത്തോടെ ഒരേ സത്തയായി നിലനിൽക്കുന്നു.

सुवर्ण आणि कांकण । दों नांवीं एक सुवर्ण ।
तेवीं गुरु-ब्रह्मांमाजीं जाण । भीन्नपण असेना ॥ ५७९ ॥

'സ്വർണം' എന്നും 'കനകം' എന്നും വ്യത്യസ്തമായ പേരുകൾ ഉണ്ടെങ്കിലും, സ്വർണ്ണം ഒന്നുതന്നെയാണ്. അതുപോലെ, ഗുരുവും ബ്രഹ്മവും തമ്മിൽ വ്യത്യാസമില്ല.

त्या सद्‌गुरुचें निजभजन । चित्तवित्तें अवंचन ।
गुरुचरणीं आत्मार्पण । करावें आपण सर्वेसीं ॥ ५८० ॥

ശരീരം, മനസ്സ്, സമ്പത്ത് എന്നിവയാൽ, ആത്മാർത്ഥവും കപടതയില്ലാത്തതുമായ ഹൃദയത്താൽ ആ സദ്ഗുരുവിനെ ആരാധിക്കണം. ഗുരുവിന്റെ പാദങ്ങളിൽ സ്വയം സമർപ്പിക്കണം.

तैसेचि साधु श्रोते सज्ञान । तेही मानावे सद्‌गुरुसमान ।
त्यांचेनि संवादें आपण । श्रवण कथन करावें ॥ ५८१ ॥

അതുപോലെ, സാധുക്കളെയും ജ്ഞാന സമ്പന്നരായ ശ്രോതാക്കളെയും സദ്ഗുരുവിന് തുല്യമായി കണക്കാക്കണം. അവരുമായി സംവാദത്തിൽ ഏർപ്പെടണം, അവരുടെ ഉപദേശങ്ങൾ നിരന്തരം കേൾക്കുകയും അനുസന്ധാനം ചെയ്യുകയും വേണം.

പരസ്പരാനുകഥനം പാവനം ഭഗവദ്യശഃ ।
മിഥോ രതിർമ്മിഥസ്തുഷ്ടിർന്നിവൃത്തിർമ്മിഥ ആത്മനഃ ॥ 30 ॥

ശുദ്ധമായ ഭഗവാന്റെ യശസ്സിനെ അന്യോന്യം പറഞ്ഞുകൊണ്ടിരിക്കുക, അന്യോന്യം പ്രീതി, അന്യോന്യം സന്തോഷം, മനസ്സിന് അന്യോന്യം നിവൃത്തി എന്നിവ ഭവിക്കും.

तेथ करितां कथानुवादु । परस्परें निजात्मबोधु ।
करितां गुह्यज्ञानसंवादु । परमानंदु वोसंडे ॥ ५८२ ॥

അത്തരം വ്യക്തികളുമായി കഥ പറയുന്നതിലും ചർച്ച ചെയ്യുന്നതിലും ഏർപ്പെടുമ്പോൾ, സ്വരൂപാനുഭവത്തെ കുറിച്ച്

പരസ്പരം ബോധം ഉണ്ടാവുകയും, ഈ ഗുഹ്യമായ ജ്ഞാന സംവാദത്താൽ പരമാനന്ദം കവിഞ്ഞൊഴുകുകയും ചെയ്യുന്നു.

एवं हरिकथेच्या आवडीं । परस्परें श्रद्धा गाढी ।
सुखसंवादपरवडी । निजसुखगोडी चाखिती ॥ ५८३ ॥

അങ്ങനെ, ഹരികഥയിലുള്ള രുചി കാരണം രണ്ടു കൂട്ടർക്കും ശ്രദ്ധ ഉത്പന്നമാകുന്നു. പരസ്പരം ആനന്ദകരമായ സംഭാഷണങ്ങളിൽ ഏർപ്പെട്ടുകൊണ്ടുതന്നെ ആത്മസുഖത്തിന്റെ മാധുര്യം ആസ്വദിക്കുന്നു.

चाखतां निजसुखगोडी । हारपती दुःखकोडी ।
उभवूनि भक्तिसाम्राज्यगुढी । स्वानंदजोडी जोडावी ॥ ५८४ ॥

ആത്മസുഖത്തിന്റെ മാധുര്യം ഒരിക്കൽ അനുഭവിച്ചുകഴിഞ്ഞാൽ, ദുഃഖങ്ങളുടെ കൂമ്പാരങ്ങൾ അലിഞ്ഞുപോകും. അങ്ങനെ, ഭക്തിസാമ്രാജ്യത്തിന്റെ കൊടി ഉയർത്തിപ്പിടിച്ചുകൊണ്ട്, സാധകന്മാർ ആത്മാനന്ദത്തിൽ പങ്കുചേരണം.

भावें करितां अभेदभजन । भक्त पावती स्वानंद पूर्ण ।
त्या स्वानंदाचें निजचिन्ह । ऐक सांगेन नृपनाथा ॥ ५८५ ॥

ആത്മാർത്ഥമായി ഭക്തർ അഭേദഭാവത്തിൽ ഭക്തിയിൽ ഏർപ്പെടുമ്പോൾ, അവർ പൂർണമായ സ്വാനന്ദം കൈവരിക്കുന്നു. ഹേ രാജാവേ, ആ സ്വാനന്ദത്തിന്റെ യഥാർത്ഥ സവിശേഷതകൾ ഞാൻ വിവരിക്കുന്നത് കേൾക്കൂ.

സ്മരന്തഃ സ്മാരയന്തശ്ച മിഥോഽഘൌഘഹരം ഹരിം ।
ഭക്ത്യാ സഞ്ജാതയാ ഭക്ത്യാ ബിഭ്രത്യുത്പുലകാം തനും ॥ 31 ॥

സകല പാപങ്ങളേയും നശിപ്പിക്കുന്ന ഹരിയെ സ്മരിക്കുകയും സ്മരിപ്പിക്കുകയും ചെയ്യുന്നവരായിട്ട് സാധനഭക്തിയാൽ ഉണ്ടായ പ്രേമലക്ഷണമായിരിക്കുന്ന പരഭക്തിയാൽ രോമാഞ്ചത്തോടുകൂടിയ ശരീരത്തെ വഹിക്കുന്നു.

ക്വചിദ് രുദന്ത്യച്യുതചിന്തയാ ക്വചിദ്

ദ്ധസന്തി നന്ദന്തി വദന്ത്യലൌകികാഃ ।
നൃത്യന്തി ഗായന്ത്യനുശീലയന്ത്യജം
ഭവന്തി തൂഷ്ണീം പരമേത്യ നിർവൃതാഃ ॥ 32 ॥

ലോകവിലക്ഷണരായിട്ട് ചിലപ്പോൾ കരയുന്നു, അച്യുതന്റെ വിചാരംകൊണ്ട് ചിരിക്കുന്നു, സന്തോഷിക്കുന്നു, സംസാരിക്കുന്നു, കളിക്കുന്നു, പാടുന്നു, വിഷ്ണുവിനെ അഭിനയിക്കുന്നു, പരമപദത്തെ പ്രാപിച്ചിട്ട് സുഖിച്ചുംകൊണ്ട് മിണ്ടാതെയിരിക്കുന്നു.

हरिकथेची महिमा कैसीं । आदरें पुसत्या-सांगत्यासी ।
होती पुण्याचिया राशी । पाप वोखदासी मिळेना ॥ ५८६ ॥

ഭക്തിഭാവത്തോടെ ഹരികഥയുടെ മഹിമയെക്കുറിച്ച് ചോദിക്കുന്നവരും അത് വിവരിക്കുന്നവരും ഒരുപോലെ അളവറ്റ പുണ്യം നേടുന്നു; വാസ്തവത്തിൽ, അവരിൽ പാപത്തിന്റെ ഒരു ചെറിയ അംശം തിരഞ്ഞാൽ പോലും കാണാൻ സാധിക്കുകയില്ല.

ज्याचिया नामस्मरणकरीं । सकळ पातकातें हरि हरी ।
तो स्वयें प्रगटला अंतरीं । पातकां उरी उरे कैंची ॥ ५८७ ॥

ആരുടെ നാമ സ്മരണത്താൽ മാത്രമാണോ സകലപാപങ്ങളും നശിക്കുന്നത്, ആ നാമി അന്തരാത്മാവിൽ പ്രവേശിച്ചുകഴിഞ്ഞാൽ പിന്നെ പാപത്തിന് എവിടെയാണ് ഒരിടം ലഭിക്കുക?

साधनरूपभक्तीच्या युक्तीं । पूर्ण सप्रेम उपजे भक्ती ।
ते भक्तीची निजस्थिती । ऐक चक्रवर्ती सज्ञाना ॥ ५८८ ॥

ഭക്തിസാധനയിലൂടെ ഉള്ളിൽ പ്രേമ ഭക്തി ഉദിക്കുന്നു. ഹേ ജ്ഞാനിയായുള്ള ചക്രവർത്തി രാജാവേ , ഈ ഭക്തിയുടെ ലക്ഷണത്തെക്കുറിച്ച് പറയാം, കേട്ടാലും.

सद्भावें निजभजनकरीं । हृदयीं प्रगटतां श्रीहरी ।
तंव देहींचीं चिन्हें बाहेरी । क्षणामाझारीं पालटती ॥ ५८९ ॥

ആത്മാർത്ഥമായ ഭാവത്തിൽനിന്നുളവാകുന്ന അഭേദഭക്തിയിലൂടെ ശ്രീഹരി ഹൃദയത്തിൽ ആവിർഭവിക്കുമ്പോൾ, ശരീരത്തിന്റെ

ബാഹ്യലക്ഷണങ്ങളിലും മാറ്റങ്ങൾ കണ്ടുതുടങ്ങുന്നു.

परस्परें निजसंवादु । करितां जाहला स्वरूपावबोधु ।
नेत्रीं जळ अंगीं स्वेदु । प्राणस्पंदु पांगुळे ॥ ५९० ॥

പരസ്പരം അദ്ധ്യാത്മ സംവാദങ്ങൾ ആരംഭിക്കുമ്പോൾ, ഒരാൾക്ക് ആന്തരികമായി സ്വരൂപ ബോധം ഉണ്ടാകുന്നു, കണ്ണുകളിൽ കണ്ണുനീർ നിറയുകയും ശരീരത്തിൽ വിയർപ്പ് പൊടിയുകയും പ്രാണ സ്പന്ദനം ശരീരമാസകലം പടരുകയും ചെയ്യുന്നു.

चित्तचैतन्यां होतां भेटी । हर्षे बाष्प दाटे कंठीं ।
पुलकांकित रोमांच उठी । उन्मीलित दृष्टी पुंजाळे ॥ ५९१ ॥

ചിത്തവും ചൈതന്യവും സംഗമിക്കുമ്പോൾ ആനന്ദത്താൽ തൊണ്ടയിടറുകയും ശരീരം പുളകാങ്കിതമാവുകയും ചെയ്യുന്നു. നയനങ്ങൾ അർദ്ധനിമീലിതമായി ഭവിക്കുകയും ദൃഷ്ടി ഏകാഗ്രമാവുകയും ചെയ്യുന്നു.

करितां अच्युतचिंतन । सप्रेम गहिंवरे मन ।
अट्टहासें करी रुदन । अनिवार स्फुंदन ऊर्ध्वश्वासें ॥ ५९२ ॥

അച്യുതനെക്കുറിച്ച് ചിന്തിക്കുമ്പോൾ അദ്ദേഹം പ്രേമാധിക്യത്താൽ വിറയ്ക്കുന്നു; ഉറക്കെ കരയാൻ തുടങ്ങുന്ന അദ്ദേഹം, വിങ്ങലുകളാൽ അസ്വസ്ഥനായിത്തീരുന്നു.

त्या रुदनासवेंचि हर्ष प्रगटे । त्या हर्षाचेनि नेटेंपाटें ।
हांसो लागे कडकडाटें । सुखोद्‌भटें गदगदौनी ॥ ५९३ ॥

കരച്ചിലിനൊപ്പം തന്നെ അദ്ദേഹത്തിന് സന്തോഷവും അനുഭവപ്പെടാൻ തുടങ്ങുന്നു. ആ സന്തോഷപ്രവാഹത്തിൽ ലയിച്ച്, അദ്ദേഹം ഉറക്കെ ചിരിക്കാനും തുടങ്ങുന്നു.

मीपणाचेनि अनुरोधें । गिळिलों होतों मोहमदें ।
तो सुटलों गुरुकृपावबोधें । तेणें परमानंदें डुल्लत ॥ ५९४ ॥

അദ്ദേഹം പറയുന്നു, “ഇതുവരെ ഉണ്ടായിരുന്ന ദേഹാത്മ ബുദ്ധി കാരണം ഞാൻ മദ മോഹത്തിൽ അകപ്പെട്ടിരുന്നു. ഇപ്പോൾ, ഗുരു

കൃപയാൽ ലഭിച്ച അറിവിനാൽ ഞാൻ മുക്തനായിരിക്കുന്നു". അങ്ങനെ പറഞ്ഞുകൊണ്ട്, പരമാനന്ദത്തിൽ അദ്ദേഹം ആടിയുലയാൻ തുടങ്ങുന്നു.

मी-माझेनि भवभानें । मज मी चुकलों मीपणें ।
मज मी भेटलों सद्‌गुरुवचनें । आनंदें तेणें उल्हासें ॥ ५९५ ॥

'ഞാൻ', 'എന്റേത്' എന്ന മമതയിൽ മുഴുകി ഞാൻ എന്റെ യഥാർത്ഥ സ്വരൂപത്തെ മറന്നുപോയിരുന്നു. സദ്ഗുരുവിന്റെ വാക്കുകളാണ് എന്നെ എന്റെ സ്വരൂപവുമായി വീണ്ടും ഒന്നിപ്പിച്ചത്; ഈ ആനന്ദത്തിൽ അദ്ദേഹം ഉല്ലസിക്കുന്നു.

कैसें सद्‌गुरुवचन अलोलिक । म्यांचि माझें भोगिजे निजसुख ।
येणें आश्चर्यें देख । स्वानंदोन्मुख उल्हासे ॥ ५९६ ॥

സദ്ഗുരുവിന്റെ വചനം എത്ര ആകർഷകമാണ്, അതുകാരണമാണ് എനിക്ക് ആത്മസുഖം ലഭിച്ചത്. ഈ ആശ്ചര്യത്താൽ അദ്ദേഹം സ്വാനന്ദത്തിൽ ആടുന്നു.

संसारबागुलाचें । भय लागलें नेणों कैंचें ।
तें गुरुवाक्यें दवडिलें साचें । म्हणोनि नाचे निर्लज्ज ॥ ५९७ ॥

"സംസാരമാകുന്ന ഭൂതം എന്നെ അലട്ടികൊണ്ടേയിരുന്നു. പക്ഷെ ഗുരു വചനത്താൽ ആ ഭ്രമം തീർത്തും ഇല്ലാതെയായി", ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം ലോക ലജ്ജയെ വിട്ട് നർത്തനവും ചെയ്യുന്നു.

जेवीं माउली देखोनि डोळां । बालक नाचे नानाकळा ।
तेवीं गुरुवाक्याचा सोहळा । देखोनि स्वलीळा निजभक्त नाचे ॥ ५९८ ॥

അമ്മയെ കാണുമ്പോൾ ഒരു കുഞ്ഞ് പലവിധത്തിൽ നൃത്തം ചെയ്യാൻ തുടങ്ങുന്നതുപോലെ, ഗുരു വചനങ്ങളെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് ഭക്തൻ ആനന്ദലഹരിയിൽ മുഴുകി നൃത്തം ചെയ്യാൻ തുടങ്ങുന്നു.

तेणें निजनृत्यविनोदें । फावलेनि निजबोधें ।

नानापरीचीं भगवत्पदें । सुखानुवादें स्वयें गातु ॥ ५९९ ॥

ആത്മബോധം പ്രാപ്തമായതിനാൽ അദ്ദേഹം നർത്തനം ചെയ്തുകൊണ്ട് സന്തോഷപൂർവം ഭഗവാനെ കുറിച്ച് പാടുന്നു.

तेणें कीर्तनकीर्तिगजरें । त्रैलोक्य सुखें सुभरे ।
परमानंदुही हुंबरे । सुखोद्गारें तुष्टोनी ॥ ६०० ॥

ആ സങ്കീർത്തനത്തിന്റെ ആരവത്താൽ ത്രിഭുവനവും സന്തോഷത്താൽ നിറയുന്നു. ആ ആനന്ദത്തിൽ തൃപ്തിയായി പരമാനന്ദം നിറഞ്ഞുനിൽക്കുന്നു.

तेंही सांडोनियां गाणें । गर्जो लागे अतिसत्राणें ।
दुजें नाहीं नाहीं म्हणे । गाणें ऐकणें म्यां माझें ॥ ६०१ ॥

അദ്ദേഹം പാട്ട് നിർത്തി ഉറക്കെ ഉദ്ഘോഷിക്കുന്നു - "എന്റെ പാട്ട് ഞാൻ മാത്രമേ കേൾക്കുന്നുള്ളു. ഇവിടെ മറ്റാരുമില്ല" - ഇത്തരത്തിലുള്ള കാര്യങ്ങൾ അദ്ദേഹം ആവർത്തിച്ചു പറയുന്നു.

मीचि गाता मीचि श्रोता । माझें गाणें मीचि तत्त्वतां ।
जगीं मीचि एकुलता । द्वैताची कथा असोनि नाहीं ॥ ६०२ ॥

ഞാൻ തന്നെയാണ് ഗായകനും ശ്രോതാവും; സത്യത്തിൽ, ഞാൻ തന്നെയാണ് ആ ഗാനം. പ്രപഞ്ചത്തിൽ ഞാൻ മാത്രമാണുള്ളത്. ദ്വൈതം നിലനിൽക്കുമ്പോഴും ദ്വൈതബോധം ഒട്ടും അനുഭവപ്പെടാത്ത അത്തരമൊരു സ്ഥിതിയാണത്.

सद्भावें भगवत्परिचर्या । करितां पारुषे कर्मक्रिया ।
अहं-सोऽहं निरसोनियां । वृत्तिही लया जाय तेथें ॥ ६०३ ॥

ഭക്തിയോടെ നിരന്തരം ഭഗവാനെ സേവിക്കുന്നതിലൂടെ, കർമ്മപ്രക്രിയ സ്വയം അവസാനിക്കുന്നു. 'അഹം-സോഹം' (ഞാൻ എന്നും ഞാൻ അതാകുന്നു എന്നുമുള്ള ഭാവങ്ങൾ `ഞാൻ' എന്ന ചിന്ത ഇല്ലാത്തതുകാരണം) പരിസമാപിക്കുകയും, അതുവഴി മനസ്സിന്റെ ചാഞ്ചല്യങ്ങൾ ശമിച്ച് വൃത്തികൾ അടങ്ങുന്നു.

एवं सप्रेम भक्तिसंभ्रमु । तेणें निरसे साधनश्रमु ।

फिटे निःशेष भवभ्रमु । वाचांसी उपरमु इंद्रियां होय ॥ ६०४ ॥

പ്രേമയുക്തമായുള്ള ഈ ഭക്തി കാരണം സാധകന് സാധനാ ശ്രമം നഷ്ടമാകുന്നു. സംസാര ഭ്രമം നശിക്കുകയും ശബ്ദത്തിന്റെ നാല് പാദങ്ങളും ഇന്ദ്രിയങ്ങളും ശാന്തിയെ പ്രാപിക്കുന്നു.

जेथें एक ना दुसरें । सन्मुख ना पाठिमोरें ।
जेथ सुखही निजसुखामाजीं विरे । तें स्वरूप निर्धारें निजशिष्य होती ॥ ६०५ ॥

ഒന്നോ മറ്റൊന്നോ ഇല്ലാത്ത, മുന്നിലോ പിന്നിലോ ഒന്നുമില്ലാത്ത, സന്തോഷം പോലും ആത്മസ്വരൂപമായ പരമാനന്ദത്തിൽ ലയിച്ചുചേരുന്ന ഒരവസ്ഥ—ഇതാണ് ഒരു യഥാർത്ഥ ശിഷ്യന്റെ സ്ഥിതി.

जेवीं बाळाचे लळे पाळणें । हे व्यालीचि वेदना जाणे ।
कां शिष्यांसी पूर्ण बोध करणें । तेथील कळवळणें सद्‌गुरु जाणे ॥ ६०७ ॥

ഒരു അമ്മയ്ക്ക് മാത്രമേ തന്റെ കുഞ്ഞിനെ ശരിയായ രീതിയിൽ പരിപാലിക്കാനും സ്നേഹിക്കാനും അറിയൂ എന്നതുപോലെ, ഒരു ശിഷ്യന് പൂർണ്ണമായ ആത്മസാക്ഷാത്കാരം പകർന്നുനൽകാനുള്ള കല സദ്ഗുരുവിന് മാത്രമേ വശമുള്ളൂ.

बाळका लेवविल्या लेणें । जेवीं माउली निवों जाणे ।
कां शिष्यसुखें सुखावणें । हें सद्‌गुरु जाणे परिपूर्णबोधें ॥ ६०७ ॥

തന്റെ കുഞ്ഞിനെ ആഭരണങ്ങൾ അണിയിക്കുമ്പോഴുണ്ടാകുന്ന സവിശേഷമായ സന്തോഷം ഒരു അമ്മയ്ക്ക് മാത്രമേ അറിയാനാവൂ; അതുപോലെതന്നെ, ശിഷ്യന്റെ ക്ഷേമത്തിൽനിന്നുണ്ടാകുന്ന സന്തോഷം ഒരു സദ്ഗുരുവിന് മാത്രമേ അറിയാനാവൂ.

इंद्रियें नेणती ज्याचें घर । जें मना वचना अगोचर ।
बुद्धीसि न कळे ज्याची मेर । ऐसी निर्विकार निजवस्तु ॥ ६०८ ॥

സ്വരൂപം - ഇത് ഇന്ദ്രിയാതീതവും, മനസ്സിനും വാക്കിനും അഗോചരവുമാണ്. ബുദ്ധിക്ക് ഇതിന്റെ വരമ്പറിയില്ല.

दृष्टीं दाविजे साक्षात । हातीं देइजे पदार्थ ।

तैसा नव्हे गा परमार्थ । तोही सद्‌गुरुनाथ प्रबोधी शिष्यां ॥ ६०९ ॥

സാധാരണ വസ്തുക്കളെപ്പോലെ ആ പരമ യാഥാത്യർത്ഥ്യത്തെ കണ്ണുകൾക്ക് കാണിച്ചുകൊടുക്കാനോ കൈകളിൽ വെച്ചുകൊടുക്കാനോ സാധ്യമല്ല; എങ്കിലും, സദ്ഗുരു ശിഷ്യന് അതിന്റെ സാക്ഷാത്കാരം പകർന്നുനൽകുന്നു.

शिष्यासी करावया प्रबोध । बोधिता सद्‌गुरु अगाध ।
यालागीं शिष्यसुखें स्वानंद । भोगी परमानंद गुरुरावो ॥ ६१० ॥

ശിഷ്യന് ജ്ഞാനോദയം നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സദ്ഗുരു ഒരു അതുല്യനായ ദേശികനാണ്; അതിനാൽ, ശിഷ്യന്റെ സന്തോഷത്തിലൂടെ ഗുരു ആത്മസ്വരൂപമായ ആനന്ദം അനുഭവിക്കുന്നു.

शिष्यासी आकळे परब्रह्म । तंव तंव निरसे त्याचा भ्रम ।
तेणें सद्‌गुरूसी परम । सुखसंभ्रम उल्हासे ॥ ६११ ॥

ഏറ്റവും സൂക്ഷ്മമായ ആത്മജ്ഞാനം ശിഷ്യന് ബോധ്യപ്പെടുത്തിക്കൊടുക്കാൻ കഴിയുന്ന അസാധാരണനായ ഒരു ഉപദേഷ്ടാവാണ് സദ്ഗുരു; അതിനാൽ, ശിഷ്യന്റെ ആനന്ദത്തിലൂടെ ആത്മനിർവൃതി അനുഭവിക്കുന്നതും സദ്ഗുരു തന്നെയാണ്.

सेवकु परचक्र विभांडी । तंव राजा उभारी यशाची गुढी ।
शिष्य परमानंदीं दे बुडी । तेणें गुरूसी गाढी सुखावस्था ॥ ६१२ ॥

ശിഷ്യൻ പരമമായ സത്യത്തെ (പരബ്രഹ്മത്തെ) പ്രാപിച്ചു തുടങ്ങുമ്പോൾ അജ്ഞാനമോഹങ്ങൾ അകന്നുപോകാൻ തുടങ്ങുന്നു; തൽഫലമായി, സദ്ഗുരുവിന്റെ ആനന്ദവും വർധിക്കുന്നു.

सेवकु परचक्र विभांडी । तंव राजा उभारी यशाची गुढी ।
शिष्य परमानंदीं दे बुडी । तेणें गुरूसी गाढी सुखावस्था ॥ ६१२ ॥

യുദ്ധക്കളത്തിൽ ശത്രുവിനെ നേരിട്ട് പരാജയപ്പെടുത്തുന്നത് സേനാനായകനാണെങ്കിലും, ആ വിജയം കൊട്ടാരത്തിലിരുന്ന് ആഘോഷിക്കുന്നത് രാജാവാണ്. അതുപോലെതന്നെ,

പരമാനന്ദത്തിൽ പൂർണ്ണമായും ലയിച്ചുചേരുന്നത് ശിഷ്യനാണെങ്കിലും, ആ ആനന്ദസാഗരത്തിൽ നീന്തുന്നത് സദ്ഗുരുവാണ്.

ऐसी शिष्यकृपेची कळकळ । ज्या सद्गुरूमाजी प्रबळ ।
तेणें भागवतधर्म हे सकळ । शिकावे अविकळ अनन्यश्रद्धा ॥ ६१३ ॥

ശിഷ്യനോട് അത്രയേറെ അഗാധമായ കരുതലുള്ള ആ സദ്ഗുരുവിൽ നിന്ന് തന്നെ, നേരത്തെ സൂചിപ്പിച്ച ഭാഗവതധർമ്മം അചഞ്ചലമായ വിശ്വാസത്തോടെ അഭ്യസിക്കണം.

ഇതി ഭാഗവതാൻ ധർമ്മാൻ ശിക്ഷൻ ഭക്ത്യാ തദുത്ഥയാ ।
നാരായണപരോ മായാമഞ്ജസ്തരതി ദുസ്തരാം ॥ 33 ॥

ഇപ്രകാരം, ഭഗവാന്റെ പ്രീതിക്ക് ഉപകരിക്കുന്ന ധർമ്മങ്ങളെ അഭ്യസിച്ചുകൊണ്ട് അതിൽനിന്നുണ്ടായ ഭക്തിയാൽ നാരായണപരനായിട്ട്, കടക്കാൻ കഴിയാത്ത മായയെ, സുഖമായിട്ട് കടക്കുന്നു.

ऐशी भागवतधर्मस्थिति । शरण जाऊनि सद्गुरूप्रति ।
अभ्यासावी भगवद्भक्ति । तैं मायेची शक्ति बाधूं न शके ॥ ६१४ ॥

ഇതാണ് ഭാഗവത ധർമ്മം - ഒരു സദ്ഗുരുവിനെ ആശ്രയിച്ചുകൊണ്ട്, ശാസ്ത്രവിധിപ്രകാരം ഭഗവാനോടുള്ള ഭക്തി അനുഷ്ഠിക്കണം. മായയുടെ ശക്തിക്ക് ഈ ഭക്തിയിൽ തടസ്സം സൃഷ്ടിക്കാൻ കഴിയില്ല.

माया वेदशास्त्रां अनावर । ब्रह्मादिकां अतिदुस्तर ।
ते सुखें तरती भगवत्पर । हरिनाममात्र-स्मरणार्थें ॥ ६१५ ॥

വേദങ്ങളും ശാസ്ത്രങ്ങളും പഠിച്ചതുകൊണ്ട് മാത്രം മായയെ കീഴടക്കാനാവില്ല; ബ്രഹ്മാവിനെപ്പോലെയുള്ള ദേവന്മാർക്കുപോലും അതിനെ അതിജീവിക്കുക ദുഷ്കരമാണ്. എന്നാൽ, ഭഗവാനിൽ ഹൃദയം അർപ്പിച്ചവർക്ക്, ഹരിയുടെ തിരുനാമം സ്മരിക്കുന്നതിലൂടെത്തന്നെ അതിനെ അതിജീവിക്കാൻ സാധിക്കുന്നു.

**हरिनामाच्या गजरापुढें । माया पळे लवडसवडें ।
यालागीं तरणोपावो घडे । सुख सुरवाडे हरिभक्तां ॥ ६१६ ॥**

ഭക്തർ ഹരിനാമഘോഷം ചെയ്യുന്ന മാത്രയിൽത്തന്നെ മായ ഓടിപ്പോകുന്നു; അതിനാൽ, മായയെ അതിക്രമിച്ചു കടക്കാനുള്ള വഴി ഭക്തർക്ക് എളുപ്പത്തിൽ ലഭിക്കുകയും അവർ അതീവ സന്തുഷ്ടരാവുകയും ചെയ്യുന്നു.

**परात्पर नारायणाची माया । भजतां नारायणाच्या पायां ।
सुखेंचि तरिजे गा राया । त्या भजनउपाया सांगितलें ॥ ६१७ ॥**

രാജാവേ! ഈ മായ പരമാത്മാവായ നാരായണന്റേതാണ്. നാരായണന്റെ പാദപത്മങ്ങളെ ആരാധിച്ചുകൊണ്ട് ഇതിനെ എളുപ്പത്തിൽ അതിക്രമിക്കാൻ സാധിക്കും. ആ ആരാധനാക്രമം അങ്ങേക്ക് വിവരിച്ചുതന്നിട്ടുണ്ട്.

**मायातरणोपायस्थिति । राया तुवां पुशिली होती ।
तदर्थीं मुख्य भगवद्भक्ति । जाण निश्चितीं नृपनाथा ॥ ६१८ ॥**

മായാതീതനാകാനുള്ള മാർഗ്ഗം അങ്ങ് ആരാഞ്ഞുവല്ലോ; രാജാധിരാജാവേ, ഭഗവാനിലുള്ള ഭക്തി മാത്രമാണ് അതിനുള്ള ഏക മാർഗ്ഗമെന്ന് ഉറപ്പായി അറിഞ്ഞാലും.

**भक्तीपाशी नित्य तृप्ति । भक्तीपाशीं नित्यमुक्ति ।
भक्तीपाशीं भगवत्प्राप्ति । मायानिवृत्ति हरिभजनें ॥ ६१९ ॥**

ഭക്തി എപ്പോഴും സംതൃപ്തിയും ശാശ്വതമുക്തിയും ഭഗവത്പ്രാപ്തിയും പ്രദാനം ചെയ്യുന്നു; വാസ്തവത്തിൽ, ഹരിഭജനത്തിലൂടെയാണ് മായ നീങ്ങുന്നത്.

**हरिनामभजनकल्लोळें । माया जीवित्व घेऊन पळे ।
भक्त तरती बाळेभोळे । हरिभजनबळें महामाया ॥ ६२० ॥**

ഹരിനാമകീർത്തന ഘോഷം ഉയരുമ്പോൾ മായ ജീവനുംകൊണ്ട് പലായനം ചെയ്യുന്നു; ഭഗവാനോടുള്ള ഭക്തിയുടെ ശക്തിയാൽ,

ലളിതവും നിഷ്കളങ്കവുമായ മനസ്സുള്ള ഭക്തർക്കുപോലും ഈ മായയെ അതിജീവിക്കാൻ സാധിക്കുന്നു.

करितां नरायणाची भक्ती । निजभक्त सुखें माया तरती ।
ते नारायणाची मुख्य स्थिती । स्वयें चक्रवर्ती पुसतु ॥ ६२१ ॥

ആരുടെ ഭക്തിയാൽ ഭക്തർക്ക് മായയെ അനായാസം അതിക്രമിച്ചുകടക്കാൻ കഴിയുമോ, ആ നാരായണന്റെ യഥാർത്ഥ സ്വരൂപത്തെക്കുറിച്ച് ജനകമഹാരാജാവ് ആ ഒമ്പത് യോഗികളോട് ചോദിച്ചു.

രാജോവാച
നാരായണാഭിധാനസ്യ ബ്രഹ്മണഃ പരമാത്മനഃ ।
നിഷ്ഠാമർഹഥ നോ വക്തും യൂയം ഹി ബ്രഹ്മവിത്തമാഃ ॥ 34 ॥

രാജാവ് ചോദിച്ചു
നാരായണൻ എന്ന് പേരുള്ള പരമാത്മാവായ ബ്രഹ്മത്തിന്റെ പരമാർത്ഥസ്ഥിതിയെ ബ്രഹ്മജ്ഞാനികളിൽവെച്ച് ശ്രേഷ്ഠന്മാരായ നിങ്ങൾ ഞങ്ങളോട് പറഞ്ഞു തരേണമേ.

सर्वां भूतीं भगवद्भावो । हा मुख्य मायातरणोपावो । ।
आइकोनि सुखावला रावो । तेणें आनन्दें पहा हो परब्रह्म पुसे ॥ ६२२ ॥

എല്ലാ ജീവജാലങ്ങളോടും ഭഗവത്ഭാവം പുലർത്തുന്നതാണ് മായയെ അതിജീവിക്കാനുള്ള മാർഗ്ഗം; ഇതു കേട്ടപ്പോൾ രാജാവ് അതീവ സന്തുഷ്ടനായി. ആ സന്തോഷാതിരേകത്തിൽ, അദ്ദേഹം പരബ്രഹ്മത്തിന്റെ സ്വരൂപത്തെക്കുറിച്ച് ആരാഞ്ഞു.

करितां नारायणाची भक्ति । उत्तम भक्त माया तरती ।
ते नारायणाची निजस्थिति । साक्षेपें नृपति पुसतु ॥ ६२३ ॥

ഏതു ഭക്തികൊണ്ടാണോ ഉത്തമഭക്തന്മാർ മായയെ ജയിക്കുന്നത്, ആ നാരായണന്റെ സ്വരൂപലക്ഷണത്തെക്കുറിച്ച് രാജാവ് അതിയായ ആകാംക്ഷയോടെ അന്വേഷിച്ചു.

‘ब्रह्म-परमात्मा-नारायण’ । वस्तूसीच म्हणणें जाण ।
ते वस्तुनिष्ठा परिपूर्ण । राजा आपण पुसतु ॥ ६२४ ॥

'ബ്രഹ്മം', 'പരമാത്മ', 'നാരായണൻ' എന്നിവ ഒരേ തത്വത്തെത്തന്നെ കുറിക്കുന്ന നാമങ്ങളായതിനാൽ, ആ തത്വത്തിന്റെ അന്തർലീനമായ സ്വരൂപത്തെക്കുറിച്ചുള്ള സമഗ്രമായ വിവരണം രാജാവ് ആവശ്യപ്പെട്ടു.

सकळांमाजीं अधिष्ठान । सबाह्य ज्याचेनि परिपूर्ण ।
त्या स्वरूपातें ‘नारायण’ । स्वयें वेदज्ञ बोलती ॥ ६२५ ॥

സമസ്ത പ്രപഞ്ചത്തിന്റെയും ആധാരമായി വർത്തിക്കുകയും, അകത്തും പുറത്തുമായി സർവ്വതിലും പൂർണ്ണമായി വ്യാപിച്ചിരിക്കുകയും ചെയ്യുന്നതിനെ വേദജ്ഞർ 'നാരായണൻ' എന്ന് സംബോധന ചെയ്യുന്നു.

तुम्हांऐसे ज्ञाननिधि । भाग्यें जोडलेति त्रिशुद्धी ।
तुमच्या वचनामृतबोधीं । अहंबुद्धि उपजेना ॥ ६२६ ॥

നിങ്ങളെപ്പോലൊരു ജ്ഞാനനിധിയെ കണ്ടെത്താനായത് വലിയൊരു ഭാഗ്യമാണ്. നിങ്ങളുടെ ജ്ഞാനപൂർണ്ണമായ വാക്കുകളിൽ നിന്നു ലഭിച്ച ഉൾക്കാഴ്ചയാൽ എന്റെ അഹങ്കാരത്തിന്റെ അടിത്തറ തന്നെ അലിഞ്ഞുപോയി.

तुमचिया वचनोक्तीं । वोसंडली स्वानन्दस्फूर्ति ।
लांचावली चित्तवृत्ती । श्रवणें तृप्ती कदा न मनीं ॥ ६२७ ॥

നിങ്ങളുടെ വാക്കുകൾ എന്നിൽ ആന്തരികമായ ആനന്ദത്തിന്റെ ഒരു പെരുമഴ തന്നെ അണപൊട്ടിയൊഴുകാൻ കാരണമായി. എന്റെ ആത്മാവ് അത്രമേൽ ഉല്ലാസഭരിതമാണ്; അതിനാൽ നിങ്ങൾ എത്ര സംസാരിച്ചാലും എന്റെ മനസ്സിന് മതിവരുന്നില്ല.

ऐकोनियां रायाचा श्रेष्ठ प्रश्न । प्रबुद्धाधाकुटा पिप्पलायन ।
तो बोलावया आपण । स्वानंदें पूर्ण सरसावला ॥ ६२८ ॥

രാജാവിൽ നിന്ന് ഈ പ്രധാനപ്പെട്ട ചോദ്യം കേട്ടപ്പോൾ, പ്രബുദ്ധന്റെ അനുജനായ പിപ്പലായൻ സന്തോഷത്തോടെ സംസാരിക്കാനായി

മുന്നോട്ടുവന്നു.

പിപ്പലായന ഉവാച

സ്ഥിത്യുദ്ഭവപ്രളയഹേതുരഹേതുരസ്യ
യത്സ്വപ്നജാഗരസുഷുപ്തിഷു സദ്ബഹിശ്ച ।
ദേഹേന്ദ്രിയാസുഹൃദയാനി ചരന്തി യേന
സഞ്ജീവിതാനി തദവേഹി പരം നരേന്ദ്ര ॥ 35 ॥

പിപ്പലായനൻ പറഞ്ഞു
ഇതിന്റെ (ഈ ലോകത്തിന്റെ) നിലനിൽപ്പിനും ഉദ്ഭവത്തിനും നാശത്തിനും കാരണമായും, സ്വയംകാരണമില്ലാത്തതായും, സ്വപ്നം, ജാഗ്രത്, സുഷുപ്തി ഇവയിൽ ചേർന്നുകൊണ്ടും, ഇതിന്റെ സംബന്ധം കൂടാതെ വിട്ടിരിക്കുന്നതുമായ യാതൊന്നിനാൽ ദേഹങ്ങൾ, ഇന്ദ്രിയങ്ങൾ, പ്രാണങ്ങൾ, അന്തഃകരണങ്ങൾ നല്ലവണ്ണം ജീവിക്കുന്നതായിട്ട് അവരവരുടെ വ്യാപാരത്തെ നല്ലവണ്ണം നടത്തുന്നത്; അല്ലയോ രാജാവേ, അതിനെ പരമതത്ത്വം എന്ന് അറിഞ്ഞാലും.

अगा ज्याचेनि उपजे उत्पत्ति । ज्याचेनि अंगें स्थितीसी स्थिति ।
ज्याचेनि प्रळया प्रळयशक्ति । ऐसा जो त्रिजगतीं मुख्य हेतु ॥ ६२९ ॥

(പിപ്പലാദൻ പറഞ്ഞു) ഓ രാജാവെ! പ്രപഞ്ചത്തിന്റെ സൃഷ്ടിക്കും സ്ഥിതിക്കും കാരണമായതും,
പ്രളയകാലത്ത് സംഹാരശക്തിക്ക് ചൈതന്യം പകരുന്നതും—
മൂന്നു ലോകങ്ങൾക്കും (ത്രിജഗത്ത്) പ്രധാന
കാരണമായിരിക്കുന്നവൻ അവനാകുന്നു ...

यापरी जो जगाचा हेतु । स्वयें स्वसत्ता हेतुरहितु ।
सच्चिदानंदें सदोदितु । तो जाण निश्चितु नारायणु ॥ ६३० ॥

എന്നാൽ ഏതൊന്നിന്റെ അസ്തിത്വത്തിന് മറ്റൊരു ഹേതു ഇല്ലയോ, എല്ലായ്പ്പോഴും സച്ചിതാനന്ദത്താൽ പരിപൂർണമായിരിക്കുന്നുവോ, അതാണ് `നാരായണൻ' എന്നറിഞ്ഞാലും.

जेवीं सायंप्रातर्मध्यान्ह । तिहीं काळीं अलिप्त गगन ।

तेवीं उत्पत्तिस्थितिप्रळयीं जाण । अलिप्त नारायण परमात्मा ॥ ६३१ ॥

പ്രഭാതം, സായാഹ്നം, ഉച്ചനേരം എന്നീ സമയങ്ങളിൽ ആകാശം അവയുമായൊന്നും ബന്ധപ്പെടാതെ നിലകൊള്ളുന്നതുപോലെ, സൃഷ്ടി, സ്ഥിതി, സംഹാരം എന്നീ അവസ്ഥകളിലും പരമാത്മാവായ നാരായണൻ അവയിൽനിന്നും അലിപ്തനായി നിലകൊള്ളുന്നു.

उत्पत्तिस्थितिप्रळयान्त । म्हणसी कोण देखे येथ ।
तेचि अर्थीचा दृष्टांत । स्फुरदर्थ अवधारीं ॥ ६३२ ॥

ഈ മൂന്ന് അവസ്ഥകളെയും വീക്ഷിക്കുന്നതാരാണെന്ന് അങ്ങ് ചോദിച്ചേക്കാം. ഉദാഹരണ സഹിതം ഞാൻ അത് വിശദമായി വിവരിക്കാം.

जागृति स्वप्न आणि सुषुप्ति । तिन्ही व्यापूनि समाधीही परती ।
ज्याची साक्षित्वें स्फुरे स्फूर्ति । तो जाण निश्चितीं नारायण । ६३३ ॥

ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകളിലെല്ലാം വ്യാപിച്ചിരിക്കുന്നവനും, സമാധി അവസ്ഥയ്ക്കും അപ്പുറം നിലകൊള്ളുന്നവനും, അവയ്ക്കെല്ലാം സാക്ഷിയായിരിക്കുന്നവനും ആയ ആ ചൈതന്യം സാക്ഷാൽ നാരായണൻ തന്നെയാണ്; ഇത് നിശ്ചയമായിട്ടും അറിഞ്ഞുകൊള്ളുക.

जागृतीचें जाणपण । स्वप्नाचें मिथ्या भान ।
सुषुप्तीचा साक्षी पूर्ण । तो नारायाण निश्चित ॥ ६३४ ॥

ജാഗ്രദവസ്ഥയിലെ അറിവിനെയും സ്വപ്നാവസ്ഥയിലെ മിഥ്യാധാരണയെയും സുഷുപ്ത്യവസ്ഥയിലെ സാക്ഷ്യവും വഹിക്കുന്നത് എന്താണോ, ആ ശുദ്ധചൈതന്യം തന്നെയാണ് വാസ്തവത്തിൽ നാരായണൻ.

एवं परमात्मा परंज्योति । आत्मा हृदयस्थ त्रिजगतीं ।
त्यातें नारायण म्हणती । जाण निश्चितीं नृपनाथा ॥ ६३५ ॥

ഈവിധത്തിൽ പരമജ്യോതിസ്വരൂപമായിട്ടുള്ള പരമാത്മാവ്, ത്രിഭുവനത്തിലുള്ള എല്ലാ പ്രാണികളുടെ ഹൃദയത്തിലും

വസിക്കുന്നു. ഹേ രാജശ്രേഷ്ഠാ, ഈ മഹാശക്തിയെ നിശ്ചയമായും നാരായണൻ എന്ന് വിളിക്കുന്നു എന്നറിഞ്ഞാലും.

**ऐसी सांगतां ब्रह्मस्फूर्ति । अगम्य वाटेल ब्रह्मप्राप्ति ।
सहजें ब्रह्म आतुडे हातीं । ऐक ते उपपत्ति सांगेन ॥ ६३६ ॥**

ബ്രഹ്മസ്വരൂപത്തിന്റെ വർണ്ണനം ഈ വിധത്തിൽ ചെയ്താൽ, ബ്രഹ്മപ്രാപ്തി അസാധ്യമാണെന്ന് തോന്നിയേക്കാം. അതിനാൽ, ബ്രഹ്മത്തെ എളുപ്പത്തിൽ പ്രാപിക്കാനാവുന്ന ഒരു മാർഗ്ഗം ഞാൻ അങ്ങേയ്ക്കു പറഞ്ഞുതരാം. ശ്രദ്ധിക്കുക.

**तरी परमात्मा ब्रह्म पूर्ण । तुझे हृदयीं नांदे आपण ।
ज्याचेनि मन बुद्धि प्राण । इंद्रियें जाण वर्तती ॥ ६३७ ॥**

പരമാത്മാവ് നമ്മുടെ ഹൃദയത്തിനുള്ളിൽ പൂർണ്ണമായും കുടികൊള്ളുന്നു; അതുകൊണ്ടാണ് മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങൾ എന്നിവ പ്രവർത്തിക്കുന്നത്.

**नयनें तेणें तेजें देखणें । रसना तेणें स्वादें चाखो जाणें ।
श्रवण तेणें अवधानें । शब्दज्ञानें प्रबोधती ॥ ६३८ ॥**

അതിന്റെ പ്രഭയാലാണ് കണ്ണുകൾക്ക് കാഴ്ച സാധ്യമാകുന്നത്; അതിന്റെ സത്തയാലാണ് രുചികൾ തിരിച്ചറിയാനുള്ള കഴിവ് നാവിന് ലഭിക്കുന്നത്; അതിന്റെ ശ്രദ്ധയാലാണ് ശബ്ദങ്ങളെക്കുറിച്ചുള്ള ധാരണ ചെവികൾക്ക് കൈവരുന്നത്.

**तेणें अहंकारा अहंभाव । तेणेंचि मनासी मंतव्य ।
तेणेंचि चित्तासी चेतव्य । बुद्धीसि बोद्धव्य तेणें ब्रह्मावबोधे ॥ ६३९ ॥**

ഇതുകൊണ്ടുമാത്രമാണ് അഹങ്കാരത്തിന് 'ഞാൻ' എന്ന ബോധം കൈവരിക്കാനും, മനസ്സിന് ചിന്തിക്കാനും കഴിയുന്നത്; അതുപോലെ, ബുദ്ധിക്ക് ആ ബ്രഹ്മജ്ഞാനത്തിന്റെ ശക്തിയാലാണ് ഗ്രഹിക്കാനുള്ള ശേഷിയും ലഭിക്കുന്നത്.

**तेणें जड देह सचेतन । तेणेंचि कळे मृदु कठीण ।
तेणेंचि चरणाच्या ठायीं गमन । करी कर ग्रहण त्याचिये सत्ता ॥ ६४० ॥**

ഇതുകൊണ്ടാണ് ജഡദേഹത്തിന് ചേതന ലഭിക്കുന്നത്; ഇതുകൊണ്ടാണ് തണുപ്പും ചൂടും, മൃദുത്വവും കാഠിന്യവും തമ്മിലുള്ള വ്യത്യാസം ത്വക്ക് തിരിച്ചറിയുന്നത്; പാദങ്ങളുടെ ചലനവും കൈകൾ കൊണ്ടുള്ള ദാനകർമ്മവും സാധ്യമാകുന്നതും ഇതിന്റെ ആജ്ഞയാലാണ്.

त्याचेनि प्राण परिचरती । त्याचेनि निमिषोन्मेषस्फूर्ति ।
त्याच्या आनंदलेशस्थितीं । आनंद उपस्थीं भोगिती प्राणी ॥ ६४१ ॥

ഈ മഹാശക്തി കാരണമാണ് ശ്വാസോച്ഛ്വാസവും കണ്ണുകളുടെ തുറക്കലും അടയ്ക്കലും സംഭവിക്കുന്നതും, ജീവജാലങ്ങൾ ലൈംഗിക സുഖങ്ങൾ ആസ്വദിക്കുന്നതും.

एवं चाळकु तो त्रिजगतीं । तो स्वानन्दें नांदे हृदयस्थितीं ।
त्यातें नारायण म्हणती । तोचि निश्चितीं परमात्मा ॥ ६४२ ॥

അങ്ങനെ, മൂന്നു ലോകങ്ങളെയും ഭരിക്കുകയും പരമാനന്ദത്തോടെ ഹൃദയത്തിനുള്ളിൽ വസിക്കുകയും ചെയ്യുന്ന ആ ശക്തി 'നാരായണൻ' എന്ന് അറിയപ്പെടുന്നു. വാസ്തവത്തിൽ, നാരായണൻ മാത്രമാണ് പരമാത്മാവ്.

ज्याचेनि मन बुद्धि प्राण । इंद्रियें विचरती संपूर्ण ।
तो तूं म्हणसी त्यांआधिन । हें कल्पांतीं जाण कदा न घडे ॥ ६४३ ॥

മനസ്സ്, ബുദ്ധി, പ്രാണൻ, ഇന്ദ്രിയങ്ങൾ എന്നിവ ഏത് സത്തയെ ആശ്രയിച്ചാണോ പ്രവർത്തിക്കുന്നത്, ആ സത്ത അവയ്ക്ക് അധീനമാണെന്ന് വാദിക്കുകയാണെങ്കിൽ, അത്തരമൊരു കാര്യം ഒരു കല്പാന്തകാലത്ത് പോലും അസാധ്യമായിരിക്കും.

तेथ जाणपणें जाणों जासी । तैं जाणावें तेंचि नेणसी ।
तेथ ज्ञातेपणें ज्ञानासी । स्वरूपापाशीं रिगू नाहीं ॥ ६४४ ॥

'അറിയുന്നവൻ' എന്ന ഭാവം സ്വീകരിച്ചുകൊണ്ട് ആ സ്വരൂപത്തെ അറിയാൻ അങ്ങ് ആഗ്രഹിക്കുന്നുവെങ്കിൽ അത് സാധ്യമല്ല; കാരണം, "ഞാൻ അറിയുന്നവനാണ്, അത് അറിയപ്പെടേണ്ട വസ്തുവാണ്" എന്ന അറിവിലൂടെ ബുദ്ധിക്ക് ആത്മസ്വരൂപത്തിലേക്ക് പ്രവേശിക്കാനാവില്ല.

जाणीव आणि नेणीव । हे सोडूनि सर्व भाव ।
जैं उपजे सद्‌भाव । तैं ब्रह्म स्वयमेव पाविजे ॥ ६४५ ॥

ജ്ഞാനത്തെയും അജ്ഞാനത്തെയും അതിക്രമിച്ച്, ശുദ്ധമായ 'സത്ത' മാത്രം ഉദയം ചെയ്യുമ്പോഴാണ് പരബ്രഹ്മത്തെ സ്വാഭാവികമായി പ്രാപിക്കാനാവുക.

നൈതൻമനോ വിശതി വാഗുത ചക്ഷുരാത്മാ
പ്രാണേന്ദ്രിയാണി ച യഥാനലമർചിഷഃ സ്വാഃ ।
ശബ്ദോഽപി ബോധകനിഷേധതയാഽഽത്മമൂല-
മർത്ഥോക്തമാഹ യദൃതേ ന നിഷേധസിദ്ധിഃ ॥ 36 ॥

തീയെ അതിന്റെ തീപ്പൊരികൾ കൊണ്ട് പ്രകാശിപ്പിക്കാനോ കത്തിക്കാനോ കഴിയാത്തതുപോലെ, വായുവിനും, ബുദ്ധിക്കും, വാക്കിനും, കണ്ണിനും, പ്രാണനും, ഇന്ദ്രിയങ്ങൾക്കും പരമാർത്ഥത്തെ ഗ്രഹിക്കാനോ എത്തിച്ചേരാനോ കഴിയില്ല. വേദവും അതിനെക്കുറിച്ച് ഒരു പ്രസ്താവനയും നടത്തുന്നില്ല, എന്നിരുന്നാലും അതിന്റെ അസ്തിത്വം തെളിയിക്കാനുള്ള അധികാരം അതിനാണ്. അതിനെ വിവരിക്കാനുള്ള ശക്തി സ്വയം നിഷേധിച്ചുകൊണ്ട്, അത് അനുമാനത്തിലൂടെ അതിനെക്കുറിച്ച് സംസാരിക്കുന്നു. എന്നിരുന്നാലും, യഥാർത്ഥത്തിൽ ഈ പരമാർത്ഥസത്യത്തിന്റെ അഭാവത്തിൽ അതിന്റെ നിഷേധം പോലും സാധ്യമല്ല.

वैकुंठ कैलास क्षीराब्धी । मन कल्पी कल्पनाविधी ।
परी आत्मा कल्पावया त्रिशुद्धी । मनबुध्यादी सरेना ॥ ६४६ ॥

മനസ്സിന് വൈകുണ്ഠം, കൈലാസം, ക്ഷീരാബ്ധി തുടങ്ങിയവയെ സങ്കൽപ്പിക്കാൻ സാധിക്കും; എന്നാൽ ആത്മാവിന്റെ യഥാർത്ഥ സ്വരൂപം സങ്കല്പിക്കാനുള്ള കഴിവ് മനസ്സിനോ ബുദ്ധിക്കോ ഇല്ല.

स्वयें कल्पीं त्रिभुवन । तें स्वरूपीं रिघों न शके मन ।
बुद्धि निश्चयात्मक पूर्ण । तीसही जाण अगम्य वस्तु ॥ ६४७ ॥

ത്രിഭുവനങ്ങളെയും സങ്കൽപ്പിക്കാൻ കഴിവുള്ള മനസ്സിന് ആത്മസ്വരൂപത്തെ ഗ്രഹിക്കാനാവില്ല. കൃത്യമായ നിഗമനങ്ങളിൽ എത്തിച്ചേരാൻ ബുദ്ധിക്ക് പൂർണ്ണമായ കഴിവുണ്ടെങ്കിലും, പരബ്രഹ്മം അതിന് അപ്രാപ്യമായിത്തന്നെ നിലകൊള്ളുന്നു.

**जें मन बुद्धि अगोचर । तें वाचेसी अति दुस्तर ।
वस्तु नव्हे शब्दगोचर । परात्पर परब्रह्म ॥ ६४८ ॥**

മനസ്സിനും ബുദ്ധിക്കും അതീതവും വാക്കിന് അപ്രാപ്യവുമായ ആ പരബ്രഹ്മത്തെ വാക്കുകൾകൊണ്ട് ഒരിക്കലും ഗ്രഹിക്കാനാവില്ല.

**मोटे बांधतां आकाशातें । चारी पालव पडती रिते ।
तेवीं शब्दें बोलावें वस्तूतें । तंव शब्द शब्दार्थे निर्धर्म ॥ ६४९ ॥**

നാല് മൂലകളുള്ള ഒരു ചതുരശ്ര തുണിയിൽ ആകാശത്തെ കെട്ടിയിടാൻ ശ്രമിച്ചാൽ, ആ നാല് മൂലകളും ഒന്നിനെയും ബന്ധിക്കാതെ തുറന്നുകിടക്കുകയേയുള്ളൂ. അതുപോലെതന്നെ, പരബ്രഹ്മത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ ശ്രമിച്ചാൽ, വാക്കുകളുടെ ശക്തിയും ശേഷിയും തന്നെ നഷ്ടപ്പെടുന്നു.

**प्राणाचेनि निज ढाळें । जे कां क्रियाशक्ति चळे ।
ते क्रियेसी वस्तु नातळे । मा इंद्रियां आकळे कैसेनी ॥ ६५० ॥**

പ്രാണന്റെ ബലത്തിൽ പ്രവർത്തിക്കുന്ന കർമ്മശക്തിക്കുപോലും ആത്മാവിനെ സ്പർശിക്കാനാവില്ല;
അങ്ങനെയെങ്കിൽ, ഇന്ദ്രിയങ്ങൾക്ക് അതിനെ എങ്ങനെ കണ്ടെത്താനാകും?

**जेवीं थिल्लराआंतौता । बिंबोनि वोला नव्हे सविता ।
तेवीं मनबुद्धि इंद्रियांपरता । जाण तत्त्वतां परमात्मा ॥ ६५१ ॥**

ജലാശയത്തിൽ പ്രതിബിംബിക്കുമ്പോൾ സൂര്യൻ നനയാത്തതുപോലെ, മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങൾ എന്നിവയ്ക്കെല്ലാം അതീതമായാണ് പരമാത്മാവ് സ്ഥിതിചെയ്യുന്നതെന്ന് ഉറച്ചു മനസ്സിലാക്കുക.

जो मनाचें अनादि मन । जो बुद्धीची बुद्धि सज्ञान ।

जो नयनाचे आदि नयन । जो श्रवणाचें श्रवण सावधानत्वे ॥ ६५२ ॥

മനസ്സിന്റെ മനസ്സ് ഏതാണോ, ബുദ്ധിയുടെ ബോധപൂർണ്ണമായ ബുദ്ധി ഏതാണോ, കണ്ണുകൾക്കും കണ്ണായിട്ടുള്ള പൊരുൾ, ചെവികളുടെ ഉള്ളിൽ ഇരുന്നു കേൾവി ശക്തി നൽകുന്നത് യാതൊന്നോ...

जो घ्राणाचें निजघ्राण । जो रसनेची रसना आपण ।
जो त्वचेची निजत्वचा पूर्ण । जीवाचा जो जाण जीवु स्वयें ॥ ६५३ ॥

മൂക്കിനും മൂക്കായിട്ടേതുണ്ടോ, നാക്കിനും നാക്കായിട്ടേതുണ്ടോ, ത്വക്കിനും ത്വക്കായിട്ടു ഏതുണ്ടോ, പ്രാണികളിൽ പ്രാണനായിട്ട് ഏതുണ്ടോ…

जेथ बुद्धीची दृष्टि न वळंघे । तेथे मन मनपणें केवीं रिघे ।
मा श्रवणनयनघ्राणयोगें । विषयसंयोगें केवीं भेटे ॥ ६५५ ॥

ബുദ്ധിക്ക് കാണാൻ കഴിയാത്തതിനെ മനസ്സിന് എങ്ങനെ പ്രാപിക്കാനാകും? കേൾവി, കാഴ്ച, ഗന്ധം എന്നിവയിലൂടെ ആ പരമാത്മാവിനെ എങ്ങനെ ഗ്രഹിക്കാനാകും; അതുപോലെ, വിഷയങ്ങളും ഇന്ദ്രിയങ്ങളും തമ്മിലുള്ള സമ്പർക്കത്തിലൂടെ അതിനെ എങ്ങനെ പ്രാപിക്കാനാകും?

जेथ प्राणशक्ति न चले पुढें । जेथ वाचा स्वयें लाजिली मुरडे ।
मा कर्मेंद्रियांसी कोणीकडे । पवाडु पुढें जोडेल ॥ ६५६ ॥

പ്രാണന് എത്തിച്ചേരാൻ കഴിയാത്ത ആ അവസ്ഥയിലേക്ക് വാക്കിന് എങ്ങനെയാണ് എത്തിച്ചേരാനാവുക? അത് ലജ്ജയോടെ പിന്മാറുന്നു! പിന്നെ കർമ്മേന്ദ്രിയങ്ങൾക്ക് അവിടെ എന്ത് സ്ഥാനമാണുള്ളത്?

अग्नीपासूनि आह्या अनेग । क्षणक्षणां निघती चांग ।
परी आह्यांमाजीं अग्नींचें अंग । सर्वथा साङ्ग प्रगटेना ॥ ६५७ ॥

കത്തുന്ന കൽക്കരിയിൽ നിന്ന് ധാരാളം തീപ്പൊരികൾ ചിതറിത്തെറിക്കാറുണ്ട്; എന്നാൽ, അവയിലോരോന്നിനും ആ തീയുടെ മൊത്തത്തിലുള്ള രൂപത്തെക്കുറിച്ച് പൂർണ്ണമായ ധാരണ

നൽകാനാവില്ല.

कां सूर्यापासून सूर्यकांत । प्रकाशती असंख्यात ।
परी सूर्यकांताआंत । कदा भास्वत प्रगटेना ॥ ६५८ ॥

സൂര്യകാന്തക്കല്ലുകൾ സൂര്യപ്രകാശത്തിൽ അത്രയേറെ തിളങ്ങുന്നുണ്ടെങ്കിലും, അവയിലൊന്നിലും സൂര്യൻ പൂർണ്ണമായി പ്രകടമാകുന്നില്ല.

जेवीं सिंधूपासूनि तरंग । प्रकाशति अति अनेग ।
परी तरंगीं सिंधूचें अंग । सर्वथा साङ्ग प्रगटेना ॥ ६५९ ॥

അല്ലെങ്കിൽ, കടലിൽ അനേകം തിരമാലകൾ ഉയരുന്നുണ്ടെങ്കിലും, അവയ്ക്ക് കടലിന്റെ മൊത്തം വിസ്തൃതിയും ആഴവും നമുക്ക് കാണിച്ചുതരാൻ കഴിയില്ല.

तेवीं ब्रह्मापासोनि करणें । प्रकाशती अनेकपणें ।
तरी त्या इंद्रियां ब्रह्म जाणणें । हें जीवें प्राणें घडेना ॥ ६६० ॥

അതുപോലെതന്നെ, ഇന്ദ്രിയങ്ങൾ ബ്രഹ്മത്തിൽനിന്നുണ്ടായവയാണെങ്കിലും, അവയിലൂടെ പൂർണ്ണമായ ബ്രഹ്മത്തെ പ്രകടിപ്പിക്കാൻ അവയ്ക്ക് സാധിക്കില്ല.

जरी केळापासूनि केळी निपजे । कां साखरेपासूनि ऊंस उपजे ।
तरी इंद्रियीं ब्रह्म जाणिजे । हें न ये निजवोजें ब्रह्मादिकां ॥ ६६१ ॥

പഞ്ചസാരയിൽ നിന്ന് കരിമ്പും, പഴത്തിൽ നിന്ന് വാഴയും ഉണ്ടാക്കാൻ കഴിയുമെങ്കിൽ (ഇവ രണ്ടും അസാധ്യമായ കാര്യങ്ങളാണ്) - അങ്ങനെയെങ്കിൽ മാത്രമേ ഇന്ദ്രിയങ്ങൾക്ക് ബ്രഹ്മത്തെ അറിയാൻ കഴിയൂ; എന്നാൽ ദേവന്മാർക്ക് പോലും അതിനെ അറിയാൻ സാധ്യമല്ല.

आशंका ॥ इंद्रियीं नव्हे ब्रह्मज्ञान । तैं जीवाचें भवबंधन ।
कदा काळीं न तुटे जाण । जन्ममरण अनिवार ॥ ६६२ ॥

ഇവിടെ ഒരു സംശയം ഉയരുന്നു. ഇന്ദ്രിയങ്ങൾക്ക് ബ്രഹ്മത്തെ ഒട്ടും ഗ്രഹിക്കാൻ കഴിയില്ലെങ്കിൽ, ജീവാത്മാവ് ഒരിക്കലും

ബന്ധനത്തിൽ നിന്ന് മുക്തനാവുകയില്ല; ജനനമരണങ്ങളുടെ ചങ്ങല ഒരിക്കലും തകരുകയുമില്ല!

शब्दादेवापरोक्षमति । ऐशी श्रुतिशास्त्र-उत्पत्ति ।
तेही मिथ्या वाटे वदंती । ऐसें तूं निश्चितीं मानिसी राया ॥ ६६३ ॥

'ശബ്ദാദേവാപരോക്ഷേതി' എന്ന ഒരു വേദവാചകമുണ്ടല്ലോ . അതായത്, വേദത്തിലൂടെ ദേവനെ കാണാൻ സാധിക്കും എന്ന്. ഓ രാജാവെ, അവിടുന്ന് വിചാരിക്കുന്നുണ്ടാവും, ഇനി ഇതും തെറ്റാണോ എന്ന്.

तेही अर्थींचें निरूपण । ऐक राया सावधान ।
शब्द निमोनि आपण । दे ब्रह्मज्ञान जीवासी ॥ ६६४ ॥

അല്ലയോ രാജാവേ, ദയവായി ശ്രദ്ധിച്ചാലും. വാക്ക്, 'ജ്ഞാനവും അർത്ഥവും' നൽകുന്നു എന്നതാണ് വസ്തുത. തുടർന്ന്, ജീവന് ബ്രഹ്മജ്ഞാനം പകർന്നുനൽകിയ ശേഷം ആ വാക്ക് അപ്രത്യക്ഷമാകുന്നു. ഞാൻ ഇക്കാര്യം വിശദമായി വിവരിക്കാം; ദയവായി ശ്രദ്ധിക്കുക.

പൂർവ ശ്ലോകാർദ്ധം

ശബ്ദോഽപി ബോധകനിഷേധതയാഽഽത്മമൂല-
മർത്ഥോക്തമാഹ യദൃതേ ന നിഷേധസിദ്ധിഃ

പ്രാണശക്തിക്കോ ഇന്ദ്രിയങ്ങൾക്കോ അതിനെ ഗ്രഹിക്കാനാവില്ല. "നേതി, നേതി" (ഇതല്ല, ഇതല്ല) എന്ന വേദവാക്യങ്ങൾ പോലും—അറിവ് പകരാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളെത്തന്നെ നിഷേധിച്ചുകൊണ്ട്—ഒടുവിൽ ഒരാളുടെ യഥാർത്ഥ സ്വരൂപത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്; ആ നിഷേധം അവിടെത്തന്നെ അവസാനിക്കുകയും ചെയ്യുന്നു. കാരണം, ഈ അടിസ്ഥാന യാഥാർത്ഥ്യം ഇല്ലായിരുന്നെങ്കിൽ നിഷേധം എന്ന പ്രക്രിയ തന്നെ സാധ്യമാകുമായിരുന്നില്ല.

जीवु सोडवावया होडा । शब्दें सवेग उचलिला विडा ।
तेणें घेतां तत्त्वांचा झाडा । आपणही पुढां निमाला ॥ ६६५ ॥

ഈ ലൗകിക ജീവിതത്തിന്റെ ബന്ധനത്തിൽ നിന്ന് ജീവനെ മോചിപ്പിക്കാൻ വേദങ്ങൾ പ്രതിജ്ഞാബദ്ധമായി; എന്നാൽ, ഓരോ തത്ത്വത്തെയും മഥിച്ചും വിശകലനം ചെയ്തും മനസ്സിലാക്കാൻ ശ്രമിച്ചപ്പോൾ, ആ ദൗത്യം അവയുടെ പരിധിക്കപ്പുറമാണെന്ന് അവയ്ക്ക് ബോധ്യമായി.

श्रुति नेते नेति येणें शब्दें । अतद्व्यावृत्तिनिषेधबोधें ।
परी साक्षात् वेदानुवादें । निज वस्तु शब्दें न बोलवे ॥ ६६६ ॥

ഇല്ലാത്തവയുടെ അസ്തിത്വം തള്ളിക്കളയാൻ വേദാന്തം "ഇതല്ല! ഇതല്ല!" (നേതി, നേതി) എന്ന പ്രയോഗം ഉപയോഗിച്ചു; എന്നാൽ, പരോക്ഷമായി അവ നാശരഹിതമായ ആത്മാവിന്റെ സ്വഭാവത്തെ സൂചിപ്പിക്കുകയും ചെയ്തു. എങ്കിലും, ആത്മാവിന്റെ യഥാർത്ഥ സ്വരൂപത്തെ നേരിട്ട് വെളിപ്പെടുത്താൻ വേദങ്ങൾക്ക് സാധിച്ചില്ല.

शब्दासी जें वाच्य नोहे । तेंचि परब्रह्म जाणावें ।
तेथील जो खुणे पावे । तो ब्रह्म सद्‌भावें स्वयें होय ॥ ६६७ ॥

വാക്കുകൾക്ക് വിവരിക്കാനാവാത്തതാണ് ബ്രഹ്മം എന്ന് തിരിച്ചറിയുന്നവൻ, ആ തിരിച്ചറിവിലൂടെത്തന്നെ ആ ബ്രഹ്മമായിത്തീരുന്നു.

श्रुति नेति नेति येणें वचनें । शब्द निषेधूनि वस्तु दावणें ।
शब्दीं निःशब्द जो लक्षूं जाणे । तेणें पावणें परब्रह्म ॥ ६६८ ॥

"നേതി നേതി" എന്നതുപോലുള്ള വാക്കുകളുടെ നിഷേധാത്മക സമീപനത്തിലൂടെ വേദാന്തം പരോക്ഷമായി അതേ ബ്രഹ്മത്തെ സൂചിപ്പിക്കുന്നു, ഈ ശാസ്ത്രവചനത്തിന്റെ സഹായത്തോടെ ശബ്ദരഹിതമായ പരബ്രഹ്മത്തെ സാക്ഷാത്കരിക്കാൻ കഴിയുന്നവൻ മാത്രമേ പരബ്രഹ്മത്തെ പ്രാപിക്കുന്നുള്ളൂ.

शब्दु निजनिषेधें जें बोधी । तेथ समरसे ज्याचि बुद्धि ।
तेंचि परब्रह्म गा त्रिशुद्धि । निषेधावधि तो ठावो ॥ ६६९ ॥

ഈ നിഷേധാത്മകമായ സമീപനത്തിലൂടെ ശബ്ദം ആരെയാണോ ഉദ്ബോധിപ്പിക്കുന്നത്, ആ തത്ത്വത്തിലൂടെ ആരുടെ ബുദ്ധിയാണോ സമാധി നിലയെ പ്രാപിക്കുന്നത്, അദ്ദേഹം

നിശ്ചയമായും പരബ്രഹ്മം തന്നെയാണ്. ഇതുതന്നെയാണ് നിഷേധാത്മക സമീപനത്തിന്റെ ലക്ഷ്യവും.

शब्द निमोनि सर्वशक्तिं । जीवासी दे ब्रह्मप्राप्ति ।
शब्दादेवापरोक्षेति । जाण निश्चितीं या नांव ॥ ६७० ॥

ശബ്ദം തന്റെ എല്ലാവിധ ശക്തികൊണ്ടും ജീവനെ ബ്രഹ്മപ്രാപ്തിയിലേക്ക് നയിക്കുന്നു. ഇതുകൊണ്ടാണ് പറയുന്നത്, `ശബ്ദാദേവാപരോക്ഷജ്ഞാന'.

वाचा निःशेष निवर्ते । मन बुद्धि न पवे जेथें ।
तेचि अवधि निषेधातें । परब्रह्म त्यातें बोलिजे ॥ ६७१ ॥

വാക്കിന്റെ ശക്തി തീർത്തും അപ്രസക്തമാകുന്ന, മനസ്സിനും ബുദ്ധിക്കും പ്രവേശിക്കാൻ കഴിയാത്ത ഒരിടം – നിഷേധാത്മകമായ സമീപനം നമ്മെ എത്തിക്കുന്ന ആ അന്തിമ അതിർത്തി – അതാണ് ബ്രഹ്മം.

जें वाचेचें वदवितें । परी वाचा वदों न शके ज्यातें ।
जें मनबुद्ध्यादिकां जाणतें । परी मन बुद्धि ज्यातें नेणती ॥ ६७२ ॥

വാക്കിനെ ശബ്ദവത്താക്കുന്നതും എന്നാൽ വാക്കിന് വിവരിക്കാൻ കഴിയാത്തതും, മനസ്സിനെയും ബുദ്ധിയെയും അറിയുന്നതും എന്നാൽ മനസ്സിനും ബുദ്ധിക്കും അറിയാൻ കഴിയാത്തതും ...

जें नयनातें दाखवितें । परी नयन न देखती ज्यातें ।
जें श्रवणघ्राणांतें चेतवितें । परी श्रवण घ्राण ज्यातें नेणती ॥ ६७३ ॥

കണ്ണുകളെ കാണാൻ പ്രാപ്തമാക്കുന്നതും എന്നാൽ കണ്ണുകൾക്ക് കാണാൻ കഴിയാത്തതുമായ ഒന്ന്; ചെവികളെ കേൾക്കാനും മൂക്കിനെ മണക്കാനും പ്രാപ്തമാക്കുന്നതും എന്നാൽ അവയാൽ അറിയപ്പെടാത്തതുമായ ഒന്ന്...

एवं सर्वांचें जाणतें । परी सर्व सर्वथा नेणे ज्यातें ।
ज्यासी जाणावयालागीं येथें । आणिक जाणतें असेना ॥ ६७४ ॥

ചുരുക്കത്തിൽ, എല്ലാം അറിയുന്നതും എന്നാൽ മറ്റാർക്കും

അറിയാൻ കഴിയാത്തതും, അതിനെ അറിയാൻ മറ്റൊരു വസ്തുവുമില്ലാത്തതുമായ ഒന്ന്.

ऐसें स्वसंवेद्य निजज्ञातें । ज्यासी दुजें नाहीं जाणतें ।
शब्द रिघावया तेथें । रिगमु त्यातें असेना ॥ ६७५ ॥

`സ്വസംവേദ്യം' എന്ന നിലയിലുള്ളതും, മറ്റാർക്കും അതിനെ അറിയാൻ സാധിക്കാത്തതുമായ ഒന്ന്; അതിൽ 'വാക്കി'ന് പ്രവേശിക്കാൻ ഒട്ടും ഇടമില്ല.

जें कृश ना पुष्कळ । जें वक्र ना वर्तुळ ।
जें सूक्ष्म ना नव्हे स्थूळ । वस्तु केवळ निर्विकार ॥ ६७६ ॥

മെലിഞ്ഞതോ വലുതോ അല്ലാത്തത്, നേരായതോ വളഞ്ഞതോ അല്ലാത്തത്, സൂക്ഷ്മമായതോ സ്ഥൂലമായതോ അല്ലാത്തത്, യാതൊരുവിധ മാറ്റങ്ങളും ഇല്ലാത്തത്...

ज्यासी नाहीं रूपगुण । ज्यासी नाहीं आश्रमवर्ण ।
ज्यासी नाहीं मीतूंपण । ज्यासी जन्म-मरण असेना ॥ ६७७ ॥

രൂപമോ ഗുണങ്ങളോ ഇല്ലാത്തത്; വർണാശ്രമരഹിതമായത്, 'ഞാൻ' എന്നോ 'നീ' എന്നോ ഭാവങ്ങൾ ഇല്ലാത്തത്, ജനനമോ മരണമോ ഇല്ലാത്തത്...

जें हळुवट ना गहिंस । जें चिवळ ना सपोस ।
जें वसतें ना वोस । जें का निःशेष निर्धर्म ॥ ६७८ ॥

ഭാരം കുറഞ്ഞതോ ഭാരമുള്ളതോ അല്ലാത്തത്, മെലിഞ്ഞതോ ബലമുള്ളതോ അല്ലാത്തത്, ജനവാസമില്ലാത്തതോ വിജനമോ അല്ലാത്തത്, സ്വധർമ്മം ഇല്ലാത്തത്...

जें ऱ्हस्व ना मोठें । जें वडील ना धाकुटें ।
जें विचारितां विवेकवाटे । विवेकुही आटे निःशेष ॥ ६७९ ॥

അത് ഹ്രസ്വമോ ദീർഘമോ അല്ല, മുതിർന്നതോ ഇളയതോ അല്ല; വിവേചനബുദ്ധിയോടെ അതിനെക്കുറിച്ച് ചിന്തിക്കാൻ ശ്രമിച്ചാൽ, ആ ശ്രമത്തിനിടയിൽ ആ കഴിവ് തന്നെ നഷ്ടപ്പെടുന്നു.

ज्यासी आदि ना अंतु । जे मध्यस्थितीरहितु ।
जें गुण ना गुणातीतु । अच्युतानंतु अद्वयत्वें ॥ ६८० ॥

അതിന് ആദിയോ അന്തമോ ഇല്ല; അതിന് മധ്യഘട്ടവുമില്ല. അത് മാറ്റങ്ങളോ ഗുണങ്ങളോ ഉള്ളതോ അല്ലെങ്കിൽ ഗുണങ്ങളില്ലാത്തതോ ആയ ഒന്നല്ല; മറിച്ച്, സ്വന്തം അദ്വിതീയതയാലും അചഞ്ചലമായ പൂർണ്ണതയാലും അത് അനന്തവും അളവറ്റതുമാണ്.

त्या स्वरूपाचा वचनपाठ । करावया वेदें केली खटपट ।
तेथ श्रुतीचाही बोभाट । लाजिला करूनि कष्ट नेतिनेतिवादें ॥ ६८१ ॥

ആ പരമയാഥാർത്ഥ്യത്തെ വാക്കുകളാൽ വിവരിക്കാൻ വേദങ്ങൾ ശ്രമിച്ചു; എന്നാൽ വേദാന്തത്തിന് "ഇതല്ല, ഇതല്ല" എന്ന് പറയേണ്ടിവരികയും, ലജ്ജയാൽ തലകുനിക്കേണ്ടി വരികയും ചെയ്തു.

वेदु काय नेणोनि परतला । जाणोनि न बोलिवेचि बोला ।
याचिलागीं तो मौनावला । तटस्थ ठेला निःशब्दें ॥ ६८२ ॥

അപ്പോൾ, വേദങ്ങൾ അറിയാതെ പിൻവാങ്ങുകയായിരുന്നോ? അല്ല. വേദങ്ങൾ ആ പരമയാഥാർത്ഥ്യത്തെ മനസ്സിലാക്കി; എന്നാൽ അതിനെ വാക്കുകൾകൊണ്ട് വിവരിക്കാൻ അവയ്ക്ക് കഴിഞ്ഞില്ല; അതിനാൽ അവ മൗനം പാലിച്ചു.

वेदें धरितां दृढ मौन । शास्त्रें भांबावलीं जाण ।
तिहीं धरोनि मताभिमान । करिती वल्गन अतिवादें ॥ ६८३ ॥

അങ്ങനെ വേദങ്ങൾ ഇതിനെക്കുറിച്ച് മൗനം പാലിച്ചപ്പോൾ, ആറ് ശാസ്ത്രങ്ങൾ ഭയപ്പെട്ടു, എന്നാൽ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകളെക്കുറിച്ചുള്ള അഹങ്കാരം കാരണം അവർ നിരർത്ഥകമായ തർക്കങ്ങളിൽ കുടുങ്ങിപ്പോയി.

शब्दांतीं ब्रह्मज्ञान । हे वेदें पावोनि पूर्ण खूण ।
शब्दें शब्द निषेधून । दृढ मौन तेणें धरिलें ॥ ६८४ ॥

വാക്കടങ്ങിയാൽ മാത്രമേ ബ്രഹ്മസാക്ഷാത്കാരം സാധ്യമാകൂ എന്ന് വേദങ്ങൾ തിരിച്ചറിഞ്ഞപ്പോൾ, അവ വാക്കുകൾ കൊണ്ടുതന്നെ വാക്കുകളെ നിരാകരിക്കുകയും ശാശ്വതമായി മൗനം അവലംബിക്കുകയും ചെയ്തു.

वेदरायें धरितां मौन । शास्त्रें भांबावलीं जाण ।
शोधितां शब्दांचें रान । निजसमाधान न पावती ॥ ६८५ ॥

വേദരാജാവ് മൗനം ധരിച്ചതോടുകൂടി നിസ്സഹായരായ ആ ശാസ്ത്രഗ്രന്ഥങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പരക്കംപായാൻ തുടങ്ങി. വാക്കുകളുടെ ആ മഹാകാടിൽ അരിച്ചുപെറുക്കി നോക്കിയിട്ടും, ഒരു നല്ല പരിഹാരം കണ്ടെത്താൻ അവയ്ക്ക് കഴിഞ്ഞില്ല.

ज्यासी शब्दांतीं ब्रह्मप्राप्ति । त्यासी दर्शनें ऐक्या येती ।
शास्त्रें स्वयेंचि समजतीं । ऐक्यें त्रिजगती आभासे ॥ ६८६ ॥

വേദങ്ങളുടെ സാരത്തിനെ ഉൾക്കൊണ്ട് ബ്രഹ്മത്തിനെ പ്രാപിച്ചവർക്ക് മാത്രമേ ആറ് ദാർശനിക സമ്പ്രദായങ്ങളിലെയും സമന്വയം ദർശിക്കാനും വേദശാസ്ത്രങ്ങളുടെ അർത്ഥം എളുപ്പത്തിൽ ഗ്രഹിക്കാനും മൂന്ന് ലോകങ്ങളെയും ഒന്നായി കാണാനും സാധിക്കുകയുള്ളൂ.

ब्रह्म एकाकी अद्वय स्थिति । तुवांचि दाविली उपपत्ति ।
तेथें ऐक्यरूपें त्रिजगती । म्हणसी कवणाप्रती आभासे ॥ ६८७ ॥

ഹേ രാജാവേ! അങ്ങ് ഇങ്ങനെ പറഞ്ഞേക്കാം – "ബ്രഹ്മം ഏകവും അദ്വിതീയവുമാണെന്ന് അങ്ങ് തന്നെയാണല്ലോ സ്ഥാപിച്ചിട്ടുള്ളത്. ആ വാദത്തിനിടയിൽ, മൂന്നു ലോകങ്ങളെയും ഒന്നായി കാണുന്ന ആ വ്യക്തി ആരാണ്?"

ज्याची तुटली वासनाफांसिटी । विराली अहंकाराची गांठी ।
प्रारब्ध उतरलें देहाचे तटी । त्यासी ऐक्यें सृष्टी आभासे ॥ ६८८ ॥

ഇതിനുള്ള മറുപടിയായി ഞാൻ പറയുന്നത് ഇതാണ്: വാസനകളുടെ ബന്ധനം പൊട്ടിച്ചെറിയുകയും, അഹങ്കാരമെന്ന ഉറച്ച കാമ്പ് അലിയിച്ചു കളയുകയും ചെയ്തവർക്ക് മാത്രമേ ഈ അവസ്ഥ സാധ്യമാകൂ; അത്തരക്കാർക്ക് പ്രാരബ്ധങ്ങൾ ഭൗതിക ശരീരത്തിൽ

മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. അവർക്ക് മാത്രമേ സമസ്ത സൃഷ്ടിജാലങ്ങളെയും പലതായിട്ടല്ല, മറിച്ച് ഒന്നായിട്ടു കാണാൻ കഴിയൂ.

त्याच्या अनुभवाची गोड गोष्टी । सांगावया उल्हास पोटीं ।
पिप्पलायनि स्वानंदतुष्टी । ब्रह्मैक्यें सृष्टी वाखाणी ॥ ६८९ ॥

സ്വന്തം അനുഭവം പങ്കുവെക്കാൻ അവസരം ലഭിച്ചതിൽ പിപ്പലായന മഹർഷി അതീവ സന്തുഷ്ടനായി; ബ്രഹ്മൈക്യരൂപമായി അദ്ദേഹം 'സൃഷ്ടി'യെ കീർത്തിച്ചു തുടങ്ങി.

സത്ത്വം രജസ്തമ ഇതി ത്രിവൃദേകമാദൌ
സൂത്രം മഹാനഹമിതി പ്രവദന്തി ജീവം ।
ജ്ഞാനക്രിയാർത്ഥഫലരൂപതയോരുശക്തി
ബ്രഹ്മൈവ ഭാതി സദസച്ച തയോഃ പരം യത് ॥ 37 ॥

യാതൊന്നിനെ ഏകമെന്നും, സ്ഥൂലം, സൂക്ഷ്മമെന്നും, ആദിയിൽ സത്ത്വരജസ്തമസ്സുകളുടെ സമുദായമായ ത്രിവൃത് എന്നും, സൂത്രമെന്നും, മഹത്തത്ത്വമെന്നും, അഹങ്കാരമെന്നും, ജീവനെന്നും, പറയുന്നു, കാര്യകാരണങ്ങളുടേയും കാരണമായും, മഹാശക്തിയോടുകൂടിയതും, ആയ ബ്രഹ്മം തന്നെ അറിവ്-പ്രവൃത്തി-ഭൂതങ്ങൾ-സുഖദുഃഖങ്ങൾ എന്ന രൂപേണ വിളങ്ങുന്നു.

ब्रह्मनिजऐक्यपरिपाटी । प्रपंचु ब्रह्मत्वेंचि उठी ।
संतासंत सकळ सृष्टी । देखती दृष्टीं ब्रह्मरूप ॥ ६९० ॥

ആത്മാവും ബ്രഹ്മവും ഒന്നാണെന്ന അനുഭവം ഉണ്ടാകുമ്പോൾ, സ്വാഭാവികമായും ഈ പ്രപഞ്ചം ബ്രഹ്മം മാത്രമായിത്തന്നെ അനുഭവപ്പെടാൻ തുടങ്ങുന്നു. ചരാചരങ്ങളടങ്ങുന്ന സമസ്ത സൃഷ്ടിജാലത്തെയും ബ്രഹ്മമായിത്തന്നെ ആ വ്യക്തി കാണാൻ തുടങ്ങുന്നു.

जेवीं नभीं नीळिमेचें भान । तेवीं ब्रह्मीं माया नांदे संपूर्ण ।
नवल तियेचें विंदान । नपुंसका जाण पुरुषत्व केलें ॥ ६९१ ॥

ആകാശത്തിൽ നീലനിറം തോന്നുന്നതുപോലെ, ബ്രഹ്മത്തിൽ മായ വർത്തിക്കുന്നു. അവളുടെ പ്രവർത്തനങ്ങൾ അത്യന്തം അത്ഭുതകരമാണ്; നപുംസകമായ ബ്രഹ്മത്തിൽ പോലും പുരുഷത്വം ഉളവാക്കാൻ അവൾക്ക് സാധിച്ചു.

अगाध तिचा पतिव्रताधर्म । नपुंसकीं उपजवी काम ।
अनाम्या ठेवी नाम । कीं निष्कर्मा कर्म तिचेनी ॥ ६९२ ॥

അവളുടെ പതിവ്രതാധർമ്മം അദ്ഭുതം തന്നെ. അവൾ നപുംസകനിൽ കാമമുണർത്തി, നാമമില്ലാത്തതിന് നാമകരണം ചെയ്തു, നൈഷ്കർമ്മ്യത്തിൽ കർമ്മത്തിനെ ജനിപ്പിച്ചു.

निःसंगसंगा रातली । स्पर्शेंवीण गुर्विणी झाली ।
प्रधान-महत्तत्त्वें गर्भा आली । तेथ त्रिगुणातें व्याली विकारयुक्त ॥ ६९३ ॥

യാതൊരുവിധ ഭൗതികസമ്പർക്കവുമില്ലാതെ, അനാസക്തനായവനിൽ രമിക്കുകയും, ഗർഭം ധരിക്കുകയും ചെയ്തു. അവൾ തന്റെ ഗർഭപാത്രത്തിൽ 'മഹത്തി'ന്റെ ഭ്രൂണത്തെ വഹിച്ചു; തുടർന്ന്, ത്രിഗുണങ്ങൾ എന്ന മൂന്നു ശിശുക്കളെ പ്രസവിച്ചു.

विद्याअविद्या निजस्वभावीं । जीवशिवांची भेदपदवी ।
प्रिया पुरुषातें भोगवी । ज्ञाना-ज्ञानगांवीं वसोनियां ॥ ६९४ ॥

ആ വിചിത്രമായ സ്ത്രീ പിന്നീട് ജ്ഞാനം - അജ്ഞാനം എന്ന ഗ്രാമത്തിൽ വസിച്ച്, വിദ്യ - അവിദ്യ എന്ന തന്റെ സ്വഭാവത്തിനനുസരിച്ച് തന്റെ പുരുഷനെ ജീവൻ - ശിവൻ (അതായത് ജീവാത്മാവും പരമാത്മാവും എന്ന ഭിന്ന പദവികളെ) ഭോഗിപ്പിച്ചു.

जेवीं सुवर्णीं अलंकार । तंतूमाजीं पटाकार ।
भिंतीवरी भासे चित्र । तेवीं माया साकार ब्रह्मीं भासे ॥ ६९५ ॥

ഒരു ആഭരണം സ്വർണ്ണത്തിൽ കാണപ്പെടുന്നതുപോലെ. നൂലുകളുടെ അടിസ്ഥാനത്തിൽ ഒരു വസ്ത്രം കാണപ്പെടുന്നതുപോലെ, ഭിത്തിയുടെ പശ്ചാത്തലത്തിൽ ഒരു ചിത്രം കാണുന്നതുപോലെ ബ്രഹ്മം എന്ന അടിസ്ഥാനത്തിൽ

മായയും കാണപ്പെടുന്നു.

मृत्तिकेची गोकुळें केलीं । नाना नामाकारीं जरी पूजिलीं ।
तरी मृत्तिकाचि संचलीं । तेवीं ब्रह्मीं भासलीं जगद्रूपें माया ॥ ६९६ ॥

മണ്ണ് കൊണ്ട് ഒരു ഗോകുലം നിർമ്മിച്ച്, അതിൽ ഭിന്നമായ ക്ഷേത്രങ്ങളും രൂപങ്ങളും ഉണ്ടാക്കി അവയെ പൂജ ചെയ്താലും അവയെല്ലാം ഒരേ മണ്ണ് കൊണ്ടാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. അതുപോലെ, മായ കാരണം ബ്രഹ്മത്തിൽ ഈ പ്രപഞ്ചം പല നാമരൂപങ്ങളോടെ കാണപ്പെട്ടാലും, എല്ലാം വാസ്തവത്തിൽ ബ്രഹ്മം മാത്രമാണ്.

जैशा घृताच्या कणिका । घृतेंसीं नव्हतीं आणिका ।
तेवीं ब्रह्मीं मायाशक्ति देखा । दावी अनेका अर्थांतें ॥ ६९७ ॥

നെയ്യിലെ കണികകൾ അതിൽ നിന്ന് വേറിട്ടതല്ല. അതുപോലെ, മായയാൽ പല രൂപങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എങ്കിലും അവയെല്ലാം ബ്രഹ്മത്തിൽനിന്നും ഭിന്നമല്ല.

ब्रह्म पुर्वीं एकाकी एक । तेंचि केवीं झालें अनेक ।
तो मायायोगपरिपाक । विशद अर्थ देख पिप्पलायनु सांगे ॥ ६९८ ॥

ഒന്നായ ബ്രഹ്മം എങ്ങനെ അനേകമാകും? ഇത് മായയുടെ പ്രഭാവമാണെന്ന് പിപ്പലായനൻ മഹർഷി പറഞ്ഞു.

मुळीं मुख्य ब्रह्म ओंकार । तें एकचि झालें त्रिप्रकार ।
आकार-उकार-मकार । सत्त्वादि विकार गुणत्रयात्मक ॥ ६९९ ॥

ബ്രഹ്മം അടിസ്ഥാനപരമായി ഓംകാരത്തിൻറെ സാക്ഷാത്‌രൂപമാണ്; 'അ', 'ഉ', 'മ' എന്നീ മൂന്ന് രൂപങ്ങളായി പ്രകടമായ അതേ പരമയാഥാർത്ഥ്യമാണത്. സത്ത്വം തുടങ്ങിയ മൂന്ന് ഗുണങ്ങളാൽ വിശേഷിപ്പിക്കപ്പെടുന്ന വികാരങ്ങളും അതിൽ നിന്നുതന്നെയാണ് ഉത്ഭവിക്കുന്നത്.

गुणत्रय समसमान । त्या नांव बोलिजे प्रधान ।
तेंचि क्रियाशक्ति सूत्र जाण । तेथें प्रगटल्या ज्ञान महत्तत्त्व म्हणती ॥ ७०० ॥

മൂന്ന് ഗുണങ്ങളും സന്തുലിതാവസ്ഥയിലായിരിക്കുമ്പോൾ അതിനെ "പ്രധാനം" എന്ന് വിളിക്കുന്നു. അത് തന്നെയാണ് ശക്തിസൂത്രം. അതിൽ ജ്ഞാനം ഉദയം ചെയ്യുമ്പോൾ അതിനെ "മഹത്തത്വം" എന്ന് പറയുന്നു.

अहंब्रह्म हे पूर्णफुर्ति । तें अहं आलें देहाकृती ।
देहाभिमानें निश्चितीं । जीव म्हणती वस्तूतें ॥ ७०१ ॥

`അഹം ബ്രഹ്മം' എന്ന പൂർണ്ണസ്ഫൂർത്തിയിൽ ജീവൻ `അഹം' എന്ന ദേഹാകൃതിയിൽ പരിമിതപ്പെട്ടിരിക്കുന്നു. ഈ ദേഹാഭിമാനം കാരണം അത് വാസ്തവത്തിൽ പരമാത്മാവ് തന്നെയാണെങ്കിലും, ജീവൻ എന്ന് അഭിമാനിക്കുന്നു.

क्रिया म्हणिजे दशधा करणें । ज्ञान शब्दें देवताधिष्ठानें ।
अर्थ ऐसें विषयांसी म्हणणें । तेथ फळ जाणणें सुखदुःख ॥ ७०२ ॥

പത്ത് ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടതിനെ `ക്രിയ' (കർമ്മം) എന്ന് വിളിക്കുന്നു. ഈ ഇന്ദ്രിയങ്ങളുടെ അധിഷ്ഠാന ദേവതകളെ ജ്ഞാനം എന്ന് വിളിക്കുന്നു. വിഷയങ്ങളെ അർത്ഥമെന്നും സുഖ ദുഖങ്ങളെ ഫലം എന്നും വിളിക്കുന്നു.

गुण-भूतें-विषय-करणें । जीव भोक्ता सुखदुःखपणें ।
ज्ञान क्रिया कर्माचरणें । हें सर्वही जाणणें पूर्ण ब्रह्म ॥ ७०३ ॥

മൂന്ന് ഗുണങ്ങൾ, പഞ്ചഭൂതങ്ങൾ, പഞ്ചവിഷയങ്ങൾ, ദശേന്ദ്രിയങ്ങൾ, അവയിലൂടെ സുഖദുഃഖങ്ങൾ അനുഭവിക്കുന്ന ജീവാത്മാവ്, അതുപോലെതന്നെ ജ്ഞാനം, ക്രിയ (കർമം), കർമ്മാനുഷ്ഠാനം എന്നിവയെല്ലാം - പൂർണ്ണബ്രഹ്മമായി വേണം കണക്കാക്കാൻ.

साखरेचा फणस प्रबळ । तेथें कांटे त्वचा बीजगोळ ।
अवघी साखरचि केवळ । तेवीं ब्रह्मचि सकळ जगदाकारें ॥ ७०४ ॥

ഉദാഹരണത്തിന്, പഞ്ചസാര കൊണ്ട് ഒരു വലിയ ചക്ക ഉണ്ടാക്കുകയാണെങ്കിൽ, അതിലെ മുള്ളുകളും തൊലിയും ചുളകളും കുരുക്കളുമെല്ലാം ആ പഞ്ചസാര തന്നെയായിരിക്കും. അതുപോലെതന്നെ, ഈ ലോകരൂപത്തിലുള്ളതെല്ലാം ബ്രഹ്മം

തന്നെയാണ്.

जेवीं पाटाऊ पुतळीकृत । तेथ विषमावयवीं समान सूत ।
तेवीं जगदाकारें आकारवंत । दिसे अविकृत परब्रह्म ॥ ७०५ ॥

ഒരു പാവയെ തയ്യാറാക്കി അതിന്റെ വിവിധ അവയവങ്ങൾ കാണിക്കുന്നു എന്ന് കരുതുക, എല്ലാം തുണികൊണ്ട് നിർമ്മിച്ചതാണ്, എല്ലാം വെറും നൂൽ മാത്രമാണ്. അതുപോലെ, മാറ്റമില്ലാത്ത ബ്രഹ്മം തന്നെ വിവിധ രൂപങ്ങളുള്ള ലോകമായി കാണപ്പെടുന്നു.

जग-विश्व-प्रपंचु नाम । परी ते निखळ परब्रह्म ।
हा उपनिषदार्थ उत्तम । वेदांती परम परमार्थु तो हा ॥ ७०६ ॥

ജഗത്ത്, വിശ്വം, പ്രപഞ്ചം എന്നിങ്ങനെ പേരുകൾ വ്യത്യസ്തമാണെങ്കിലും, അവയുടെ സമഗ്രരൂപം ശുദ്ധമായ പരബ്രഹ്മം തന്നെയാണ്. ഇതാണ് ഉപനിഷത്തുകളുടെ കാതലായ തത്ത്വവും വേദാന്തത്തിന്റെ പരമമായ സത്യവും.

जगदाकारें ब्रह्म निश्चित । जग अवघें विकारवंत ।
तैं ब्रह्मासही विकार प्राप्त । म्हणती तो अर्थ न घडे राया ॥ ७०७ ॥

ഇപ്പോൾ, പരബ്രഹ്മം ലോകരൂപത്തിൽ ആവിർഭവിച്ചിരിക്കുന്നു; ലോകം മാറ്റങ്ങൾക്ക് വിധേയമായതുകൊണ്ട്, ബ്രഹ്മവും മാറ്റങ്ങൾക്ക് വിധേയമാണെന്ന് ഒരാൾക്ക് വാദിക്കാവുന്നതാണ്. എന്നാൽ, രാജാവേ! അങ്ങനെയൊരിക്കലും സംഭവിക്കുകയില്ല.

നാത്മാ ജജാന ന മരിഷ്യതി നൈധതേ്ഽസൌ
ന ക്ഷീയതേ സവനവിദ് വ്യഭിചാരിണാം ഹി ।
സർവ്വത്ര ശശ്വദനപായ്യുപലബ്ധിമാത്രം
പ്രാണോ യഥേന്ദ്രിയബലേന വികൽപിതം സത് ॥ 38 ॥

ആത്മാവ് ജനിച്ചിട്ടില്ല, മരിക്കുകയുമില്ല. ഈ ആത്മാവ് വർദ്ധിക്കുന്നില്ല, ക്ഷയിക്കുന്നില്ല, എങ്ങും, എല്ലായ്പ്പോഴും നാശമില്ലാതെ ജ്ഞാനമാത്രമായിരിക്കുന്നു. പ്രാണൻ എന്നപോലെ എപ്പോഴും ഉള്ള ബ്രഹ്മം ഇന്ദ്രിയശക്തിയാൽ നാനാവിധമായി കല്പിക്കപ്പെടുന്നു.

ब्रह्मासी नाहीं माता पिता । यालागीं न घडे जन्मकथा ।
आत्मा एकदेशी होता । तरी जन्मा येता जनजीजठरा ॥ ७०८ ॥

ബ്രഹ്മത്തിന് മാതാവോ പിതാവോ ഇല്ല; അതിനാൽ അതിന് ജനനവുമില്ല. ആത്മാവ് പരിമിതമായ ഒന്നായിരുന്നെങ്കിൽ, അത് ഒരു മാതാവിൽ നിന്ന് ജനിക്കുമായിരുന്നു.

आत्म्यावेगळा कांहीं । तिळभरी ठावो रिता नाहीं ।
यापरी पूर्णत्वें पाहीं । जन्म ते ठायीं स्पर्शेना ॥ ७०९ ॥

ആത്മാവ് അത്രമേൽ പൂർണ്ണമാണ്; അതിനാൽ, ആത്മാവിന്റെ സാന്നിധ്യമില്ലാത്ത ഒരിടവും ഈ പ്രപഞ്ചത്തിലില്ല. അതുകൊണ്ടുതന്നെ, 'ജനനം' എന്ന അവസ്ഥയ്ക്ക് അതിനെ സ്പർശിക്കാനാവില്ല.

जन्मापूर्वीं । बाळाचें नास्तिक्य । जन्मापाठीं मानिती आस्तिक्य ।
या अस्तिनास्तीची भाख । आत्म्यासी देख असेना ॥ ७१० ॥

ജനനത്തിന് മുമ്പ് ഒരു കുട്ടിക്ക് അസ്തിത്വമില്ല; ജനനശേഷമാണ് അതിന് അസ്തിത്വമുണ്ടാകുന്നത് - ചുരുങ്ങിയപക്ഷം ആളുകൾ അങ്ങനെയാണ് കരുതുന്നത്. എന്നാൽ ആത്മാവിന്റെ കാര്യത്തിൽ, ഇത്തരത്തിൽ അസ്തിത്വം ഉണ്ടാകുന്നതിനെക്കുറിച്ചോ അല്ലാത്തതിനെക്കുറിച്ചോ ഉള്ള പ്രയോഗങ്ങൾ ബാധകമല്ല.

आतां आहे पूर्वीं नाहीं । ऐसें आस्तिक्य आत्म्याचे ठायीं ।
कदाकाळीं न रिघे कांहीं । तो नित्य पाहीं निरंतर ॥ ७११ ॥

ഒരുകാലത്ത് ആത്മാവ് ഇല്ലായിരുന്നുവെന്നും ഇപ്പോൾ അത് ഇവിടെയുണ്ട് എന്നുമൊക്കെയുള്ള അവസ്ഥയൊന്നും ഇല്ല. ആത്മാവ് എപ്പോഴും നിരന്തരവും ശാശ്വതവുമായി നിലനിൽക്കുന്നതിനാൽ, ഭാഗികമായ അസ്തിത്വം എന്ന സങ്കൽപ്പം അവിടെ ബാധകമല്ല.

देहीं जन्मल्या बाळकासी । वाढी दिसे दिवसदिवसीं
तो बाळजन्म नाहीं आत्म्यासी । यालागीं वृद्धि त्यासी घडेना ॥ ७१२ ॥

ഒരു കുട്ടിയുടെ ശരീരം ഓരോ ദിവസവും വളരുന്നതായി കാണപ്പെടുന്നു; എന്നാൽ ആത്മാവിന്റെ കാര്യത്തിൽ അങ്ങനെയല്ല, അതിനാൽ ആത്മാവ് വളരുന്നില്ല.

ज्यासी वृद्धि नाहीं तत्त्वतां । त्यासी न ये विपरिणमता ।
बाल्य तारुण्य वृद्धावस्था । आत्म्यासी सर्वथा असेना ॥ ७१३ ॥

ഒന്ന് വളരുന്നില്ലെങ്കിൽ അതിന്റെ അസ്തിത്വത്തിൽ മാറ്റമൊന്നും സംഭവിക്കുന്നില്ല. അതിനാൽ, ആത്മാവിന് ബാല്യം, യൗവനം, വാർദ്ധക്യം തുടങ്ങിയ ഘട്ടങ്ങളില്ല.

जो मी बाळत्वें होतों धाकुटा । तोचि मी तारुण्यें जाहलों मोठा ।
तो मी वृद्ध जाहलों कटकटा । ऐसा त्रिकाळद्रष्टा परमात्मा ॥ ७१४ ॥

"ബാല്യത്തിൽ ഞാൻ ചെറുതായിരുന്നു; യൗവനത്തിൽ ഞാൻ വളർന്നു വലുതായി; എന്നാൽ കഷ്ടം, ഇപ്പോൾ ഞാൻ വൃദ്ധനായിരിക്കുന്നു", ഈ മൂന്ന് അവസ്ഥകളെയും സാക്ഷ്യം വഹിക്കുന്നവൻ—അതായത് അറിയുന്നവൻ—പരമാത്മാവാണ്.

द्रष्टा साक्षी जो अवस्थातीत । तो कदा नव्हे अवस्थाभूत ।
देहीं असोनि अवस्थारहित । जाण तो निश्चित परमात्मा ॥ ७१५ ॥

ഒരാൾ എന്തെങ്കിലും കാണുകയോ അതിന് സാക്ഷ്യം വഹിക്കുകയോ ചെയ്യുമ്പോൾ, അയാൾ ആ അവസ്ഥയ്ക്ക് അതീതനായിരിക്കും; അയാൾ ഒരിക്കലും ആ അവസ്ഥ തന്നെയാകുന്നില്ല. അതിനാൽ, ആത്മാവ് ശരീരത്തിനുള്ളിലാണെങ്കിൽ പോലും, അത് ആ അവസ്ഥകൾക്കും ശരീരത്തിനും അതീതമാണ്.

निरवस्थ आत्मा अविकारी पूर्ण । त्यासी कदा न ये क्षीणपण ।
ज्यासी जन्मचि नाहीं जाण । त्यासी मरण असेना ॥ ७१६ ॥

ആത്മാവ് ,ഘട്ടങ്ങളോ നാശമോ ഇല്ലാത്തതും പൂർണ്ണവുമായതിനാൽ, അതിന് ഒരിക്കലും ക്ഷയം സംഭവിക്കുകയില്ല. ജനനമില്ലാത്ത ഒന്നിന് എങ്ങനെയാണ് മരണം സംഭവിക്കുക?

तो अविकारी निरवस्थ पूर्ण । ज्यासी नाहीं जन्ममरण ।
ऐसा तूं आत्मा म्हणशील कोण । तरी जाण सर्वज्ञ ज्ञानस्वरूप ॥ ७१७ ॥

"മാറ്റമോ ഘട്ടങ്ങളോ ജനനമരണങ്ങളോ ഇല്ലാത്തതെന്ന് അങ്ങ് വിശേഷിപ്പിക്കുന്ന ആ ആത്മാവ് എന്താണ്, അത് എങ്ങനെയാണ്?" എന്ന് അങ്ങ് ചോദിച്ചേക്കാം. അതിന് മറുപടിയായി ഞാൻ പറയുന്നു: ആത്മാവ് സർവജ്ഞനും ജ്ഞാനസ്വരൂപം തന്നെയാണെന്നും മനസ്സിലാക്കുക.

म्हणसी ज्ञानही क्षणिक असे । घटज्ञानें पटज्ञान निरसे ।
तेथ इंद्रियार्थवृत्तिचि नासे । ज्ञान जैसें तैसें अविनाशी ॥ ७१८ ॥

"അറിവും താൽക്കാലികമാണ്" എന്ന് അങ്ങ് വീണ്ടും വാദിച്ചേക്കാം; കാരണം, പരജ്ഞാനത്തോടെ ഘടജ്ഞാനം ഇല്ലാതെയാകുന്നു. പക്ഷെ അങ്ങനെയല്ല. ഈ വിഷയത്തിനെ മനസ്സിലാക്കാനുള്ള ഇന്ദ്രിയവൃത്തി നശിച്ചാലും ആ അറിവ് സ്വയം നശിക്കുന്നില്ല; അത് ശാശ്വതമാണ്.

तेचि अर्थींचा पूर्ण चृष्टांत । जेवीं प्राण देहातें वाढवीत ।
तों देहोचि होय अवस्थाभूत । प्राण निरवस्थ जैसा तैसा ॥ ७१९ ॥

ഇതിന് കൃത്യമായ ഒരു ഉദാഹരണമുണ്ട്. പ്രാണശക്തി ശരീരത്തെ വളരാൻ ഇടയാക്കുന്നു; എന്നാൽ ബാല്യം തുടങ്ങിയ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നത് ശരീരം മാത്രമാണ്, ജീവശക്തിക്ക് യാതൊരു മാറ്റവും സംഭവിക്കുന്നില്ല.

प्राणु देहातें चाळितां । त्यासी न बाधी देहावस्था ।
आत्मा प्राणातें चेतविता । त्यासी देहावस्था असेना ॥ ७२० ॥

പ്രാണൻ ശരീരത്തെ നിയന്ത്രിക്കുന്നു; എന്നാൽ ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങൾ അതിനെ ബാധിക്കുന്നില്ല. ആത്മാവാകട്ടെ, ഈ ജീവശക്തിയുടെ നിയന്താവും വഴികാട്ടിയുമാണ്; അത് പ്രാണന് അതീതവുമാണ്. അതിനാൽ, ആത്മാവ് ഒരിക്കലും ശരീരത്തിന്റെ വിവിധ അവസ്ഥകൾക്ക് വിധേയമാകുന്നില്ല.

येणें चि प्राणदृष्टांतें । साधूनि घ्यावें परब्रह्मातें
देहेंद्रियावेगळें आत्म्यातें । पुढील श्लोकार्थें प्रबोधी ॥ ७२१ ॥

പ്രാണന്റെ ഈ ദൃഷ്ടാന്തത്താൽ ബ്രഹ്മത്തിന്റെ നിർവികാര സ്വരൂപം നമുക്ക് മനസ്സിലാക്കാം (അടുത്ത ശ്ലോകം ശരീരത്തിൽ നിന്നും ഇന്ദ്രിയങ്ങളിൽ നിന്നും ആത്മാവിന്റെ വേർതിരിവ് വിശദീകരിക്കുന്നു).

അണ്ഡേഷു പേശിഷു തരുഷ്വവിനിശ്ചിതേഷു
പ്രാണോ ഹി ജീവമുപധാവതി തത്ര തത്ര ।
സന്നേ യദിന്ദ്രിയഗണേഽഹമി ച പ്രസുപ്തേ
കൂടസ്ഥ ആശയമൃതേ തദനുസ്മൃതിർന്നഃ ॥ 39 ॥

ഭൗതിക ലോകത്തിനുള്ളിൽ വിവിധ ജീവജാലങ്ങളിൽ ആത്മാവ് ജനിക്കുന്നു. ചില ജീവിവർഗ്ഗങ്ങൾ മുട്ടകളിൽ നിന്നും, മറ്റുള്ളവ ഭ്രൂണങ്ങളിൽ നിന്നും, മറ്റു ചിലത് സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും വിത്തുകളിൽ നിന്നും, മറ്റു ചിലത് വിയർപ്പിൽ നിന്നും ജനിക്കുന്നു. എന്നാൽ എല്ലാ ജീവജാലങ്ങളിലും പ്രാണൻ അഥവാ ജീവവായു മാറ്റമില്ലാതെ തുടരുകയും ഒരു ശരീരത്തിൽ നിന്ന് മറ്റൊന്നിലേക്ക് ആത്മാവിനെ പിന്തുടരുകയും ചെയ്യുന്നു. അതുപോലെ, ഭൗതിക ജീവിതാവസ്ഥ ഉണ്ടായിരുന്നിട്ടും ആത്മാവ് ശാശ്വതമായി ഒന്നുതന്നെയാണ്. നമുക്ക് ഇതിന്റെ പ്രായോഗിക അനുഭവമുണ്ട്. സ്വപ്നം കാണാതെ നാം ഗാഢനിദ്രയിൽ മുഴുകുമ്പോൾ, ഭൗതിക ഇന്ദ്രിയങ്ങൾ നിഷ്ക്രിയമാകും, മനസ്സും അഹങ്കാരവും പോലും ഒരു സുഷുപ്തിയിലേക്ക് ലയിക്കുന്നു. എന്നാൽ ഇന്ദ്രിയങ്ങളും മനസ്സും അഹങ്കാരവും നിഷ്ക്രിയമാണെങ്കിലും, ഉണരുമ്പോൾ ആത്മാവ് സമാധാനപരമായി ഉറങ്ങുകയായിരുന്നുവെന്ന് ഒരാൾ ഓർക്കുന്നു.

अंडज स्वेदज जारज । चौथें जाण गा उद्‌भिज ।
त्यांचे ठायीं प्राणु सहज । आत्मयोगें सदा वर्ते ॥ ७२२ ॥

മുട്ട, വിയർപ്പ്, ഭ്രൂണം, ഭൂമി എന്നിവയിൽ നിന്നുണ്ടായ വിവിധ ശരീരങ്ങളിൽ, ആത്മാവുമായി ചേർന്ന് ജീവശക്തി സ്വാഭാവികമായും എപ്പോഴും അതിന്റേതായ ധർമ്മം നിർവ്വഹിക്കുന്നു.

प्राणयोगें आत्मा वर्ततां । त्यासी जीव म्हणती तत्त्वतां ।
त्या प्राणासी न बाधिती देहावस्था । मा जीवाचे माथां त्या कैंच्या ॥ ७२३ ॥

ആത്മാവ് ഇപ്രകാരം പ്രാണനുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ അതിനെ 'ജീവൻ' എന്ന് വിളിക്കുന്നു. ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങൾ പ്രാണശക്തിയെ ബാധിക്കാത്ത സ്ഥിതിക്ക്, അവ എങ്ങനെയാണ് സാക്ഷാൽ ആത്മാവിനെ ബാധിക്കുക?

देहेंद्रियामाजीं वर्ततां । आत्मा अलिप्त देहावस्था ।
तो कैसा म्हणती आतां । ऐक त्याही दृष्टांता सांगेन ॥ ७२४ ॥

ആത്മാവ് ശരീരത്തിലും ഇന്ദ്രിയങ്ങളിലും കുടികൊള്ളുന്നുണ്ടെങ്കിലും, ശരീരത്തിന്റെ വിവിധ അവസ്ഥകളിൽ നിന്ന് അത് വേറിട്ടുതന്നെ നിലകൊള്ളുന്നു. അത് എങ്ങനെ എന്ന് അറിയാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഞാൻ മറ്റൊരു ഉദാഹരണം കൂടി നൽകാം.

आत्मा जागृतिदेहीं वर्ते । तैं सविकार मानिती त्यातें ।
तोचि सांडूनि देहेंद्रियांतें । स्वप्नीं वर्ते पूर्वानुध्यासें ॥ ७२५ ॥

മാറ്റങ്ങൾക്ക് വിധേയമായ ഒരു ശരീരത്തിൽ വസിക്കുമ്പോൾ ആത്മാവും സവികാരമായി, അതായത് മാറ്റങ്ങൾക്ക് വിധേയമായിത്തന്നെ കാണപ്പെടുന്നു. അതേ ആത്മാവ് ശരീരത്തെയും ഇന്ദ്രിയങ്ങളെയും വിട്ടുനിൽക്കുമ്പോഴും സ്വപ്നാവസ്ഥയിൽ പൂർവ്വസ്മൃതിയായി നില്ക്കുന്നു.

देहेंद्रियाविहीन । केवळ लिंगदेह जाण ।
निजात्मा देखे स्वप्न । जागृत्यभिमानसंकल्पें ॥ ७२६ ॥

ദേഹേന്ദ്രിയങ്ങൾ ബാധിക്കാത്ത ലിംഗദേഹത്തിൽ ആത്മാവ് വർത്തിക്കുമ്പോൾ ജാഗ്രത് അവസ്ഥയിലുള്ള അഭിമാന സങ്കല്പത്താൽ സ്വപ്നവും കാണുന്നു.

तें उपरमल्या स्वप्न । देहाभिमान झालिया लीन ।
सर्वविकारविहीन । सुषुप्तिकाळीं पूर्ण परमात्मा उरे ॥ ७२७ ॥

ആ സ്വപ്നാവസ്ഥയും നിലയ്ക്കുമ്പോൾ, ദേഹാഭിമാനം ലയിക്കുമ്പോൾ, സുഷുപ്തി എന്ന അവസ്ഥയിൽ വികാരശൂന്യമായിട്ട് എന്താണോ അവശേഷിക്കുന്നത്, അതുതന്നെയാണ് പൂർണമായ പരമാത്മാവ്.

देहेंद्रियासीं अभिमान लीन । कोणीही स्फुरेना स्फुरण ।
तरी तें झालें सर्व शून्य । आत्मा चिद्घन नाहीं म्हणसी ॥ ७२८ ॥

ശരീരത്തോടും ഇന്ദ്രിയങ്ങളോടും ഒപ്പം അഹങ്കാരവും ലയിച്ചുചേരുമ്പോൾ, പ്രപഞ്ചാവിഷ്കാരത്തിനുള്ള പ്രേരണ തന്നെ ഉദിക്കാതെയാകുന്നു. എല്ലാം ശൂന്യമായിക്കഴിയുമ്പോൾ, ചിദ്ഘനമായ ആത്മാവും നിലനിൽക്കുന്നില്ല എന്ന് അങ്ങേയ്ക്ക് വാദിക്കാവുന്നതാണ്.

जरी सुषुप्तीसी आत्मा नाहीं । तरी सुखें निजेलों होतों पाहीं ।
हें उपजे ज्याच्या ठायीं । तो सर्वथा नव्हे कहीं शून्य ॥ ७२९ ॥

ഇതിനുള്ള ഉത്തരം ഇതാണ്: ഗാഢനിദ്രയിൽ ആത്മാവ് ഇല്ലായിരുന്നെങ്കിൽ, "ഞാൻ സുഖമായി ഉറങ്ങി" എന്ന ഓർമ്മ എങ്ങനെ ഉണ്ടാകുമായിരുന്നു? മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരാൾ ഏതൊരവസ്ഥയിൽ നിന്നും ഉണർന്നെഴുന്നേൽക്കുന്നുവോ ആ അവസ്ഥയെ ഒരിക്കലും ശൂന്യം എന്ന് വിളിക്കാനാവില്ല.

जो मी जागृतीं जागता । तोचि मी स्वप्नातें देखता ।
तोचि मी सुषुप्तीं सुखभोक्ता । एवं तिहीं अवस्था साक्षी जो ॥ ७३० ॥

ജാഗ്രദവസ്ഥയിലെ 'അറിയുന്നവൻ' തന്നെയാണ് സ്വപ്നാവസ്ഥയിലെ സ്വപ്നം കാണുന്നവനും; ആ ആത്മാവ് തന്നെയാണ് സുഷുപ്തിയിൽ (ഗാഢനിദ്രയിൽ) ആനന്ദം അനുഭവിക്കുന്നതും. അതിനാൽ, ഈ മൂന്ന് അവസ്ഥകളിലും അത് സാക്ഷിയായി നിലകൊള്ളുന്നു.

गो अवस्थात्रयीं साक्षी पूर्ण । तो सर्वथा नव्हे शून्य ।
तोचि परमात्मा परिपूर्ण । शुद्ध चिद्घन तो राया ॥ ७३१ ॥

ഈ മൂന്ന് അവസ്ഥകളിലൂടെയും കേവലം സാക്ഷിയായി സഞ്ചരിക്കുന്നവൻ ഒരിക്കലും ശൂന്യനല്ല. അല്ലയോ രാജാവേ! അത് പൂർണമാണ്, പരമാത്മാവാണ്; അത് ശുദ്ധ ചിത്ഘനസ്വരൂപമാണ്.

सुषुप्तीं ब्रह्मानुभवो आहे । तरी कां पुढतीं संसारु पाहे ।
तेथ अविद्येसीं अहं लीन राहे । यालागीं होये भवभ्रमु ॥ ७३२ ॥

സുഷുപ്തിയിൽ ബ്രഹ്മസാക്ഷാത്കാരം ഉണ്ടായിട്ടും എന്തുകൊണ്ടാണ് പിന്നീടും സംസാരത്തിന്റെ അനുഭവം ഉണ്ടാകുന്നത് എന്ന് ചോദിക്കുകയാണെങ്കിൽ; അതിനുള്ള കാരണം, ആ അവസ്ഥയിൽ അഹങ്കാരം അജ്ഞാനത്തിൽ ലയിച്ചുചേർന്നിരിക്കുകയാണ് (അത് നശിച്ചിട്ടില്ല) എന്നതാണ്; അതുകൊണ്ട് സംസാര ഭ്രമം നശിച്ചിട്ടില്ല.

तें अविद्या अहंकारेंसी नाशे । तैं जगद्‌रूपें ब्रहचि भासे ।
जन्ममरणांचा ठावोचि पुसे । जीव समरसे परब्रह्मीं ॥ ७३३ ॥

അഹങ്കാരത്തോടൊപ്പം ആ അജ്ഞാനവും നശിക്കുമ്പോൾ, പ്രപഞ്ചമായി ബ്രഹ്മം മാത്രമാണ് കാണപ്പെടുന്നത്. അപ്പോൾ ജനനമരണങ്ങളും ഇല്ലാതാവുകയും ജീവാത്മാവ് പരബ്രഹ്മവുമായി ഏകത്വം പ്രാപിക്കുകയും ചെയ്യുന്നു.

तेथ हेतुमातु दृष्टांत । प्रमाण-प्रमेय विवर्जित ।
परमात्मा सदोदित । परब्रह्म निश्चित परमानंदें ॥ ७३४ ॥

ഈ കാരണങ്ങൾ, ഉദാഹരണങ്ങൾ, തെളിവുകൾ, സിദ്ധാന്തങ്ങൾ, തത്ത്വങ്ങൾ എന്നിവയിൽ നിന്നെല്ലാം അതീതനായ ആ പരമാത്മാവായ ദൈവം എപ്പോഴും ആനന്ദസ്വരൂപനായി നിലകൊള്ളുന്നു.

तेथ सुखावरी सुख नांदे । आनंदु भोगिजे आनंदें ।
जग दुमदुमी परमानंदें । स्वानंद बोधें संपूर्ण ॥ ७३५ ॥

ആ അവസ്ഥയിൽ സന്തോഷത്തിന്റെ അലകൾ പ്രവഹിക്കുകയും ഒരാൾ നിർമ്മലമായ ആനന്ദത്തിൽ ലയിച്ചുചേരുകയും ചെയ്യുന്നു; ആന്തരികാനന്ദത്തിന്റെ അനുഭൂതിയാൽ നിറഞ്ഞ്, ലോകം മുഴുവനും പരമാനന്ദത്താൽ പൂരിതമാകുന്നു.

निरसोनियां निजमाया । ऐसा अनुभवो मुनिवर्या ।

कैं होईल म्हणसी राया । तैं भजावें यदुवर्या निष्कामभावें ॥ ७३६ ॥

ഹേ രാജാവേ! ഈ മായ എപ്പോൾ നീങ്ങുമെന്നും അത്തരമൊരു അനുഭവം എപ്പോൾ ലഭിക്കുമെന്നും അങ്ങ് ചോദിക്കുകയാണെങ്കിൽ, ഞാൻ ഇപ്രകാരം പറയും: നിസ്വാർത്ഥമായ ഭാവത്തോടെ യദുവര്യനായ ശ്രീകൃഷ്ണനെ ആരാധിക്കണം.

യർഹ്യബ്ജനാഭചരണൈഷണയോരുഭക്ത്യാ
ചേതോമലാനി വിധമേദ്ഗുണകർമ്മജാനി ।
തസ്മിൻ വിശുദ്ധ ഉപലഭ്യത ആത്മതത്ത്വം
സാക്ഷാദ് വ്യഥാമലദൃശോഃ സവിതൃപ്രകാശഃ ॥ 40 ॥

പദ്മനാഭന്റെ ചരണത്തെ പ്രാപിക്കാനുള്ള ആഗ്രഹത്താൽ, വർദ്ധിച്ചുവരുന്ന ഭക്തിയാൽ ഗുണങ്ങൾ നിമിത്തമുള്ള കർമ്മങ്ങളിൽനിന്നുണ്ടാകുന്ന മലങ്ങളെ മനസ്സ് എപ്പോൾ നശിപ്പിക്കും അപ്പോൾ പരിശുദ്ധമായ, പരമാർത്ഥമായ ആത്മതത്ത്വം നിർമ്മലനേത്രങ്ങൾക്ക് സൂര്യപ്രകാശം എന്നപോലെ അനുഭവപ്പെടുന്നു.

निर्विकारस्वरूपप्राप्ति । अवश्य पावणें हे चित्तीं ।
तैं करावी भगवद्‌भक्ति । उत्कटा प्रीति अविश्रम ॥ ७३७ ॥

മനസ്സിൽ ആ നിർവികാര സ്വരൂപത്തെ പ്രാപിക്കണം എന്ന് ആഗ്രഹമുണ്ടെങ്കിൽ, ഗാഢമായ സ്നേഹത്തോടെ അക്ഷീണം ഭഗവത് ഭക്തി ചെയ്യണം.

त्यजूनि पुत्रवित्तेषणेचें काज । जिणौनि लौकिकाची लाज ।
पद्मनाभभजनाचें भोज । अतिनिर्लज्ज नाचावें ॥ ७३८ ॥

പുത്രവിത്താദി വിഷയങ്ങളും ലൗകികമായ ലജ്ജയും ഉപേക്ഷിച്ച്, ഭഗവാന്റെ ഗുണകീർത്തനം പാടാനുള്ള തീവ്രമായ ആഗ്രഹത്താൽ ഉളവാകുന്ന അനിയന്ത്രിതമായ ആവേശത്തോടെ നിർലജ്ജം നൃത്തം വെക്കണം.

पुत्रवित्तलोकेषणा । त्यजूनि भजतां हरिचरणां ।

तंव तंव चित्ताचे चैत्यमळ जाणा । क्षणक्षणां नासती ॥ ७३९ ॥

ഈ മൂന്നിനോടുമുള്ള ആസക്തി ഉപേക്ഷിച്ച് ശ്രീഹരിയുടെ പാദപത്മങ്ങളെ നിരന്തരം ആരാധിക്കുന്നതിലൂടെ, മനസ്സിന്റെ മാലിന്യങ്ങൾ ഓരോ നിമിഷവും നശിക്കാൻ തുടങ്ങുന്നു.

रजतमादि कर्मज मळ । चित्तीं बैसले जे सबळ ।
ते प्रक्षाळती सकळ । भक्तिप्रेमजळक्षाळणें ॥ ७४० ॥

കർമ്മഫലത്താൽ മനസ്സിൽ അടിഞ്ഞുകൂടിയ രജസ്സ്, തമസ്സ് തുടങ്ങിയ മാലിന്യങ്ങളെല്ലാം പ്രേമഭക്തിയാകുന്ന ജലത്താൽ കഴുകിക്കളയപ്പെടുന്നു.

जंव जंव थोरावे सप्रेम भक्ति । तंव तंव पाया लागे विरक्ति ।
स्वयें विरमे विषयासक्ति । होय चित्तवृत्ति निर्मळ ॥ ७४१ ॥

പ്രേമഭക്തി വളരുന്തോറും, സ്വാഭാവികമായും വിരക്തി വർദ്ധിക്കുന്നു, തൽഫലമായി, ലൗകിക സുഖങ്ങളോടുള്ള ആസക്തി സ്വയം കുറയുകയും മനസ്സ് ശുദ്ധമാവുകയും ചെയ്യുന്നു.

निर्मळ जाहलिया चित्तवृत्ति । परमात्मया सर्व भूतीं ।
भजों लागे अनन्यप्रीतीं । हे चौथीं भक्ति उदार ॥ ७४२ ॥

മനസ്സ് നിർമലമാകുമ്പോൾ , സകല ജീവജാലങ്ങളിലും ഭഗവാനെ ദർശിച്ച് അത്യന്തം സ്നേഹത്തോടെ ആരാധിക്കാൻ അത് തുടങ്ങുന്നു. ജ്ഞാനോത്തരമായ ഈ നാലാമത്തെ ഭക്തിയാണ് ഏറ്റവും ശ്രേഷ്ഠമായത്.

हे भक्ति अतिशयें उदार । निर्दाळी भक्तांचा अहंकार ।
उद्धरी सुर नर स्त्रिया शूद्र । आनंदनिर्भर करी जीवु ॥ ७४३ ॥

ഈ ഭക്തി അത്യന്തം ഉദാരമാണ്. ഇത് അഹങ്കാരത്തെ ഇല്ലാതാക്കുന്നു. ദേവന്മാർ, മനുഷ്യർ, സ്ത്രീകൾ, ശൂദ്രർ എന്നിവരെയെല്ലാം ഉദ്ധരിച്ചുകൊണ്ട്, ഇത് ആത്മാവിന് ആനന്ദം പകരുകയും ചെയ്യുന്നു.

हे भक्ति जैं लागे हातीं । तैं भवभयाची निःशेष शांति ।

पायां लागती चारी मुक्ती । ऐशी उदार भक्ति ह्जरीची ॥ ७४४ ॥

ഈ ഭക്തി വർദ്ധിക്കുംതോറും ലൗകിക ജീവിതത്തോടുള്ള ഭയം പൂർണമായും അകലുകയും, നാല് വിധ മോക്ഷങ്ങളും ചരണത്തിൽ വന്നു നിൽക്കുന്നു, ഹരിഭക്തി അത്യന്തം ഉദാരമാണ്.

जेवीं डोळां असतां पडळ । सविता उगवे सर्व काळ ।
तो सन्मुख न देखे रविमंडळ । मा पदार्थ सकळ त्या कैंचे ॥ ७४५ ॥

കണ്ണിന് എന്തെങ്കിലും തകരാറുണ്ടെങ്കിൽ, സൂര്യൻ പ്രകാശത്തോടെ നിലനിൽക്കുമ്പോഴും ഒരാൾക്ക് അതിനെ കാണാൻ കഴിയുന്നില്ല; അങ്ങനെയെങ്കിൽ, മറ്റ് വസ്തുക്കളെ കാണാൻ അയാൾക്ക് എങ്ങനെ സാധിക്കും?

तेंचि फिटलिया पडळ । दृष्टी होय अतिनिर्मळ ।
देखों लगे पदार्थ सकळ । रविमंडळसमन्वयें ॥ ७४६ ॥

കണ്ണിലെ ആ അസുഖം ഭേദമായി കാഴ്ച തെളിയുമ്പോൾ, അവന് സൂര്യനെയും മറ്റ് എല്ലാ വസ്തുക്കളെയും കാണാൻ സാധിക്കും.

तेवीं निजात्मा हृदयीं वसे । परी चित्तवृत्ति मळिण असे ।
तंव परब्रह्म न प्रकाशे । चित्त वासनादोषें दूषित ॥ ७४७ ॥

അതുപോലെതന്നെ, പരമാത്മാവ് ഹൃദയത്തിൽ കുടികൊള്ളുന്നുണ്ടെങ്കിലും, മനസ്സ് വിവിധങ്ങളായ വൃത്തികളാലും വാസനകളാലും മലിനമായിരിക്കുന്നിടത്തോളം കാലം ഈശ്വരനെ സാക്ഷാത്കരിക്കാൻ കഴിയുകയില്ല.

तेथ करितां भगवद्भक्ति । निर्मळ होय चित्तवृत्ति ।
तेव्हां निर्विकारस्वरूपप्राप्ति । भक्त पवती निजभजनें ॥ ७४८ ॥

അതുകൊണ്ട്, ഭഗവത്ഭക്തിയിലൂടെ മാത്രമേ മനസ്സ് ശുദ്ധമാവുകയുള്ളൂ; അത്തരം കീർത്തനങ്ങൾ ആലപിക്കുന്നതിലൂടെ മാത്രമേ ഭക്തൻ നിർവികാരമായ സ്വരൂപത്തെ പ്രാപിക്കുകയുള്ളൂ.

पावावया परमप्राप्ति । जगीं दाटुगी भगवद्भक्ति ।

ते म्यां सांगितली तुजप्रती । यथानिगुतीं नृपनाथा ॥ ७४९ ॥

ഈ ലോകത്തിൽ പരമാത്മപ്രാപ്തിക്ക് ഭഗവത്ഭക്തി മാത്രമേ സമർത്ഥമായിട്ടുള്ളു. അത് യഥാർത്ഥത്തിൽ ഉള്ളതുപോലെ തന്നെ ഞാൻ അങ്ങയോട് വിവരിച്ചിരിക്കുന്നു.

जेवीं डोळ्यांचे पडळ फिटे । तेथ प्रकाशेंसीं सविता भेटे ।
तेवीं कल्पनालोपें प्रगटे । नेटेपाटें परब्रह्म ॥ ७५० ॥

കണ്ണിലെ മറ നീങ്ങുന്ന നിമിഷം തന്നെ പ്രകാശത്തോടൊപ്പം സൂര്യനും ദൃശ്യമാകുന്നതുപോലെ, വികല്പങ്ങൾ അവസാനിക്കുന്ന നിമിഷം പരബ്രഹ്മം തീർച്ചയായും സ്വയം വെളിപ്പെടുന്നു.

जेथ निर्विकल्प समान । निश्चयेंसीं जाहलें मन ।
त्यासी देहीं वर्ततांही जाण । भवबंधन स्पर्शेना ॥ ७५१ ॥

ഏതൊരുവന്റെ മനസ്സ് നിർവ്വികല്പമായി,സമഭാവനയിൽ ഉറച്ചുനിൽക്കുന്നുവോ;അവൻ ശരീരത്തോടെ ജീവിക്കുമ്പോഴും, സംസാരബന്ധങ്ങൾ അവനെ സ്പർശിക്കുകയേയില്ല."

ऐसें गर्जोनिया जाण । हर्षें बोले पिप्पलायन ।
तंव राजा सुखावला संपूर्ण । जीवींची खूण बाणली ॥ ७५२ ॥

ഇത് ഉറപ്പായി അറിയുക: വികല്പങ്ങളൊഴിഞ്ഞ സമചിത്തതയുടെ അവസ്ഥ മനസ്സ് കൈവരിക്കുമ്പോൾ, ശരീരത്തിനുള്ളിൽ വസിക്കുമ്പോഴും ലൗകികമായ അസ്തിത്വത്തിന്റെ ബന്ധനങ്ങൾ അതിനെ സ്പർശിക്കുകയില്ല.

ऐकतां ब्रह्मनिरूपण । राजा लांचावला पूर्ण ।
पुढें वाढावया निरूपण । अन्वयें प्रश्न पुसतसे ॥ ७५३ ॥

അങ്ങനെ, പിപ്പലായനൻ അത്യന്തം ആനന്ദം നിറഞ്ഞ ഒരു ഗംഭീര പ്രഭാഷണം നടത്തി. രാജാവ് അതീവ സംതൃപ്തനാവുകയും യഥാർത്ഥ ജ്ഞാനോദയത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറിയുകയും ചെയ്തു.

जेणें तुटे कर्मबंधन । त्या कर्मयोगाचें लक्षण ।
समूळ ऐकावया जाण । राजा आपण सादरें पुसतु ॥ ७५४ ॥

ബ്രഹ്മത്തെക്കുറിച്ചുള്ള വിശദീകരണം കേട്ടപ്പോൾ രാജാവിന്റെ ഉത്സാഹം വർദ്ധിക്കുകയും, ആ ചർച്ച കൂടുതൽ വിപുലമാക്കുന്നതിനായി അദ്ദേഹം തുടർചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. കർമ്മബന്ധങ്ങളെ ഛേദിക്കാൻ കഴിയുന്ന കർമ്മയോഗത്തിന്റെ — അതായത് കർമ്മമാർഗ്ഗത്തിന്റെ — അടിസ്ഥാന സ്വഭാവത്തെക്കുറിച്ച് അദ്ദേഹം അതീവ താല്പര്യത്തോടെ അന്വേഷിച്ചു.

രാജോവാച
കർമ്മയോഗം വദത നഃ പുരുഷോ യേന സംസ്കൃതഃ ।
വിധൂയേഹാശു കർമ്മാണി നൈഷ്കർമ്മ്യം വിന്ദതേ പരം ॥ 41 ॥

രാജാവ് പറഞ്ഞു
യാതൊന്നിനാൽ സംസ്കരിക്കപ്പെട്ട പുരുഷൻ ഈ ജന്മത്തിൽതന്നെ വേഗത്തിൽ പാപരൂപങ്ങളായ കർമ്മങ്ങളെ നശിപ്പിച്ചിട്ട് നിഷ്കാമകർമ്മത്താൽ പ്രാപിക്കാത്തതായ പരമാത്മാവിനെ പ്രാപിക്കുന്നുവോ, ആ കർമ്മയോഗത്തെ ഞങ്ങൾക്ക് നിങ്ങൾ ഉപദേശിക്കണമേ.

राजा निजश्रद्धासंपन्न । अतिविनीत करी प्रश्न ।
जेणें तुटे कर्मबंधन । तो कर्मयोग संपूर्ण सांगा स्वामी ॥ ७५५ ॥

പരിപൂർണ്ണ ആത്മശ്രദ്ധയോടെ രാജാവ് അതീവ വിനയപൂർവ്വം ചോദിച്ചു: "പ്രഭോ! കർമ്മബന്ധങ്ങൾ തകർക്കുന്ന ആ 'കർമ്മയോഗം'—അതായത് കർമ്മമാർഗ്ഗം—എനിക്ക് വിശദമായി വിവരിച്ചുതന്നാലും."

कोणें कर्में कर्म तुटे । नैष्कर्म्यासिद्धि स्वयें प्रगटे ।
पुरुषा पुरुषोत्तम भेटे । हें मज गोमटें वर्म सांगा ॥ ७५६ ॥

ഏതൊരു കർമ്മത്തിലൂടെയാണോ സകല കർമ്മങ്ങളും നശിക്കുകയും, നൈഷ്കർമ്മ്യസിദ്ധി സ്വാഭാവികമായി

കൈവരിക്കുകയും, ജീവാത്മാവ് പരമാത്മാവായ പുരുഷോത്തമനുമായി സംഗമിക്കുകയും ചെയ്യുന്നത്, ആ വിശേഷ കർമ്മത്തിന്റെ യഥാർത്ഥ സത്ത എനിക്ക് വിശദീകരിച്ചുതന്നാലും.

ഏവം പ്രശ്നമൃഷീൻ പൂർവ്വമപൃച്ഛം പിതുരന്തികേ ।
നാബ്രുവൻ ബ്രഹ്മണഃ പുത്രാസ്തത്ര കാരണമുച്യതാം ॥ 42 ॥

പിതാവിന്റെ സമീപത്തിൽവെച്ച് മുമ്പ് ഇപ്രകാരം ചോദ്യത്തെ ബ്രഹ്മാവിന്റെ പുത്രന്മാരായ ഋഷികളോട് ചോദിച്ചു. അവർ ഉത്തരം പറഞ്ഞില്ല. അതിൽ സംഗതിയെന്തായിരിക്കുമെന്ന് പറയണമേ.

पूर्वीं हाचि प्रश्नु सनकादिकां । पित्यासन्निध पुशिला देखा ।
ते उत्तर नेदितीचि कां । हेही आशंका फेडावी स्वामी ॥ ७५७ ॥

പ്രഭോ! എന്റെ പിതാവിന്റെ സാന്നിധ്യത്തിൽ സനകൻ തുടങ്ങിയ മുനിമാരോട് ഞാൻ ഈ ചോദ്യം നേരത്തെ ചോദിച്ചിരുന്നു; എന്തുകൊണ്ടാണ് അവർ അതിന് മറുപടി നൽകാതിരുന്നത്? ദയവായി എന്റെ ഈ സംശയവും ദൂരീകരിച്ചാലും.

रायाचे प्रश्न अतिपवित्र । त्यांचें द्यावया प्रतिउत्तर ।
हरिखावला आविर्होत्र । तो कर्मवैचित्र्य निरूपी ॥ ७५८ ॥

അത്യന്തം നിർമ്മലമായ മനസ്സിനുടമയായിരുന്ന ആ രാജാവിന്റെ ചോദ്യത്തിന് മറുപടി നൽകാനായി ആവിർഹോത്രൻ എന്ന യോഗി അതീവ സന്തോഷത്തോടെ മുന്നോട്ടുവരികയും കർമ്മവൈവിധ്യത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

ആവിർഹോത്ര ഉവാച
കർമ്മാകർമ്മവികർമ്മേതി വേദവാദോ ന ലൌകികഃ ।
വേദസ്യ ചേശ്വരാത്മത്വാത്തത്ര മുഹ്യന്തി സൂരയഃ ॥ 43 ॥

കർമ്മം, അകർമ്മം, വികർമ്മം എന്നു വേദവാദമാകുന്നു. ലൗകികമല്ല, വേദത്തിന് ഈശ്വരാത്മത്വം ഉള്ളതുകൊണ്ട് അതിൽ വിദ്വാന്മാരും മോഹിക്കുന്നു.

कर्माकर्मविकर्म जाणा । सामान्य नव्हे नृपनंदना ।
करितां विभागविवंचना । नुगवे सज्ञानां स्मृतिकारांसी ॥ ७५९ ॥

ആവിർഹോത്രൻ പറഞ്ഞു ഹേ നൃപനന്ദനാ, കർമ്മം (വിഹിതകർമ്മം), അകർമ്മം (നൈഷ്കർമ്മ്യം), വികർമ്മം (നിഷിദ്ധകർമ്മം) എന്നിവ സാധാരണ വിഷയങ്ങളല്ല. മഹർഷിമാർക്കും സ്മൃതികാരന്മാർക്കുപോലും ഇവ തമ്മിലുള്ള വ്യത്യാസം കൃത്യമായി വേർതിരിച്ചറിയാൻ സാധിച്ചിട്ടില്ല.

जे स्वयें प्रतिसृष्टिकारी । तेही भुलले कर्मविभागावरी ।
जे समुद्र घोंटिती चुळेकरीं । तेही कर्मसागरीं बुडले ॥ ७६० ॥

സ്വന്തമായി ഒരു പ്രപഞ്ചം തന്നെ സൃഷ്ടിക്കാൻ കഴിവുള്ളവർ പോലും (വിശ്വാമിത്ര മുനി) കർമ്മങ്ങളുടെ വർഗ്ഗീകരണം നിശ്ചയിക്കുന്നതിൽ അമ്പരന്നുപോയി. ഒരൊറ്റ കൈക്കുമ്പിളിൽ സമുദ്രം മുഴുവൻ കുടിച്ചുതീർത്തവർ പോലും (അഗസ്ത്യ മുനി) കർമ്മമെന്ന മഹാസാഗരത്തിൽ മുങ്ങിപ്പോകുന്ന അവസ്ഥയിലായി.

येचि कर्मविवंचनेसाठीं । ऋषिमहर्षींचिया कोटी ।
मताभिमानें झालें हिंपुटी । त्यांसीही शेवटीं नुगवेचि ॥ ७६१ ॥

കർമ്മാകർമ്മ വിഷയത്തെക്കുറിച്ച് മല്ലിടുന്നതിനിടയിൽ, എണ്ണമറ്റ മഹർഷിമാർ സ്വന്തം അഭിപ്രായങ്ങളോടുള്ള ആസക്തിയാൽ തളർന്നുപോയിട്ടുണ്ട്. ഒടുവിൽ, അവർക്ക് പോലും അതിൽ നിന്ന് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല.

कर्माकर्मविभाग जाणा । स्वयें नुगवेचि चतुरानना ।
इतरांची कोण गणना । कर्मविवंचना करावया ॥ ७६२ ॥

സാക്ഷാൽ ബ്രഹ്മാവിനുപോലും കർമ്മവും അകർമ്മവും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാൻ സാധിച്ചിട്ടില്ലെന്നിരിക്കെ, മറ്റുള്ളവരുടെ കാര്യത്തിനെക്കുറിച്ച് എന്തു പറയാനാണ്?

कर्म वेदमूळ जाण । वेदु स्वयें नारायण ।
वेदवादविवंचन । करितां मौन श्रुतिशास्त्रां ७६३ ॥

കർമ്മത്തിന്റെ മൂലം വേദമാണ്; ആ വേദം സാക്ഷാൽ നാരായണൻ തന്നെയാണ്. അതായത്, ആ വേദത്തിലെ വചനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ശ്രുതിശാസ്ത്രങ്ങൾ പോലും നിശ്ശബ്ദമായിപ്പോയി.

कर्म-अकर्म-विकर्म जाण । एकचि परी त्रिविध भिन्न ।
तेंही विभागविवंचन । सावधान अवधारीं ॥ ७६४ ॥

കർമ്മം, അകർമ്മം, വികർമ്മം എന്നിവ അടിസ്ഥാനപരമായി ഒന്നാണെങ്കിലും, അവ മൂന്ന് വ്യത്യസ്ത വിഭാഗങ്ങളായാണ് നിലനിൽക്കുന്നത്. അവയുടെ വർഗ്ഗീകരണത്തെക്കുറിച്ചുള്ള വിശദാംശങ്ങളും ഞാൻ വിവരിക്കാം; സാവധാനമായി ശ്രവിച്ചാലും.

श्वेत मृदु मधुर । त्रिविधभेदें एक साखर ।
तेवीं एकचि त्रिप्रकार । कर्मठ नर मानिती कर्म ॥ ७६५ ॥

വെള്ളനിറം, മൃദുത്വം, മധുരം എന്നിങ്ങനെ മൂന്ന് വ്യത്യസ്ത ഗുണങ്ങളോടെ പഞ്ചസാര കാണപ്പെട്ടാലും, അതൊന്നുതന്നെയാണ്. അതുപോലെ കർമ്മഠന്മാരായ ജനങ്ങൾ (കർമ്മം തന്നെ ഈശ്വരൻ എന്ന് കരുതുന്നവർ) കർമ്മത്തിനെ മൂന്നായി മാനിക്കുന്നു.

भिन्न करितां मधुरता । तीमाजीं ये मृदु-श्वेतता ।
श्वेततचि भिन्न करितां । मृदु-मधुरतं तीमाजीं ॥ ७६६ ॥

പഞ്ചസാരയുടെ മധുരം പരിഗണനയിൽ നിന്ന് ഒഴിവാക്കിയാൽ, അതിന്റെ വെളുപ്പും മിനുപ്പും അവശേഷിക്കുന്നു. അതിന്റെ വെളുപ്പ് ഒഴിവാക്കിയാൽ, മിനുപ്പും മധുരവും അവശേഷിക്കുന്നു.

तेवीं भिन्न करितां कर्म । कर्मा सर्वांगीं अकर्म ।
कर्म अकर्मामाजी विकर्म । मिरवे परम सौभाग्यें ॥ ७६७ ॥

അതുപോലെ, കർമ്മത്തെ വേർതിരിച്ചാൽ, അകർമ്മത്തെയും വികർമ്മത്തെയും കൂടി പരിഗണിക്കേണ്ടതുണ്ട്.

मुख्य मूळीं जें कां निपजे । कर्म ऐसें त्यातें म्हणिजे ।
विहिताविहितक्रिया जे जे । विकर्म म्हणिजे तिये नांव ॥ ७६८ ॥

അടിസ്ഥാനപരമായി, ഒരു പ്രവൃത്തിയിൽനിന്നും

ഉളവാകുന്നതിനെ 'കർമ്മം' എന്നും, നിർദ്ദേശിക്കപ്പെടാത്ത (അതായത് വിഹിതമല്ലാത്ത) കർമ്മങ്ങളെ 'വികർമ്മം' എന്നും വിളിക്കുന്നു.

कर्म अकर्मयोगें चळे । ऐसें विकर्मीं ज्यासी विवळे ।
त्यास निष्कर्मता आकळे । गुरुकृपाबळें तत्काळ ॥ ७६० ॥

അകർമ്മം എന്നാൽ, കർതൃത്വ വിചാരം ഇല്ലാതെ കർമ്മം ചെയ്യുക. അപ്പോൾ അത് ഈശ്വരന്റെ ചെയ്യലാകുന്നു, ആത്മാവാകുന്നു. കർമ്മം അകർമ്മവുമായുള്ള സംയോഗത്തിലൂടെയാണ് (ആത്മാവിന്റെ പ്രഭാവത്താലാണ്) ഉളവാക്കുന്നത്; ഈശ്വരന്റെ ഈ സാന്നിധ്യത്തിനെ വികർമ്മത്തിൽ (നിഷിദ്ധമായതോ വിപരീതമായതോ ആയ കർമ്മത്തിൽ) പോലും തിരിച്ചറിയുന്ന ഒരാൾ, ഗുരുവിന്റെ അനുഗ്രഹശക്തിയാൽ, തൽക്ഷണം തന്നെ നൈഷ്കർമ്മ്യസിദ്ധിയെന്ന അവസ്ഥയെ കൈവരിക്കുന്നു.

कर्मावरी कर्म विशेष वाढे । विकर्म त्यातें म्हणणें घडे ।
जेथें कर्म रिघों न शके पुढें । अकर्म चोखडें या नांव ॥ ७७० ॥

'ഇത് ചെയ്യുന്നത് ഞാൻ ആണ്' എന്ന കർതൃത്വ ഭാവത്തോടെ ചെയ്യുന്ന കർമ്മങ്ങൾ വികർമ്മം ആകുന്നു. എവിടെ കർമ്മത്തിന്റെ ഗതി നിലച്ചുവോ (അതായത്, കർമ്മം ചെയ്യുമ്പോഴും, ചെയ്യുന്നവൻ ഞാൻ അല്ല എന്ന ഭാവത്തോടെ ചെയ്യുമ്പോൾ) അത് അകർമ്മം എന്ന് വിളിക്കപ്പെടുന്നു, ഈ നാമം അതിനാൽ വളരെ ഉചിതവുമാണ്.

ऐशी कर्मविवंचना अटक । हा प्रश्न केला तैं तूं बाळक ।
त्याचिलागीं गा राया देख । सनकादिक न सांगतीचि ॥ ७७१ ॥

കർമ്മത്തിന്റെ സ്വഭാവം ഇപ്രകാരം അഗ്രാഹ്യമാണ്. അങ്ങ് ഈ ചോദ്യം ചോദിച്ചപ്പോൾ, അന്ന് ഒരു കുട്ടിയായിരുന്നു എന്ന് മനസ്സിലാക്കിയതുകൊണ്ടാണ് സനകാദി മുനിമാർ അതിന് മറുപടി നൽകാതെയിരുന്നത്.

कर्माकर्मविवंचना । अधिकारेंवीण कोणा ।

सांगों नये नृपनंदना । कर्म सज्ञाना अतिदुर्बोध ॥ ७७२ ॥

ഹേ നൃപാനന്ദനാ, കർമ്മത്തെയും അകർമ്മത്തെയും കുറിച്ചുള്ള ചിന്തകൾ അർഹതയില്ലാത്ത ഒരാളോട് പങ്കുവെക്കരുത്; എന്തെന്നാൽ, കർമ്മത്തിന്റെ സ്വഭാവം ജ്ഞാനികൾക്കുപോലും മനസ്സിലാക്കാൻ കഴിയാത്തതാണ്.

> **പരോക്ഷവാദോ വേദോ്യം ബാലാനാമനുശാസനം ।**
> **കർമ്മമോക്ഷായ കർമ്മാണി വിധത്തേ ഹ്യഗദം യഥാ ॥ 44 ॥**
>
> ഈ വേദം പരോക്ഷവാദമാകുന്നു. അറിവില്ലാത്തവരെ അനുശാസിക്കാനായിട്ടാകുന്നു. കർമ്മങ്ങളിൽനിന്നും മോചിപ്പിക്കുവാനായിക്കൊണ്ട് കർമ്മങ്ങൾ വിധിച്ചിരിക്കുന്നു, മരുന്നെന്നപോലെ.

जेवीं रोगु जावया निश्चित । बापु बाळा भेषज देत ।
तेथें साखर घाली हातांत । तत्सेवनार्थ प्रलोभें ॥ ७७३ ॥

ഒരു കുട്ടിക്ക് മരുന്ന് നൽകുമ്പോൾ, ആ മരുന്ന് സന്തോഷത്തോടെയും മനസ്സറിഞ്ഞും കഴിക്കുന്നുവെന്ന് ഉറപ്പാക്കാൻ പിതാവ് അതിനൊപ്പം അല്പം പഞ്ചസാരയും നൽകുന്നു.

तेवीं वेदांचा परोक्षवाद । सत्य मानिती बुद्धिमंद ।
कर्में छेदवी कर्मबाध । हा वेदानुवाद मुख्यत्वें ॥ ७७४ ॥

അതുപോലെതന്നെ, പരിമിതമായ അറിവുള്ളവർ വേദങ്ങളുടെ പരോക്ഷമായ (direct) ഉപദേശങ്ങളെ അക്ഷരാർത്ഥത്തിലുള്ള സത്യമായി സ്വീകരിക്കുന്നു. കർമ്മം അനുഷ്ഠിക്കുന്നതിലൂടെത്തന്നെ കർമ്മബന്ധത്തെ ഇല്ലാതാക്കുക എന്നതാണ് വേദങ്ങളുടെ അന്തർലീനമായ ലക്ഷ്യം.

वेदु बोले स्वर्गादि फळ । तो प्रवृत्तिलोभ केवळ ।
परी कर्में छेदी कर्ममूळ । हें मुख्यत्वें फळ वेदोक्तीं ॥ ७७५ ॥

സ്വർഗ്ഗം പോലുള്ള പ്രതിഫലങ്ങളെക്കുറിച്ച് വേദങ്ങൾ പരാമർശിക്കുന്നുണ്ടെങ്കിലും, അവ കർമ്മത്തിലേക്ക്

പ്രേരിപ്പിക്കാനുള്ള ഒരു ഉപാധി മാത്രമാണ്. കർമ്മത്തിലൂടെത്തന്നെ കർമ്മത്തിന്റെ മൂലകാരണത്തെത്തന്നെ ഉന്മൂലനം ചെയ്യുക എന്നതാണ് വേദനിർദ്ദേശങ്ങളുടെ യഥാർത്ഥ ലക്ഷ്യമെന്ന് ഒരാൾ മനസ്സിലാക്കേണ്ടതുണ്ട്.

लोहाची बेडी पडली पायीं । ते तोडावया घणु आणिला पाहीं ।
तो घणुचि विकून खादला जिहीं । त्यांचें बंधन कहीं तुटेना ॥ ७७६ ॥

തങ്ങളുടെ കാലിലെ ചങ്ങലകൾ തകർക്കാൻ ഒരാൾ ഒരു ചുറ്റിക ആവശ്യപ്പെട്ടു എന്നിരിക്കട്ടെ; ആ ചുറ്റിക ലഭിച്ചെങ്കിലും, അതിനെ വിറ്റാൽ തന്റെ ബന്ധനങ്ങളിൽ നിന്ന് ഒരിക്കലും മോചിതനാവുകയില്ല.

तेवीं कर्में छेदावें कर्मबंधन । तें कर्म वेंचिती विषयीं पूर्ण ।
त्यांचें कदा न तुटे भवबंधन । जन्ममरण सरेना ॥ ७७७ ॥

അതുപോലെതന്നെ, കർമ്മബന്ധനം ഭേദിക്കുക എന്ന ലക്ഷ്യം വിസ്മരിച്ച്, ആളുകൾ ഇന്ദ്രിയസുഖങ്ങൾക്കായി കർമ്മങ്ങൾ ചെയ്യുന്നു. തൽഫലമായി, അവരുടെ ബന്ധനം ഒരിക്കലും നീങ്ങുകയില്ല; ജനനമരണചക്രം ഒരിക്കലും ഭേദിക്കപ്പെടുകയുമില്ല.

आम्ही स्वर्गफळा विरक्त । म्हणोनि नाचरे जो वेदोक्त ।
त्याचें ज्ञान जालें विपरित । अति अनर्थ पावे तो ॥ ७७८ ॥

രണ്ടാമതായി, സ്വർഗ്ഗപ്രാപ്തിയിലുള്ള ആഗ്രഹം ഇല്ലാത്തതുകൊണ്ടാണ് നാം വേദങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കർമ്മങ്ങൾ അനുഷ്ഠിക്കാത്തത് എന്ന ധാരണയും തെറ്റാണ്. അത്തരമൊരു കാഴ്ചപ്പാട് പുലർത്തുന്നത് ഗുരുതരമായ ഒരു തെറ്റിലേക്ക് നയിക്കുന്നു.

നാചരേദ്യസ്തു വേദോക്തം സ്വയമജ്ഞോഽജിതേന്ദ്രിയഃ ।
വികർമ്മണാഹ്യധർമ്മേണ മൃത്യോർമ്മൃത്യുമുപൈതി സഃ ॥ 45 ॥

നിശ്ചയമായും തൻസ്വരൂപത്തെ അറിയാതെയും, ഇന്ദ്രിയങ്ങളെ ജയിക്കാതേയും ഇരിക്കുന്ന യാതൊരുത്തൻ ആവട്ടെ, വേദത്തിൽ പറഞ്ഞതിനെ ആചരിക്കാതിരിക്കുമോ, അവൻ നിഷിദ്ധകർമ്മം

ചെയ്യുന്നതുകൊണ്ടും, അതിനാലുണ്ടാകുന്ന അധർമ്മം കൊണ്ടും, മരണംകൊണ്ടും മരണത്തെ പ്രാപിക്കുന്നു.

आम्ही जितेंद्रिय म्हणवीत । म्हणोनि नाचरे जो वेदेक्त ।
त्यासी नातुडे गा परमार्थ । अतिअनर्थ अंगीं वाजे ॥ ७७९ ॥

`ഞാൻ ജിതേന്ദ്രിയനാണ്' എന്ന അഹങ്കാരം നിമിത്തം വേദവിഹിതമായ കർമ്മങ്ങൾ അനുഷ്ഠിക്കാത്ത ഒരാൾ, പരമാർത്ഥ ലക്ഷ്യം പ്രാപിക്കുന്നതിൽ പരാജയപ്പെടുക മാത്രമല്ല, തനിക്ക് വലിയൊരു വിപത്ത് വരുത്തിവെക്കുകയും ചെയ്യുന്നു.

जरी शास्त्रज्ञ ज्ञाता झाला । आणि वेदोक्ता विमुख ठेला ।
तरी तो जाणपणेंचि नागवला । जाण बुडाला दुःखार्णवीं ॥ ७८० ॥

ഒരാൾ വേദശാസ്ത്രങ്ങളിൽ അഗാധമായ പാണ്ഡിത്യവും വലിയ അറിവും ഉള്ളവനാണെങ്കിൽ പോലും, വേദങ്ങൾ അനുശാസിക്കുന്ന കർമ്മങ്ങളിൽ നിന്ന് അയാൾ പിന്തിരിഞ്ഞാൽ, ആ അറിവുണ്ടായിരുന്നിട്ടും അയാൾ പൂർണ്ണമായ നാശത്തിലേക്ക് കൂപ്പുകുത്തുകയും ദുഃഖസാഗരത്തിൽ മുങ്ങിപ്പോവുകയും ചെയ്യുന്നു.

नाचरे जो वेदोक्त कर्म । त्यक्तकर्में मानी मिष्कर्म ।
त्यासी थोर पडला भ्रम । नाडला परम अभिमानें ॥ ७८१ ॥

വേദങ്ങൾ നിർദ്ദേശിക്കുന്ന കർമ്മങ്ങൾ അനുഷ്ഠിക്കാതെ, കർമ്മം ഉപേക്ഷിച്ച് തന്നെത്താൻ 'കർമ്മമുക്തൻ' എന്ന് കരുതുന്നവൻ അഹങ്കാരത്താൽ വഴിതെറ്റിക്കപ്പെട്ടവനും നാശമടഞ്ഞവനുമാണെന്ന് മനസ്സിലാക്കുക.

जरी विषयो निग्रहिला । आणि वेदोक्ता जो दुरावला ।
तो निजघाता प्रवर्तला । स्वयें बुडाला नरकार्णवीं ॥ ७८२ ॥

വിഷയങ്ങളെ ജയിച്ചവനാണെങ്കിലും വേദവിഹിതമായ കർമ്മങ്ങളെ ഉപേക്ഷിച്ചവൻ സ്വന്തം കാലിൽ കല്ലുകൊണ്ട് അടിക്കുകയാണെന്ന് മനസ്സിലാക്കുക; അയാളെ നരകത്തിൽ പതിച്ചവനായിത്തന്നെ കണക്കാക്കുകയും വേണം.

वेद निजमूळ परमार्था । तें वेदोक्त नाचरतां ।
जें जें करणें नृपनाथा । तें तें तत्त्वतां अधःपाती ॥ ७८३ ॥

ഹേ രാജാവേ, പരമമായ സത്യത്തിന്റെ അടിസ്ഥാനം വേദങ്ങളായതുകൊണ്ട്, വേദവിഹിതമായ അനുഷ്ഠാനങ്ങൾ പാലിക്കാതെ ഒരാൾ ചെയ്യുന്ന ഏത് പ്രവൃത്തിയും അയാളുടെ അധഃപതനത്തിലേക്കേ നയിക്കൂ.

डोळे देखणें तत्त्वतां । ते काढोनि पाहों जातां ।
न देखे आपुली डोळसता । मा इतर पदार्था कोण देखे ॥ ७८४ ॥

കണ്ണുകൾ കാഴ്ചയ്ക്കുള്ളവ തന്നെ; എന്നാൽ കാഴ്ചയ്ക്കായി അവയെ നീക്കം ചെയ്യുകയാണെങ്കിൽ നമ്മുടെ കാഴ്ചശക്തി തന്നെ നശിച്ചുപോകും; പിന്നെ എങ്ങനെയാണ് നമുക്ക് മറ്റെന്തെങ്കിലും കാണാൻ കഴിയുക?

तैसा नाचरोनि चेदार्थु । जो जो मानिला परमार्थु ।
तेणें आंवतूनियां अनर्थु । जाण निश्चितु आणिला घरा ॥ ७८५ ॥

അതുപോലെ, വേദങ്ങൾ നിർദ്ദേശിക്കുന്ന കർമ്മങ്ങളെ അവഗണിക്കുകയും, തനിക്കിഷ്ടമുള്ളതിനെ ആത്മീയ പാതയായി സ്വീകരിക്കുകയും ചെയ്യുന്നവർ, അവരുടെ വീട്ടിലേക്ക് ദുരന്തം ക്ഷണിച്ചുവരുത്തിയതായി മനസ്സിലാക്കുക.

तेणें आचार अनर्थपाटें । वाहावले जन्ममरणवाटे ।
तेथ नानायोगिनिगर्भसंकटें । सोसितां न सुटे कल्पांतीं ॥ ७८६ ॥

അങ്ങനെ, വിനാശകരമായ കർമ്മഗതിയിൽപ്പെട്ട് അവർ ജനനമരണങ്ങളുടെ പാതയിലേക്ക് പ്രവേശിക്കുന്നു. മാത്രമല്ല, ഗർഭപാത്രത്തിനുള്ളിൽ പലതരം യാതനകൾ സഹിക്കേണ്ടിവരുന്ന അവർക്ക്, ഒരു കല്പം പിന്നിട്ടാൽപ്പോലും ഈ ചക്രത്തിൽനിന്ന് മോചനം ലഭിക്കുന്നില്ല.

तेथें जन्मजन्मों जन्म न टके । मरमरों मरण न चुके ।
जैं वेदविहित चुके । तैं अतिदुःखें दुःखभोगु ॥ ७८७ ॥

നീണ്ട ജന്മ-മരണ പരമ്പരകൾക്ക് ശേഷവും ഈ ദുരന്തപൂർണ്ണമായ വിധിയിൽ നിന്ന് രക്ഷപ്പെടാനാവില്ല; വേദവിഹിതകർമ്മാനുഷ്ഠാനങ്ങൾ ചെയ്യുന്നതിൽ പരാജയപ്പെടുന്നത് അത്തരം വേദനാജനകമായ കഷ്ടപ്പാടുകൾ സഹിക്കുന്നതിന് കാരണമാകുന്നു.

विकर्मणा ह्यधर्मेण । हें मूळींचें पदनिरूपण ।
तेणें विकर्मामाजीं अधर्म पूर्ण । परी अकर्म तें जाण अधर्म नव्हे ॥ ७८८ ॥

മൂലഗ്രന്ഥത്തിൽ `വികർമണാഹ്യധർമ്മേണ' എന്ന പ്രയോഗം ഉപയോഗിക്കുന്നു, ഇത് വികർമ്മം (നിഷിദ്ധമായ പ്രവൃത്തി) പൂർണ്ണമായും അധർമ്മകരമാണെന്നു സൂചിപ്പിക്കുന്നു.

ज्यासी लावितां न लागे कर्म । या नांव मुख्य निष्कर्म ।
निष्कर्मलक्षण हाचि धर्म । येणेंचि परम मुक्त साधु ॥ ७८९ ॥

എങ്കിലും, 'അകർമ്മം' എന്നതിനെ അധർമ്മം എന്ന് തെറ്റിദ്ധരിക്കരുത്. കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോഴും കർമ്മബന്ധനത്തിന് വിധേയമാകാതിരിക്കുന്ന ആ അവസ്ഥയെയാണ് 'അകർമ്മം' അഥവാ 'നിഷ്കർമ്മം' എന്ന് പറയുന്നത്. നൈഷ്കർമ്മ്യലക്ഷണത്തിന്റെ അർത്ഥം തന്നെ ധർമ്മം എന്നാണ്, ഇതുകാരണം സാധുക്കൾ പരമ മുക്തന്മാരാണ്.

ज्यासी शुद्ध आकळे अकर्म । तो तत्काळ होय निष्कर्म ।
अकर्माचें कळल्या वर्म । मुक्तता परम पायां लागे ॥ ७९० ॥

അകർമ്മ'ത്തിന്റെ യഥാർത്ഥ സ്വഭാവം ഗ്രഹിക്കുന്ന ഒരാൾക്ക് തൽക്ഷണം കർമ്മബന്ധത്തിൽ നിന്നുള്ള മോചനം ലഭിക്കുന്നു. അകർമ്മത്തിന്റെ സത്ത സാക്ഷാത്കരിക്കുന്ന നിമിഷം തന്നെ മോക്ഷം അയാളുടെ പാദങ്ങളെ വന്നുചേരുന്നു.

വേദോക്തമേവ കുർവ്വാണോ നിഃസംഗോഽർപ്പിതമീശ്വരേ ।
നൈഷ്കർമ്മ്യാം ലഭതേ സിദ്ധിം രോചനാർത്ഥാ ഫലശ്രുതിഃ ॥ 46 ॥

വിഷയത്തിൽ ആസക്തിയില്ലാതെ വേദത്തിൽ പറഞ്ഞ കർമ്മത്തെ മാത്രം ഈശ്വരങ്കൽ അർപ്പിക്കപ്പെടുന്നതായിട്ട് ചെയ്തുകൊണ്ടിരിക്കുന്നവൻ

നിഷ്കാമകർമ്മാനുഷ്ഠാനത്താൽ ലഭിക്കുന്നതായ സിദ്ധിയെ പ്രാപിക്കുന്നു. കർമ്മം ചെയ്താൽ ഫലം കിട്ടും എന്നു പറയുന്നതു കർമ്മത്തിൽ താത്പര്യതെ ജനിപ്പിക്കാൻ മാത്രം.

दासी स्वामीची आज्ञाधारी । कां राजमुद्रा प्रजांवरी ।
तैसी वेदाज्ञा जो शिरीं धरी । स्वधर्माचारी निष्काम ॥ ७९१ ॥

ഒരു വേലക്കാരി തന്റെ യജമാനനെ അനുസരിക്കുന്നതുപോലെയോ, അല്ലെങ്കിൽ ഒരു രാജാവിന്റെ മുദ്ര അദ്ദേഹത്തിന്റെ രാജ്യത്തുള്ള എല്ലാവരാലും ആദരിക്കപ്പെടുന്നതുപോലെയോ, ഒരു മനുഷ്യൻ വേദങ്ങളുടെ നിർദ്ദേശങ്ങൾ അനുസരിക്കാനും സ്വാർത്ഥമായ ആഗ്രഹങ്ങളില്ലാതെ സ്വന്തം കടമകൾ നിർവഹിക്കാനും ബാധ്യസ്ഥനാണ്.

मी एकु कर्मकर्ता । ऐशी उठों नेदी अहंता ।
तें कर्मचि स्वभावतां । अर्पी श्रीअनंता ईश्वरातें ॥ ७९२ ॥

താനാണ് ആ കർമ്മം ചെയ്തതെന്ന അഭിമാനം മനസ്സിൽ ഉദിക്കാൻ അനുവദിച്ചില്ലെങ്കിൽ, തീർച്ചയായും, ആ കർമ്മം അനന്തരൂപിയായ ഈശ്വരനുള്ള സമർപ്പണമായിത്തീരുന്നു.

एवं ईश्वरीं जें अर्पे कर्म । तें कर्म होय निर्धर्म ।
याचि नांव परम । नैष्कर्म्य निजसिद्धी ॥ ७९३ ॥

ഇപ്രകാരം ദൈവത്തിന് സമർപ്പിക്കപ്പെടുന്ന കർമ്മം യാതൊരുവിധ ബന്ധനങ്ങളോ ആസക്തികളോ ഇല്ലാത്ത ഒന്നായിത്തീരുന്നു; അതാണ് 'നൈഷ്കർമ്മ്യം' എന്ന അവസ്ഥ.

वेदें बोलिले कर्मफळ । ज्याची वासना निष्काम निर्मळ ।
त्यासि वेदोक्त फळ प्रबळ । भोगावया केवळ स्वप्नीं न दिसे ॥ ७९४ ॥

വേദങ്ങളിൽ പലതരം ഫലങ്ങളെക്കുറിച്ച് പരാമർശമുണ്ടെന്നതിൽ സംശയമില്ല; എന്നാൽ ആഗ്രഹങ്ങളൊഴിഞ്ഞ് അതീവ നിർമ്മലമായ മനസ്സുള്ള ഒരാൾക്ക്, വേദങ്ങൾ വിധിച്ചിട്ടുള്ള അത്തരം ഫലങ്ങളൊന്നും സ്വപ്നത്തിൽപ്പോലും ലഭിക്കാനില്ല.

ऐसें असतां कर्मफळ । वांछितां नाडिजे केवळ ।
जेवीं परिसु देऊनि सोज्वळ । म्गिजे पोफळ तांबूलासी ॥ ७९५ ॥

എന്നിട്ടും, സ്വന്തം പ്രവൃത്തികളുടെ ഫലം മാത്രം ആഗ്രഹിക്കുന്നവർക്ക് ഒടുവിൽ കനത്ത നഷ്ടമാണുണ്ടാകുന്നത്; സ്പർശ കല്ല് (അത്ഭുതസിദ്ധിയുള്ള കല്ല്) ലഭിക്കാൻ അവസരം കിട്ടിയിട്ടും, വെറ്റിലമുറുക്കിന് കൂടെക്കൂട്ടാൻ ഒരു അടയ്ക്ക മാത്രം ആവശ്യപ്പെടുന്ന ഒരാളെപ്പോലെയാണവർ.

कर्मा निष्कामता नित्य फळ । तेथ फळाशा नाडले सकळ ।
चंदन सर्वांगीं सफळ । तेथ मागतां फळ नाडिजे स्वयें ॥ ७९६ ॥

ഫലത്തോടുള്ള അനാസക്തിയാണ് കർമ്മത്തിന്റെ ശാശ്വതമായ ഫലം; ഫലം പ്രതീക്ഷിച്ചുകൊണ്ട് കർമ്മം ചെയ്യുന്നവരെല്ലാം ഒരു മിഥ്യാധാരണയിലാണ് കഴിയുന്നത്.ചന്ദനം അടിസ്ഥാനപരമായി സുഗന്ധം നൽകുന്ന ഒന്നാണ്; അതിൽ നിന്ന് ഫലം ആഗ്രഹിക്കുന്നത് സ്വയം വഞ്ചിക്കുന്നതിന് തുല്യമാണ്.

हातिं आंतुडावया मासा । गळीं लाविजे अल्प आमिषा ।
तेवीं निष्काम करावया मानसा । वेदु फळाशा प्रलोभी ॥ ७९७ ॥

മത്സ്യത്തെ ആകർഷിക്കാൻ ചൂണ്ടയിൽ ഇര കോർക്കുന്നതുപോലെ, കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലൂടെ ഫലം ലഭിക്കുമെന്ന് വേദങ്ങൾ വാഗ്ദാനം ചെയ്യുന്നു.

आमिष घालूनि मासे पाळी । किं तद्योगें जळाबाहेर गाळी ।
तेवीं कर्म कर्मातें निर्दाळी । हें नेणिजे मुळीं फळकामी ॥ ७९८ ॥

മത്സ്യത്തെ വെള്ളത്തിൽ ജീവിക്കാൻ സഹായിക്കാനാണോ ആളുകൾ ഇര ഉപയോഗിക്കുന്നത്? അതോ അവർ മത്സ്യത്തെ പുറത്തെടുക്കുകയാണോ ചെയ്യുന്നത്? അതുപോലെ, കർമ്മം കർമ്മത്തിനെ നശിപ്പിക്കുന്നു. എന്നാൽ തങ്ങളുടെ പ്രവൃത്തികളുടെ ഫലം ആഗ്രഹിക്കുന്നവർക്ക് ഈ ലളിതമായ വസ്തുത അറിയില്ല.

हो कां फळाचिये चाडे । स्वधर्मकर्मीं प्रवृत्ति घडे ।

तेणें नैष्कर्म्यसिद्धि आंतुडे । हें वेदाचे फुडें निजगुह्य ॥ ७९९ ॥

ഫലപ്രതീക്ഷയോടെ സ്വധർമ്മം അനുഷ്ഠിക്കുന്നതിലൂടെ ഒരാൾ നൈഷ്കർമ്മ്യസിദ്ധി (കർമ്മബന്ധത്തിൽ നിന്നുള്ള മോചനം) കൈവരിക്കുന്നു; ഇതാണ് വേദങ്ങളുടെ യഥാർത്ഥ ലക്ഷ്യം.

कर ब्रह्मत्वें सदा सफळ । फळ वांच्छी त्यातें निष्फळ ।
हें जाणोनि कर्मकुशळ । फळाशा समूळ छेदिती ॥ ८०० ॥

കർമ്മം ബ്രഹ്മസ്വരൂപം തന്നെയാണെന്നുള്ള തിരിച്ചറിവോടുകൂടി അനുഷ്ഠിക്കുമ്പോൾ അത് എപ്പോഴും ഫലപ്രദമാകുന്നു; എന്നാൽ, ഫലം ആഗ്രഹിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം അത് നിഷ്ഫലമായിത്തീരുന്നു. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട്, കർമ്മനിപുണരായവർ ഫലത്തോടുള്ള ആഗ്രഹത്തെ ഉപേക്ഷിക്കുന്നു.

ऐसें आचरतां वैदिक कर्म । तेणें कर्में पाविजे नैष्कर्म्य ।
याहोनियां अति सुगम । सांगेन वर्म तें ऐक ॥ ८०१ ॥

ഇപ്രകാരം വൈദികകർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ട് ഒരാൾ നൈഷ്കർമ്മ്യം പ്രാപിക്കുന്നു. എന്നാൽ ഇതിലും എളുപ്പമായ മറ്റൊരു മാർഗ്ഗം ഞാൻ പറഞ്ഞുതരാം; ശ്രദ്ധിക്കുക.

യ ആശു ഹൃദയഗ്രന്ഥിം നിർജ്ജിഹീർഷുഃ പരാത്മനഃ ।
വിധിനോപചരേദ്ദേവം തന്ത്രോക്തേന ച കേശവം ॥ 47 ॥

യാതൊരുത്തൻ തന്റെ ഹൃദയഗ്രന്ഥിയെ വേഗത്തിൽ നശിപ്പിക്കാൻ താത്പര്യമുള്ളവനോ, അവൻ തന്ത്രത്തിൽ പറഞ്ഞ വിധിപ്രകാരം പരമാത്മാവായിരിക്കുന്ന ഭഗവാനായ ശ്രീനാരായണനെ ഉപാസിക്കണം.

जेणें वासनेचें जाळ तुटे । अहंकाराची गांठी सुटे ।
जीवीं परमात्मा स्वयें प्रगटे । तें तांत्रिक गोमटें ऐक राया ॥ ८०२ ॥

ഹേ രാജാവേ! വാസനകൾ തകർക്കപ്പെടുകയും, അഹങ്കാരമെന്ന കെട്ട് അഴിഞ്ഞുമാറുകയും, ജീവാത്മാവിൽ പരമാത്മാവ് തന്നെ സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്ന ആ മനോഹരമായ

താന്ത്രിക സാധനയെക്കുറിച്ച് ഞാൻ വിവരിക്കുന്നത് ശ്രദ്ധിച്ചാലും.

जया तांत्रिक महापूजा । संतोष होय गरुडध्वजा ।
तें तांत्रिक विधान वोजा । महाराजा अवधारीं ॥ ८०३ ॥

രാജാധിരാജാവേ! ഭഗവാന് സംതൃപ്തി പകരുന്ന ആ മഹത്തായ താന്ത്രികാരാധനയുടെ ക്രമം ഇപ്പോൾ കേൾക്കുക.

वैदिक मंत्र तांत्रिक तंत्र । हे मिश्रपूजा अतिपवित्र ।
शीघ्र निष्काम करी नर । तो पूजाप्रकार अतिउत्तम ॥ ८०४ ॥

വേദമന്ത്രങ്ങളും താന്ത്രിക ആചാരങ്ങളും ഉൾക്കൊള്ളുന്ന ആരാധന പരമപവിത്രമാണ്. അത് ഒരു വ്യക്തിയെ തൽക്ഷണം സ്വാർത്ഥ മോഹങ്ങളിൽ നിന്ന് മോചിപ്പിച്ച് നിഷ്കാമനാക്കുന്നു. ഇങ്ങനെയുള്ള ആരാധനാരീതിയാണ് ഏറ്റവും മികച്ചത്.

वैदिक अथवा तांत्रिक । गुरुमार्गें सिद्धिदायक ।
यालागी गा आवश्यक । सद्‌गुरुसी देख शरण जावें ॥ ८०५ ॥

എങ്കിലും, ആരാധന വൈദികമോ താന്ത്രികമോ ആകട്ടെ, ഗുരു കാണിച്ചുതന്ന മാർഗ്ഗത്തിലൂടെ അനുഷ്ഠിക്കുമ്പോൾ മാത്രമേ അത് സഫലമാവുകയുള്ളൂ. അതുകൊണ്ടാണ് ഒരാൾ ആദ്യം ഒരു സദ്ഗുരുവിനെ ആശ്രയിക്കേണ്ടത്.

ലബ്ധാനുഗ്രഹ ആചാര്യാത്തേന സന്ദർശിതാഗമഃ ।
മഹാപുരുഷമഭ്യർച്ചേൻമൂർത്ത്യാഭിമതയാƒƒത്മനഃ ॥ 48 ॥

ഗുരുവിൽനിന്ന് സിദ്ധിച്ച അനുഗ്രഹത്തോടുകൂടിയവനും അദ്ദേഹത്താൽ കാണിക്കപ്പെട്ട വേദസാരരൂപമായ മന്ത്രങ്ങളോടുകൂടിയവനുമായിട്ട് തന്റെ മനസ്സിന് ഇഷ്ടമുള്ള സ്വരൂപത്തെ ധ്യാനിച്ചുകൊണ്ട് ഉത്തമപുരുഷനായ ഭഗവാനെ പൂജിക്കുന്നവനായിരിക്കണം.

प्रवृत्तिनिवृत्तिकृत कार्या । अवश्य पाहिजे आचार्या ।
आपमतीं भजतां राया । अनेक अपायांमाजीं पडे ॥८०६ ॥

പ്രവൃത്തിമാർഗ്ഗമോ നിവൃത്തിമാർഗ്ഗമോ ആയാലും ഒരു ഗുരു അത്യന്താപേക്ഷിതമാണ്. അല്ലയോ രാജാവേ! ഒരാൾ സ്വന്തമായി ഭക്തിസാധനയിൽ ഏർപ്പെട്ടാൽ, പലവിധ പ്രതിസന്ധികൾ നേരിടേണ്ടി വരാൻ സാധ്യതയുണ്ട്.

भोयी पाय सिद्ध आहेती । भोयाळेंवीण वृथा भ्रमती ।
तेवीं गुरूवीण जे जे करिती । ते ते अहंमती दृढ भ्रमले ॥ ८०७ ॥

നിലവും സ്വന്തം പാദങ്ങളും അവിടെത്തന്നെയുണ്ടെങ്കിലും, വഴികാട്ടിയില്ലെങ്കിൽ ലക്ഷ്യമില്ലാതെ അലഞ്ഞുനടക്കേണ്ടി വരുന്നു. അതുപോലെ, അഹങ്കാരത്താൽ പ്രചോദിതരായി ഒരു ഗുരുവിനെ കൂടാതെ ആത്മീയ സാധനകൾക്ക് മുതിരുന്നവർ സ്വന്തം അഹംഭാവം മൂലം ഭ്രമത്തിൽ അകപ്പെടുന്നു.

गुरु ब्रह्म दोनी ऐक । ऐशिया भावना आवश्यक ।
सेवा करूनि भावपूर्वक । संतोषवूनि देख अनुग्रहो घ्यावा ॥ ८०८ ॥

ഗുരുവും ബ്രഹ്മവും ഒന്നുതന്നെയാണെന്ന് മനസ്സിൽ ഉറപ്പിച്ചുകൊണ്ട് അദ്ദേഹത്തെ ഭക്തിയോടെ സേവിക്കുകയും, അദ്ദേഹത്തിന്റെ അനുഗ്രഹത്തിന് പാത്രമാവുകയും വേണം.

तेथ निजाधिकारप्राप्तें । जे मूर्ति आवडेल आपणियातें ।
तेचि मंत्रविद्या तेथें । श्रद्धासंभरितें अंगीकारावी ॥ ८०९ ॥

തുടർന്ന്, ഒരാളുടെ യോഗ്യതയ്ക്കോ ആത്മീയമായ ചായ്വിനോ അനുസൃതമായി, തനിക്ക് ഇഷ്ടപ്പെട്ട ദേവതയുമായി ബന്ധപ്പെട്ട മന്ത്രാധിഷ്ഠിതമായ അറിവ് നേടണം.

तेव्हां गुरुमुखें मिश्र वोजा । पुरुषोत्तममहापूजा ।
शिकोनियां निजकाजा । भजावें अधोक्षजा शिक्षिता मतीं ॥ ८१० ॥

തുടർന്ന്, പുരുഷോത്തമന്റെ വൈദിക-താന്ത്രിക മിശ്രിത മഹാപൂജയെക്കുറിച്ച് ഗുരുവിൽ നിന്ന് അറിഞ്ഞ്, താൻ തിരഞ്ഞെടുത്ത ദേവതയെ പ്രാപിക്കുന്നതിനായി ഭഗവാനെ ആരാധിക്കുകയും ഭജിക്കുകയും വേണം.

ते चि भजती हातवटी । आगमोक्त निजपुष्टी ।

राया सांगेन गोमटी । सावधानदृष्टीं अवधारीं ॥ ८११ ॥

ഹേ രാജാവേ! ആഗമങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആരാധനാക്രമം ഞാൻ ഇപ്പോൾ വിശദമായി വിവരിക്കാം; ശ്രദ്ധയോടെ കേൾക്കുക.

ശുചിഃ സമ്മുഖമാസീനഃ പ്രാണസംയമനാദിഭിഃ ।
പിണ്ഡം വിശോധ്യ സന്ന്യാസകൃതരക്ഷോഽർച്ചയേദ്ധരിം ॥ 49 ॥

ശുദ്ധനായിട്ട് എതിർമുഖമായി ഇരുന്നിട്ട് പ്രാണായാമാദികൾക്കൊണ്ട് ദേഹത്തെ ശുദ്ധി വരുത്തിയിട്ട് അംഗന്യാസാദികളാൽ ചെയ്യപ്പെട്ട രക്ഷയോടുകൂടിയവനായി ശ്രീ മഹാവിഷ്ണുവിനെ പൂജിക്കണം.

विध्युक्त करितां संध्यास्नान । तेथचि आहे ब्रह्मज्ञान ।
आचमनीं होय हरिरूप आपण । हें नेणोनि अज्ञान आगमीं भरती ॥ ८१२ ॥

നിർദേശിച്ച രീതിയിൽ സ്നാനവും സന്ധ്യാവന്ദനവും ചെയ്യുന്നത് തന്നെ ബ്രഹ്മജ്ഞാനം ആകുന്നു. കേശവാദി നാമങ്ങളാൽ ആചമനം ചെയ്യുമ്പോൾ നാം ഹരിസ്വരൂപമായിത്തന്നെ മാറുന്നു. ഈ തിരിച്ചറിവില്ലായ്മ കാരണം, തന്ത്ര മാർഗ്ഗം അജ്ഞതയിൽ മുങ്ങിയതാണെന്ന് ചിലർ വാദിക്കാറുണ്ട്.

करूनि आगमोक्त संध्यास्नान । मूर्तीपासीं येऊन जाण ।
संमुख घालावें आसन । चैलाजिनकुशयुक्त ॥ ८१४ ॥

(അതുകൊണ്ട്, അങ്ങനെ ചെയ്യരുത്) ശാസ്ത്രവിധിപ്രകാരം സ്നാന സന്ധ്യാദി കർമ്മാനുഷ്ഠാനങ്ങൾ ചെയ്തതിനുശേഷം, വിഗ്രഹത്തെ സമീപിച്ച് അതിന്റെ മുന്നിൽ ഒരു ഇരിപ്പിടം വിരിക്കണം. ആദ്യം, ഒരു ദർഭ പുൽപ്പായ വിരിക്കണം; അതിന് മുകളിൽ ഒരു മാൻതോൽ വയ്ക്കണം; അതിന്മേൽ ഒരു മടക്കിയ തുണി വിരിക്കണം.

रेचक-पूरक-कुंभकें जाण । प्रणायामें प्राणसंयमन ।
भूतशुद्ध्यादिकीं जाण । शरीरशोधन करावें ॥ ८१५ ॥

അതിൽ ഇരുന്നുകൊണ്ട്, പ്രാണനെ നിയന്ത്രിക്കാനും ഭൂതശുദ്ധി തുടങ്ങിയവയിലൂടെ ശരീരത്തെ ശുദ്ധീകരിക്കാനും വേണ്ടി

രേചകം, പൂരകം, കുംഭകം തുടങ്ങിയ പ്രാണായാമങ്ങൾ അനുഷ്ഠിക്കണം.

भूतविलय भूतशुद्धी । प्राणप्रतिष्ठा पिंडादिशुद्धी ।
मूळमंत्रें न्यास प्रबुद्धीं । गुरुदीक्षाविधी विध्युक्त कीजे ॥ ८१६ ॥

ഭൂതവിലയം, ഭൂതശുദ്ധി, പ്രാണപ്രതിഷ്ഠ തുടങ്ങിയവയിലൂടെ ശരീരം ശുദ്ധീകരിച്ച ശേഷം, ഗുരുസമ്പ്രദായത്തിൽ നിന്ന് ലഭിച്ച രീതി അനുസരിച്ച്, വിജ്ഞാനിയായ ഒരാൾ മൂലമന്ത്രം ഉപയോഗിച്ച് ശരീരഭാഗങ്ങളിൽ 'ന്യാസം' അനുഷ്ഠിക്കണം.

हृदय कवच शिखा शिर । नेत्रे अस्त्रादि फट्कार ।
एवंविधान अनुकार । आगमोक्तप्रकार करावे न्यास ॥ ८१७ ॥

ഹൃദയം, കവചം, ശിഖ, ശിരസ്സ്, നേത്രം, അസ്ത്രായഭട്ട് തുടങ്ങിയ അവയവങ്ങളിൽ താന്ത്രികമായ രീതിയിലോ ഗുരു സമ്പ്രദായമുറയനുസരിച്ചോ, അതാത് മന്ത്രങ്ങൾകൊണ്ട് ന്യസിക്കണം.

यापरी मूळमंत्रदीक्षा । करोनि दिग्बंधादि संरक्षा ।
मग मूर्तिपूजनपक्षा । नृपाध्यक्षा अवधारीं ॥ ८१८ ॥

അല്ലയോ രാജാധിരാജാവേ, ഇപ്രകാരം മൂലമന്ത്രദീക്ഷ സ്വീകരിച്ചതിനും ദിഗ്ബന്ധനം തുടങ്ങിയ സംരക്ഷണകർമ്മങ്ങൾ അനുഷ്ഠിച്ചതിനും ശേഷം വിഗ്രഹാരാധന നടത്തേണ്ടതാണ്. ശ്രദ്ധിക്കുക, ആ വിധിക്രമം ഞാൻ വിവരിക്കാം.

അർച്ചാദൌ ഹൃദയേ ചാപി യഥാ ലബ്ധോപചാരകൈഃ ।
ദ്രവ്യക്ഷിത്യാത്മലിംഗാനി നിഷ്പാദ്യ പ്രോക്ഷ്യ ചാസനം ॥ 50 ॥

ബിംബാദികളിലും ഹൃദയത്തിലും യഥോചിതം സിദ്ധിക്കുന്ന ഉപചാരപദാർത്ഥങ്ങൾക്കൊണ്ട് പൂജാദ്രവ്യം, സ്ഥലം, ദേഹം, ബിംബം ഇവയേയും ഇരിക്കുന്ന പീഠത്തേയും സമ്പാദിക്കുകയും പുണ്യാഹം തളിച്ചു ശുദ്ധിവരുത്തുകയും ചെയ്യണം.

प्रयोगछंद संपूर्ण । पूर्वान्वया विपरीत जाण ।

द्रव्यशुद्धि क्षितिमार्जन । हें मागील निरूपण पुढां आलें ॥ ८१९ ॥

മുൻപത്തെ ശ്ലോകത്തിൽ സൂചിപ്പിച്ചതുപോലെ, ദ്രവ്യശുദ്ധീകരണം, ഭൂമി ശുദ്ധീകരണം തുടങ്ങിയ എല്ലാ പ്രക്രിയകളും വീണ്ടും ചെയ്യേണ്ടതാണ്.

द्रव्यशुद्धि मुख्यशोधन । भूमिशुद्धि संमार्जन ।
आत्मशुद्धि सावधान । काढिल्या अनुलेपन मूर्तिशुद्धी ॥ ८२० ॥

നിലം അടിച്ചുവാരുന്നതിലൂടെ ഭൂമി ശുദ്ധീകരിക്കപ്പെടുന്നു; മനസ്സിനെ ജാഗ്രതപ്പെടുത്തുന്നതിലൂടെ ആത്മശുദ്ധി കൈവരുന്നു; വിഗ്രഹത്തിൽ നേരത്തെ ചാർത്തിയിരുന്ന അലങ്കാരമോ പൂജാദ്രവ്യങ്ങളോ (നിർമ്മാല്യം) നീക്കം ചെയ്യുന്നത് വിഗ്രഹശുദ്ധീകരണമായിത്തീരുന്നു.

पूजासंभार सिद्ध करून । समस्त शंखतोयें प्रोक्षून ।
निजासनीं सावधान । एकाग्र जाण बैसावें ॥ ८२१ ॥

തുടർന്ന്, പൂജയ്ക്കുള്ള സാമഗ്രികൾ ഒരുക്കി അവയിലെല്ലാം ശംഖിലെ ജലം തളിച്ചശേഷം, ഏകാഗ്രചിത്തനായി സ്വന്തം ആസനത്തിൽ ഉപവിഷ്ടനാകണം.

ज्यासी ध्यानीं मूर्ति न ये संपूर्ण । तेणें प्रतिमामूर्ति अधिष्ठान ।
तेथेंचि करावें पूजन । लब्धोपचारें जाण आगमोक्त ॥ ८२२ ॥

ധ്യാനത്തിൽ പൂർണ്ണരൂപം മനസ്സിൽ കാണാൻ കഴിയാത്ത ഒരാൾ ഒരു വിഗ്രഹം പ്രതിഷ്ഠിച്ച്, ആഗമവിധിപ്രകാരമുള്ള വഴിപാടുകളും അനുഷ്ഠാനങ്ങളും ഉപയോഗിച്ച് അതിനെ ആരാധിക്കണം.

ज्यासी ध्याना मूर्ति ये अतिसंकटीं । तेणें बाह्योपचारआटाटी ।
सांडूनियां ध्यानदृष्टीं । करावी गोमटी मानसपूजा ॥ ८२३ ॥

കഠിനമായ പരിശ്രമത്തിലൂടെ ധ്യാനത്തിൽ ആ രൂപം തെളിയുകയാണെങ്കിൽ, ബാഹ്യമായ ആചാരങ്ങളെക്കുറിച്ചുള്ള ചിന്തകൾ മാറ്റിവെച്ച്, ധ്യാനലബ്ധമായ അന്തർദൃഷ്ടി ഉപയോഗിച്ച് ഉത്തമമായ രീതിയിൽ മാനസപൂജ അനുഷ്ഠിക്കണം.

ज्याचे हृदयींचें न विकरे ध्यान । बाह्यमूर्तिपूजेसी सावधान ।
तेणें उभयतां पूजन । करावें संपूर्ण आगमोक्त ॥ ८२४ ॥

ധ്യാനത്തിൽ നിന്ന് മനസ്സ് വ്യതിചലിക്കാത്തവരും അതേസമയം ബാഹ്യമായ വിഗ്രഹത്തെ ശ്രദ്ധാപൂർവ്വം ആരാധിക്കാൻ കഴിവുള്ളവരുമായ ഒരാൾ, ആഗമങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പൂർണ്ണമായ രീതിയിൽ ഈ രണ്ട് ആരാധനാക്രമങ്ങളും അനുഷ്ഠിക്കേണ്ടതാണ്.

പാദ്യാദീനുപകൽപ്യാഥ സന്നിധാപ്യ സമാഹിതഃ ।
ഹൃദാദിഭിഃ കൃതന്യാസോ മൂലമന്ത്രേണ ചാർച്ചയേത് ॥ 51 ॥

പാദോദകം മുതലായവയെ സമ്പാദിച്ചിട്ട് സമീപത്തുവെച്ചിട്ട് പിന്നെ എകാഗ്രചിത്തനായി ഹൃദയാദികൾക്കൊണ്ട് ചെയ്യപ്പെട്ട ന്യാസത്തോടുകൂടിയവനായിട്ട് മൂലമന്ത്രം കൊണ്ടും പൂജിക്കണം.

सकळ पूजासंभार । निकट ठेवूनि उपचार ।
मग मूर्तीसी न्यासप्रकार । उक्तशास्त्र करावा ॥ ८२५ ॥

ആരാധനാ സാമഗ്രികളെല്ലാം അടുത്തുതന്നെ വയ്ക്കുക; തുടർന്ന് ശാസ്ത്രീയവിധിപ്രകാരം വിഗ്രഹത്തിന്റെ 'ന്യാസം' നിർവഹിക്കുക.

जैसेचि न्यास आपणास । तैसेचि करावे मूर्तीस ।
हा आगमोक्त गुरुसौरस । मूळमंत्रें न्यास मूर्तीसी ॥ ८२६ ॥

നമ്മുടെ സ്വന്തം ശരീരത്തിൽ ന്യാസം ചെയ്യുന്നതുപോലെ തന്നെ, വിഗ്രഹത്തിലും അത് ചെയ്യണം. മൂലമന്ത്രം ഉപയോഗിച്ച് ദേവതാന്യാസം അനുഷ്ഠിക്കണം; ഇതാണ് ആഗമങ്ങൾ അനുശാസിക്കുന്ന ഗുരുദീക്ഷ.

आगमोक्त करितां न्यास । अंगप्रत्यंगीं विन्यास ।

तेणें कर्ता होय हृषीकेश । हा अर्थसौरस दृढ करावा ॥ ८२७ ॥

സ്വന്തം അവയവങ്ങളിലും ശരീരഭാഗങ്ങളിലും ന്യാസം അനുഷ്ഠിക്കുന്നതിലൂടെ, ഒരു വ്യക്തി സ്വയം ഹൃഷീകേശൻ ആയിത്തീരുന്നു. ഈ നിശ്ചയം മനസ്സിൽ ഉണ്ടായിരിക്കണം.

दृढ करोनि अनुसंधान । मूळमंत्रें मूर्तिपूजन ।
हृदयीं आणि प्रतिमेसी जाण । पूजाविधान दोहीं ठायीं ॥ ८२८ ॥

മനസ്സിനെ അചഞ്ചലമായി ഏകാഗ്രമാക്കിക്കൊണ്ട്, 'മൂലമന്ത്രം' ഉപയോഗിച്ച്, നിശ്ചിത വിധികൾ പ്രകാരം ഹൃദയത്തിനുള്ളിലെ രൂപത്തെയും ബാഹ്യമായ വിഗ്രഹത്തെയും ആരാധിക്കണം.

സാംഗോപാംഗാം സപാർഷദാം താം താം മൂർത്തിം സ്വമന്ത്രതഃ ।
പാദ്യാർഘ്യാചമനീയാദ്യൈഃ സ്നാനവാസോവിഭൂഷണൈഃ ॥ 52 ॥

അവയവം, ആയുധം എന്നിവയോടും കാവൽക്കാർ, ഭൃത്യന്മാർ ഇവരോടും കൂടിയ അതതുമൂർത്തിയെ അവരവരുടെ മന്ത്രത്താൽ കാൽ കഴുകാനും മുഖം കഴുകാനും ദേഹശുദ്ധി വരുത്താനും ഉള്ള ജലംകൊണ്ടും, സ്നാനം, വസ്ത്രം, അലങ്കാരം ഇവകൊണ്ടും പൂജിക്കേണ്ടതാകുന്നു.

करचरणादि अव्यंग । मूर्ति चिंतावी सुन्दर साङ्ग ।
श्याम मनोहर श्रीरंग । उल्हास चांग निजध्यानीं ॥ ८२९ ॥

ദോഷരഹിതമായ ശ്രീരംഗന്റെ ശ്യാമ സുന്ദരവും മനോഹരവുമായ മൂർത്തിയെ ധ്യാനിക്കണം; അപ്രകാരം ധ്യാനിക്കുമ്പോൾ മനസ്സ് ഉല്ലാസഭരിതമായിരിക്കണം.

मूर्ति चतुर्भुज वेल्हाळ । शंख चक्र गदा कमळ ।
सुनंदादि पार्षदमेळ । चिंतावे सकळ आयुधादिक ॥ ८३० ॥

ശംഖ്, ചക്രം, ഗദ, താമര എന്നിവ ധരിച്ച ആ മനോഹരമായ ചതുർഭുജ വിഗ്രഹത്തെയും, ഒപ്പം കാവൽക്കാർ, ഭൃത്യന്മാർ എന്നിവരേയും ധ്യാനിക്കണം.

यथोक्त मधुपर्कविधान । अर्घ्यपाद्यादि आचमन ।

पुरुषसूक्तमंत्रें जाण । करावें स्नान निर्मळ जळें ॥ ८३१ ॥

മധുപർക്കം, പാദ്യം, അർഘ്യം, ആചമനം എന്നിവ സമർപ്പിക്കുന്ന ചടങ്ങുകൾ നിർവഹിച്ച ശേഷം, പുരുഷസൂക്ത മന്ത്രം ചൊല്ലിക്കൊണ്ട് ശുദ്ധജലം കൊണ്ട് ദേവനെ അഭിഷേകം ചെയ്യണം.

मुकुट कुंडलें कटी मेखला । कांसे मिरवे सोनसळा ।
आपाद रुळे वनमाळा । कौस्तुभ तेजाळा कंठीं झळके ॥ ८३२ ॥

കിരീടം, കുണ്ഡലങ്ങൾ, അരയിൽ ഒരു അരപ്പട്ട, ധരിക്കാനായി സ്വർണ്ണക്കരയുള്ള പീതാംബരം, കഴുത്തു മുതൽ പാദം വരെ ശരീരത്തെ അലങ്കരിക്കുന്ന വനമാല, കൂടാതെ കഴുത്തിൽ ശോഭിക്കുന്ന കൗസ്തുഭമണി...

पाद पद्मांकित सुकुमार । ऊर्ध्वरेखा ध्वज वज्र ।
वांकी अंदुवांचा गजर । चरणीं तोडर गर्जतु ॥ ८३३ ॥

...പാദതലങ്ങളിൽ കാണപ്പെടുന്ന പദ്മരേഖകൾ, ലംബരേഖ, പതാക, വജ്രം തുടങ്ങിയ അടയാളങ്ങളും, അതുപോലെ കൈകളിൽ അണിഞ്ഞിരിക്കുന്ന വളകളും പാദങ്ങളിൽ അണിഞ്ഞിരിക്കുന്ന പാദസരങ്ങളും (ഇപ്രകാരം ധ്യാനിക്കണം).

ഗന്ധമാല്യാക്ഷതസ്രഗ്ഭിർദ്ധൂപദീപോപഹാരകൈഃ ।
സാംഗം സമ്പൂജ്യ വിധിവത്സ്തവൈഃ സ്തുത്വാ നമേദ്ധരിം ॥ 53 ॥

ചന്ദനം, മാല്യം, കുറിയിടാനുള്ള സാധനം, മാല ഇവകൊണ്ടും, ധൂപം, ദീപം, നൈവേദ്യം മുതലായവക്കൊണ്ടും അംഗങ്ങളൊന്നും വിടാതെ ശാസ്ത്രപ്രകാരം പൂജിച്ചിട്ട്, സ്തോത്രങ്ങൾക്കൊണ്ട് സ്തുതിച്ചിട്ട് ഹരിയെ നമസ്ക്കരിക്കണം.

निढळीं शुद्ध श्यामकळा । टिळकु रेखिला पिंवळा ।
त्यावरी अक्षता सोज्वळा । आरक्त तेजाळा कुंकुमाक्त ॥ ८३४ ॥

ശ്യാമള വർണ്ണത്തോടെയും, നെറ്റിയിൽ മഞ്ഞക്കുറിയോടെയും, അതിൽ കുങ്കുമം പുരട്ടിയ അക്ഷതയും...

(കുറിപ്പ് - നെറ്റിയിൽ തിലകത്തിനൊപ്പം കുങ്കുമം പുരട്ടിയ അക്ഷത

തൊട്ടുകൊടുക്കുക എന്നത് ഒരു മറാഠി സമ്പ്രദായമാണ്. അതുകൊണ്ടാണ് ഏകനാഥ് മഹാരാജ് ഇങ്ങനെ വിവരിച്ചിരിക്കുന്നത്)

सुमनें गुंफिली वीरगुंठी । त्यांवरी मधुकरांची घरटी ।
तुळसीकमळमाळा कंठीं । चंदनाची उटी श्यामंगीं शोभे ॥ ८३५ ॥

ചുറ്റും തേനീച്ചക്കൂട്ടം വട്ടമിട്ടു പറക്കുന്ന പൂമാലകൾ, കഴുത്തിൽ താമരയുടെയും തുളസിയുടെയും മാലകൾ, ഇരുനിറമുള്ള ശരീരത്തിൽ ചന്ദനലേപനം!

धूप दीपं उपहार । तांबूल अर्पावा सकर्पूर ।
निरंजनें जयजयकार । मंत्रावसर अर्पावा ॥ ८३६ ॥

(ധ്യാനം ഇങ്ങനെ ചെയ്യണം) ധൂപം, ദീപം, നൈവേദ്യം, പച്ച കർപ്പൂരം അടങ്ങിയ താംബൂലം എന്നിവ സമർപ്പിക്കണം. തുടർന്ന് ദീപത്താൽ ആരതി ഉഴിഞ്ഞ്, ഉച്ചത്തിലുള്ള മന്ത്രധ്വനിയോടെ ജയഘോഷം ചെയ്ത് മന്ത്രപുഷ്പം സമർപ്പിക്കണം.

स्तुति करावी वेदोक्त मंत्रें । कां पुराणोक्त नाना स्तोत्रें ।
अथवा प्राकृत नामोच्चारें । नाना प्रकारें गद्यपद्यें ॥ ८३७ ॥

അതിനുശേഷം, വേദോക്തമായ മന്ത്രങ്ങൾ കൊണ്ടോ പുരാണപ്രകാരമുള്ള വിവിധതരം സ്തോത്രങ്ങൾ കൊണ്ടോ, അല്ലെങ്കിൽ പ്രാകൃത ഭാഷയിൽ വിവിധ നാമകീർത്തനങ്ങൾ ഉപയോഗിച്ചുള്ള ഗദ്യരൂപത്തിലോ സ്തുതികൾ അർപ്പിക്കണം.

स्तवनें संतोष अधोक्षजा । ऐसें भावावें महाराजा ।
मग साष्टांगें अतिवोजा । गरुडध्वजा नमस्कारावें ॥ ८३८ ॥

ഹേ ജനക രാജാവേ! സ്തുതിഗീതങ്ങളാൽ ഭഗവാൻ പ്രീതനാകുന്നു എന്ന ഉറച്ച ബോധ്യത്തോടെ, സ്നേഹം നിറഞ്ഞ ഹൃദയത്തോടെ ശ്രീഹരിക്ക് സാഷ്ടാംഗപ്രണാമം അർപ്പിക്കണം.

आत्मानं तन्मयं ध्यायन् मूर्तिं संपूजयेद्धरेः ।

शेषामाधाय शिरसा स्वधाम्न्युद्वास्य सत्कृतम् ॥ ५४ ॥

ആത്മാനം തൻമയം ധ്യായൻ മൂർത്തിം സമ്പൂജയേദ്ധരേഃ ।
ശേഷാമാധായ ശിരസി സ്വധാമ്ന്യുദ്വാസ്യ സത്കൃതം ॥ 54 ॥

ആത്മാവിനെ (ഉപാസകനായ തന്നെ) ഭഗവദ്രൂപമായിട്ട് ധ്യാനിച്ചുംകൊണ്ട് ഹരിയുടെ മൂർത്തിയെ ശ്രദ്ധയോടെ പൂജിക്കണം. നിവേദിച്ച മാല മുതലായതിനെ ശിരസ്സുകൊണ്ട് ധരിച്ചിട്ട് പൂജിക്കപ്പെട്ട ഭഗവാനെ സ്വന്തം സ്ഥാനത്തിൽ (ഹൃദയത്തിലോ ബിംബത്തിലോ) ഉദ്വസിപ്പിച്ചിട്ട് പൂജയെ സമർപ്പിക്കണം.

द्वैतभावें भजनविधि । ते जाणावी स्थूल बुद्धि ।
भजनाची भजनसिद्धी । जाण त्रिशुद्धी तन्मय होणें ॥ ८३९ ॥

ദ്വൈതഭാവത്തോടെ ഭക്തിഗാനാലാപനത്തിൽ ഏർപ്പെടുന്നത് സ്ഥൂലബുദ്ധിയുടെ ലക്ഷണമാണെന്ന് മനസ്സിലാക്കണം. ഭക്തിയിൽ പൂർണ്ണമായി ലയിച്ചുചേരുന്നതാണ് ഭജന സിദ്ധിയുടെ പൂർണ്ണത.

मूर्तिध्यानें तन्मय स्थिति । ऐक्यत्वें राहे निश्चळ वृत्ति ।
याचि नांव मुख्य भक्ति । उठलिया पुढतीं नमावें हरी ॥ ८४० ॥

മൂർത്തിധ്യാനത്തിൽ തന്മയപ്പെടുന്നതും, ഏകത്വഭാവം നിറഞ്ഞ സ്ഥിരമായ മാനസികാവസ്ഥ നിലനിർത്തുന്നതുമാണ് യഥാർത്ഥ ഭക്തി. ഇപ്രകാരം പൂജ പൂർത്തിയാക്കിയ ശേഷം, വീണ്ടും ശ്രീഹരിയെ നമസ്കരിക്കണം.

ऐशी पूजा करूनि हरी । शेष प्रसादु धरोनि शिरीं ।
मग देवो आपणियाभीतरीं । हृदयमंदिरीं निजविजे ॥ ८४१ ॥

അങ്ങനെ, ഹരിക്ക് സമർപ്പിച്ച നിവേദ്യത്തിന്റെ പവിത്രമായ ശേഷിപ്പ് ശിരസ്സിലണിഞ്ഞതിനുശേഷം, ഭഗവാനെ സ്വന്തം ഹൃദയമെന്ന ക്ഷേത്രത്തിൽ ശയിപ്പിക്കണം.

एवं पूजेचें उद्वासन । ध्यानमूर्ति हृदयीं शयन ।
प्रतिमा पर्यंकीं निजवून । विधिविधानसमाप्ति ॥ ८४२ ॥

ഹൃദയത്തിനുള്ളിൽ ദേവതാസങ്കല്പത്തെ (ധ്യാനമൂർത്തിയെ) വിശ്രമിപ്പിക്കുന്നത് മാനസപൂജയുടെ സമാപനത്തെയും (വിസർജനം), വിഗ്രഹത്തെ ശയ്യയിൽ കിടത്തുന്നത് പ്രതിമാപൂജയുടെ (വിഗ്രഹാരാധന) പൂർത്തീകരണത്തെയും സൂചിപ്പിക്കുന്നു.

जाहलिया पूजविसर्जन । विसर्जूं नये अनुसंधान ।
अखंड हरीचें स्मरण । सर्वस्वें आपण सर्वदा कीजे ॥ ८४३ ॥

പൂജ സമാപിച്ചതിനുശേഷവും ഒരാൾ തന്റെ അനുസന്ധാനം ഉപേക്ഷിക്കരുത്; അതായത്, ഹരിയെക്കുറിച്ചുള്ള അവിച്ഛിന്നമായ സ്മരണ നിരന്തരം നിലനിർത്തണം.

या नांव गा आगमविधि । राया जाण त्रिशुद्धि ।
सदा पाळिती सद्बुद्धि । परमत्मसिद्धिप्रापक ॥ ८४४ ॥

രാജാവേ! ഇതാണ് ആഗമവിധി (ശാസ്ത്രവിഹിതമായ മാർഗ്ഗം) എന്ന് അറിയപ്പെടുന്നത്; ഇക്കാര്യം ഓർത്തിരിക്കുക. ഇത് പരമാത്മസാക്ഷാത്കാരത്തിലേക്ക് നയിക്കുന്നു; അതുകൊണ്ടാണ് ജ്ഞാനികൾ എപ്പോഴും ഇതിനെ അനുസരിക്കുന്നത്.

आगमोक्त विधिलक्षण । प्रतिमाचि मुख्य नव्हे जाण ।
ज्यासी जेथ श्रद्धा पूर्ण । तेथ हें विधान सुखें कीजे ॥ ८४५ ॥

കൂടാതെ, ആഗമങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പൂജാവിധിയിൽ, വിഗ്രഹം മാത്രമാണ് അനിവാര്യമായ ഘടകമെന്ന് കരുതരുത്; മറിച്ച്, എവിടെയാണോ പൂർണ്ണമായ വിശ്വാസമുള്ളത്, അവിടെ യാതൊരു മടിയും കൂടാതെ ഈ പൂജ അനുഷ്ഠിക്കേണ്ടതാണ്.

ഏവമഗ്ന്യർക്കതോയാദാവതിഥൌ ഹൃദയേ ച യഃ ।
യജതീശ്വരമാത്മാനമചിരാൻമുച്യതേ ഹി സഃ ॥ 55 ॥

ഇപ്രകാരം അഗ്നി, സൂര്യൻ, ജലം ഇത്യാദികളിലും അതിഥിയിലും ഹൃദയത്തിലും യാതൊരുത്തൻ സർവ്വേശ്വരനായിരിക്കുന്ന ആത്മാവിനെ

യജിക്കുന്നുവോ അവർ ക്ഷണത്തിൽ സംസാരസങ്കടത്തിൽനിന്ന് മോചിക്കപ്പെടുന്നു നിശ്ചയം.

हे पूजा नव्हे एकदेशी । बहुत स्थानें ये पूजेसी ।
त्यांत शीघ्रतर जें प्राप्तीसी । तें मी तुजपासीं सांगेन राया ॥ ८४६ ॥

രാജാവേ! ഈ ആരാധന ഏകാദശിയിൽ മാത്രം അനുഷ്ഠിക്കപ്പെടുന്ന ഒന്നല്ല; ഇതിനായി പല സ്ഥലങ്ങളുമുണ്ട്. അവയിൽ ഏതാണ് ഭഗവാനെ പ്രാപിക്കാനുള്ള ഏറ്റവും വേഗമേറിയ മാർഗ്ഗം എന്ന് ഞാൻ അങ്ങയെ അറിയിക്കാം.

येणेंचि विधानें यथाकाळीं । साङ्ग पूजा कीजे जळीं ।
अथवा सूर्यमंडळीं । पूजा सोज्ज्वळीं हरिध्यानें कीजे ॥ ८४७ ॥

അതുപോലെതന്നെ, ജലത്തിലോ സൂര്യമണ്ഡലത്തിലോ ഭഗവാൻ ഹരിയെ ധ്യാനിച്ചുകൊണ്ട് ശുദ്ധിയോടെ ആരാധന നടത്താം.

अग्नीच्या ठायीं होय दीप्ति । पूजा कीजे कमळापति ।
अवघ्यापरीस शीघ्रप्राप्ति । पूजावा अथिथि भगवद्भावें ॥ ८४८ ॥

അല്ലെങ്കിൽ, അഗ്നിയിൽ ജ്വാല ഉയരുമ്പോൾ ശ്രീഹരിയുടെ രൂപത്തെ ധ്യാനിച്ചുകൊണ്ട് അതിനെ ആരാധിക്കണം. അല്ലെങ്കിൽ, അതിഥി ദൈവത്തിന്റെ തന്നെ രൂപമാണെന്ന് കരുതി അദ്ദേഹത്തെ ആരാധിക്കുന്നതിലൂടെ വളരെ വേഗത്തിൽ ഭഗവത്പ്രാപ്തി കൈവരിക്കാൻ സാധിക്കുന്നു.

आलिया वैश्वदेवाचे अंतीं । तो भलता हो भलते याती ।
त्यासी जे भगवद्भावें पूजिती । त्यांचे घरा पूर्ण प्राप्ति वोरसोनि ये ॥ ८४९ ॥

വൈശ്വദേവ അനുഷ്ഠാനം പൂർത്തിയായ ശേഷം, ജാതിഭേദമെന്യേ ആര് എത്തിച്ചേർന്നാലും അവരെ ഭഗവത്ഭാവത്തിൽ പൂജിച്ചാൽ, അത്തരം പൂജ നടത്തുന്നവരുടെ ഭവനത്തിലേക്ക് പരമമായ സംതൃപ്തി കടന്നുവരുന്നു.

पूर्वीं अनोळखु निश्चितीं । आलिया वैश्वदेवाचें अंतीं ।

त्यातें ब्रह्मभावें जे पूजिती । त्यांसी भुक्तिमुक्ति आंदणी ॥ ८५० ॥

വൈശ്വദേവകർമ്മത്തിന്റെ സമാപനവേളയിൽ തീർത്തും അപരിചിതനായ ഒരാൾ എത്തിച്ചേരുകയും, അദ്ദേഹത്തെ ഈശ്വരഭാവത്തോടെ ആരാധിക്കുകയും ചെയ്താൽ, ഭുക്തിയും മുക്തിയും ആ വ്യക്തിക്ക് അധീനമായിത്തീരുന്നു.

त्या वैश्वदेवाचे अंतीं जाण । निजभाग्यें आलिया शुद्ध ब्राह्मण ।
तया श्रद्धेनें पूजितां आपण । ते घरीं नारायण स्वानंदें वसे ॥ ८५१ ॥

ഭാഗ്യവശാൽ, വൈശ്വദേവകർമ്മം പൂർത്തിയാക്കിയ വേളയിൽ ഒരു സദ്ബ്രാഹ്മണൻ എത്തിച്ചേരുകയാണെങ്കിൽ, അദ്ദേഹത്തെ ഭക്തിപൂർവ്വം പൂജിച്ചാൽ, സാക്ഷാൽ നാരായണൻ തന്നെ ആ ഭവനത്തിൽ വസിക്കുകയും പരമാനന്ദം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

राया वैश्वदेवाचें अंतीं । अतिथीसवें ये भुक्तिमुक्ति ।
विमुख जाहल्या त्या लाभा नाडती । पूजकां सुखप्राप्ति परमानंदें ॥ ८५२ ॥

രാജാവേ, വൈശ്വദേവകർമ്മം അനുഷ്ഠിക്കുമ്പോൾ, അവിടെയെത്തുന്ന അതിഥിക്കൊപ്പം ഐശ്വര്യവും മോക്ഷവും ആ വീട്ടിലേക്ക് പ്രവേശിക്കുന്നു. അതിഥിയെ സ്വീകരിക്കാതെ ആദരവില്ലാതെ മടക്കി അയച്ചാൽ ആ കുടുംബത്തിന് വലിയ നഷ്ടം സംഭവിക്കുന്നു; എന്നാൽ അതിഥിയെ ആദരിക്കുകയാണെങ്കിൽ, ആതിഥേയന് തന്റെ ഗാർഹികജീവിതത്തിൽ വലിയ സന്തോഷം ലഭിക്കുന്നു.

अतिथीच्या ठायीं मूर्तिध्यान । सर्वथा करणें न लगे जाण ।
तो स्वरूपें स्वयें नारायण । पूजितां संपूर्ण सर्वार्थसिद्धि ॥ ८५३ ॥

അതിഥി സാന്നിധ്യമുള്ളപ്പോൾ വിഗ്രഹത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതില്ല; കാരണം അതിഥി സാക്ഷാൽ നാരായണസ്വരൂപമാണ്; അതിനാൽ അവരെ ആരാധിക്കുന്നത് സർവ്വമംഗളദായകമാകുന്നു.

एवं अतिथीसी जें अर्पे । तें भगवंतमुखीं समर्पे ।

यालागीं अतिसाक्षेपें । अतिथि ब्रह्मरूपें पूजिजे सदा ॥ ८५४ ॥

അതുകൊണ്ട്, അതിഥിക്ക് നൽകപ്പെടുന്നതെന്തും സാക്ഷാൽ ഭഗവാന് തന്നെയാണ് സമർപ്പിക്കപ്പെടുന്നത്. അതിനാൽ, അതിഥിയെ ബ്രഹ്മം ആയിക്കണ്ട്, പരമമായ ആദരവോടെ എപ്പോഴും ബഹുമാനിക്കുകയും സേവിക്കുകയും വേണം.

जें जें बोलिलें पूजास्थान । तेथें निजश्रद्धाचि प्रमाण ।
श्रद्धेवेगळें राया जाण । प्राप्ति संपूर्ण कदा न लभे ॥ ८५५ ॥

രാജാവേ! നേരത്തെ സൂചിപ്പിച്ച ആരാധനാസ്ഥലത്ത് ഭക്തന്റെ വിശ്വാസമാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. ശ്രദ്ധയില്ലാതെ പൂർണ്ണമായ സംതൃപ്തി ഒരിക്കലും നേടാനാവില്ലെന്ന് ഓർമ്മിക്കുക.

निजश्रद्धेचें हृदय स्थान । ते हृदयीं विध्युक्त पूजन ।
करितां श्रद्धेनें आपण । प्राप्ति संपूर्ण उद्बोधे स्वयें ॥ ८५६ ॥

നമ്മുടെ ഹൃദയവും ഒരു ആരാധനാലയമാണ്. ആ ഹൃദയത്തിനുള്ളിൽ ഭക്തിയോടെ നാം ആരാധിക്കുകയാണെങ്കിൽ, പരമമായ പൂർണവസ്തു നമുക്ക് പ്രാപ്തമാകും.

येऱ्हवीं तरी आपुल्या देहीं । चाळक ईश्वरु आहे हृदयीं ।
श्रद्धेनें भजतां त्याचे ठायीं । निजप्राप्ति पाहीं सहजें लाभे ॥ ८५७ ॥

എന്തായാലും, നമ്മുടെ ശരീരത്തിൽ വ്യാപരിക്കുന്ന ദൈവം നമ്മുടെ ഹൃദയത്തിനുള്ളിൽത്തന്നെ വസിക്കുന്നു. ആ ഭഗവാനെ ഭക്തിയോടെ ആരാധിച്ചാൽ ആത്മസാക്ഷാത്കാരം എളുപ്പത്തിൽ കൈവരിക്കാം.

जें जें आपण सेविजे । तें तें भगवन्मुखीं भाविजे ।
येणें निजभजनें पाविजे । जाण सहजें परमात्मा ॥ ८५८ ॥

താൻ കഴിക്കുന്നതെല്ലാം സാക്ഷാൽ ഭഗവാന്റെ വായിലേക്കാണ് നേരിട്ട് ചെല്ലുന്നത് എന്ന ഭാവത്തോടെ ഭക്തിയിൽ ഏർപ്പെടുമ്പോൾ, പരമാത്മാവിനെ എളുപ്പത്തിൽ പ്രാപിക്കാനാകും.

सांडोनि देहींची अहंता । सकळ भोग ईश्वर भोक्ता ।
ऐसी दृढ भावना भावितां । पाविजे परमार्था अपरोक्षसिद्धी ॥ ८५९ ॥

ദേഹാത്മബുദ്ധിയിൽനിന്നും വരുന്ന അഹങ്കാരത്തെ ത്യജിച്ചുകൊണ്ട്, ലൗകികമായ എല്ലാ സുഖഭോഗങ്ങളും അനുഭവിക്കുന്നത് ദൈവം മാത്രമാണ് എന്ന ദൃഢമായ ബോധ്യം പരമാർത്ഥ സാക്ഷാത്കാരത്തിലേക്ക് നയിക്കുന്നു.

देह जड मूढ अचेतन । सकळभोक्ता ईश्वर पूर्ण ।
तेथ वाढवूनि देहाभिमान । भोगिती अज्ञान अनेक दुःखें ॥ ८६० ॥

ശരീരം ചൈതന്യരഹിതവും ജഡവും അചേതനവും ആണെന്നും, എല്ലാ സുഖങ്ങളും മുഴുവനും ആസ്വദിക്കുന്നത് ശരീരം തന്നെയാണെന്നുമുള്ള അഹങ്കാരപരമായ ധാരണ വെച്ചുപുലർത്തുന്ന അജ്ഞാനികൾ കടുത്ത ദുരിതം അനുഭവിക്കുന്നു.

ते सांडूनि देहअहंता । हृदयस्था शरण जातां ।
पाविजे पूर्ण परमार्था । जाण तत्त्वतां नृपवर्या ॥ ८६१ ॥

ഹേ മഹാരാജാവേ, ഈ ദേഹാത്മബുദ്ധി ഉപേക്ഷിച്ച് ഹൃദയത്തിൽ വസിക്കുന്ന പരമാത്മാവിൽ അഭയം തേടുന്നതിലൂടെ ഒരാൾക്ക് പരമാർത്ഥ ലാഭം യഥാർത്ഥത്തിൽ ലഭിക്കും.

निःशेष सांडिजे मीपण । याचि नांव हृदयस्था शरण ।
तूं सहजें परब्रह्म पूर्ण । मिथ्या देहाभिमान धरूं नको ॥ ८६२ ॥

ഹൃദയത്തിൽ വസിക്കുന്ന ആ പരമചൈതന്യത്തിൽ അഭയം പ്രാപിക്കുക എന്നതിനർത്ഥം 'ഞാൻ' എന്ന ഭാവത്തെ പൂർണ്ണമായും ഉപേക്ഷിക്കുക എന്നതാണ്. യഥാർത്ഥത്തിൽ നീ പരബ്രഹ്മം തന്നെയാണ്; അതിനാൽ, വ്യർത്ഥമായ ദേഹാഭിമാനം വെച്ചുപുലർത്താതിരിക്കുക.

राया येणेंचि कर्में जाण । तुटे कर्माचें कर्मबंधन ।
पाविजे पूर्ण समाधान । तें हें मुख्य लक्षण नृपनाथा ॥ ८६३ ॥

രാജാവേ! ഇത്തരത്തിലുള്ള കർമ്മത്തിലൂടെ മാത്രമേ കർമ്മബന്ധം ഭേദിക്കാനും പൂർണ്ണമായ പരിഹാരം കൈവരിക്കാനും സാധിക്കൂ.

आगमोक्त निजभजन । कर्मयोगाचें मुख्य लक्षण ।
ऐकतां राजा समाधान । परमानंदें पूर्ण निवाला ॥ ८६४ ॥

ആഗമങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആരാധനാക്രമത്തിന്റെ പ്രധാന ലക്ഷണം ഇതാണ്. ഇതുകേട്ടപ്പോൾ രാജാവിന് ശാന്തി ലഭിച്ചു, അദ്ദേഹം സംതൃപ്തിയും പരമാനന്ദവും പ്രാപിച്ചു.

जंव जंव रायाचें पुरे कोड । तंव तंव कथा लागे गोड ।
अतिशयें श्रवणाची चाड । विशेषें वाड थोरावली ॥ ८६५ ॥

കഥ കേൾക്കാനുള്ള രാജാവിന്റെ ആഗ്രഹം നിറവേറിത്തുടങ്ങിയതോടെ, ആ കഥ കൂടുതൽ ആകർഷകമായി അനുഭവപ്പെടുകയും, കൂടുതൽ കേൾക്കാനുള്ള അദ്ദേഹത്തിന്റെ ആകാംക്ഷ വർധിക്കുകയും ചെയ്തു.

राजा निवालेनि परमानंदें । सुखावलेनि निजबोधें ।
लांचावलेनि स्वानंदें । पुढां प्रश्न विनोदें पुसेल ॥ ८६६ ॥

പരമാനന്ദം നിറഞ്ഞ അവസ്ഥയിലാണെങ്കിലും, സ്വരൂപാനന്ദത്തിന്റെ ആകർഷണത്താൽ രാജാവ് വീണ്ടും അവരോട് ചോദ്യങ്ങൾ ചോദിക്കും.

उगें राहतां आपण । उठून जाती मुनिगण ।
यालागीं प्रश्नावरी प्रश्न । विचित्रविंदान पुसतु ॥ ८६७ ॥

മൗനം പാലിച്ചാൽ ഈ നൃപവര്യന്മാർ എഴുന്നേറ്റ് പോയേക്കുമെന്ന് ഭയന്ന്, അദ്ദേഹം വിചിത്രമായ രീതിയിൽ ഒന്നിനുപുറകെ ഒന്നായി ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി.

स्वानंदें लोधली चित्तवृत्ती । इंद्रियें वेधलीं सुखस्थितीं ।
राजा निवाला निश्चितीं । तरी प्रश्नोक्ती पुसत ॥ ८६९ ॥

സ്വാനന്ദത്താൽ മനസ്സ് നിറഞ്ഞു. ഇന്ദ്രിയങ്ങൾ ആ ആത്മസുഖത്തിൽ ആകർഷിക്കപ്പെട്ടു. എന്നിട്ടും, ഉള്ളിൽ അത്തരം

സംതൃപ്തി അനുഭവിച്ചപ്പോഴും, രാജാവ് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു.

पुसेल हरीचे अवतार । ते कथा सुंदर मनोहर ।
निरूपण अति अरुवार । निजजिव्हार निववील ॥ ८६९ ॥

ഭഗവാൻ ഹരിയുടെ വിവിധ അവതാരങ്ങളെക്കുറിച്ച് അദ്ദേഹം ഇനി ചോദിക്കാൻ പോകുന്നു. അതൊരു അതിമനോഹരമായ കഥയാണ്; അത് നമ്മുടെ ഹൃദയത്തിന് വലിയ ശാന്തി നൽകുകയും ചെയ്യും.

त्या प्रश्नाचें प्रत्युत्तर । कथाकौतुक सनागर ।
एका जनार्दनाचा किंकर । उपानहधर संतांचा ॥ ८७० ॥

ഏകനാഥ് പറയുന്നു –
ഈ ചോദ്യത്തിനുള്ള മറുപടിയിൽ അതിമനോഹരമായ ഒരു വിവരണം അടങ്ങിയിരിക്കുന്നു. സ്വാമി ജനാർദ്ദനന്റെ ദാസനും സാധുക്കളുടെ പാദുകങ്ങൾ ശിരസാവഹിക്കുന്നവനുമാണ് ഞാൻ - ഏകനാഥ്.

संत सज्जन कृपास्थिती । श्रीजनार्दन वरदमूर्ती ।
पुढील कथेचि व्युत्पत्ती । सांगेन यथार्थी अर्थुनी ॥ ८७१ ॥

സജ്ജനങ്ങൾ കൃപയുടെ സാഗരങ്ങളാണ്. ശ്രീജനാർദ്ദന സ്വാമി അനുഗ്രഹസ്വരൂപനാണ്; അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ ഞാൻ തുടർകഥ ഉചിതമായ ക്രമത്തിൽ വിവരിക്കാം.

श्रीभागवताचे राशीवरी । एकाजनार्दन केला मापारी ।
तो निजबोधाचे कुडवावारीं । भरील वखारी श्रवणाच्या ॥ ८७२ ॥

ഭാഗവതമെന്ന ഈ വിജ്ഞാനഭണ്ഡാരത്തെ പുനഃസമൃദ്ധമാക്കുന്നതിനുള്ള ദൗത്യം ജനാർദ്ദന സ്വാമി ഈ വ്യക്തിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.
ആത്മസാക്ഷാത്കാരമെന്ന ജ്ഞാനവാതിൽ തുറന്നുകൊണ്ട്, ആത്മീയ ശ്രവണത്തിനായുള്ള വിഭവങ്ങൾകൊണ്ട് അദ്ദേഹം (ഏകനാഥ്) ഈ ഭണ്ഡാരത്തെ നിറയ്ക്കും.

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ പാരമഹംസ്യാം സംഹിതായാം ഏകാദശസ്കന്ധേ ബ്രഹ്മാദികർമ്മനിരൂപണം നാമ തൃതീയോദ്ധ്യായഃ

॥ ശ്രീകൃഷ്ണാർപ്പണമസ്തു ॥

ഇതി ശ്രീമദ്ഭാഗവതമഹാപുരാണാന്തീല ഏകാദശസ്കന്ധാചാ പരമഹംസസംഹിതേമധലാ ശ്രീധര-ഏകനാഥവിരചിത ടീകാനുസാര വിഷ്ണുശർമകൃത സാന്വയാർഥ-ഭാവാർഥാസഹ നിമിജായന്തസംവാദാന്തീല മായാകർമബ്രഹ്മനിരൂപണ നാംവാചാ തിസരാ അധ്യായ സമാപ്ത ഝാലാ.